29

# അൽഫനാർ

1437 റബീഉൽ ആഖിർ – ജു. ആഖിർ | 2016 ജനുവരി – മാർച്ച്

## സ്ത്രീവിമോചനം പ്രവാചകന്റെ ഇഷ്ടവിഷയം



## ദൈവപുത്രത്വം: ദൈവത്തെ തെറിപറയൽ

## മുഹമ്മദ് ഇൽയാസും ഖാലിദ് ശൗക്കത്തും പിന്നെ കെ.പിയും

സത്യം നീതി പ്രാമാണം

# അൽഫനാർ

No 29

ഹി.1437 റ.ആഖർ – ജ.ആഖർ
2016 ജനുവരി – മാർച്ച്

**വരിസംഖ്യ**

| | | |
|---|---|---|
| ഒറ്റ പ്രതി | : | 30 രൂപ |
| വർഷം | : | 120 രൂപ |
| ദ്വിവർഷം | : | 240 രൂപ |
| വിദേശം | : | 550 രൂപ |



നാണ്യപെരുപ്പവും മൂല്യശോഷണവും ........... 8
ദൈവപുത്രത്വം, ദൈവത്തെ തെറി പറയൽ! ........................................ 20
മൃഗബലിയും ക്രൂരതയും .......................... 28
സ്ത്രീ വിമോചനം പ്രവാചകന്റെ ഇഷ്ടവിഷയം .......................................... 33
ഗോപ്യമായ ശിർക്ക് ................................. 35
ഇസ്‌ലാമിലെ പർദ്ദ .................................... 36
മുഹമ്മദ് ഇൽയാസും ഖാലിദ് ഷൗക്കത്തും പിന്നെ കെ.പി.യും .................................. 43
പുതിയ മതം – ദീനേ ഇലാഹി .................. 50
പിച്ചപ്പാള ................................................. 51
പീഡിതർക്കു വേണ്ടി ................................ 54
പറഞ്ഞതും പറയാതെ വിട്ടതും ................ 55
അയുക്തികങ്ങളുടെ വിളവെടുപ്പ് ............. 57
എറിഞ്ഞുകൊല്ലൽ ശിക്ഷ ഖുർആനികമോ? .................................... 60
കണ്ണിനെയും കാതിനെയും വിശ്വസിക്കരുത് ......................................... 63
പള്ളികളിലെ ഉച്ചഭാഷിണി: ശ്രദ്ധേയമായ നിർദേശം .......................... 65
നൂറിന്റെ ബശരിയ്യായ വെളിപ്പെടൽ ............ 70
സൽസബീലിന്റെ തുടക്കം ......................... 71
വചനാനുഭവം ......................................... 74

## പ്രവാചകൻ പോസ്റ്റുമേൻ മാത്രമോ? 14

## മോഡേൺ മുഫ്തിമാർ 24

## ഹദീസ് പ്രേമികളുടെ വിലാപങ്ങൾ 30

## അചേതന വസ്തുക്കളുടെ പ്രകീർത്തനം 39

## ചന്ദ്രമാസവും നേതാവും ഖുർആനും 52



## മതവിരുദ്ധ വിവാഹവും മുസ്‌ലിംകളും 72

**Vol: 2 Issue: 3 Reg. No. KERMAL 14999/11/1/2012-TC RNI No. 2012/45754 Price Rs. 30/-**

ചീഫ് എഡിറ്റർ
**പ്രൊഫ. ഡോ. ടി.വി. കോയക്കുട്ടി ഫാറൂഖി**

Mail: alfanarmagazine@gmail.com
hitechdtp@gmail.com
drkkfarooqui@gmail.com

**അൽഫനാർ**
**ഫാറൂഖ് കോളേജ് പി.ഒ**
**കോഴിക്കോട് 673 632, കേരള, ഇന്ത്യ.**
**9446258195**

*ഡി.റ്റി.പി & ലേഔട്ട്*: ഹൈടെക് ചുങ്കം: 9947 41 46 47




**കത്തുകൾ**

# പ്രപഞ്ച സ്രഷ്ടാവ്, മുസ്‌ലിം ദൈവം മാത്രമോ?

**ഖു**ർആനിനെയും ശാസ്ത്രകാര്യങ്ങളെയും കുറിച്ച് 27-ാം നമ്പർ അൽഫനാറിൽ ഞാൻ എഴുതിയത് വായിച്ചപ്പോൾ 'പരസ്പര വിരുദ്ധവും, സത്യവും അസത്യവും കൂട്ടികലർത്തിയതു'മായി ഒരു വായനക്കാരന് തോന്നിയത്രെ (അൽഫനാർ 28). എന്റെ ലേഖനത്തിൽ ഉള്ള കുറെ കാര്യങ്ങൾ അദ്ദേഹത്തിന് ആദ്യം ശരിയാണെന്ന് അഭിപ്രായമുള്ളവയും കുറെ അങ്ങനെയല്ലാത്തവയുമാകയാൽ തോന്നുന്നതാണത്. അതെന്റെ കുറ്റമല്ലല്ലോ. മാത്രമല്ല, അതിപ്പോൾ ഏതൊരു വിഷയത്തിന്റെ കാര്യവും അങ്ങനെത്തന്നെയാവും - അങ്ങനെ കരുതിയാൽ മതി.

പിന്നെ മുസ്‌ലിം അമുസ്‌ലിം വേർതിരിവിനെ കുറിച്ചുള്ള എന്റെ കുറിപ്പിനെ വിമർശിച്ച് ഡോ. ബക്കർ പറഞ്ഞത് (നമ്പർ 28) 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' എന്ന് പറയുന്നവരുണ്ടിവിടെ. അവരോട് ഞാൻ ചോദിക്കാറ്, 'മനുഷ്യനായാൽ നന്നാവണം എന്താണിത്ര നിർബന്ധം, ഈ നന്നാവുക എന്ന് വെച്ചാൽ എന്താണ്, എങ്ങനെയാണ് എന്തൊക്കെയാണ്.' ബക്കർ സാഹിബ് പറയുന്ന പോലെയാണെങ്കിൽ മറുപടി എളുപ്പം: "ഇസ്‌ലാം മതം സ്വീകരിക്കുക, അതിലെ നിയമങ്ങളനുസരിച്ചു മാത്രം ജീവിക്കുക - മറ്റെന്തായിട്ടും ഒരു കാര്യവുമില്ല; കഴിഞ്ഞു, അത്രതന്നെ!!" ഒന്ന് ചോദിക്കട്ടെ സ്നേഹിതാ, താങ്കൾ ഒരു മുസ്‌ലിം കുടുംബത്തിൽ ജനിച്ച് വളർന്ന ആളാണെന്ന് കരുതുന്നു അങ്ങനെ ആണെങ്കിൽ ഈ മതം പഠിച്ച്, അതിലെ അനുഷ്ഠാനങ്ങൾ ശീലിച്ചു. മുസ്‌ലിം ആയതല്ലേ? ഇവിടത്തെ മുസ്‌ലിം മൗലവിമാരെല്ലാം തന്നെ അങ്ങനെ ആയിത്തീർന്നത് അങ്ങനെയല്ലേ... ഒരു ശുദ്ധ ബ്രാഹ്മണ കുടുംബത്തിൽ ആയിരുന്നു ജനനവും വളരലുമൊക്കെയെങ്കിൽ, മൗലവിമാരാവുമായിരുന്നോ, അതോ അവരിൽ മിക്കവരും അമ്പലത്തിലെ ശാന്തിക്കാരാവുമായിരുന്നോ? - ആവില്ല എന്ന് നിങ്ങൾക്ക് നിങ്ങളെ പറ്റി പോലും നെഞ്ചത്ത് കൈവെച്ച് പറയാനാവുമോ? (പൊതു സത്യമാണ് പറയുന്നത്, അപവാദങ്ങളല്ല). "വ്യത്യസ്ത വിശ്വാസി സമൂഹങ്ങൾക്കിടയിൽ അന്ത്യനാളിൽ അല്ലാഹു വിധി കൽപിക്കും" എന്നാണ് ഖുർആനിലുള്ളത്. ഡോ. ബക്കർ പറയുന്ന പ്രകാരമാണെങ്കിൽ അങ്ങനെ ഒരു വിധി നിർണ്ണയത്തിന്റെ ആവശ്യം വരില്ല - അമുസ്‌ലിംകളെ, അതായത് മുഹമ്മദ് നബിക്ക് ശേഷം നബിയിൽ വിശ്വസിച്ചിട്ടില്ലാത്ത ജനകോടികളെ മൊത്തം ആ ഒറ്റ കാരണം കൊണ്ട് തന്നെ വിചാരണ കൂടാതെ നരകത്തിലേക്ക് എറിയുകയാവുമല്ലോ ചെയ്യുക...! പ്രപഞ്ചസൃഷ്ടാവായ ഈശ്വരനെ ഒരു മുസ്‌ലിം ദൈവമായി അത്ര ചെറുതായി കാണാൻ, ഖുർആൻ പഠിച്ച എനിക്ക് സാധിക്കുന്നില്ല. തെറ്റാണെങ്കിൽ അല്ലാഹു പൊറുത്ത് തരട്ടെ, തൽക്കാലം ഞാൻ ഇല്ല. പിന്നെ അറിയാം എന്ന് പറഞ്ഞെങ്കിലും സമാധാനിക്കട്ടെ? പ്രതികരണങ്ങൾക്ക് നന്ദി

*(എം. ഖാലിദ് നിലമ്പൂർ)*

**മറുകുറി:**

# പ്രകൃതിയെന്നാൽ ഇസ്‌ലാം

ഖാലിദ് സാഹിബിന്റെ യുക്തിന്യായങ്ങൾ ഒരു കോണിലൂടെ വീക്ഷിച്ച ഡോ. ബക്കർ അനേകം ഖുർആൻ സൂക്തങ്ങൾ ഉദ്ധരിച്ചിട്ടുണ്ടല്ലോ. അതിനെക്കുറിച്ചൊന്നും ഖാലിദ് സാഹിബ് ഒന്നും പറയുന്നില്ല. ഒരാൾ മുസ്‌ലിം മാതാപിതാക്കളുടെ സന്തതിയായി ജനിക്കുന്നത് ഒരനുഗ്രഹവും ദൈവദാനവുമായി പ്രവാചകൻ പറഞ്ഞിട്ടുണ്ട്. അതൊരു സൗഭാഗ്യം കൂടിയാണ്. ഈ

സൗഭാഗ്യം കിട്ടിയവരും കിട്ടാത്തവരുമായ ഏതൊരു മനുഷ്യനും ജനിച്ചു വീഴുന്നതും ശുദ്ധപ്രകൃതി - ഇസ്‌ലാം - ആയിട്ടാണെന്നും അവനെ പിന്നീട് ഇതരവർണ്ണങ്ങൾ നൽകി മലിനീകരിക്കുന്നതും ശുദ്ധീകരിക്കുന്നതുമൊക്കെ അവന്റെ സാഹചര്യങ്ങളും മാതാപിതാക്കളുമാണെന്നും പ്രവാചകൻ വ്യക്തമാക്കുന്നുണ്ട്. ദൈവത്തിന്റെ പ്രകൃതി നിയമം മനുഷ്യരല്ലാത്ത ചരാചരങ്ങളെല്ലാം നിയമാനുസൃതം പാലിക്കുന്നുണ്ടെന്നും മനുഷ്യനു നൽകപ്പെട്ട വിവേകവും ബുദ്ധിശക്തിയും മറ്റനേകം സാഹചര്യങ്ങളും ഉപയോഗിച്ചു പ്രകൃതി നിയമമായ - ഇസ്‌ലാം മതമായ - ജീവിതചിട്ട പാലിക്കാനാണ് അല്ലാഹു പറയുന്നതെന്നുമാണ് ഖുർആൻ പഠിപ്പിക്കുന്നത്. (വി.ഖു. 30: 30) ഇസ്‌ലാമിനെ സമ്പൂർണ്ണ മതമായി ദൈവം തൃപ്തിപ്പെട്ട് ലോകത്തിനു സമർപ്പിച്ചിട്ടുണ്ട്. അതു സർവ്വ മനുഷ്യരുടെയും കൃത്യമായ ശ്രദ്ധയിൽ പ്രവാചകനും ശിഷ്യതലമുറയും കൊണ്ടുവന്നിട്ടുമുണ്ട്. അത് ഭൂമിയിൽ സ്ഥാപിക്കപ്പെട്ടതും അനിഷേധ്യ യാഥാർത്ഥ്യമായി അത് ഇന്നും അനുസ്യൂതം തുടർന്നു കൊണ്ടിരിക്കുന്നതും കോടിക്കണക്കിൽ മനുഷ്യർ അതിന്റെ അതിരറ്റ നന്മകൾ അനുഭവിച്ചു ജീവിച്ചു കൊണ്ടിരിക്കുന്നതും ലോകത്തിന്റെ മുമ്പിൽ വളരെ പ്രകടമാണ്. അതറിയാത്ത ശരാശരി ബുദ്ധിയെങ്കിലുമുള്ള ആർക്കും ഈ യാഥാർത്ഥ്യത്തിൽ നിന്നൊഴിഞ്ഞു മാറാൻ കഴിയില്ല. അവയെക്കുറിച്ച വിചാരണയൊന്നുമില്ലാതെ 'മുഴുവൻ പാസ്സ്' നൽകി സ്വർഗ്ഗം നൽകാൻ മാത്രം അവിവേകം സ്രഷ്ടാവായവൻ കാണിക്കുകയില്ലെന്നാണ് നമുക്കു മനസ്സിലാകുന്നത്. അതുകൊണ്ടെല്ലാമായിരിക്കും ഡോ. ബക്കർ സാഹിബ് ഇത്രയും വിശദമായി, എന്നാൽ വളരെ സംക്ഷിപ്തമായി കാര്യങ്ങൾ അവതരിപ്പിച്ചതെന്ന് എഡിറ്റർക്കു തോന്നുന്നു. ചർച്ച തുടരാം.

*(എഡിറ്റർ)*

---

# മുല്ലപ്പെരിയാറും ചെന്നൈ പ്രളയവും

**അ**ൽഫനാറിന്റെ വേറിട്ട ശബ്ദം കൂടുതൽ ഊർജ്ജസ്വലമാകുന്നതിൽ അഭിനന്ദിക്കുന്നു. വിശ്വാസികൾ അചഞ്ചലരാവുക എന്ന കഴിഞ്ഞ ലക്കം എഡിറ്റോറിയൽ ശക്തമായ ആത്മധൈര്യവും ദൈവത്തിലർപ്പിക്കാനുള്ള മനസ്ഥിതിയും പ്രചോദനവും വിശ്വാസികൾക്കു നൽകാൻ ഉതകുമെന്നതിൽ സംശയമില്ല. ദുരന്തങ്ങൾ എക്കാലത്തും എവിടെയും സംഭവിച്ചുകൊണ്ടേയിരിക്കുമല്ലോ. നൂറ്റാണ്ടിനു മുമ്പ് പണിത മുല്ലപ്പെരിയാർ അണക്കെട്ട് വളരെ ദുർബലമാണെന്നു ഏതൊരു മനുഷ്യനും ബോധ്യമാകും. പകരം അണക്കെട്ട് കെട്ടാൻ കേരളത്തെ തമിഴ്നാട് സർക്കാർ സമ്മതിക്കുന്നില്ല. ദുർബലമായ അണക്കെട്ടിൽ അധികജലം സംഭരിക്കണമെന്നു വാശിയും പുലർത്തുന്നു. അണക്കെട്ടെങ്ങാനും തകർന്നാൽ ലക്ഷക്കണക്കിൽ മനുഷ്യരും സമ്പത്തും ഭൂമിയും നാശനഷ്ടങ്ങളുമുണ്ടാകുമെന്നതും ആ മുഖ്യമന്ത്രി ഗൗനിക്കുന്നില്ല. ഇപ്പോഴിതാ നൂറ്റാണ്ട് കണ്ടതിൽ വെച്ച് ഏറ്റവും ഭയാനകമായ പ്രളയം ജയലളിത വാഴും ചെന്നൈ നഗരത്തിൽ സംഭവിച്ചിരിക്കുന്നു. പാഠം പഠിക്കാനും കണ്ണുതുറക്കാനും പറ്റാവുന്ന ദൈവ ദൃഷ്ടാന്തമായി വിശ്വാസികൾക്കിത് കാണാം. തമിഴ്നാട് സർക്കാറും ഇത് ഗുണപാഠമായി കാണണം. ഏതൊരു വെള്ളത്തിന്റെ പേരിൽ മനുഷ്യർ അഹന്ത നടിച്ചുവോ ആ വെള്ളം കൊണ്ടു തന്നെ മനുഷ്യരെ ദൈവം പരീക്ഷിക്കുന്നു. ഇതൊരു പരീക്ഷണവും പാഠവുമാണെന്നു തിരിച്ചറിയാൻ സാധിക്കട്ടെ എന്നു പ്രാർത്ഥിക്കാം. 'അഭയം നൽകുന്ന ആരാധ്യൻ' എന്ന ഇബ്നു തൈമിയയുടെ വിശ്വാസദർശനം ലേഖനത്തിൽ അല്ലാഹുവിൽ മാത്രം എല്ലാം അഭയപ്പെടാൻ ആവശ്യപ്പെടുന്ന കാര്യവും ഇതോടു ചേർത്തു വെയ്ക്കാം.

*(സുഹൈൽ കാസർഗോഡ്)*




# സലഫികളുടെ ഐക്യം കാലഘട്ടത്തിന്റെ ആവശ്യം

സലഫി നവോത്ഥാന പ്രസ്ഥാനം ഒരു നൂറ്റാണ്ടു പിന്നിടുമ്പോൾ കേരളത്തിൽ മൂന്നായി വേർപിരിഞ്ഞിരിക്കുകയാണ്. രണ്ടായി പിളർന്ന സന്ദർഭങ്ങളിൽ പല പ്രമുഖ വ്യക്തികളും ഒന്നിപ്പിക്കുവാൻ ശ്രമം നടത്തിയിട്ടുണ്ട്. അത് പരാജയപ്പെട്ടെന്നു മാത്രമല്ല വീണ്ടും പിളർന്നു.

പിളർപ്പിന്റെ കാരണങ്ങൾ അന്വേഷിക്കുമ്പോൾ ആദർശ വ്യതിയാനം കാര്യമായി കണ്ടെത്തുവാൻ കഴിയുന്നുമില്ല. അവസാനം, ജിന്നുകളോട് സഹായം തേടൽ ശിർക്കല്ലായെന്ന വാദമാണ് വ്യതിയാനമായി ചൂണ്ടിക്കാണിക്കുന്നത്. ഇവരിലെ പല പണ്ഡിതന്മാരോടും സംസാരിക്കുമ്പോൾ ഞങ്ങൾക്ക് അങ്ങനെ ഒരു വാദമില്ലായെന്നാണ് പറയുന്നതും! ഇഷ്ടമില്ലാത്തവരെ ജിന്നാക്കി പുറത്താക്കുന്ന പ്രവർത്തനമാണ് കെ.എൻ.എമ്മിൽ നടക്കുന്നതെന്നാണ് ഇവർ ആരോപിക്കുന്നത്.

അഭിപ്രായ വ്യത്യാസമുണ്ടായാൽ ഖുർആനിലേക്കും സുന്നത്തിലേക്കും തിരിച്ചു വരണമെന്ന് എല്ലാവരും പറയുന്നു. പക്ഷെ, സംഘടനാ കാര്യത്തിൽ മാത്രം ഇത് ഇവർ പ്രാവർത്തികമാക്കുന്നുമില്ല!

കേരളത്തിൽ പ്രവർത്തിക്കുന്ന മൂന്ന് വിഭാഗം സലഫികളും ഐക്യപ്പെടൽ ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ഇത് ശക്തിപ്രകടനത്തിനോ ആൾക്കൂട്ടത്തിനോ അല്ല. ശക്തമായ തൗഹീദീ പ്രചരണത്തിനു വേണ്ടി മാത്രമാണ്.

കാരണം, ശിർക്കൻ വിശ്വാസങ്ങൾ അരങ്ങു തകർക്കുകയാണ്. അന്ധവിശ്വാസങ്ങൾക്ക് ശാസ്ത്രത്തിന്റെ മേലങ്കി ധരിപ്പിക്കുകയാണ്. മാധ്യമങ്ങൾ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വ്യാപിപ്പിക്കുയാണ്. പല മതങ്ങളും സംഘടനകളും സംഘടിതമായി ഏകദൈവ വിശ്വാസങ്ങളെ ചോദ്യം ചെയ്തുകൊണ്ടിരിക്കുകയാണ്. ഇസ്‌ലാം നിരോധിച്ച ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും ദീനീ നിയമങ്ങൾ എന്താണെന്ന് പഠിപ്പിക്കേണ്ട ബാധ്യതയുള്ള സലഫികൾ ഒന്നിച്ചു മുന്നോട്ടു പോകേണ്ട സന്ദർഭമാണിത്.

മാത്രമല്ല, സലഫികൾ അന്താരാഷ്ട്ര തലത്തിൽ തന്നെ വേട്ടയാടപ്പെട്ടു കൊണ്ടിരിക്കുകയാണ്. ലോകത്ത് നടക്കുന്ന തീവ്രവാദങ്ങൾക്ക് കാരണം കണ്ടെത്തുന്നത് സലഫിസത്തിലാണ്. ബിൻലാദനും അൽ ഖാഇദയും താലിബാനുമെല്ലാം സലഫിസത്തിന്റെ ഉൽപന്നങ്ങളാണെന്ന് വരുത്തിത്തീർക്കുവാൻ ശത്രുക്കൾ മാത്രമല്ല, ഇസ്‌ലാമിസ്റ്റുകൾ വരെ ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. ഈ സന്ദർഭത്തിൽ ആരാണ് സലഫികൾ എന്ന് പരിചയപ്പെടുത്തുവാനും ഐക്യപ്പെടേണ്ടത് അനിവാര്യമാണ്.

ഇസ്‌ലാമിൽ സലഫിസമെന്ന ഒരിസമില്ല. ഖുർആനിനെ സലഫു സ്വാലിഹുകൾ (സച്ചരിത തലമുറ) മനസ്സിലാക്കിയ രീതിയിൽ പഠിക്കുകയും പഠിപ്പിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുകയെന്നതാണ്. അവരെ അംഗീകരിക്കുന്നതുകൊണ്ട് സലഫികൾ എന്ന് വിളിക്കപ്പെടുകയാണ്. ഏതെങ്കിലും മദ്ഹബ് പോലെയോ, സൂഫീ ത്വരീഖത്തുപോലെയോ ഉള്ള ഒരു പ്രസ്ഥാനമല്ലായെന്ന കാര്യവും ജനങ്ങളെ ബോധ്യപ്പെടുത്തണം.

മുസ്‌ലിം സമൂഹത്തെ സംസ്കരണത്തിലൂടെ പുരോഗതിയുടെ മേഖലയിലേക്ക് കൊണ്ടു വരുന്നവരെ മുമ്പും രാജ്യദ്രോഹികളായി മുദ്രകുത്തി വേട്ടയാടിയിട്ടുണ്ട്. ബ്രിട്ടീഷുകാർക്കെതിരെ പടപൊരുതിയ ധീര മുജാഹിദുകളെ കൊന്നൊടുക്കിയ ചരിത്രം ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിൽ വായിക്കുവാൻ കഴിയും. വഹാബികളെന്ന പരിഹാസപ്പേർ നൽകിയത് ബ്രിട്ടീഷുകാരാണ്. വഹാബി മൂവ്മെന്റ് എന്നൊരു അധ്യായം തന്നെ ചരിത്രത്തിലുണ്ട്. മുഹമ്മദുബ്നു അബ്ദുൽ വഹാബിന്റെ ഇസ്‌ലാഹീ ചിന്തകൾ മുസ്‌ലിം ലോകത്ത് നവോത്ഥാനത്തിന് ആക്കം കൂട്ടിയിട്ടുണ്ട്. മുസ്‌ലിം സമൂഹത്തിന്റെ വൈജ്ഞാനിക മുന്നേറ്റം സ്വാതന്ത്ര്യ സമരത്തിനും വഴി തെളിയിച്ചു. മുസ്‌ലിംകളുടെ മനസ്സുകളിൽ ബ്രിട്ടീഷ് ഭരണത്തോടുള്ള എതിർപ്പ് മുഹമ്മദ് അബ്ദുൽ വഹാബിന്റെ പ്രവർത്തനഫലമാണെന്ന് കണ്ടെത്തിയ ബ്രിട്ടീഷുകാർ വഹാബികളെന്നു മുദ്രകുത്തി വേട്ടയാടുകയാണുണ്ടായത്. അടിമത്വത്തിന്നെതിരെ മുസ്‌ലിംകൾ ഉണർന്നത് അദ്ദേഹത്തിന്റെ വാക്കുകൾ കേട്ടാണ്. ബ്രിട്ടീഷുകാരെ ചൊടിപ്പിച്ചതും അതാണ്. സയ്യിദ് അഹമ്മദ് ശഹീദിന്റെ നേതൃത്വത്തിലുള്ള മുജാഹിദുകളെ കൊന്നൊടുക്കിയത് ബ്രിട്ടീഷുകാരാണ്.

അവർ തന്നെയാണ് വീണ്ടും വഹാബിസവുമായി രംഗത്തു വന്നിട്ടുള്ളത്. മുസ്‌ലിം സമൂഹത്തിലെ പരിഷ്ക്കരണ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്ന സലഫികളെ തീവ്രവാദികളായി മുദ്രകുത്തി ഒറ്റപ്പെടുത്താനുള്ള ശ്രമമാണിതെല്ലാം. വഹാബികളാണെന്ന് മുദ്രകുത്തിയ സഊദി അറേബ്യ പോലെയുള്ള മുസ്‌ലിം രാഷ്ട്രങ്ങളും മുസ്‌ലിംകളും എല്ലാവിധ തീവ്രവാദങ്ങൾക്കും എതിരാണ്.

മുസ്‌ലിം രാജ്യങ്ങളിലെ രാഷ്ട്രീയ കലാപങ്ങൾ തീവ്രവാദ പ്രവർത്തനങ്ങളായി മാറുന്നതിനെ ലോക മുസ്‌ലിംകളെയും തീവ്രവാദികളാക്കി ചിത്രീകരിക്കുന്നതിന്റെ ഗൂഢ ഉദ്ദേശ്യം ഇസ്‌ലാമിനെ തകർക്കുകയെന്നതു തന്നെയാണ്. ഖുർആനും സുന്നത്തും അംഗീകരിക്കുന്ന മുസ്‌ലിംകൾ ഏതു പേരിലറിപ്പെടുന്നവരായാലും അവർ തീവ്രവാദികളല്ല. മുഹമ്മദ് നബി(സ)യുടെ അനുയായികൾക്ക് തീവ്രവാദികളാകുവാൻ ഒരിക്കലും കഴിയുകയില്ല. രാഷ്ട്രീയ ലാഭത്തിന് വേണ്ടി, അധികാരത്തിനു വേണ്ടി മതങ്ങളെ ദുരുപയോഗം ചെയ്യുന്നവരുണ്ട്. അവർക്കെതിരെ മുസ്‌ലിം സമൂഹത്തിൽ തന്നെ പ്രതികരിക്കുന്നവരുമുണ്ട്. തീവ്രവാദവും ഭീകരവാദവും വർഗ്ഗീയതയും സമാധാനത്തിന്റെ പാതയല്ലായെന്ന തിരിച്ചറിവ് നമുക്ക് വേണം.

സലഫിസത്തിന്റെ പേരിൽ മുസ്‌ലിംകളെ വേട്ടയാടുന്ന പ്രവണത വർദ്ധിക്കുന്ന ഈ കാലഘട്ടത്തിൽ മതം, സലഫിയ്യത്ത്, ഭീകരവാദം എന്താണെന്ന് വേർതിരിച്ച് ബോധവൽക്കരണം നടത്തണം. ഇത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. 'തീവ്രവാദം പ്രശ്നപരിഹാരമല്ലാ'യെന്ന സന്ദേശം ജനതയെ ഓർമ്മപ്പെടുത്തണം. ഈ ഓർമ്മപ്പെടുത്തലുകൾക്ക് സലഫികൾ ഒന്നിക്കണം. കാലം ആവശ്യപ്പെടുന്നത് അതാണ്!

*(ഇബ്നു അബ്ദിൽ ഖാദിർ മുസ്‌ലിയാർ)*

■

സാമ്പത്തികം

## ഇസ്‌ലാമിലെ ധനവ്യയനയം - 6

ഡോ. എ.ഐ. റഹ്മത്തുല്ല



# നാണ്യപെരുപ്പവും മൂല്യശോഷണവും

പലിശനിരക്ക് ഉയർന്നതാവുമ്പോൾ ഉൽപാദന നിക്ഷേപം കുറയുന്നു. ആളുകൾ റിസ്ക്കെടുക്കാൻ ഒരുങ്ങാതെ പലിശയ്ക്കു വേണ്ടി നിക്ഷേപിക്കാനൊരുങ്ങുന്നു. കൂടാതെ കമ്പോളത്തിലെ മാത്സര്യത്തെ അതിജയിച്ച് ഉൽപാദന സംരംഭം ലാഭകരമാക്കാനുള്ള വ്യവസായ സംരംഭകരുടെ ശ്രമവുമായി പലിശ വ്യവസ്ഥിതി സഹകരിക്കില്ല കാരണം ലാഭത്തിന്റെയും നഷ്ടത്തിന്റെയും കണക്ക് അറിയാൻ ഒരുക്കമല്ലാത്ത വിധം നിശ്ചിത ലാഭത്തിന്റെ മാത്രം അടിസ്ഥാനമേ പലിശ വ്യവസ്ഥിതിക്കുള്ളൂ. ഇപ്രകാരം ഉൽപാദന നിക്ഷേപം കുറയുമ്പോൾ സ്വാഭാവികമായി ഉൽപന്നങ്ങളും കുറയുന്നു. പലിശയിലൂടെ ജനങ്ങളുടെ ക്രയശേഷി കൂടുകയും ചെയ്യുന്നു. കുറഞ്ഞ ഉൽപന്നങ്ങൾക്ക് ജനങ്ങൾ കൂടിയ ക്രയശേഷി അഥവാ കൂടുതൽ പണം കൊടുത്തു വാങ്ങാൻ ഒരുങ്ങുന്ന അവസ്ഥ പ്രകടമാക്കുന്നതിനെയാണ് മൂല്യശോഷണമായും നാണ്യപെരുപ്പമായും മനസ്സിലാക്കപ്പെടുന്നത്. ഈ മൂല്യശോഷണത്തെ നേരിടാൻ വേണ്ടി പലിശ നിരക്ക് കൂടുന്തോറും നാണ്യപെരുപ്പവും മൂല്യശോഷണവും കൂടിക്കൊണ്ടിരിക്കുകയെന്നതാവും ഫലം. ഈയവസ്ഥ കടുത്ത സാമ്പത്തിക തകർച്ചയും ഉൽപാദന മാന്ദ്യവുമാണ് ലോകത്തുണ്ടാക്കിയത്. മൂലധനത്തിന്റെ പ്രത്യുൽപ്പാദന ക്ഷമത എന്ന ആശയ

ത്തിൽ ബുദ്ധി മരവിച്ച സമ്പദ്ശാസ്ത്ര വിദഗ്ധർ പണം സ്വന്തം നിലയിൽ വളരുകയോ വർദ്ധിക്കുകയോ ചെയ്യില്ലായെന്ന പരമാർത്ഥം വളരെ വൈകിയാണ് അംഗീകരിക്കാൻ തയ്യാറായത്. എല്ലാ പണവും മൂലധനമാവില്ല. ദാരിദ്ര്യം കൊണ്ട് വിഷമിക്കുന്ന ആളുകൾ വാങ്ങുന്ന സഹായവായ്പകൾ അഥവാ ഉപഭോഗ വായ്പകൾ കച്ചവടത്തിനോ ഉൽപാദനത്തിനോ വേണ്ടിയുള്ളതല്ല. പ്രത്യുൽപാദന ക്ഷമമല്ലാത്ത ഈ മേഖലയെയും പലിശയടിസ്ഥാനത്തിലാക്കുക വഴി ആധുനിക സമ്പദ്വ്യവസ്ഥയ്ക്കും ബാങ്കിങ്ങിനും മനുഷ്യത്വത്തിന്റെ മുഖം പോലും നഷ്ടമായി. ഒരിക്കലും മൂലധനമാവാൻ കഴിയാത്ത ഈ പണം സ്വന്തം നിലയിൽ വളരുകയോ വർദ്ധിക്കുകയോ ഇല്ലായെന്ന സത്യം പോലും അവഗണിച്ചുകൊണ്ട് ഉണ്ടായിട്ടില്ലാത്ത ലാഭം ഉണ്ടായിട്ടുണ്ട് എന്ന സങ്കൽപത്തിൽ നിർബന്ധപൂർവ്വം പലിശ ഈടാക്കുന്ന രീതി ക്രമേണ സമ്പദ് വ്യവസ്ഥയെ തകിടം മറിക്കുമെന്ന് മനസ്സിലാക്കുവാൻ സമ്പദ് ശാസ്ത്രക്കാർക്ക് കഴിയാതെ പോയത് കഷ്ടമായി.

**മൂലധനത്തിന്റെ പ്രത്യുൽപാദന ക്ഷമത എന്ന് ആശയത്തിൽ ബുദ്ധി മരവിച്ച സമ്പദ്ശാസ്ത്ര വിദഗ്ധർ പണം സ്വന്തം നിലയിൽ വളരുകയോ വർദ്ധിക്കുകയോ ചെയ്യില്ലായെന്ന പരമാർത്ഥം വളരെ വൈകിയാണ് അംഗീകരിക്കാൻ തയ്യാറായത്.**

### തകിടം മറിയുന്ന സന്തുലിതത്വം

യാഥാർത്ഥ്യബോധമില്ലാത്ത ഈ സമീപനം വാണിജ്യ വ്യാവസായിക മേഖലയിൽ പണമിറക്കുമ്പോൾ പോലും പ്രയോജനകരമാവില്ല. ഒരു മൂലധന നിക്ഷേപകനോ ബാങ്കോ ഏതാനും വ്യവസായികൾക്കോ പണക്കാർക്കോ പണം കൊടുത്തുകൊണ്ട് മാറിനിൽക്കുകയും തങ്ങൾക്ക് നിശ്ചിത നിരക്കിൽ ലാഭം പലിശയായി തന്നു കൊള്ളണമെന്ന് വ്യവസ്ഥ വെക്കുകയും ചെയ്ത് കൊണ്ട് മാത്രം പുരോഗതിയുണ്ടാവില്ല. വ്യവസായവും വാണിജ്യവും തകരുകയും പലിശ ലഭിക്കാതെയാവുകയും ചെയ്താൽ മൂലധനമിറക്കിയവർക്ക് തൽക്കാലം ഈടു മുതൽ പിടിച്ചെടുക്കാമെങ്കിലും പ്രസ്തുത വ്യവസായ വാണിജ്യസംരംഭങ്ങൾ തകരുന്നത് സമൂഹത്തിന്റെ മൊത്തം സാമ്പത്തിക സ്ഥിതിയെയും വളർച്ചയെയും വളരെ മോശമായി ബാധിക്കുന്നു. ഒരു സമൂഹത്തിൽ ഈ സ്ഥിതി വ്യാപകമാവുമ്പോൾ ആ സമൂഹത്തിന്റെ സാമ്പത്തിക സന്തുലിതത്വം തകിടം മറിയുന്നതിന് മറ്റു കാരണങ്ങൾ അന്വേഷിക്കേണ്ടതില്ല.

പ്രത്യുത പണം വായ്പയെടുത്ത് മുതലിറക്കി അധ്വാനിക്കുന്ന നിക്ഷേപകരായ വ്യവസായികൾക്കും വണിക്കുകൾക്കും അവരുടെ സംരംഭങ്ങൾക്കും എന്ത് സംഭവിക്കുന്നുവെന്നറിഞ്ഞു അവരോട് ഗുണകാംക്ഷ കാണിച്ചു അവരുടെ സംരംഭത്തെ വളർത്തിക്കൊണ്ടു വരേണ്ടത് മൂലധന നിക്ഷേപകന്റെ കൂടി താൽപര്യമായി മാറേണ്ടതുണ്ട്. തുടർന്ന് പ്രസ്തുത സംരംഭത്തിലുള്ള വർദ്ധനവ് ഇരുവിഭാഗങ്ങളും കൂടി ഓഹരി ചെയ്തെടുക്കുന്നുവെങ്കിൽ ഈ ലാഭ പങ്കാളിത്ത വ്യവസ്ഥിതി യാഥാർത്ഥ്യാടിസ്ഥാനത്തിലുള്ളതായിത്തീരുന്നു. ഇവിടെ ഉൽപന്ന വർദ്ധനവിന്റെ തോതനുസരിച്ചാണ് ലാഭവും വർദ്ധിക്കുന്നത്. ഉൽപന്നങ്ങളുടെ ഉൽപാദനവും ലഭ്യതയും കുറയുമ്പോൾ അവ വാങ്ങി ഉപയോഗിക്കാനുള്ള ക്രയശേഷി അഥവാ പണപരമായ കഴിവ് വർദ്ധിക്കുന്ന അവസ്ഥയിലാണല്ലോ നാണ്യപെരുപ്പ (inflation) വും തൽഫലമായ മൂല്യശോഷണവുമുണ്ടാവുന്നത്. ഉൽപാദന വർദ്ധനവും ലാഭവർദ്ധനവും യഥാർത്ഥമായി യോജിച്ചു വരുമ്പോൾ അഥവാ പണമുടമകളുടെ ക്രയശേഷി ഉൽപന്നങ്ങളുടെ പ്രദാന (supply)ത്തോട് യോജിച്ചു വരുമ്പോൾ നാണ്യപെരുപ്പവും മൂല്യശോഷണവുമുണ്ടാവുന്നില്ല. പലിശ സമ്പ്രദായം യാഥാർത്ഥ്യാധിഷ്ഠിതമല്ലാത്തതാവുന്നതിനും നാണ്യപ്പെരുപ്പത്തിന് സഹായകമാവുന്നതിനും മുഖ്യകാരണം അത് മൂലധനത്തിന് വാടക ഈടാക്കുന്നുവെന്നതാണ്.

ഈ യാഥാർത്ഥ്യബോധം ഉൾക്കൊള്ളാൻ പലിശയടി

സ്ഥാനത്തിൽ മൂലധനമിറക്കുന്നവരും ബാങ്കുകളും തയ്യാറാവുന്നില്ലെങ്കിൽ വ്യവസായ വാണിജ്യ സംരംഭകന്ന് മുതലിറക്കാനും ആശ്വസിക്കുവാനുമുള്ള പ്രചോദനം തന്നെ നഷ്ടമായിപ്പോവുകയും അതുവഴി ബാങ്കുകളിൽ മൂലധനം പ്രയോജനരഹിതമായി കുമിഞ്ഞു കൂടാനിടയാവുകയും ചെയ്യും. സംരംഭകർ മുന്നോട്ടുവരാത്ത അവസ്ഥയിൽ വളർച്ചയും വർദ്ധനവുണ്ടാക്കാൻ ബാങ്കുകൾക്ക് കഴിയാതെ വരികയും പലിശക്ക് വേണ്ടി നിക്ഷേപിച്ചവർക്ക് അത് കൊടുക്കാനുള്ള വരുമാനം ഇല്ലാതാവുകയും ചെയ്യും. ബാങ്കിങ് സമ്പ്രദായം തന്നെ തകർന്നുപോവുന്ന ഗുരുതരമായ സാമ്പത്തിക മാന്ദ്യത്തി(Depression)ലേക്ക് സമൂഹം ചെന്നു ചാടുകയും ചെയ്യാൻ ഈയവസ്ഥ കാരണമാകും.

### തകരാതിരിക്കാൻ സ്ഥിര സംവിധാനം

നാണ്യപെരുപ്പ നിരക്ക് (inflation rate)നെ നേരിടാൻ പലിശ നിരക്ക് (Bank Interest Rate) മതിയാവുന്നില്ലായെന്ന അവസ്ഥ വന്നപ്പോൾ പലിശ നിരക്ക് ഇടക്കാലത്ത് വളരെ ഉയർത്തിയിരുന്നു. ഇതോടെ വ്യവസായ വാണിജ്യ മേഖലയിൽ വമ്പിച്ച തളർച്ച പ്രകടമായി. മാത്സര്യവും കടുത്ത വിവിധ തല നികുതികളും കൂടിയാവുമ്പോൾ കമ്പോളത്തിൽ പിടിച്ചു നിൽക്കാനാവാത്ത വ്യവസായികൾ ബാങ്കുകളിൽ നിന്ന് വായ്പയെടുക്കുന്നതിൽ നിന്ന് പൂർണ്ണമായും വിട്ടുതുടങ്ങി. ഈ പ്രതിസന്ധി ഇന്ന് പലിശനിരക്ക് കുറക്കാൻ ഭരണകൂടങ്ങളെ നിർബന്ധിതമാക്കിയിരിക്കയാണ്. മാന്ദ്യവും തകർച്ചയും ഒഴിവാക്കാൻ പലിശ ഒഴിവാക്കുകയേ നിർവ്വാഹമുള്ളൂവെന്ന് സമ്പദ്ശാസ്ത്ര വിദഗ്ധരെ ഈയവസ്ഥ ചിന്തിപ്പിച്ചു തുടങ്ങിയിരിക്കുന്നു. അനിവാര്യമായ ഈ തിരിച്ചുപോക്കിന് രാജ്യങ്ങൾ ഒരുങ്ങിയില്ലെങ്കിൽ ഉൽപാദന സംരംഭങ്ങൾ മൊത്തത്തിൽ തകരുകയും തൊഴിലില്ലായ്മ രൂക്ഷമാവുകയും ചെയ്യും. ഏതാനും കുത്തകകൾ മാത്രം വളർച്ച നില നിർത്തുന്ന സ്ഥിതിയാണുണ്ടാവുക. എന്നാൽ ഈ കുത്തകകൾക്കോ മൂലധന നിക്ഷേപകർക്കോ തന്നെയും അധികകാലം ഭദ്രതയോടെ നിലനിൽക്കാനാവില്ല. കാരണം ഉൽപന്നങ്ങളുടെ വില വളരെ കൂടുകയും പലിശ നിരക്ക് ഉയരുകയും ചെയ്യുമ്പോൾ ജനങ്ങളിലെ ഭൂരിപക്ഷത്തിന് ദാരിദ്ര്യം മാത്രം ഉറപ്പു വരുത്തുന്ന ക്രമരഹിതമായ ധന വികേന്ദ്രീകരണം നടക്കുന്നു. അഥവാ സമ്പത്ത് ജനങ്ങളിൽ സമ്പന്നർക്കിടയിൽ മാത്രം കറങ്ങുന്ന ഒന്നായി ത്തീരുന്നു. ഭൂരിപക്ഷം ജനങ്ങൾക്കും നാട്ടിലെ ഉൽപന്നങ്ങൾ വാങ്ങാനും ഉപയോഗിക്കുവാനും കഴിയാതെ വരികയും വിറ്റഴിക്കപ്പെടാത്ത ഉൽപന്നങ്ങൾ കമ്പോളത്തകർച്ചക്ക് കാരണമാവുകയും ചെയ്യുന്നു. ഇത് സമ്പന്നർക്കും കുത്തകകൾക്കുമെല്ലാം വലിയ തിരിച്ചടിയേൽപിക്കുന്നു. കമ്പോളത്തകർച്ചയും സാമ്പത്തിക മാന്ദ്യവും വരാതിരിക്കാൻ പണം സമ്പന്നരിൽ മാത്രം കറങ്ങുന്ന അവസ്ഥഉണ്ടാക്കാ



തിരിക്കാൻ ഇസ്‌ലാം അഭില ഷിക്കുന്നു. വി.ഖുർആൻ വചനം നോക്കുക:
**“സമ്പത്ത് നിങ്ങളിലെ സമ്പന്നർക്കിടയിൽ മാത്രം കറങ്ങാതിരിക്കാൻ വേണ്ടി.” (വി.ഖു. 59: 7)**

അമേരിക്കയിൽ ഇപ്ര കാരം സംഭവിച്ചപ്പോൾ ജന ങ്ങളുടെ ക്രയശേഷി (Purchasing Power) വർദ്ധിപ്പി ക്കുവാൻ വേണ്ടി തരിശായ ഭൂമിയിൽ കുഴി വെട്ടിക്കു കയും പിന്നീട് അത് നിക ത്തിപ്പിക്കുകയും ചെയ്യുന്ന കൃത്രിമ തൊഴിലവസരമു ണ്ടാക്കി അവർക്ക് വേതനം വിതരണം ചെയ്യാനാണ് പ്രശസ്ത സമ്പദ് ശാസ്ത്ര ജ്ഞനായ ജെ.എം. കെയിൻസ് സർക്കാറിനെ ഉപദേശിച്ചത്. ദാനമായി ആർക്കെങ്കിലും വല്ലതും



കൊടുക്കുകയെന്നത് പലി ശാധിഷ്ടിത മുതലാളിത്ത വ്യവസ്ഥയിൽ സങ്കൽപിക്കാ നാവില്ലല്ലോ. എന്നാൽ ഇസ്‌ലാം ക്രയശേഷി കുറ ഞ്ഞുപോവുന്ന ജനവിഭാഗ ങ്ങൾക്ക് അതുയർത്തി കൊണ്ടുവരാൻ സൗജന്യ സഹായം ചെയ്യുന്ന സ്ഥിര സംവിധാനം സക്കാത്ത് വ്യവസ്ഥയിലൂടെ നടപ്പാക്കു ന്നുണ്ട്.

ഇസ്‌ലാമിന്റെ ഈ സ്ഥിര സംവിധാനത്തിന്റെ അഭാവം ഇന്ന് ലോകത്ത് പ്രകടമാണ്. അമേരിക്കയിൽ ഒരു പ്രതി സന്ധിയെ തരണം ചെയ്യാൻ ജെ.യം കെയിൻസ് ഉപദേ ശിച്ച ആ രീതി എപ്പോഴും പ്രായോഗികമല്ല താനും.

ഈ കമ്പോളത്തകർച്ച രാജ്യാന്തര തലത്തിൽ കൂടു തൽ ഗുരുതരമാവുന്നത് കാണാം. പലിശയിലൂടെ കട ക്കെണിയിൽ കുടുങ്ങുന്ന രാജ്യങ്ങൾ സാമ്പത്തിക മായി കൂടുതൽ തകരുകയും അവയുടെ ക്രയശേഷി കുറ യുകയും ചെയ്യുന്നതിനനു സൃതമായി സമ്പന്ന കുത്തക രാജ്യങ്ങളുടെ ഉൽപ്പന്നങ്ങൾ വാങ്ങാനുള്ള കമ്പോളവും ചുരുങ്ങിപ്പോവു ന്നു. ഇതോടൊപ്പം ആഗോള വൽക്കരണത്തിലൂടെ ഒന്നോ രണ്ടോ വൻശക്തികളുടെ ആഗോള നിയന്ത്രണം വരി കയും ചെയ്യുകയാണെങ്കിൽ അവരുടെ ആഗോള കമ്പോ ളവരുമാനത്തിനനുസൃത മായി ഉൽപാദനത്തെ ക്രമീ കരിക്കുകയും ഉൽപാദന ചിലവ് പാകപ്പെടുത്തുവാൻ വേണ്ടി തൊഴിൽ മേഖല യെയും തൊഴിലാളി സമൂഹ ങ്ങളെയും അടിമപ്പെടുത്തു കയും ചെയ്യുന്ന ഗുരുതര മായ നാഗരിക പ്രതിസന്ധി തന്നെ ഉണ്ടാകാനിടയുണ്ട്.

### സമ്പദ്ഘടന തകർച്ചയിലേക്ക്

പഴയകാല അടിമത്ത സമ്പ്രദായം പോലും പുനഃ സ്ഥാപിതമാവാനിടയാവു ന്നത്ര വിനാശകരമായ ഈ പ്രതിസന്ധിയിലേക്ക് ആധു നിക സമൂഹത്തെ നയി ക്കുന്ന ഘടകങ്ങളിൽ മുഖ്യ മായതാണ് പലിശാധിഷ്ടിത സമ്പദ് വ്യവസ്ഥ. ഇതിനാ ലാവണം ഇസ്‌ലാം പലി ശയെ മഹാപാപങ്ങളിൽ ഉൾപ്പെടുത്തിയത്. മുഹമ്മദ് നബി(സ്വ) ഒരിക്കൽ പ്രസ്താവിച്ചതിപ്രകാരമാ ണ്. **‘‘ദിവ്യശക്തിയിൽ പങ്കാളിത്തം കൽപിക്കൽ, മാരണവിദ്യകൾ പ്രയോഗി ക്കൽ, അന്യായമായ കൊലപാതകം, പലിശ തിന്നൽ, അനാഥരുടെ ധനം കവർന്നെടുക്കൽ, യുദ്ധത്തിൽ പിന്തിരി ഞ്ഞോടുക, വിശുദ്ധയായ സ്ത്രീയുടെ മേൽ വ്യഭിചാ രമാരോപിക്കുക എന്നീ ഏഴ് കാര്യങ്ങൾ മഹാപാപ ങ്ങളാവുന്നു” - (ബുഖാരി, മുസ്‌ലിം).** മറ്റൊരിക്കൽ ദൈവദൂതൻ പ്രസ്താവിച്ച തിപ്രകാരമായിരുന്നു. “വ്യഭി ചാരവും പലിശയും സാർവ ത്രികമായി കഴിഞ്ഞ ഒരു ജനത നശിപ്പിക്കപ്പെടാനുള്ള രണ്ടു കാരണങ്ങളും പൂർത്തിയാക്കിയിരിക്കുന്നു.” - (ഹദീസ് ഹാകിം).

എന്നാൽ ഉൽപാദനപര മായ (productive) സംരംഭങ്ങ ളിൽ മൂലധനമായി പണമിറ ക്കുന്നതിനെ പലിശാധിഷ്ടി തമാക്കുമ്പോഴാണ് ഇസ്‌ലാം അതിനെ നാശകരമായി കാണുന്നത്. അതിനെ ലാഭ നഷ്ട പങ്കാളിത്താടിസ്ഥാന

ത്തിലാവുമ്പോൾ ഇസ്‌ലാം ശരിവെക്കുന്നു. കാരണം അത് യാഥാർത്ഥ്യവും സത്യ സന്ധവുമാവുന്നു; മൂലധനമി റക്കിയവൻ അദ്ധ്വാനി ക്കുന്നവനെയോ അദ്ധ്വാനി ക്കുന്നവൻ പണം മുടക്കിയ വനെയോ ചൂഷണം ചെയ്യു ന്നില്ല. അക്രമവും അനീ തിയും നിറഞ്ഞ ലാഭേച്ഛ നിയന്ത്രിക്കപ്പെടുന്നു. കൃത്രി മമായ ലാഭം കൊണ്ട് ഒരു വിഭാഗം തടിച്ചു കൊഴുക്കു കയും മറ്റൊരു വിഭാഗം നശി പ്പിക്കപ്പെടുകയുമുണ്ടാവുന്നി ല്ല. ഉൽപന്ന വർദ്ധനവിനോട് തുലനമൊക്കാത്ത പണ വർദ്ധനവുമുണ്ടാവില്ല. അതു വഴി മൂല്യശോഷണവും നിയന്ത്രിക്കപ്പെടുന്നു.

ഇന്നത്തെ ബാങ്കിങ് വ്യവ സ്ഥയിൽ തികച്ചും ഉപഭോഗ പരവും ജീവകാരുണ്യപരവു മായി അത്യാവശ്യങ്ങളടങ്ങു ന്ന, ഉൽപാദനപരമല്ലാത്ത (Non Productive) കാര്യ ങ്ങൾക്ക് വേണ്ടിയുള്ള വായ്പകളെയും ഉൽപാദന മേഖലയി (Productive)ലെ വായ്പകളെയും ഒരേ പോലെ കാണുന്നത് വഴിപ ലപ്പോഴും ബാങ്കുകൾ ജന ദ്രോഹ സ്ഥാപനങ്ങളായി മാറുന്നു. മിക്കപ്പോഴും ഈ മുതൽ പിടിച്ചെടുത്തു കൊണ്ട് പണം വസൂൽ ചെയ്യാൻ ബാങ്കുകൾക്ക് ഈ പാവപ്പെട്ട ഉപഭോഗ വായ്പ ക്കാരെയാവും എളുപ്പത്തിൽ കിട്ടുക. വ്യവസായ വാണിജ്യ സ്ഥാപനങ്ങളുടെ തുരുമ്പു പിടിച്ച യന്ത്രസാമ ഗ്രികൾ പിടിച്ചെടുത്ത് യാതൊന്നും ലഭിക്കാതെ ബാങ്കുകൾ കോടികൾ എഴുതി തള്ളേണ്ടി വരുന്നത് വ്യവസായ വാണിജ്യ വായ്പകളായിരിക്കും.




എന്നാൽ മറുവശത്ത് ഉപ ഭോഗ വായ്പകളെടുത്ത് ഇരിക്കക്കൂര പോലും നഷ്ട പ്പെട്ട് ആത്മഹത്യയിൽ ശരണം കണ്ടത്തേണ്ടി വരു ന്നവരുടെ എണ്ണം നിത്യേന വർദ്ധിക്കുന്നത് നാം കാണു ന്നു. ഇത്തരം ഉപഭോഗ വായ്പകൾ പലിശയടിസ്ഥാ നത്തിലെടുത്ത് തീരിച്ചടക്കാ നാവാതെ ദുരിതത്തിലായി പ്പോവുന്നവരുടെ വായ്പാ സംഖ്യകളെ ദാനമാക്കി മാറ്റുന്നതിനുള്ള സാമൂഹ്യ സുരക്ഷാ സംവിധാനം ഉണ്ടാക്കണമെന്നും വി. ഖുർ ആൻ ആവശ്യപ്പെടുന്നുണ്ട്. **''അവർ സാമ്പത്തിക പ്രയാസമുള്ളവരാണെ ങ്കിൽ അവർക്ക് ആശ്വാസ മാവുന്നതു വരെ കാത്തിരി ക്കുകയാണ് വേണ്ടത്. എന്നാൽ നിങ്ങൾ വിവര മുള്ളവരാണെങ്കിൽ അവർക്ക് ആ വായ്പകൾ ദാനങ്ങളാക്കി മാറ്റുന്ന താണ് നിങ്ങൾക്ക് ഉത്തമം.''** (2: 280)

ഇതിനുള്ള ന്യായം ഖുർ ആൻ തന്നെ തൊട്ടുമുകളിൽ വ്യക്തമാക്കിയിട്ടുണ്ട്.

"അല്ലാഹു (വിന്റെ വ്യവ സ്ഥിതി) പലിശയെ തുടച്ചു നീക്കുകയും ദാന(ങ്ങളിലൂ ടെ) വളർച്ചയുണ്ടാക്കുകയും ചെയ്യുന്നു." (2:276)

### പലിശ കുറഞ്ഞാൽ വളർച്ച

അതായത് സമൂഹ ത്തിലെ ക്രയശേഷി കുറ ഞ്ഞവരെ സകാത്തിലൂടെ ക്രയശേഷി വർദ്ധിപ്പിച്ചുകൊ ടുത്താൽ അത് വഴി ഉൽപാദ നങ്ങളുടെ ചിലവ് വർദ്ധിപ്പി ക്കുകയും ഉൽപാദനവും വളർച്ചയും ഉയർത്തുകയും ചെയ്യുന്നു. ദരിദ്രരുടെ അദ്ധ്വാനശേഷിയും സംതൃ പ്തിയും വർദ്ധിപ്പിക്കുകയും മൊത്തത്തിൽ സാമൂഹ്യ ക്ഷേമം മെച്ചപ്പെടുകയും ചെയ്യുന്നു.

വരുമാന വർദ്ധനവിന് വാണിജ്യാടിസ്ഥാനത്തി ലുള്ള നിക്ഷേപവും ഉപഭോ ഗാവശ്യത്തിന്ന് വായ്പയെടു ക്കേണ്ടതായി വരുന്നവർക്ക് സഹായ വായ്പകളും ദാന ങ്ങളുമെന്ന ഇസ്‌ലാമിന്റെ ഈ രണ്ട് ബദലുകളുടെ സംയോജനം അടിസ്ഥാന മാക്കി നടത്തപ്പെടുന്ന ഒരു

ബാങ്കിങ് സംവിധാനമാണ് ഇസ്ലാം വിഭാവന ചെയ്യുന്നത്. കേവലം പലിശ രഹിത ഇൻവെസ്റ്റ്മെന്റ് കമ്പനികൾ ഇസ്ലാമിക സാമൂഹ്യ നീതിയുടെ പ്രകാശനത്തിന് പര്യാപ്തമാവില്ല. കരാണം ഉൽപാദന ക്ഷമമല്ലാത്ത (Non Productive) തും ദുരിതാശ്വാസപരവുമായ വായ്പകൾ ഏതൊരു സമൂഹത്തിലും ആവശ്യമാവും. പൗരക്ഷേമത്തിലും സാമൂഹ്യ നീതിയിലും ശ്രദ്ധിക്കുന്ന ഏതൊരു സർക്കാറിന്നും ഇത്തരം വായ്പകൾക്ക് സംവിധാനമുണ്ടാക്കുന്നതിൽ നിന്ന് ഒഴിഞ്ഞ് നിൽക്കാനാവില്ല. പണമുണ്ടാക്കാനാവാത്തവരെല്ലാം നശിക്കട്ടെയെന്ന നയം ഒരു ഭരണകൂടത്തിനും ഭൂഷണമല്ല.

പലിശ ഏത് നിലയിലും സമൂഹത്തിന് നാശങ്ങളല്ലാതെ സാമ്പത്തിക പുരോഗതിയോ വളർച്ചയോ ഉണ്ടാക്കുന്നില്ല. 1949 മുതൽ 1983 വരെയുള്ള 34 വർഷക്കാലത്തിനിടക്ക് ലോകത്ത് ഏറ്റവും കൂടിയ ആളോഹരി വരുമാനമുണ്ടാക്കിയ സ്വിറ്റ്സർലാന്റിലായിരുന്നു ലോകത്തിലേറ്റവും കുറഞ്ഞ പലിശ നിരക്ക്. അവിടെ ബാങ്ക് പലിശ നിരക്ക് 2.63% ആയി കുറഞ്ഞത് കാരണം പണം മുഴുവനായും വ്യവസായങ്ങളിൽ നിക്ഷേപിക്കപ്പെട്ടു. അപ്പോൾ തൊഴിലില്ലായ്മാ നിരക്ക് 0.4% ആയി താഴ്ന്നു. ലോകമഹായുദ്ധത്തിൽ തകർന്ന ജപ്പാനും ജർമനിക്കുമെല്ലാം ഇതേ അനുഭവമുണ്ടായി. എഴുപതുകളിൽ ജപ്പാന് വമ്പിച്ച വ്യാവസായിക മുന്നേറ്റമുണ്ടായപ്പോൾ അവിടത്തെ പലിശ നിരക്ക് 6.12% ത്തിൽ കൂടിയിരുന്നില്ല. പലിശ നിരക്ക് കുറയുന്തോറും സാമ്പത്തിക വളർച്ചാ നിരക്ക് കൂടുമെന്ന് ഇതിനകം പല രാജ്യങ്ങളുടെയും പ്രായോഗികാനുഭവത്തിൽ തന്നെ വ്യക്തമായതാണ്. പലിശ നിരക്ക് പൂജ്യമാവുമ്പോൾ സാമ്പത്തിക വളർച്ചയും സാമൂഹ്യ വിതരണവും വളരെ ഉയർന്നതാവുന്നു.

പലിശ നിരക്ക് പൂജ്യമാവുമ്പോൾ സമ്പാദ്യത്തിനുള്ള പ്രചോദനം തീരെ ഇല്ലാതാവുന്നുവെന്ന മുൻകാല സമ്പദ് ശാസ്ത്രജ്ഞരുടെ വീക്ഷണങ്ങളെ ആധുനിക സമ്പദ് ശാസ്ത്ര ചിന്തകൾ ജെ.എം. കെയിൻസ് ശക്തമായി തിരുത്തുകയും പലിശ നിരക്ക് കുറയുന്തോറും മുതലിറക്ക് നിക്ഷേപം വർദ്ധിക്കുകയും തദ്വാര തൊഴിലവസരങ്ങൾ കൂടുകയും വരുമാന നിലവാരം ഉയരുകയും ചെയ്യുമെന്ന് സമർത്ഥിക്കുകയും ചെയ്യുന്നു. വരുമാന നിലവാരം ഉയരുമ്പോൾ സ്വാഭാവികമായും സമ്പാദ്യം ഉയരുമെന്നും കെയിൻസ് പ്രഭു സമർത്ഥിക്കുന്നുണ്ട്.

ഇതേപ്രകാരം പലിശ നിരക്കിനേക്കാളേറെ മുതലിറക്ക് നിക്ഷേപത്തെ സ്വാധീനിക്കുന്ന ഘടകം മൂലധനത്തിന്റെ അറ്റാദായ ശേഷി (Marginal Efficiency of Capital - MEC) യാണെന്ന് കെയിൻസ് സിദ്ധാന്തിച്ചിട്ടുണ്ട്. നാണ്യപെരുപ്പനിരക്ക് പലിശ നിരക്കിനേക്കാൾ കൂടുതലാവുമ്പോൾ പലിശ നിരക്ക് മാത്രമാണ് സമ്പാദ്യം വർദ്ധിപ്പിക്കാൻ സഹായിക്കുന്ന ഘടകമെന്ന മുൻകാല സാമ്പത്തിക ശാസ്ത്ര വിദഗ്ധരുടെ വീക്ഷണം ഫലത്തിൽ പുറന്തള്ളപ്പെടുന്നുണ്ട്. ഇതുകൊണ്ട് തന്നെ 2.63% പലിശ നിരക്കുള്ള സ്വിസ്സ് ബാങ്കുകളിൽ നിന്ന് 12.97% പലിശയുണ്ടായിരുന്ന ഇംഗ്ലണ്ടിലേക്ക് നിക്ഷേപകർ തങ്ങളുടെ പണം മാറ്റുകയുണ്ടായില്ല.

**ഭയാനക വിനാശകാരി**

എല്ലാ അർത്ഥത്തിലും തലത്തിലുമുള്ള സാമ്പത്തിക അസന്തുലിതത്വത്തിനും ഉച്ചനീചത്വത്തിനും ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അന്തരം വർദ്ധിക്കുന്നതിനും കുത്തകകളെ സൃഷ്ടിക്കുന്നതിനുമെല്ലാം കാരണക്കാരനായ കടുത്ത സാമ്പത്തിക കുറ്റവാളിയായ പലിശ മനുഷ്യരാശിക്കാകമാനം നാശകരമായതായതിനാൽ അതുണ്ടാക്കിയേക്കാവുന്ന ഭയാനക വിനാശത്തിൽ നിന്ന് ജനസമൂഹങ്ങളെ രക്ഷിക്കേണ്ടതെങ്ങനെയെന്നാണ് മുസ്ലിംകൾ ചിന്തിക്കേണ്ടത്. ഇതിന് പകരം ഇസ്ലാമിക കർമ്മശാസ്ത്രത്തിൽ ഗവേഷണം നടത്തി പലിശ വ്യവസ്ഥയുമായി സഹകരിക്കാനുള്ള പഴുതുകൾ കണ്ടെത്താനാണ് മുസ്ലിം ബുദ്ധിജീവികൾ പലപ്പോഴും ശ്രമിച്ചു കാണുന്നത്. എന്നാൽ സാമൂഹ്യനീതിയുടെ സാക്ഷികളാവാൻ ആജ്ഞാപിക്കപ്പെട്ടവരായ മുസ്ലിംകൾ പലിശയ്ക്കെതിരെ ഇസ്ലാം യുദ്ധം പ്രഖ്യാപിച്ച കാര്യം (വി. ഖുർആൻ 2: 279) മറന്നുപോയ പോലെയാണ് ഇന്നത്തെ അവസ്ഥ.

അബുൽ ബനാത്ത്, കുറ്റിച്ചിറ

# പ്രവാചകൻ പോസ്റ്റുമേൻ മാത്രമോ?

يَٰٓأَيُّهَا ٱلنَّبِيُّ إِنَّآ أَرْسَلْنَٰكَ شَٰهِدًا وَمُبَشِّرًا وَنَذِيرًا ﴿٤٥﴾ وَدَاعِيًا
إِلَى ٱللَّهِ بِإِذْنِهِۦ وَسِرَاجًا مُّنِيرًا ﴿٤٦﴾ وَبَشِّرِ ٱلْمُؤْمِنِينَ بِأَنَّ لَهُم
مِّنَ ٱللَّهِ فَضْلًا كَبِيرًا ﴿٤٧﴾

**“പ്രവാചകരേ, താങ്കളെ നാം സാക്ഷിയും സുവാർത്തകനും താക്കീതുകാരനും ദൈവാനുമതിയോടെ അവങ്കലേക്ക് ക്ഷണിക്കുന്നവനും പ്രകാശം ചൊരിയും ദീപമായും നിയോഗിച്ചിരിക്കുന്നു. സത്യവിശ്വാസികൾക്ക് അല്ലാഹുവിങ്കൽ നിന്ന് വലിയ ഔദാര്യം ലഭിക്കുന്നുണ്ടെന്ന സന്തോഷവാർത്ത അറിയിക്കുക.” (സൂറ. അൽ അഹ്സാബ് 45-47).**

പ്രവാചകനെയും അദ്ദേഹത്തിന്റെ അതിമഹനീയമായ ദൗത്യത്തെയും അവഗണിക്കുക. അവിടുത്തെ ജീവിതരേഖാ പ്രമാണത്തെ നിസ്സാരവൽക്കരിക്കുകയും അവസാനം അവ നിഷേധിക്കുകയും ചെയ്യുന്ന പ്രവണത മറ്റേതൊരു കാലത്തേക്കാളും വർദ്ധിച്ചു വന്നിരിക്കുകയാണിപ്പോൾ. ഇസ്‌ലാം മതത്തെ തകർക്കുന്ന സുഗമ പാതയൊരുക്കാൻ എക്കാലത്തും വമ്പിച്ച ശ്രമങ്ങൾ നടന്നു പോന്നിട്ടുണ്ട്. അതിന്റെ ഭാഗമായാണിത്. അതിപ്പോൾ അതിന്റെ മൂർദ്ധന്യത്തിലെത്തിയെന്നാണു തോന്നുന്നത്. അറബി ഭാഷയിലുള്ള ഒരടിസ്ഥാന പദത്തിന്റെ പോലും മൂലം അറിയാത്ത, ഏതെങ്കിലും ഖുർആൻ പരിഭാഷകളും മറ്റ് ഇസ്‌ലാമിക ഗ്രന്ഥങ്ങളും വായിച്ച അറിവ് മാത്രം കൈമുതലാക്കിയ മുറിവൈദ്യ സമാനന്മാരായ ചിലർ പ്രവാചകചര്യകളെ നിരാകരിക്കാനും നിഷേധിക്കാനും തള്ളിക്കളയാനും കാണിക്കുന്ന വ്യഗ്രത ഭയപ്പെടുത്തും വിധമാണിന്ന്. പ്രവാചകചര്യകളെ നിഷ്പ്രഭമാക്കിയാൽ ഇസ്‌ലാമിനെ തകർക്കുക എളുപ്പമാണല്ലോ. ജൂത, ക്രൈസ്തവ, സിയോണിസ, ഒറിയന്റലിസ, യൂറോപ്യൻ ലോബികൾ എക്കാലത്തും പയറ്റിപ്പഴകിയ മേഖലയാണത്. അറിഞ്ഞോ അറിയാതെയോ മുസ്‌ലിം യുവാക്കൾ ധാരാളമായി ഈ വലയിൽ വീഴുന്നുണ്ട്.

ആരാണ് യഥാർത്ഥത്തിൽ പ്രവാചകൻ? പ്രവാചകന്റെ ദൗത്യം എന്തായിരുന്നു? അദ്ദേഹത്തിന്റെ ജീവിതസരണി എത്രമാത്രം മാതൃകാപരമായിരുന്നു? ഇതെല്ലാം



നിഷ്കളങ്ക ഹൃദയത്തോടെ, ആത്മാർത്ഥ സമീപനത്തോടെ സമീപിക്കാത്തവർക്ക് വിശുദ്ധ ഖുർആൻ മനുഷ്യവംശത്തിനു സമർപ്പിച്ച പ്രവാചകനെ മനസ്സിലാക്കാൻ പ്രയാസം തന്നെയായിരിക്കും. മുഹമ്മദ് നബി(സ്വ)യെ തന്റെ ജന്മം മുതൽ തന്നെ അല്ലാഹു തിരഞ്ഞെടുത്തു വളർത്തിക്കൊണ്ട് വരികയായിരുന്നുവെന്ന് നിസ്സംശയം ബോധ്യമാകുന്ന വിധമാണ് അദ്ദേഹത്തിന്റെ ജീവചരിത്രം മുഴുവൻ കാണുന്നത്. അതിനിസ്സാരമായ ചെറിയ തിന്മകളിൽ നിന്നു പോലും അദ്ദേഹം സുരക്ഷിതനാക്കപ്പെട്ടതായി കാണാം. അദ്ദേഹത്തിന്റെ 40-ാം വയസ്സിൽ പ്രവാചകത്വ പദവി ലഭിച്ചതു മുതൽ 64-ാം വയസ്സിൽ മരിക്കുന്നതിന്നിടയിലെ 24 വർഷക്കാലത്തെ സംഭവബഹുലമായ ചരിത്രം ലോകചരിത്രത്തിലെ മറ്റേതൊരു മനുഷ്യനിലും ദർശിക്കാനാകുന്നില്ല. നിഷ്പക്ഷനായ ഏതൊരാൾക്കും ഇത് ബോധ്യമാകും. വിശുദ്ധ ഖുർആൻ അദ്ദേഹത്തെ നാട്ടക്കുറിയാക്കി അദ്ദേഹത്തിനു ചുറ്റിലുമാണ് ഇസ്‌ലാമിനെ സമ്പൂർണ്ണ മതമായി രൂപപ്പെടുത്തിയതെന്നു കാണാം. അദ്ദേഹത്തിന്റെ മനസ്സാവാചാ കർമ്മണായുള്ള ജീവിതമാണ് യഥാർത്ഥത്തിൽ ഇസ്‌ലാം മതത്തിന്റെ ജീവനും ശരീരവും എന്നും മനസ്സിലാക്കാൻ പ്രയാസമില്ല.

അല്ലാഹുവിനെ മാത്രം ആരാധിക്കുക; അവനെ അനുസരിക്കുകയും ചെയ്യുക എന്നു പറയുന്നതോടൊപ്പം പ്രവാചകനെയും അനുസരിക്കാൻ/ പിൻപറ്റാൻ/നിരുപാധികം വിധേയത്വം കാണിക്കാൻ അനേകം തവണ അല്ലാഹു അടിക്കടി ആവശ്യപ്പെടുന്നതായി കാണുന്നതിലെ പൊരുൾ അതിപ്രാധാന്യമർഹിക്കുന്നതാണ്. ശരീഅത്തിന്റെ മുഴുവൻ മൂലപ്രമാണങ്ങളും ദിവ്യവചനങ്ങളായ ഖുർആനാണ്. എന്നാൽ അതിന്റെ മനുഷ്യരിലെ പ്രയോക്താവ് പ്രവാചകനാണ്. മൂലപ്രമാണം (ഉമ്മുൽ കിതാബ്) യഥാവിധി കർശനമായി തുടരാൻ പ്രവാചകനോട് അല്ലാഹു ശക്തമായി ആവശ്യപ്പെടുന്നു. (വി.ഖു. അൽ അഹ്സാബ്: 2). കഠിനത്യാഗത്തോടെ അത് പ്രയോഗവൽക്കരിക്കാൻ പ്രവാചകജീവിതം സർവ്വാത്മനാ അർപ്പിക്കാനും അല്ലാഹു ആവശ്യപ്പെടുന്നു. (വി.ഖു അൽഫുർഖാൻ: 52). ശരീഅത്ത് നിയമങ്ങൾ അല്ലാഹുവിനു വേണ്ടി പ്രവാചകനോട് മാതൃക കാട്ടിക്കൊടുക്കാൻ കൽപിച്ചിരിക്കുന്നു. (വി.ഖു അൽഹജ്ജ് 78). അതിനാൽ ‘പ്രവാചകനെ ആര് അനുസരിച്ചുവോ അവൻ അല്ലാഹുവിനെ അനുസരിച്ചവനായി’ എന്ന് അല്ലാഹു പ്രഖ്യാപിക്കുന്നു. (വി.ഖു. അന്നിസാഅ് 80). അവ്വിധം അനുസരിച്ച് ലോകത്തിനു ഇസ്‌ലാമിനെ സമർപ്പിച്ച പ്രവാചകനെയും അവിടുത്തെ അനുചരരെയും സാക്ഷിയാക്കി അല്ലാഹു മതം സമ്പൂർണ്ണ മതമായി തൃപ്തിപ്പെട്ടെന്നു അനിഷേധ്യമായി പ്രഖ്യാപിക്കുകയും ചെയ്തു. (വി.ഖു. അൽമാഇദ 3). പ്രവാചകന്റെ അപ്രമാദിത്വം അനിഷേധ്യമാണെന്ന് മൂലപ്രമാണമായ വിശുദ്ധ ഖുർആൻ അനേകം തവണ ആവർത്തിക്കുന്നു. (വി.ഖു. അന്നൂർ: 48, 50, 51, 52, 54, 62, 63 തുടങ്ങിയവ).

പ്രാവാചകന്റെ ദൗത്യം അളവറ്റതായിരുന്നു. ദിവ്യവചന സ്വീകരണം തന്നെ അതീവ ഭാരമേറിയ ചുമതലയായിരുന്നു. (വി.ഖു: മുസ്സമ്മിൽ:5) ജിബ്രീൽ മാലാഖയിൽ നിന്നത് ഏറ്റു വാങ്ങുമ്പോൾ ശാരീരികമായിപ്പോലും കഠിന ക്ലേശം നബി(സ) അനുഭവിച്ചിരുന്നു. ദിവ്യലോകവുമായുള്ള പച്ചയായ ഒരു മനുഷ്യന്റെ ബന്ധങ്ങൾ അരക്കിട്ടുറപ്പിക്കുന്നതിന്റെ തീവ്രമായ അനുഭൂതികൾ അവർണനീയമാണ്. അദ്ദേഹം വിശുദ്ധ ഖുർആനാകുന്ന ദിവ്യവെളിപാട് ഏറ്റുവാങ്ങുക മാത്രമല്ല തന്റെ സർവ്വ ഇംഗിതങ്ങളും മാറ്റിവെച്ച് അതിനനുസൃതം കരുതലോടെ കൃത്രിമമില്ലാതെ കുറ്റമറ്റ് ജീവിക്കണമായിരുന്നു. (വി.ഖു. അൽമാഇദ: 67). മുൻകഴിഞ്ഞ പ്രവാചകന്മാരിലെ സവിശേഷ ഗുണങ്ങൾ എല്ലാം മുഹമ്മദ് നബി(സ) യിൽ സമാഹരിക്കപ്പെട്ടതായി കാണാം. അദ്ദേഹത്തിനു ശേഷം അന്ത്യനാൾ വരെ ഇനി പ്രവാചകന്മാരാരും വരാനില്ലാത്തതിനാലാണിത്. വിശുദ്ധ ഖുർആനോടെ ദിവ്യ ഗ്രന്ഥാവതരണവും നിലച്ചു. അതിനാൽ പ്രവാചകന്റെ ചുമതലകൾ വളരെ വളരെ കനപ്പെട്ടതായി മാറി. സുപ്രധാനങ്ങളായ പ്രവാചകന്റെ ദൗത്യങ്ങൾ നമുക്കു പരിശോധിക്കാം.

**പ്രാവാചകന്റെ ദൗത്യം അളവറ്റതായിരുന്നു. ദിവ്യവചന സ്വീകരണം തന്നെ അതീവ ഭാരമേറിയ ചുമതലയായിരുന്നു. (വി.ഖു: മുസ്സമ്മിൽ:5) ജിബ്രീൽ മാലാഖയിൽ നിന്നത് ഏറ്റു വാങ്ങുമ്പോൾ ശാരീരികമായിപ്പോലും കഠിന ക്ലേശം നബി(സ) അനുഭവിച്ചിരുന്നു. ദിവ്യലോകവുമായുള്ള പച്ചയായ ഒരു മനുഷ്യന്റെ ബന്ധങ്ങൾ അരക്കിട്ടുറപ്പിക്കുന്നതിന്റെ തീവ്രമായ അനുഭൂതികൾ അവർണനീയമാണ്.**

**1) തിലാവത്തുൽ ഖുർആൻ:**

ദൈവിക വചനം അപ്പടി ഓതി/ പാരായണം ചെയ്ത് ചൊല്ലി പഠിപ്പിക്കുകതന്നെ സാഹസികമാണ്. മുഹമ്മദ് നബി(സ)തികഞ്ഞ നിരക്ഷരനായിരുന്നു. (അനേക കാരണങ്ങളാൽ ആ നിരക്ഷരതാ സ്വഭാവം മരണം വരെ പ്രവാചകനിൽ അല്ലാഹു അങ്ങനെ ത്തന്നെ നിലനിർത്തിയിട്ടുണ്ട്). ജനതയിൽ മഹാഭൂരിഭാഗവും നിരക്ഷരരും. അതോടൊപ്പം പടുകൂറ്റൻ സാഹിത്യകാരൻമാരും അവർക്കിടയിലുണ്ട്. അപ്പോൾ അത്തരമൊരു വ്യക്തി അത്തരമൊരു ജനതയെ ദിവ്യഗ്രന്ഥം ചൊല്ലിപ്പഠിപ്പിക്കുക എന്നത് അതികഠിന ക്ലേശ, ത്യാഗങ്ങൾ വേണ്ട രംഗമായി.

**2) തസ്കിയത്തുൽ ഇൻസാൻ:**

ആ മഹനീയ ദിവ്യ ഗ്രന്ഥത്തിലെ ഒരംശവും നഷ്ടപ്പെടുത്താതെ അല്ലാഹു ആ വചനങ്ങളിലൂടെ ഉദ്ദേശിച്ച സംസ്കൃതികളെല്ലാം സ്വയം വരിക്കുകയും തന്റെ ശിഷ്യഗണങ്ങളെ പരിശീലിപ്പിച്ച് സംസ്കരിച്ചെടുത്തു ലോകത്തിനു സമർപ്പിക്കാൻ പാകമാക്കുകയും ചെയ്യുകയാണ് 'വയുസക്കീഹിം'. അത് പ്രവാചകൻ കുറ്റമറ്റ രീതിയിൽ ചെയ്തു തീർത്തു. ലോകം കണ്ടതിൽ വെച്ചേറ്റവും ഉൽകൃഷ്ട മാതൃകാ സമൂഹത്തെ ലോകത്തിനു സമർപ്പിച്ചു.

**3) ഗ്രന്ഥം പഠിപ്പിക്കുക:**

ദിവ്യ ബോധനമായി നബി(സ)യുടെ ഹൃദയത്തിൽ സന്നിവേശിപ്പിക്കപ്പെടുന്നതിനെ/ ഓതിപ്പഠിപ്പിക്കുന്നതിനെ എഴുതിപ്പിച്ചും വിശദീകരിച്ചും പ്രയോഗവൽക്കരിച്ചും പരസ്യമായി ചെയ്തുകാണിച്ചും ചെയ്യിപ്പിച്ചുമെല്ലാം - എൽ.കെ.ജി മുതൽ ഉന്നത ഡിഗ്രികൾ വരെയുള്ള കലാലയങ്ങളിൽ നടത്തപ്പെടുന്ന പ്രക്രിയക്ക് സമാനം - കുറ്റമറ്റ ജീവിത സരണി ലോകത്തിനു മാതൃകയായി സമർപ്പിക്കലാണ് 'വയുഅല്ലിമുഹുമുൽകിതാബ' എന്ന കനപ്പെട്ട ദൗത്യംയ അതും അവിടുന്നു ഭംഗിയായി നിർവ്വഹിച്ചു.

**4) അൽഹിക്മത്ത്:**

മൂല പ്രമാണത്തിലെ പരം പൊരുളുകൾ താത്വികമായി വാക്കിലും നോക്കിലും സ്വഭാവത്തിലും സംസ്കാരത്തിലും സമ്പത്തിലും വ്യക്തിയിലും കുടുംബത്തിലും എന്നു വേണ്ട ജീവിത ചലനങ്ങളിലെല്ലാം വിശദമായി വിവരിച്ചു കൊടുക്കുക (വി.ഖു: അന്നഹ്ൽ: 44) പ്രവാചക വചനങ്ങളും പ്രവർത്തനങ്ങളുമായി കുറ്റമറ്റ പരമ്പരകളിൽ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ള ഹദീസുകൾ മുഴുവൻ പരിശോധിച്ചാൽ അതു മനസ്സിലാകും. പ്രവാചക സുന്നത്തിൽ ഏതിലും മഹനീയമായ അനേകം തത്വങ്ങളും ആശയങ്ങളും അന്തർലീനമായിക്കിടക്കുന്നു. അല്ലാഹുവിന്റെ ദിവ്യ

വചനങ്ങളിലെ/മൂല പ്രമാണത്തിലെ ഫിലോസഫി ലളിത സുന്ദരമായി തന്റെ ലാളിത്യമാർന്ന ജീവിത ചലനങ്ങളിലൂടെ ജനതയിലേക്കു പകർന്നതിനെയാണ് 'വൽഹിക്മത്ത്' എന്ന ദൗത്യം മനസ്സിലാക്കുന്നത്. (വി.ഖു: അൽജുമുഅ: 2; ആലു ഇംറാൻ: 164)

**5) സദാചാരം നടപ്പിലാക്കൽ:**

മേൽ പറഞ്ഞ സുപ്രധാനങ്ങളായ കാര്യങ്ങളിലൂടെ അദ്ദേഹം ചെയ്യേണ്ടതെന്തെന്നും അല്ലാഹു വിവരിച്ചു. സദാചാരപരമായി എന്തെല്ലാം ചെയ്താലാണ് ഒരു സമൂഹം ആരോഗ്യമുള്ള സമുദായമാവുക എന്നടിസ്ഥാനത്തിൽ നന്മകളായ നന്മകളൊക്കെയും. അദ്ദേഹം കൽപിച്ചു/ നിർദേശിച്ചു/ ഉപദേശിച്ചു/ പ്രോൽസാഹിപ്പിച്ചു കൊണ്ടിരുന്നു. അതിന്റെ മുൻപന്തിയിൽ നിന്നു സമുദായത്തെ നയിച്ചു. (വി.ഖു: അൽ അഅ്റാഫ്: 157)

**6) ദുരാചാരം തടയൽ:**

സദാചാരം നടപ്പിലാക്കുക മാത്രമല്ല, ദുരാചാരങ്ങളായി ഒരു സമൂഹത്തെ തകർക്കുന്ന ഘടകങ്ങളടക്കം നിരോധിക്കുകയും തടയിടുകയും ഉന്മൂലനം ചെയ്യുകയും അതിലെ വഷളത്തരങ്ങൾ മാന്യമായി അന്തസ്സായ ഭാഷയിൽ ബോധ്യപ്പെടുത്തുകയും ചെയ്തുകൊണ്ട് സാധ്യമാകുന്ന വിധമെല്ലാം നന്മ നടപ്പിലാക്കുക. (വി.ഖു: അൽ അഅ്റാഫ്: 157)

**7) ഹലാൽ പ്രഖ്യാപനം:**

മനുഷ്യർക്ക് ആത്മീയ ഭൗതിക രംഗങ്ങളിലെല്ലാം പരിശുദ്ധവും നന്മയുറ്റതുമായ എന്തെല്ലാമുണ്ടോ മൂലപ്രമാണത്തിനനുസൃതം അനുവദനീയമാക്കി പ്രഖ്യാപിക്കുകയും മുൻ കഴിഞ്ഞ മത വിഭാഗങ്ങൾ നിഷിദ്ധമായി കണ്ടിരുന്ന പലതും ഹലാലാണെന്ന് വ്യക്തമാക്കിത്തരികയും ചെയ്യുകയെന്ന ശരീഅത്തിലെ ഗൗരവതരമായ ഉത്തരവാദിത്വവും പ്രവാചക ദൗത്യമായിരുന്നു. (അഅ്റാഫ്: 157)

**8) ഹറാമുകൾ വിവരിക്കൽ:**

ഹലാലുകൾ വിശദമാക്കുമ്പോൾ പരിമിതമായ ഹറാമുകൾ ഏതൊക്കെയെന്ന് വ്യക്തമായി പഠിപ്പിക്കപ്പെടണം. അല്ലാഹു ഹറാമാക്കിയവകൾക്കുപുറമെ മനുഷ്യ വംശത്തിനു ശാരീരികവും മാനസികവും ആരോഗ്യപരവും സാമ്പത്തികവുമൊക്കെയായിട്ടുള്ള അനേകം കാര്യങ്ങൾ പ്രവാചകനും ഹറാമാക്കി വിശദീകരിച്ചതു കാണാം. അദ്ദേഹത്തിൽ അർപ്പിതമായ അത്യന്ത്യം ഗൗരവതരമായ മറ്റൊരു ഉത്തരവാദിത്വവും ദൗത്യവുമായിരുന്നു ഇതും. (അൽ അഅ്റാഫ്: 157)

**9) ഭാരങ്ങൾ ഇറക്കി വെക്കൽ:**

ജീവിതത്തിലെ നിഖില മേഖലകളിലും പണ്ഡിത, പുരോഹിത, മത, വിശ്വാസ, സാമൂഹ്യ, സാംസ്കാരിക, സാമ്പത്തിക, സാമുദായിക, രാഷ്ട്രീ രംഗങ്ങളിലെല്ലാം അടിസ്ഥാന രഹിതമായി ഉണ്ടാക്കി വെക്കപ്പെട്ടിട്ടുള്ള അനേകമനേകം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മാമൂലുകളും തുടങ്ങി മനുഷ്യന്റെ മുതുകൊടിക്കുന്ന സർവ്വമാന ഭാരങ്ങളും ഇറക്കിവെച്ച് മനുഷ്യനെ ശുദ്ധ പ്രകൃതനായ സ്വതന്ത്രനാക്കി തീർക്കാനുതകുന്ന മുഴുവൻ സംഗതികളും പ്രവാചക ദൗത്യത്തിന്റെ ബാധ്യതയായിരുന്നു (അൽ അഅ്റാഫ് 157).

**10) ബന്ധന മോചനം:**

അടിമത്വം, ഭീരുത്വം,



നിഷ്ക്രിയത്വം തുടങ്ങി മനുഷ്യനെ മൃഗതുല്യനാക്കി തീർക്കുന്ന, അടിമകളാക്കി തീർക്കുന്ന എല്ലാ അവിശ്വാസ, കാപട്യ, ബഹുദൈവത്വ, അന്ധവിശ്വാസങ്ങളുടെ ചങ്ങലകളിൽ നിന്നും മനുഷ്യവംശത്തെ മോചിപ്പിക്കുന്ന എന്തെല്ലാം ചെയ്യാനുണ്ടോ അവ എന്തു ത്യാഗം സഹിച്ചും സധീരം നടപ്പിലാക്കുകയെന്ന അപകടം നിറഞ്ഞ ദൗത്യമാണിത്. ഇതും പ്രവാചകൻ കഠിന യജ്ഞത്തോടെ നടപ്പിലാക്കി ലോകത്തിനു മാതൃക കാട്ടിയിരിക്കുന്നു - (വി.ഖു അൽ അഅ്റാഫ്: 157)

### 11) സർവ്വ സാക്ഷിത്വം:

മനുഷ്യ ജീവിതത്തിന്റെ സാക്ഷിയായി തുറന്ന പുസ്തകം പോലുള്ള ജീവിതം കാഴ്ചവെക്കുക. അത്യന്ത്യം, അതിസൂക്ഷ്മം ജീവിച്ചു ലോകത്തു ഒരൊറ്റ മനുഷ്യനും ഗുരുതരമോ നിസ്സാരമോ ആയ പോരായ്മ കളൊന്നും ചൂണ്ടിക്കാണിക്കാനാകാത്ത വിധമുള്ള സാക്ഷ്യ ജീവിത വക്താവായിട്ടാണ് അല്ലാഹു അദ്ദേഹത്തെ നിയോഗിച്ചത്. അദ്ദേഹം ജീവിച്ച കാലത്തു സർവ്വ ലോക മനുഷ്യർക്കും സാക്ഷിയായതുപോലെ ലോകം അദ്ദേഹത്തിനും സാക്ഷിയായി മാറി എന്ന് ചരിത്രത്തിൽ നാം കാണുന്നു. ആ ദൗത്യം അദ്ദേഹം സർവ്വാത്മനാ നിർവ്വഹിച്ചു വല്ലോ! (വി.ഖു: അൽബഖറ: 143)

### 12) സുവാർത്തകൻ:

മനുഷ്യവംശത്തിനു സന്തോഷം നൽകുന്നതും ഇഹപര സമാധാന ജീവിതം ഉറപ്പു നൽകുന്നതുമായ നിയമ, വ്യവസ്ഥ, ആദർശ, ആശയ സമന്വയമാണ് പ്രവാചകൻ ലോകത്തിനു മുന്നിൽ കാഴ്ച വെച്ചത്. തന്റെ ജീവിതം പിന്തുടർന്നവർക്ക് ഇഹത്തിൽ സമ്പൂർണ്ണ സമാധാനം (ഇസ്ലാം) ലഭ്യമാക്കുന്നതാണെന്ന റിയിച്ചു. പരലോകത്തിൽ ശാശ്വതമോക്ഷം ലഭ്യമായി സ്വർഗ ജീവിതം ലഭിക്കുമെന്ന അത്യന്ത്യം സമുന്നതമായ സുവാർത്തയും അറിയിച്ചു. മാത്രമല്ല, അവിടുന്നു സമാധാനത്തോടെ തന്റെ ദൗത്യം നൂറു ശതമാനവും ഇപ്പറയപ്പെട്ടതുപോലെ ഒരു മഹാകൂട്ടം മനുഷ്യർക്ക് അത് കൈമാറി ശാന്തമായി കണ്ണടച്ചു കടന്നുപോയി. താൻ എല്ലാ പ്രവാചകന്മാരുടെയും മുമ്പിൽ നേതാവായി സ്വർഗത്തിലായിരിക്കുമെന്ന് നേരത്തെ പ്രഖ്യാപിക്കുകയും ചെയ്തിരുന്നുവല്ലോ. ഇത്രയും സമുന്നതനായ ഒരു സുവാർത്തകൻ ചരിത്രത്തിൽ ആരുമുണ്ടായിരുന്നില്ല. (വി.ഖു: അൽ മാഇദ: 19, അൽ അഅ്റാഫ്: 188)

### 13) താക്കീതും മുന്നറിയിപ്പും:

സുവാർത്തകനോടൊപ്പം താക്കീതും മുന്നറിയിപ്പും വേണ്ടുവോളം സന്ദർഭോചിതമായി നടത്താൻ അല്ലാഹു അദ്ദേഹത്തെ ചുമതലപ്പെടുത്തി. തിന്മകൾ ചെയ്തവർക്കുള്ള പരാജയത്തിന്റെ കനത്ത താക്കീതുകൾ. ശക്തമായ നരകശിക്ഷയെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ. ദൈവ, പ്രവാചക, പരലോക, വിശ്വാസ കാര്യങ്ങൾ നിഷേധിക്കുകയും നിരാകരിക്കുകയും ചെയ്താ



ലുള്ള നഷ്ടത്തെക്കുറിച്ചുള്ള ശക്തമായ ശിക്ഷാ പ്രവചനങ്ങൾ. മനുഷ്യർ നെടുംഖേദത്തിലകപ്പെടാതിരിക്കാനുള്ള താക്കീതുകാരനും മുന്നറിയിപ്പുകാരനുമായി അദ്ദേഹം ചരിത്രത്തെ രോമാഞ്ചം കൊള്ളിച്ചിട്ടുണ്ട്. (വി.ഖു: സബഅ്; 28; ഫാത്വിർ: 24).

### 14)അല്ലാഹുവിലേക്കുള്ള ക്ഷണിതാവ്:

ഭൂമിയിൽ തന്റെ മുമ്പിലും ലോകമെമ്പാടുമുള്ള അക്കാലക്കാരെയും അന്ത്യനാൾ വരെയുള്ള വരാനിരിക്കുന്നവരെയും അല്ലാഹുവിന്റെ മതത്തിലേക്കും തദ്വാരാ സമാധാനത്തിലേക്കും അനന്തരം ഇഹപര ജീവിത വിജയത്തിലേക്കും ഖുർആനും തന്റെ സ്ഫുടം ചെയ്ത ജീവിത സന്ദേശവും നൽകി ക്ഷണിച്ചുകൊണ്ടിരുന്നു. ജീവിത കാലത്തിലെ അനേകമനേകം അന്ധകാരങ്ങളിൽ നിന്നെല്ലാം മുക്തമായി പ്രകാശത്തിന്റെ തനിമയാർന്ന വിശാല ലോകത്തേക്കും അല്ലാഹുവിലേക്കും മനുഷ്യരെ കൊണ്ടുപോകാൻ എന്തൊക്കെ ചെയ്യുകയും പറയുകയും വേണമോ അതെല്ലാം അദ്ദേഹം നിർവ്വഹിച്ചു. താൻ തന്നെ മുമ്പിൽ നിന്ന് മറ്റെല്ലാവരെയും അതിലേക്ക് ആവിശ്രമമായി ക്ഷണിച്ചുകൊണ്ടിരുന്ന ദ്വിഗ്വിജയിയായി. (വി.ഖു: ആലു ഇംറാൻ: 172; അൽ അഹ്ഖാഫ്: 31; അൽ അഹ്സാബ്: 46)



### 15) സിറാജൻ മുനീർ:

ശോഭയുറ്റ ദീപം കണക്കെ ലോകത്തിന്റെ നെറുകയിൽ ഉത്തമ മാതൃകകളുടെ മുഴുവൻ മഹാശക്തിയായി വിളങ്ങി ശോഭിച്ചു നിൽക്കുന്ന പ്രവാചകനെ ലോകം ഇന്നും കണ്ടു കൊണ്ടിരിക്കുന്നു. ലോകം ദർശിച്ച ഏറ്റവും ഉന്നത മഹാൻ എന്ന് മുസ്ലിം ശത്രുക്കളിലെ ആധുനികരിലെ നിഷ്പക്ഷർക്കു പോലും പറയാൻ കഴിഞ്ഞിരിക്കുന്നു. നുബുവ്വത്തിന്റെ മഹാസിംഹാസനത്തിൽ അന്ത്യനാൾ വരെയുള്ള മുഴുവൻ മാനവർക്കും ജീവിത സരണിയിലെ മുഴുവൻ ചലനങ്ങൾക്കും അത്യുത്തമ മാതൃകയായി വിരാജിക്കുന്ന മുഹമ്മദ് നബി(സ) എന്ന പ്രവാചകൻ ഒരു മഹാദീപ സ്തംഭം തന്നെയായി ആധുനിക ലോകത്തും തിളങ്ങി ശോഭിക്കുന്നു. ലോകത്തിനെ മുഴുവൻ അന്ധകാരങ്ങളിൽ നിന്നും രക്ഷപ്പെടുത്തി പ്രകാശത്തിന്റെ അതിവിശാല ലോകത്തിലേക്ക് എന്നുമെന്നും എത്തിക്കാനായി മാനവരുടെ മുഴുവൻ മഹാൽഭുതത്തിന്റെ ദൗത്യമെന്തോ അതാണ് പ്രവാചകനിൽ അല്ലാഹു ദീപ്തമാക്കിയത് (വി.ഖു: അൽഅഹ്സാബ്: 45; അൽ മാഇദ: 16)

പ്രവാചകനെ അല്ലാഹു ഏൽപിച്ച് ഭംഗിയായി നിർവഹിക്കപ്പെട്ട അനേകം ദൗത്യങ്ങളിൽ സുപ്രധാനമായവയാണീ പതിനഞ്ച് ദൗത്യങ്ങൾ. അതിനാൽ ഇതാ പിടിച്ചോളൂ എന്നു പറഞ്ഞ് കോലായിൽ പോസ്റ്റ് മാൻ പോസ്റ്റൽ ഉരുപ്പടി എറിഞ്ഞുപോകുന്ന മാതിരിയിൽ ഇതാ പിടിച്ചോ ഈ ഖുർആൻ എന്നും പറഞ്ഞ് കടന്നുപോയ ഒരാളല്ല പ്രവാചകൻ. ഖുർആനിന്റെ ജീവൽപതിപ്പായിരുന്ന തന്റെ അതിബൃഹത്തായ ജീവിതത്തിന്റെ മഹാനായ ദൃക്സാക്ഷി വിവരണമാണ് ഇസ്ലാമിന്റെ രണ്ടാം പ്രമാണമായ കുറ്റമറ്റ സുന്നത്ത് എന്നു നമുക്കിതിൽ നിന്ന് ഗ്രഹിക്കാം. ഖുർആനിനെ പിന്തുടരാനാഗ്രഹിക്കുന്ന ഏതൊരുവനും അതിനാൽ ആ പ്രവാചകനെ സർവ്വാത്മനാ അനുസരിച്ചു കൊള്ളുക. അല്ലാഹു പറഞ്ഞു: **"അല്ലാഹുവിനെയും റസൂലിനെയും അനുസരിച്ചു കൊൾക. നിങ്ങൾ പിന്തിരിയുന്ന പക്ഷം അദ്ദേഹത്തിൽ ഏൽപിക്കപ്പെട്ട ദൗത്യനിർവ്വഹണമേയുള്ളൂ. നിങ്ങളുടെ മേൽ നിങ്ങളോട് ചുമത്തപ്പെട്ട ബാധ്യതകളാണുള്ളത്. അദ്ദേഹത്തെ അനുസരിച്ചാൽ നിങ്ങൾക്കു സന്മാർഗികളാകാം. പ്രവാചകന്റെ മേൽ നിങ്ങളോടുള്ളത് വ്യക്തമായ പ്രബോധന ദൗത്യം മാത്രമാകുന്നു." (വി.ഖു: അന്നൂർ: 54)**

കവർസ്റ്റോറി

വിശ്വാസദർശനം - 27

അബൂ നുബ്‌ലാ

# ദൈവപുത്രത്വം, ദൈവത്തെ തെറി പറയൽ!

**മനുഷ്യരെപ്പോലെ ദൈവവും ആയാൽ ഈ മഹാപ്രപഞ്ചം കൊണ്ടു നടക്കാൻ വേറൊരു ദൈവം തന്നെ വേണ്ടി വരില്ലേ? മനുഷ്യനെ രക്ഷിക്കാൻ ഇത്രമാത്രം ദുർബലമായ മാർഗ്ഗമേ ദൈവത്തിനുള്ളൂ? മനുഷ്യരെല്ലാം അവന്റെ അടിമകളായിരിക്കെ കരകാണാ കാരുണ്യവാനായ ദൈവത്തിനു അവരുടെ പാപങ്ങൾ പൊറുത്തു കൊടുക്കുക എന്ന അത്യന്ത്യം ലളിതമാർഗ്ഗമില്ലേ?**

അവർ അല്ലാഹുവിനെ മനസ്സിലാക്കേണ്ട വിധം ഉൾക്കൊണ്ടിട്ടില്ലെന്നു വിശുദ്ധ ഖുർആൻ ആവർത്തിച്ചു പറയുന്നുണ്ട്. ഈ മഹാ മഹാ പ്രപഞ്ചത്തിന്റെ അത്യുന്നതനായ സ്രഷ്ടാവും നിയന്താവും സംരക്ഷകനുമായ ദൈവം ഈ പ്രപഞ്ചസൃഷ്ടിയിൽ ആരെയും പങ്കു ചേർക്കാത്തവനാണ്. ഈ മഹാ പ്രപഞ്ചത്തിലെ ഒരു കടുകുമണിയോളം പോലും വലുപ്പമില്ലാത്ത ഭൂമി. ഭൂമിയിലെ കോടാനുകോടി ജീവജാലങ്ങളിൽ മനുഷ്യന്റെ സ്ഥാനവലുപ്പം അതിനേക്കാൾ നിസ്സാരം. ഈ അണ്ഡകടാഹത്തിൽ മനുഷ്യരേക്കാൾ എത്രയെത്ര കോടാനുകോടി മടങ്ങു വലുപ്പവും ഊർജ്ജവും വ്യാസവും കടുത്തതുമൊക്കെയായ ജന്തു ജീവജാല, ചരാചരങ്ങൾ എണ്ണമറ്റതായുണ്ട്. മനുഷ്യനെ അതുമായി താരതമ്യപ്പെടുത്താൻ പോലും അർഹമല്ല. ഭൂമിയിലെ ജന്തുജാലങ്ങളിൽ ഉൽകൃഷ്ടതയിലും മഹത്വത്തിലും മറ്റുള്ളവയേക്കാൾ ഉയർന്ന അർഹത ഉണ്ടാകുമെന്നല്ലാതെ അല്ലാഹുവിങ്കൽ മനുഷ്യൻ അത്രയൊന്നുമില്ല എന്നത് അനിഷേധ്യ യാഥാർത്ഥ്യമല്ലേ? ദൈവത്തിന് അവന്റെ സൃഷ്ടികളെല്ലാം ഏതാണ്ട് തുല്യം തന്നെ.

എന്നാൽ, ഈ മഹാ പ്രപഞ്ച സ്രഷ്ടാവും അത്യുന്നതനും നിയന്താവും ഉടമസ്ഥനും രാജാധിരാജനും അഖിലത്തിന്റെയും സംരക്ഷകനുമായ ദൈവം/യഹോവ/ഈശ്വരൻ/അല്ലാഹുവിന്റെ അതിമഹത്വത്തിനും പരിശുദ്ധിക്കും അത്യുൽകൃഷ്ടതക്കും നിരക്കാത്ത അതിഭീകരമായ ഒരാരോപണമാണ് 'മനുഷ്യനായ ദൈവപുത്രൻ' എന്ന അതിമ്ലേച്ഛമായ സങ്കൽപം. ക്രൈസ്തവ ലോകത്തിന്റെ ഈ മഹാവങ്കത്തം എത്ര തന്നെ പറഞ്ഞാലും അവർക്കത് ഉപേക്ഷിക്കാനാകുന്നില്ല. ആ മതം ആദ്യത്തിൽ യഥാർത്ഥ ഏകദൈവ സിദ്ധാന്ത മതം തന്നെയായിരുന്നു. ക്രിസ്തുമതത്തെ തകർക്കാൻ ജൂത ലോബി അയച്ച സാറ്റലൈറ്റും മിസൈലുമായിരുന്ന പൗലോസാണ് ദൈവപുത്രവാദവും കുരിശുമരണ പുനരുത്ഥാനവും പാപമോചന സിദ്ധാന്തവും ക്രിസ്തുമതത്തിന്റെ ആണിക്കല്ലാക്കിയത്. ഇതു തിരിച്ചറിയാൻ ശപിക്കപ്പെട്ട

പിശാച് ക്രൈസ്തവ സഭകളെ ഇന്നോളം സമ്മതിച്ചിട്ടില്ല. ലോക മഹാവങ്കത്തങ്ങളിൽ ഒന്നായ ദൈവപുത്രാവതാര സങ്കൽ പത്തെ ക്രൈസ്തവലോകം ന്യായികരിച്ചു കൊണ്ടേയിരിക്കുന്നു. ഓരോ ക്രിസ്തുമസ് ആഘോഷവേളകളിലും ഇക്കാര്യമവർ ഉറപ്പിച്ചും തറപ്പിച്ചും സമർത്ഥിച്ച് കോടിക്കണക്കിൽ മനുഷ്യപുത്രന്മാരെ വഴികെടുത്തിക്കൊണ്ടിരിക്കുന്നു. ദൈവത്തിനെന്തിനു പുത്ര, ഭാര്യാസന്തതികൾ? ഈ പ്രപഞ്ചം മുഴുവൻ അവന്റേതായിരിക്കെ അവയിലേക്കാവശ്യമെന്ത്?

### എമ്മാനുവേലാകാൻ

**''ഇതുപോലെ, മനുഷ്യനെ രക്ഷിക്കാൻ ദൈവം കണ്ടുപിടിച്ച മാർഗ്ഗം മനുഷ്യരെപ്പോലെ ആകുക എന്നതാണ്. ദൈവത്തോടുള്ള സമാനത കണക്കിലെടുക്കാതെ യേശു കുരിശു മരണത്തോളം തന്നെത്തന്നെ താഴ്ത്തി (ഫിലി: 2: 7) മനുഷ്യരോടൊപ്പം വസിച്ചു കൊണ്ട് 'ദൈവം നമ്മോടുകൂടെ' എന്നർത്ഥമുള്ള എമ്മാനുവേലാകാനാണ് യേശു ആഗ്രഹിച്ചത്.'' (തൃശ്ശൂർ അതിരൂപത മെത്രോപ്പൊലീത്ത മാർ ആൻഡ്രൂസ് താഴത്ത്, മാതൃഭൂമി, 21.12.2015).**

മനുഷ്യരെപ്പോലെ ദൈവവും ആയാൽ ഈ മഹാപ്രപഞ്ചം കൊണ്ടു നടക്കാൻ വേറൊരു ദൈവം തന്നെ വേണ്ടി വരില്ലേ? മനുഷ്യനെ രക്ഷിക്കാൻ ഇത്രമാത്രം ദുർബലമായ മാർഗ്ഗമേ ദൈവത്തിനുള്ളൂ? മനുഷ്യരെല്ലാം അവന്റെ അടിമകളായിരിക്കെ കരകാണാ കാരുണ്യവാനായ ദൈവത്തിനു അവരുടെ പാപങ്ങൾ പൊറുത്തു കൊടുക്കുക

**എന്നാൽ, ഈ മഹാ പ്രപഞ്ചസ്രഷ്ടാവും അത്യുന്നതും നിയന്താവും ഉടമസ്ഥനും രാജാധിരാജനും അഖിലത്തിന്റെയും സംരക്ഷകനുമായ ദൈവം/യഹോവ/ഈശ്വരൻ/അല്ലാഹുവിന്റെ അതിമഹത്വത്തിനും പരിശുദ്ധിക്കും അത്യുൽകൃഷ്ടതക്കും നിരക്കാത്ത അതിഭീകരമായ ഒരാരോപണമാണ് 'മനുഷ്യനായ ദൈവപുത്രൻ' എന്ന അതിമ്ലേച്ഛമായ സങ്കൽപം. ക്രൈസ്തവ ലോകത്തിന്റെ ഈ മഹാവങ്കത്തം എത്ര തന്നെ പറഞ്ഞാലും അവർക്കത് ഉപേക്ഷിക്കാനാകുന്നില്ല.**

എന്ന അത്യന്ത്യം ലളിതമാർഗ്ഗമില്ലേ? മനുഷ്യരുടെ ഉദ്ദേശശുദ്ധിയോടെയുള്ള നിഷ്ക്കളങ്ക പ്രാർത്ഥനകളും കർമ്മാനുഷ്ഠാനങ്ങളും ഉണ്ടായാൽ തൽഫലമായി പൊറുത്തു കൊടുത്താൽ തീരുന്ന പാപമോചനത്തിനു മനുഷ്യസ്ത്രീ മാത്രമായ വിശുദ്ധ കന്യാമറിയമിലൂടെ ദൈവം തമ്പുരാൻ അവന്റെ മഹാസിംഹാസനത്തിൽ നിന്നിറങ്ങിവന്ന് മനുഷ്യക്കുഞ്ഞായി ജനിക്കണമത്രെ? സാമാന്യ ബുദ്ധിക്കു പോലും ഉൾക്കൊള്ളാനോ മനസ്സിലാക്കാനോ കഴിയാത്ത 'ത്രിയേകത്വ'മെന്ന അറുപിന്തിരിപ്പൻ ആദർശം കോടിക്കണക്കിൽ മനുഷ്യർ വിശ്വസിച്ചു നടക്കുന്നു. കഷ്ടം! മെത്രാപോലീത്ത ഇവിടെ ഒരുദാഹരണവും അവതരിപ്പിക്കുന്നുണ്ട്. എത്ര തരംതാഴ്ന്നതാണതെന്ന് കാണുക: ''സാധു സുന്ദർസിങ് ഒരു കഥ മനോഹരമായി അവതരിപ്പിക്കുന്നുണ്ട്. തന്റെ ആടുകൾ തന്നെ ശ്രദ്ധിക്കുകയോ അനുഗമിക്കുകയോ ചെയ്യുന്നില്ലെന്ന് കണ്ടപ്പോൾ ഒരു നല്ല ഇടയൻ ഒരു സൂത്രം ചെയ്തു. ചത്തുപോയ വലിയൊരാടിന്റെ തുകലെടുത്ത് ധരിച്ച് ആടിനെപ്പോലെ ശബ്ദിക്കാനും നടക്കാനും ആടുകളുടെ ഇടയിലിരുന്ന് അവയെ ശുശ്രൂഷിക്കാനും തുടങ്ങി. താമസിയാതെ ആടിന്റെ രൂപത്തിലുള്ള ഇടയനെ അവ ഇഷ്ടപ്പെടുകയും അനുഗമിക്കുകയും ചെയ്തു." (മാതൃഭൂമി 21/12/15).

അത്യുന്നതനും മഹത്വപൂർണ്ണനുമായ അനേകമനേകം സവിശേഷതകളുള്ള പ്രപഞ്ചനാഥനെ കേവലം മനുഷ്യരിലെ ഒരാട്ടിടയനെപ്പോലെയെന്നു ചിത്രീകരിക്കുന്ന വലിയ മനുഷ്യനായ മെത്രാപ്പൊലീത്ത സത്യം മനസ്സിലാക്കുന്നില്ല. മനുഷ്യരാരാണെന്നും ദൈവാസ്തിത്വം എന്താണെന്നും തിരിച്ചറിയാത്ത ഇത്തരം 'മഹാന്മാരാണ്' ക്രൈസ്തവ മതത്തിന്റെ ഏറ്റവും വലിയ ശാപം! മനുഷ്യരായ ആട്ടിൻപറ്റം മഹോന്നതനായ റബ്ബുൽ ആലമീനായ ഇടയനെ ശ്രദ്ധിക്കാത്തതിനും അനുഗമിക്കാത്തതിനും അവൻ വേഷം മാറി ആടായി വന്ന് ആട്ടിൻപറ്റത്തോടൊപ്പം ആടിപ്പാടി നടക്കുന്നുവെന്നോ? എന്ത് ഉപമയാണീ പറയുന്നത്? അല്ലാഹു പരമകാരുണികനും കരുണാനിധിയും മഹാദയാലുവുമായതിനാൽ അവന്റെ വിനീതരായ അടിമകളോട് എന്തുമാത്രം വാത്സല്യവും ദയാവായ്പയും സ്നേഹാദരവുകളും കരുണയുമെല്ലാം കാണിച്ചുകൊണ്ടേ

യിരിക്കുന്നുണ്ടല്ലോ. യേശുവിനു മുമ്പും ശേഷം ഇപ്പോഴും ഇനിയും എന്നുമെന്നും ഒരിക്കലും നശിക്കാതെ നിത്യജീവനുള്ള ആ റബ്ബിനെക്കുറിച്ച് ഇത്ര വലിയ തോന്നിവാസം പറഞ്ഞിട്ടും സർവ്വമാന ക്രൈസ്തവ പുരോഹിതന്മാരെയും പോപ്പിനെയുമടക്കം ആരോടും ഒരു ശിക്ഷാനടപടിയെടുക്കാതെ വെച്ചു പൊറുപ്പിക്കുന്നതു തന്നെ ദൈവത്തിന്റെ മഹാകരുണയല്ലേ? രാജാധിരാജനായ അല്ലാഹുവിനെ കുറിച്ച് ക്രൈസ്തവ മതം എന്താണ് ഗ്രഹിച്ചിരിക്കുന്നത്? കേവലം മനുഷ്യന്റെ മുമ്പിൽ മാത്രമുള്ള ഒരു കൊച്ചു പടച്ചവൻ എന്നോ? യേശുവിന്റെ മുമ്പും മനുഷ്യവംശം ഉടലെടുത്തതു മുതൽ കോടാനുകോടി മനുഷ്യർ കഴിഞ്ഞു പോയിട്ടില്ലേ? അവരോടൊക്കെ ദൈവം യേശുവായി അവതാരമെടുക്കും വരെയുള്ള ദീർഘകാലം ക്രൂരത കാട്ടിയെന്നാണോ വിശ്വസിക്കേണ്ടത്. കന്യാമറിയം ദൈവകൽപനയാൽ ഗർഭിണിയായി. യേശുവിനെ ജനിപ്പിച്ചു. പിതാവിനെ നമുക്കറിയാത്ത വിശുദ്ധ കുഞ്ഞായിരുന്നു എന്നല്ലേയുള്ളൂ. അതിനാൽ കണ്ടവനെപ്പിടിച്ച് പിതാവാക്കുകയോ? കട്ടവനില്ലെങ്കിൽ കണ്ടവനെ കള്ളനാക്കുകയാണോ? അത് സർവ്വാധിരാജനായ അല്ലാഹുവിനെ പിതാവാക്കി പിടികൂടുകയോ? കന്യാമറിയം ദൈവത്തിന്റെ ഭാര്യയാണോ? 100 ശതമാനവും പച്ചമനുഷ്യനായ യേശു ദൈവമാവുകയോ?

**ദൈവം കുരിശിൽ വിലപിച്ചു!**

യേശുവിനെ 'രക്ഷകനായി' കാണാത്തവർക്കൊന്നും രക്ഷയില്ല എന്നതാണല്ലോ ക്രൈസ്തവ ഫിലോസഫി! എങ്കിൽ ദൈവം അത്രയും ക്രൂരനാണെന്നാണ് വരിക. കാരണം ക്രൈസ്തവർ ലോകത്ത് മൂന്നിലൊന്നോ നാലിലൊന്നോ ഉള്ളൂവല്ലോ. അവരെ മാത്രം സ്നേഹിക്കുന്ന അവരോടു മാത്രം കരുണ കാട്ടുന്ന ദൈവം കരുണാനിധിയാണോ? കാരുണ്യവാനാണോ? അതല്ല സർവ്വ ചരാചരങ്ങളുടെയും ഈ മഹാപ്രപഞ്ചത്തിന്റെയും സർവ്വമനുഷ്യരുടെയും രക്ഷകനായ കാരുണ്യവാനായ ദൈവം എന്നതല്ലേ ശരി? അല്ലാഹു ഏതു നിമിഷവും എല്ലാവരോടുമൊപ്പമുണ്ട്. അവന്റെ കാഴ്ചയും കേൾവിയും അറിവും ശ്രദ്ധയും നിയന്ത്രണവും ഈ പ്രപഞ്ചത്തിൽ മുഴുക്കെയും മനുഷ്യരിലും ഓരോ സെക്കന്റിലും നിലനിൽക്കുന്നു. 'ദൈവം നമ്മോടു കൂടെ' എന്നർത്ഥമുള്ള 'എമ്മാനുവേലാകാൻ യേശു ആഗ്രഹിച്ചു എന്ന് നമ്മോടാരാണ് പറഞ്ഞത്?' യേശു എന്ന ഈസ(



അ) ഒരു പച്ചയായ മനുഷ്യൻ തന്നെയായിരുന്നു. ഒരമ്മ പെറ്റ പൈതൽ. പിന്നെ യുവാവ്. പിന്നെ ദൈവത്തിന്റെ പ്രവാചകൻ. മുൻകഴിഞ്ഞ അനേക പ്രവാചകന്മാരിലെ അബ്രഹാമിന്റെ ഇസ്ഹാഖി പരമ്പരയിൽ ജനിച്ച അവസാനക്കണ്ണി. മനുഷ്യരെ തൗറാത്തിലേക്കും ഇഞ്ചീലിലേക്കും സന്മാർഗ്ഗപാതയിലേക്കും കാരുണ്യസ്വഭാവത്തിലേക്കും ദൈവാരാധനയിലേക്കും നയിച്ച, ദൈവം നിയോഗിച്ച മനുഷ്യർക്കുള്ള മനുഷ്യനായ നബിയായ ദൈവസന്ദേശവാഹകൻ. അദ്ദേഹത്തിന്റെ ത്യാഗോജ്ജ്വല ജീവിതവും നീതിനിഷ്ഠമായ സത്യപ്രബോധനവും ഇഷ്ടപ്പെടാതിരുന്ന ധിക്കാരികളായ യഹൂദികൾ അദ്ദേഹത്തെ അപകടപ്പെടുത്താനും കൊല്ലാനും നോക്കി. അദ്ദേഹത്തെ അതിൽ നിന്നെല്ലാം അല്ലാഹു രക്ഷപ്പെടുത്തി.

ബൈബിൾ കഥകൾ പ്രകാരം നോക്കിയാൽ, സ്വയം

രക്ഷപ്പെടാൻ കഴിയാത്ത യേശുവിനെയാണ് ചിത്രീകരിക്കുന്നത്. ജൂതന്മാർ ആണി തറച്ച് കുരിശിൽ കയറ്റി സ്വയം രക്ഷപ്പെടാനാകാത്തവൻ മറ്റാരെയെങ്കിലും രക്ഷിക്കുമോ? ഏതാനും വെള്ളിപ്പണത്തിന് യൂദയാൽ ഒറ്റുകൊടുക്കപ്പെട്ട യേശുവിനെ രക്ഷിച്ചവനായ അല്ലാഹുവിനെയാണ് ആരാധിക്കേണ്ടത് എന്നും കാണാം. ഒറ്റിക്കൊടുത്ത് യേശുവിനെ വഞ്ചിച്ച ശപിക്കപ്പെട്ടവനായിരുന്നുവല്ലോ ക്രൈസ്തവ ലോകത്തിന് ഈ അടുത്തകാലം വരെ യൂദാസ്? മനുഷ്യരെ രക്ഷിക്കാൻ മനുഷ്യജന്മമെടുത്ത ദൈവമായ യേശു സ്വയം കുരിശിലേറി പാപത്തിന്റെ ശമ്പളം വാങ്ങി കുരിശു മരണം പ്രാപിച്ചെങ്കിൽ യൂദയെ ശപിക്കണമായിരുന്നോ? അദ്ദേഹത്തെ സ്വർഗ്ഗത്തിലല്ലേ കാണേണ്ടത്? യൂദ വിശുദ്ധനാവുകയല്ലേ വേണ്ടത്? അനേകം നൂറ്റാണ്ടുകൾക്കു ശേഷമായപ്പോൾ യൂദയിലെ ശാപം നീങ്ങിപ്പോയത് എങ്ങനെ?

ചുരുക്കത്തിൽ, എന്തൊക്കെ ജൽപനങ്ങളും അനാവശ്യങ്ങളുമാണ് ക്രൈസ്തവലോകം അല്ലാഹുവിലും ഈസാ നബിയിലും ചാർത്തിയിട്ടുള്ളത്? ദൈവത്തെ ഇങ്ങനെ തെറിപറയുന്നതിന്റെ ഗൗരവം അവർ മനസ്സിലാക്കാൻ ശ്രമിക്കുന്നില്ല. **“പരമ കാരുണികനായവൻ ഒരു സന്താനത്തെ സ്വീകരിച്ചിട്ടുണ്ടെന്നു അവർ പറയുന്നു. നിങ്ങളീപ്പറയുന്നത് അതീവ ഗുരുതരമായ കാര്യമാകുന്നു. അത് നിമിത്തം ആകാശം പൊട്ടിപ്പിളർന്നേക്കും. ഭൂമി വിണ്ടുകീറിയേക്കും. പർവ്വതങ്ങൾ തകർന്നു വീഴുമാറാകും - പരമ കാരുണികനു സന്താനമുണ്ടെന്നവർ വാദിക്കുന്നതിനാൽ. ഒരു സന്താനത്തെ സ്വീകരിക്കുകയെന്നത് പരമ കാരുണ്യവാന് യോജിച്ചതേയല്ല. ആകാശങ്ങളിലും ഭൂമിയിലുമുള്ള ഏതൊരാളും ഒരു ദാസനെന്ന നിലയിൽ പരമ കാരുണികന്റെ സന്നിധിയിൽ വരുന്നവൻ തന്നെയായിരിക്കും.” (വി.ഖു. 19: 88-93)**

യേശു പ്രവാചക ജന്മദിന സന്ദേശം യഥാർത്ഥത്തിൽ ഇതു മാത്രമാണ്. അല്ലാതെ ദൈവം മനുഷ്യനായതല്ല. ദൈവത്തിനു മനുഷ്യനാകേണ്ട യാതൊരാവശ്യവുമില്ല. ദൈവം മഹോന്നതനായ ദൈവം തന്നെ. മനുഷ്യർ ഭൂമിയിലെ ഉൽകൃഷ്ട സൃഷ്ടികളും. അതിലൊരുവനായിരുന്ന യേശു ദൈവമല്ല. ദൈവപുത്രനുമല്ല.

# ‘ഹുബ്ബുറസൂൽ’ ഹൈജാക്കിൽ

**മു**ഹമ്മദ് നബി(സ)യുടെ നാമത്തിൽ യാഥാസ്ഥിതിക വിഭാഗങ്ങൾ ആഘോഷിക്കുന്ന ‘നബി ജയന്തി’ എന്ന ‘ഹുബ്ബുറസൂൽ’ എന്ന ബിദ്അത്താചാരം തീവ്രസുന്നിവിഭാഗം ഹൈജാക്ക് ചെയ്ത വിശേഷം പുതുമ നിറഞ്ഞതുതന്നെ! റസൂൽ ചെയ്തിട്ടില്ലാത്ത, സ്വഹാബികൾക്ക് അജ്ഞാതമായ, താബിഉകളൊരിക്കലും കേട്ടിട്ടില്ലാത്ത, താബിഉത്താബിഉകൾ പോലും ചെയ്തിട്ടില്ലാത്ത, മുഹദ്ദിസുകളാരും റിപ്പോർട്ട് ചെയ്തിട്ടില്ലാത്ത, കർമശാസ്ത്ര വിശാരദന്മാരായ ഫുഖഹാക്കളാരും കർമ്മാനുഷ്ഠാനത്തിൽ ചേർക്കാത്ത, ഹിജ്റ നാലാം നൂറ്റാണ്ടിലെ വഴികെട്ട രാഷ്ട്രീയക്കാർ ഇസ്ലാമിന്റെ പിരടിയിൽ വെച്ചു കെട്ടിയ ഇസ്ലാമിന്റെ നവോത്ഥാന നായകന്മാരെല്ലാം ദുരാചാരമാണെന്നു പ്രഖ്യാപിച്ച ക്രൂരമായ ദുരാചാരമായ ‘നബിദിനാഘോഷം’ എല്ലാ പരിധികളും ലംഘിച്ച് ഇവിടെ അരങ്ങേറുന്നു! പ്രമാണങ്ങൾ ദുർവ്യാഖ്യാനം ചെയ്ത് ഈ ദുരാചാരത്തെ ന്യായീകരിച്ചവർ വീണ്ടും തെളിവുകളന്വേഷിച്ച് പായുന്നവർ ചിപ്പി തുറന്നു ഇറക്കിവിട്ട ഈ ദുർഭൂതത്തെ പിടിച്ചുകെട്ടാൻ പാടുപെടുന്നതിന്റെ ദൃക്സാക്ഷി വിവരണം കാണുക:

“പ്രവാചകസ്നേഹത്തെ പകർന്നുകിട്ടാനും പ്രവാചക ചര്യയിലേക്ക് അടുപ്പിക്കാനുമായി സ്ഥാപിക്കപ്പെട്ട മൗലീദുകളും മറ്റു അപധാനങ്ങളും ഇന്ന് കലാപ്രകടനങ്ങളായി അധഃപതിച്ചിരിക്കുന്നു. പ്രവാചകസ്നേഹത്തിലും പ്രവാചകചര്യ പിന്തുടരുന്നതിലും കാലുറച്ച നേതൃത്വമില്ലാത്തതിനാൽ യുവതലമുറയുടെ കൈകളിൽ അകപ്പെട്ട് നമ്മുടെ പ്രവാചക സ്മരണ സദസ്സുകൾ നിഷ്ഫലമായിപ്പോകുന്ന കാഴ്ചയാണ് നമുക്ക് മുന്നിലുള്ളത്.” *(പുണ്യനബിയുടെ സ്നേഹദർശനം - നബീൽ മന്ദലാംകുന്ന് - സത്യധാര ദ്വൈവാരിക. 2015 ഡിസംബർ 16 - 31)*

തിരുമൊഴിപ്പൊരുൾ

നിദാഉർറഹ്മാൻ. വി.ടി

# മോഡേൺ മുഫ്തിമാർ

**അബൂറാഫിഇൽ(റ) നിന്ന്: "നബി(സ) പറഞ്ഞു, "നിങ്ങളിലൊരാൾ സോഫയിൽ ചാരിക്കിടക്കുന്നു. അപ്പോഴതാ എന്റെ ഒരു കല്പനാ നിർദ്ദേശമോ നിരോധനാജ്ഞയോ അയാൾക്കു കിട്ടുന്നു. അപ്പോൾ അയാൾ പറഞ്ഞു: എനിക്കറിഞ്ഞുകൂടാ. അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ നാമതു കാണുന്നില്ലല്ലോ. എങ്കിലത് പിൻപറ്റാമായിരന്നു! ഇത്തരത്തിൽ പറയുന്ന ഒരാളെയും നിങ്ങളിൽ ഞാൻ കണ്ടു മുട്ടാതിരിക്കട്ടെ." (അഹ്മദ് 6/57; അബൂ ദാവൂദ് 4665; തിർമുദി 2665; ഇബ്നുമാജ - മുഖദ്ദിമ 13; ബൈഹഖി, ഹാകിം, ദാരിമി, ശാഫിഈ രിസാലയിലും ഉദ്ധരിച്ചത്)**

ആയിരം വർഷം പഴക്കമുള്ള, പരമ്പര കുറ്റമറ്റ, അനേകർ ഉദ്ധരിച്ച, സ്വഹീഹായ നബി വചനമാണിത്. ഗൗരവതരമായ ആശയമാണിതിലെ ഇതിവൃത്തം. പ്രവാചകനെ അല്ലാഹുവാണ് നിരവധി ചുമതലകളേൽപിച്ച് മനുഷ്യരിലേക്ക് എല്ലാവർക്കുമുള്ള പ്രവാചകനായി നിയോഗിച്ചത്. അല്ലാഹുവിന് മനുഷ്യരോട് പറയാനുള്ള മുഴുവൻ കാര്യങ്ങളും അറിയിക്കാനും അതിനനുസരിച്ച് ജീവിതം മനുഷ്യരിൽ രൂപപെടുത്താനും മനുഷ്യരിലെ വിശുദ്ധനായ ഒരാളെ തിരഞ്ഞെടുത്തു. അദ്ദേഹത്തെ അതിനായി പാകപ്പെടുത്തി ചെറുപ്പത്തിലേ വളർത്തിക്കൊണ്ടു വന്നു. 40 വയസ്സ് തികഞ്ഞപ്പോൾ റസൂലും നബിയുമായി നിയോഗിച്ചു. അദ്ദേഹത്തിന്റെ അതു മുതൽ  മരണം വരെയുള്ള പച്ചയായ മനുഷ്യ ജീവിതം കുറ്റമറ്റതായതിനാൽ ലോകാന്ത്യം വരെയുള്ള മനുഷ്യർക്ക് അത് അത്യുത്തമമായ മാതൃകയാണെന്ന് അല്ലാഹു ലോകത്തോട് വിളംബരം ചെയ്തു. വിശുദ്ധ ഖുർആനനുസരിച്ച ജീവിതമെന്നാൽ അല്ലാഹുവിനെ അനുസരിക്കുക എന്നതാണ്. അല്ലാഹുവിനെ അനുസരിക്കാൻ മനുഷ്യനു പ്രതീകാത്മക നിഴൽ പോലുമില്ല. എങ്ങനെയാണ് ആ അനുസരണം നടപ്പാക്കുക. ആ മാർഗ്ഗമാണ് പ്രവാചകനെ അനുധാവനം ചെയ്യുക എന്നത്. പ്രവാചകന്റെ ജീവിതത്തെ പിന്തുടർന്നു ജീവിച്ചാൽ അല്ലാഹുവിനെ അനുസരിച്ചവനായി (വി.ഖു: 4:80)

നമുക്കിടയിൽ ചിലരുണ്ട്. ഞങ്ങൾ ഖുർആനികളാണ്. അതിലുള്ളതിനേ ആധികാരികതയുള്ളൂ. ഖുർആൻ റസൂൽ തന്നെ തന്റെ എഴുത്തുകാരാൽ എഴുതിവെച്ചിട്ടുണ്ട്. അനേകർ അത് ഹൃദിസ്ഥമാക്കിയിട്ടുണ്ട്. നബിയുടെ കാലശേഷം ഉടനെ അതിനു ഗ്രന്ഥ രൂപവുമുണ്ടാക്കി. കോപ്പികളുണ്ടാക്കി, കുറ്റമറ്റതായി ലോകത്തിനുകിട്ടി. ജീവിതത്തിലെ എല്ലാ പ്രശ്നങ്ങൾക്കും അതിൽ പരിഹാരം നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ പ്രവാചക വചനങ്ങൾ ഒരു നൂറ്റാണ്ടിനു ശേഷമാണ് രേഖപ്പെടുത്ത

പ്പെടാൻ തുടങ്ങിയത്. പ്രവാചകനിലേക്ക് ചേർത്ത് ലക്ഷക്കണക്കിൽ കള്ള/ വ്യാജ ഹദീസുകളുണ്ടായിട്ടുണ്ട്. ബുഖാരി, മുസ്ലിം എന്നിവയിൽ പോലും സംശയാസ്പദ ഹദീസുകളുണ്ട്. ഖുർആൻ വിരുദ്ധമെന്നു തോന്നുന്നവ പോലുമുണ്ട്. അതിനാൽ നമുക്ക് ഒരൊറ്റ പ്രമാണമേ വേണ്ടതുള്ളൂ. അത് ഖുർആൻ മാത്രമാണ്. സുന്നത്തുകൾ/ ഹദീസുകൾ മനുഷ്യനായ മുഹമ്മദ് നബി(സ)യുടെ വർത്തമാനങ്ങളാണ്. അതിനെ പ്രമാണമാക്കാൻ പറ്റില്ല. നബി(സ)യുടെ കാലശേഷം ഖുർആനിനെ നമ്മുടെ സ്വതന്ത്ര ബുദ്ധിക്കനുസൃതം വ്യാഖ്യാനിക്കുകയാണു വേണ്ടത്. പ്രവാചകചര്യക്ക് ഖുർആനിനു മുമ്പിൽ വലിയ സ്ഥാനമൊന്നുമില്ല. ഹദീസുകൾ കൂടാതെ തന്നെ ഖുർആനിനെ മനസ്സിലാക്കാം. ഇങ്ങനെ പോകുന്നു അവരുടെ വാദഗതികൾ.

സത്യവും അസത്യവും കൂട്ടിക്കലർത്തിയ ഒരു ജൽപന കഥപോലെയാണ് ഈ വാദഗതികൾ. വിശുദ്ധ ഖുർആനിനെ കുറിച്ചു ഇവിടെ പരാമർശിച്ചതെല്ലാം ശരിതന്നെ. എന്നാൽ അതേ ഖുർആൻ തന്നെയാണ് നബി(സ)യെ നിരുപാധികമായി വിധികർത്താവാക്കാനും സമ്പൂർണ്ണാനുസരണം അദ്ദേഹത്തിന്നർപ്പിക്കാനും ആവശ്യപ്പെടുന്നത്. പ്രവാചകനിൽ അർപ്പിച്ച അനേകം ദൗത്യങ്ങൾ എടുത്തു പറഞ്ഞത്. ഏതൊരു വിശ്വാസിയുടെ മുമ്പിലും അല്ലാഹുവിന്റെയോ പ്രവാചകന്റെയോ കൽപന വന്നാൽ അയാളുടെ സ്വാഭിപ്രായത്തിനോ വിധിക്കോയാതൊരു സ്ഥാനവുമില്ല (വി.ഖു: അൽ അഹ്സാബ്: 36). അല്ലാഹുവിന്റെയും റസൂലിന്റെയും വിധിക്ക് ലംഘനമുണ്ടായാൽ വളരെ സ്പഷ്ടമായ വഴികേടിൽ തന്നെ പതിക്കുന്നതാണ്. ശാശ്വതനരകം അവർക്കുണ്ടായിരിക്കും (വി.ഖു: അന്നിസാഅ്:13, അനൂർ:63) പ്രവാചകൻ ആധികാരിക വക്താവാകയാൽ അദ്ദേഹം സമർപ്പിക്കുന്നതെന്തും സ്വീകരിക്കണം. അദ്ദേഹം എന്തൊന്നിൽ നിന്ന് നിങ്ങളെ തടയുന്നുവോ അത് നിങ്ങൾ ഉപേക്ഷിക്കണം (വി.ഖു: അൽഹശ്ർ:7) മനുഷ്യകുലത്തിനു സമർപ്പിച്ച ഖുർആനിനെ ആദ്യമായി ഏറ്റുവാങ്ങിയ ദിവ്യബോധനം നിരന്തരം ലഭിച്ചുകൊണ്ടിരിക്കുന്ന നബി തന്നെയാണ് അതിനെ ആധികരികമായി വിശദീകരിച്ചു കൊടുക്കേണ്ടത് (വി.ഖു: അന്നഹ്ൽ:44); അന്ത്യനാൾ വരെയുള്ള ജനതക്കു മുഴുവൻ ഉത്തമ മാതൃകാപുരുഷനായി അല്ലാഹു നിശ്ചയിച്ച വിശുദ്ധനായ മഹൽ വ്യക്തിയാകയാൽ അബദ്ധങ്ങൾ സംഭവിക്കാത്തവിധം അല്ലാഹുവിന്റെ പ്രത്യേക സംരക്ഷണവും കാവലും പ്രവാചകനുണ്ടെന്നും (വി.ഖു: അൽമാഇദ:64; അൽ അഹ്സാബ്:17) അല്ലാഹുതന്നെ വ്യക്തമാക്കുന്നു. അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ പ്രവാചകനെ പിൻപറ്റുക തന്നെ വേണം. (വി.ഖു: ആലു ഇംറാൻ:31). സമുദായ മക്കളിൽ മത വിഷയത്തിൽ ഭിന്ന വീക്ഷണവും ഭിന്നിപ്പുമുണ്ടായാൽ ദൈവ വചന വിധിയിലേക്കും പ്രവാചകന്റെ തീർപ്പിലേക്കും തന്നെയാണ് കാര്യങ്ങൾ മടക്കേണ്ടത് (വി.ഖു: അന്നിസാഅ്:59). ഏറ്റവും നേർ വഴിയിലേക്കാണ് പ്രവാചകൻ ജനങ്ങളെ നയിക്കുന്നത്. ആ വഴിയാകട്ടെ പ്രപഞ്ചനാഥന്റെ വഴിയിലേക്കുമാണ്. (വി.ഖു: അശ്ശൂറാ:52, 53). ചുരുക്കത്തിൽ ഒരാൾ യഥാർത്ഥ വിശ്വാസിയാകണമെങ്കിൽ, പ്രവാകന്റെ തീരുമാനവും ജീവിത സരണിയും നിരുപാധികം സ്വീകരിക്കുകയും അതിൽ മനസ്സാക്ഷിക്കുത്തു പോലും അനുഭവപ്പെടാതെ അനുഗമിക്കുകയും ചെയ്യണം (വി.ഖു: അന്നിസാഅ്:65)

ഇത്രത്തോളം പ്രാവാചകന്റെ അപ്രമാദിത്വത്തെക്കുറിച്ച് അല്ലാഹു പറഞ്ഞിരിക്കയാൽ മുഹമ്മദ് നബി(സ)യുടെ ജീവിതത്തിലെ ഒരൊറ്റ ഏടും നഷ്ടപ്പെടാതെ ലോകത്തിനു കിട്ടിക്കാണണമെന്നത് അല്ലാഹുവിന്റെ സുനിശ്ചിതമായ ഇംഗിതം തന്നെയായിരിക്കുമല്ലോ. പ്രവാചകന്റെ വിശ്വസ്തരായ, നിഷ്കളങ്കരായ, ത്യാഗിവര്യന്മാരായ, നിസ്വാർത്ഥരായ ശിഷ്യഗണങ്ങൾ അദ്ദേഹത്തിന്റെ സർവ്വ ചലനങ്ങളും സാകൂതം ഒപ്പിയെടുത്തു. ഒരണുപോലും വിട്ടുപോകാതെ. അവിടുത്തെ ചെയ്തികളും ചൊല്ലുകളും മൗനവും അംഗീകാരവും ആഗ്രഹങ്ങളും ഇഷ്ടങ്ങളും അനിഷ്ടങ്ങളും കൽപനകളും നിർദ്ദേശങ്ങളുമെല്ലാം – (എന്തിനേറെ അവിടുത്തെ തിരു മേനിയിലെ നരച്ച രോമത്തിന്റെ എണ്ണംപോലും അവർ ക്രിപ്തപ്പെടുത്തിയിരുന്നു)– അവർ കണ്ടും കേട്ടും അപ്പടി ജീവിതത്തിൽ പകർത്തിയും, തലമുറയിലേക്ക് പകർന്നു കൊടുത്തും ആ പ്രവാചക ജീവിതത്തെ ശാശ്വതവൽക്കരിച്ചു.

കാരണം. മനുഷ്യകുലത്തിനു തന്ന അനുഗ്രഹീതനായി, കാരുണ്യവാനായി, നിയോ

> **പ്രവാചക ചര്യയെക്കുറിച്ചുള്ള കാര്യം കേൾക്കും മാത്രയിൽ അത് ഖുർആനിലില്ല ഉണ്ടായിരുന്നെങ്കിൽ! എന്ന് ആശങ്കാജനകമായി പറയുന്നവൻ തികഞ്ഞ ചതിയനും വഞ്ചകനും ഒരുവേള ഖുർആൻ നിഷേധിയുമായിത്തീരുകയാണ് ചെയ്യുന്നത്. ആ രേഖ ശരിക്ക് പഠിച്ച് ഗ്രഹിച്ച് പ്രവാചകനോടുള്ള വിശ്വാസി സമൂഹത്തിനുള്ള ഗുണകാംക്ഷയും കടപ്പാടും നിർവ്വഹിക്കുന്നതിനുപകരം 'അത് ഹദീസല്ലേ, പ്രവാചകന്റെ ശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞു രേഖപ്പെടുത്തിയതല്ലേ, ഹദീസുകൾ അധികവും വ്യാജമല്ലേ'........ എന്നൊക്കെ ഒരറ്റയടിക്കു പറഞ്ഞു കസറുകയാണ് പല അൽപജ്ഞാനികളും ഇന്നു ചെയ്തുവരുന്നത്.**

ഗിക്കപ്പെട്ട (വി.ഖു: അൽഅമ്പിയാഅ്:107) പ്രവാചകന്റെ അനുഗ്രഹവും കാരുണ്യവും മനുഷ്യർക്കു ലഭ്യമാക്കൽ അല്ലാഹുവിന്റെ നീതി നിർവ്വഹണം കൂടിയാണ്. അത് അല്ലാഹു സ്വഹാബി, താബിഈ തലമുറയെക്കൊണ്ട് ചെയ്യിപ്പിച്ചു. അതുകൊണ്ട് തന്നെ പ്രവാചകനെ കണ്ടും കേട്ടും അനുഭവിച്ചറിഞ്ഞ അവസാനത്തെ ശിഷ്യന്മാർ കാലഗതി അടയും മുമ്പ് അവരുടെ ശിഷ്യ തലമുറ അവരിൽ നിന്ന് നബി(സ)യുടെ സർവ്വചര്യകളുടെയും വിവരണം ഒരക്ഷരവും നഷ്ടപ്പെടാതെ സസൂക്ഷ്മം കേട്ടുപഠിച്ചു പകർത്തുക മാത്രമല്ല അത് അതികഠിന ത്യാഗത്തോടെ രേഖപ്പെടുത്തുകയും പിൻതലമുറയിലേക്കത് കൈമാറുകയും ചെയ്തു.

എന്നാൽ എക്കാലത്തും ഇസ്ലാമിനെ തകർക്കാൻ വ്രതമനുഷ്ഠിച്ചു നടക്കുന്ന മനുഷ്യപ്പിശാചുകൾ വെറുതെയിരിക്കുകയില്ലല്ലോ. അവരാണ് പ്രവാചകന്റെ വിശുദ്ധ ജീവിതത്തെ കളങ്കപ്പെടുത്താൻ വ്യാജ ഹദീസുകളുടെ പെരുമഴപെയ്യിപ്പിച്ചവർ. അവരുടെ കുതന്ത്രങ്ങൾ തിരിച്ചറിഞ്ഞ ഹിജ്റ രണ്ടും മൂന്നും നൂറ്റാണ്ടിലെ പ്രഗൽഭരായ ഇസ്ലാമിന്റെ സംരക്ഷകരായ ത്യാഗിവര്യന്മാരും നിസ്വാർത്ഥരുമായ മുഹദ്ദിസുകൾ അതികഠിന ത്യാഗത്തിനൊരുങ്ങി. അവർ ഹദീസുകളുടെ സംശുദ്ധീകരണ പ്രക്രിയക്കായി ലോക ചരിത്രത്തിനെ അതിശയിപ്പിച്ച, ഇന്നുവരെ മറ്റൊരു കാലത്തും ഒരു ജനവിഭാഗത്തിലും കേട്ടുകേൾവിപോലുമില്ലാത്ത ത്യാഗത്തിന്റെ ചരിത്രം രചിച്ചുകൊണ്ട് മഹാശുദ്ധികലശം നടത്തി. 'ഇൽമുൽ ഹദീസ്' എന്ന അതിമഹത്തരമായ ഒരു ശാസ്ത്രശാഖക്കു തന്നെ അടിത്തറപാകി.

പ്രവാചകന്റെ ജീവചരിത്രരേഖകളിൽ ഒരക്ഷരം പോലും നഷ്ടപ്പെടാതെ അവർ സമാഹരിച്ചു. റിപ്പോർട്ട് പരമ്പരയിലെ കണ്ണികൾ (സനദുകൾ) ചേർക്കാൻ മാത്രം പന്തീരായിരത്തിലധികം മഹാമനുഷ്യരുടെ ചരിത്രം മുഴുവൻ തലനാരിഴ കീറി മുറിച്ച് അവർ പഠിച്ചു. ഗവേഷണ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ അതു ക്രോഡീകരിച്ചു. ഹദീസുകളുടെ മുഴുവൻ വിത്തു വേരുകൾ അവർ കണ്ടെത്തി. എല്ലാം അവർ രേഖപ്പെടുത്തി. ക്രമപ്പെടുത്തി വിഭാഗങ്ങളാക്കി. സാങ്കേതികതകളെ അവർ സരളമാക്കി. ഏതൊരു ഭാഷയറിയുന്ന മനുഷ്യനും എല്ലാം വ്യക്തമായി മനസ്സിലാക്കാനുതകും വിധം ലോകത്തിന്നവർ സമർപ്പിച്ചു. 10 നൂറ്റാണ്ടുകൾ പിന്നിലുള്ള നമ്മിലെ ഏതൊരു വിദ്യാർത്ഥിക്കുപോലും പ്രവാചക വചനങ്ങളിലെ കല്ലും നെല്ലും പതിരും വേർപ്പെടുത്തിയെടുക്കാൻ സാധിക്കുമാർ ആ ശാസ്ത്ര ശാഖ പടർന്നു പന്തലിച്ചിരിക്കുന്നു. പ്രവാചക ജീവചരിത്രത്തിലെ ഒരു ചലനം പോലും നഷ്ടപ്പെടാതെ ലഭ്യമാണിന്ന്. അതുണ്ടായിട്ടും ഈ യാഥാർത്ഥ്യം മറച്ചുവെച്ച് പ്രവാചക ചര്യാരേഖകളെ ഒന്നടങ്കം നിഷേധിക്കുകയോ ക്രൂരമായി തള്ളിക്കളയുകയോ പ്രവാചകനെ സംശയത്തിന്റെ മുൾമുനയിൽ കയറ്റി നിറുത്തുകയോ ചെയ്യുന്ന ക്രൂര വിനോദകരെ കുറിച്ചു തന്നെയാണ് 1400 വർഷങ്ങൾക്ക് മുമ്പ് മേൽ ഹദീസിൽ പ്രവാചകൻ പ്രവചിച്ചിട്ടുള്ളത്.

പ്രവാചക ചര്യയെക്കുറിച്ചുള്ള കാര്യം കേൾക്കും മാത്രയിൽ അത് ഖുർആനിലില്ല ഉണ്ടായിരുന്നെങ്കിൽ! എന്ന് ആശങ്കാജനകമായി പറയുന്നവൻ തികഞ്ഞ ചതിയനും വഞ്ചകനും ഒരുവേള ഖുർആൻ നിഷേധിയുമായിത്തീരുകയാണ് ചെയ്യുന്നത്. ആ രേഖ ശരിക്ക് പഠിച്ച് ഗ്രഹിച്ച് പ്രവാചകനോടുള്ള വിശ്വാസി സമൂഹത്തിനുള്ള ഗുണകാംക്ഷയും കട

പ്പാടും നിർവ്വഹിക്കുന്നതിനുപ കരം 'അത് ഹദീസല്ലേ, പ്രവാചകന്റെ ശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞു രേഖപ്പെടുത്തിയതല്ലേ, ഹദീസുകൾ അധികവും വ്യാജമല്ലേ'........ എന്നൊക്കെ ഒരറ്റയടിക്കു പറഞ്ഞു കസറുകയാണ് പല അൽപജ്ഞാനികളും ഇന്നു ചെയ്തുവരുന്നത്. വാളെടുത്തവനെല്ലാം വെളിച്ചപ്പാടെന്നു പറഞ്ഞതുപോലെ മഹാമനീഷകളെപ്പോലെ സ്വയം പൊങ്ങി അഹങ്കരിക്കുകയാണ്. 'മിഖ്ദാദുബ്നു മഅ്ദീകരീബ്(റ) പറയുന്നു: **"നബി(സ) പറഞ്ഞു: അറിയുവിൻ. എനിക്ക് ഗ്രന്ഥം നൽകപ്പെട്ടതിന്നപ്പുറം അത്രയും അതോടൊപ്പം- ദിവ്യ വെളിപ്പാട്- നൽകപ്പെട്ടിട്ടുണ്ട്. വയറും നിറച്ചൊരുവൻ ചാരിക്കുത്തിരുന്നു പറഞ്ഞേക്കും. നിങ്ങൾ ഈ ഖുർആൻ മാത്രം പിടിച്ചേക്കൂ. അതിലെ ഹലാലുകളെ ഹലാലാക്കിക്കോളൂ. അതിൽ കണ്ട ഹറാമുകൾ ഹറാമായും കണ്ടാൽ മതി. അറിഞ്ഞു കൊൾക. കാര്യം അങ്ങനെയൊന്നുമല്ല" (അഹ്മദ്; ദാരിമി, അബൂദാവൂദ്; തിർമുദി; ഹാകിം; ഇബ്നു ഹിബ്ബാൻ; മുതലായവർ ഏകകണ്ഠമായി റിപ്പോർട്ട് ചെയ്തത്)**

അബൂറാഫിഅ്(റ) പറയുന്നു: നബി(സ) പറഞ്ഞു: "എനിക്കൊരു മനുഷ്യനെ പരിചയപ്പെടേണ്ടതില്ല. അയാളുടെ അടുത്ത് എന്റെ ഒരു കൽപനയെത്തി. അല്ലെങ്കിൽ എന്റെ ഒരു നിരോധനാജ്ഞയെത്തി. അപ്പോൾ അയാൾ പറയുന്നു: നമുകിതൊന്നും അറിഞ്ഞുകൂടാ. നമ്മുടെ പക്കൽ അല്ലാഹുവിന്റെ കിത്താബുണ്ട്. അതിലിതൊന്നുമില്ലല്ലോ!" (അബൂദാവൂദ്, അഹ്മദ്, തിർമുദി, ഇബ്നുമാജഹ്, ഹാകിം, ഇബ്നു അബ്ദുൽബർ, ശാഫിഈ)

പ്രവാചകന്റെ വിശേഷിപ്പിക്കൽ രസകരമായിട്ടുണ്ട്. വയർ നിറച്ച് ഭക്ഷിച്ച് സുഖിക്കുന്ന സോഫയിലിരുന്നു രസിക്കുന്നവൻ എന്ന പ്രയോഗം. നമ്മുടെ ഇക്കാലത്തെ ഏതെങ്കിലും അരമുറി മൗലാനയുടെ ഒരു ചിത്രം! സ്വർണ്ണമോതിരമണിഞ്ഞ്, കൂളിംഗ് ക്ലാസ് കണ്ണട വെച്ച്, താടി വടിച്ച് മിനുങ്ങിയ മുഖം, യൂറോപ്യൻ സ്റ്റൈൽ അരക്കയ്യൻ കോട്ടും സൂട്ടുമിട്ട്, സ്റ്റാർഹോട്ടലിലെ മുന്തിയ ഭോജനം മൂക്കറ്റം കഴിച്ചു ഏമ്പക്കം വിട്ട് സംഘടനാ ഓഫീസിലെ സോഫയിൽ ചാരിക്കിടന്നു യോഗത്തിൽ അദ്ധ്യക്ഷം വഹിക്കുന്ന ഏതൊരു മോഡേണിസ്റ്റ് പണ്ഡിതന്റെ രൂപം പ്രവാചകൻ കണ്ടിരിക്കുമോ? ഹദീസോ, കൊണ്ടുപോയി തോട്ടിലിടൂ! ബുഖാരിയോ അഖില ലോക പെരും കള്ളൻ, അബൂഹുറൈറയോ, ജൂതപ്പരിഷ! ഖുർആനാകുന്ന ഹദീസിന്നപ്പുറം ഒരു ഹദീസോ? ഇങ്ങനെയങ്ങനെയൊക്കെയാണല്ലോ ചില മൗലാനമാരുടെ കമന്റുകൾ. ഇന്നാലില്ലാഹ്.

പ്രവാചകന്റെ വഫാത്തിനു ശേഷം സ്വഹാബികൾ ലോകത്തേക്ക് പരന്നൊഴുകുകയായിരുന്നു. ആ റസൂൽ(സ) പകർന്നു കൊടുത്ത കറകളഞ്ഞ ദീനിന്റെ പാഠങ്ങൾ ലോക ജനതക്കു പഠിപ്പിക്കാൻ. പ്രവാചകന്റെ തിരുമുഖത്തു നിന്നവർ കേട്ടു. **"അറിഞ്ഞു കൊൾക ഇപ്പോൾ ഇവിടെ സന്നിഹിതരായ നിങ്ങൾ ഈ ദൗത്യം ഇവിടെ ഇല്ലാത്തവരിലേക്ക് പ്രബോധിപ്പിക്കുക. എത്രയോ കേൾവിക്കാർ പ്രബോധനം ചെയ്യുന്ന വ്യക്തിയേക്കാൾ ഹൃദിസ്ഥമാക്കിയേക്കാറുണ്ട്!" (ബുഖാരി, മുസ്ലിം, അഹ്മദ്, ഇബ്നുമാജഹ്.....)** നബി(സ) പറഞ്ഞു: "നമ്മിൽ നിന്ന് കേട്ടതെന്തോ അതപ്പടി മാറ്റത്തിരുത്തില്ലാതെ പ്രബോധിപ്പിച്ച മനുഷ്യനെ അല്ലാഹു പ്രശോഭിപ്പിക്കട്ടെ. ദൗത്യം കിട്ടിയവർ കേട്ടവനേക്കാൾ ഹൃദിസ്ഥമാക്കുന്നതെത്രയോ ഉണ്ടല്ലോ." (തിർമുദി, ഹാകിം, ദാരിമി, ത്വയാലസി, ബസ്സാർ....)

ഇമാം ശാഫിഈ തന്റെ 'രിസാല'യിൽ പറഞ്ഞതാണിവിടെ ഓർക്കാനുള്ളത്. "റസൂൽ(സ) എല്ലാവരും ശ്രദ്ധിക്കാനായി ഒരു കാര്യം പറഞ്ഞു കഴിഞ്ഞാൽ, അതപ്പടി സ്വഹാബിമാർ ഹൃദിസ്ഥമാക്കും. ഉടനെ പ്രയോഗവൽക്കരിക്കും. അദ്ദേഹം അവരോട് കല്പിക്കുന്നില്ലെങ്കിലും അവർ തിരുമേനിയുടെ ആ പ്രസ്താവനയിൽ നിന്ന്, അത് ഞങ്ങൾ നിർവ്വഹിക്കേണ്ടതു തന്നെയാണെന്നു മനസ്സിലാക്കിയിരുന്നു. അതൊരു ഹലാലായ കാര്യത്തെക്കുറിച്ചാണെങ്കിൽ അവരത് ചെയ്തിരിക്കും. ഹറാമാണെങ്കിൽ ഉടനെ ഉപേക്ഷിച്ചിരിക്കും. ശിക്ഷയാണെങ്കിൽ നടപ്പിലാക്കും. ധനമാണെങ്കിൽ കൊടുക്കേണ്ടതു കൊടുക്കും, വാങ്ങേണ്ടു വാങ്ങും. ഉപദേശമാണെങ്കിൽ ഇഹപരവിജയനിദാനമാണെന്നവർ ഗ്രഹിക്കും'' (രിസാല: ശാഫിഇ. പേ: 55). അതിനാൽ ഇന്നത്തെ മോഡേൺ മുഫ്തിമാരുടെ സർവ്വ ജൽപനങ്ങളെയും മേൽപറഞ്ഞ തിരുവചനം തകർത്തു കളയുന്നു. അൽഹംദുലില്ലാഹ്

## ഖുർആൻ നിഷേധികളുടെ പല്ലവി- 2

ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനി

# മൃഗബലിയും ക്രൂരതയും

**ചോ:** ഒരു മുസ്‌ലിം സുഹൃത്തുമായുള്ള സൗഹൃദ സംഭാഷണത്തിൽ വിവിധ മത തത്വങ്ങളിൽ പൊതുവെ സ്വീകാര്യമായത് ഇസ്‌ലാമിക ദർശനമാണെന്നും എന്നാൽ അതിലെത്തന്നെ ചില കാര്യങ്ങൾ അസ്വീകാര്യമായി തോന്നുന്നുവെന്നും പറഞ്ഞു. ദൈവ പ്രീതിക്കായി നടത്തുന്ന മൃഗബലി ആ ജിവിയോട് ചെയ്യുന്ന അനീതിയല്ലേ? ഒരു പുലിക്ക് പുല്ലു തിന്ന് ജീവിക്കാൻ കഴിയില്ല. അതിനാലത് സഹജീവികളെ വേട്ടയാടുന്നു. മനുഷ്യന് സസ്യാഹാരം കഴിച്ചും ജീവിക്കാമെന്നിരിക്കെ ഭൂമിയിലുള്ള എല്ലാം മനുഷ്യനു വേണ്ടി സൃഷ്ടിക്കപ്പെട്ടതാണെന്ന മറവിൽ ജീവികളെ ബലിയറുത്തും മറ്റും ഭക്ഷിക്കുന്നത് ശരിയോ? പഴവർഗങ്ങൾ തരുന്ന വൃക്ഷത്തെ നശിപ്പിച്ച് നമ്മൾ ഒന്നും ഭക്ഷിക്കുന്നില്ല. മാത്രവുമല്ല കൂടുതൽ ഫല ലഭ്യതയ്ക്കായി അതിനെ സംരക്ഷിക്കുകയും ചെയ്യുന്നു, ഒരു ബലി മൃഗത്തെ അത് ജീവിച്ചു കൊതിതീരും മുമ്പ് അതിനെ നിർബന്ധിച്ച് വധിക്കുന്നു. ഒരു പശു അതിന്റെ ഉപകാരങ്ങൾ ജീവിച്ചിരിക്കുമ്പോൾത്തന്നെ തരുന്നു. ഉദാ: പാല്, തൈര്, വെണ്ണ. എന്നിരിക്കെ അതിനെ ബലികൊടുത്ത് ദൈവപ്രീതി കാംക്ഷിക്കുക എന്നത് അധർമമല്ലേ? എന്നിങ്ങനെയുള്ള സുഹൃത്തിന്റെ ചോദ്യങ്ങളെക്കുറിച്ച് എന്തുപറയുന്നു?

**ഉ:** പല ജീവികളും മറ്റു ജീവികൾക്ക് ഭക്ഷണമായി ത്തീരുക എന്നത് പ്രാപഞ്ചിക വ്യവസ്ഥയുടെ ഒരു ഭാഗമാകുന്നു. ദൈവത്തിൽ വിശ്വസിക്കാത്തവർപോലും പ്രകൃതി നിയമങ്ങളുടെ മൗലികത അംഗീകരിക്കുന്നവരാണല്ലോ. എന്നാൽ കരയിലോ കടലിലോ ഇരയായി പിടിക്കപ്പെടുന്ന ജന്തു വർഗങ്ങൾക്കൊന്നും ആ കാരണത്താൽ വംശ നാശം സംഭവിക്കുന്നില്ല. സ്രഷ്ടാവ് അവയെ വളരെ കൂടിയ അളവിൽ സൃഷ്ടിച്ചു വളർത്തുന്നതും അവയിൽ കുറേയെണ്ണത്തിന് അതിജീവിക്കാൻ അവസരങ്ങൾ നല്കുന്നതുമാണ് കാരണം. കടലിൽ ഏറ്റവും കൂടുതൽ പെറ്റു പെരുകുന്നത് വലിയ മത്സ്യങ്ങൾക്കൊക്കെ ഇരയായി തീരുന്ന കൊച്ചു മത്സ്യങ്ങളാണ്. എന്നാൽ ചെറുതിനെയും വലുതിനെയുമൊക്കെ വൻതോതിൽ വെട്ടിവിഴുങ്ങുന്ന തിമിംഗലങ്ങൾ ആനുപാതികമായി വളരെ കുറച്ചേയുള്ളൂ. കാട്ടിലും താരതമ്യേന കൂടുതൽ വംശവർധന യുണ്ടാകുന്നത് സിംഹത്തിന്റെയും കടുവയുടെയും ഭക്ഷണമായിത്തീരുന്ന ജന്തുക്കൾക്കാകുന്നു. കന്നുകാലികൾക്ക് സ്നേഹപൂർവകമായ പരിപാലനം ലഭിക്കുന്നതു പോലും അവ മനുഷ്യന് പ്രിയപ്പെട്ട ഭക്ഷണമായി ഭവിക്കുന്നതു കൊണ്ടൊകുന്നു. മാംസത്തിനും ബലിക്കും ഉഴവിനും വേണ്ടി കാളകളെ വളർത്തുന്ന ഏർപ്പാട് അവസാനിച്ചതിനാൽ രാജ്യത്താകെ ഏതാനും വിത്തുകാളകൾ മാത്രമേ പരിരക്ഷപ്പെടുകയുള്ളൂ. അവ തന്നെ ഏതെങ്കിലും സാംക്രമിക രോഗങ്ങൾക്ക് ഇരയായാൽ ഗോവർഗം തന്നെ പൂർണമായി നശിച്ചുപോയെന്ന് വരാം.

**“ഭൂമിയിലുള്ളതെല്ലാം നിങ്ങൾക്ക് വേണ്ടി അവൻ സൃഷ്ടിച്ചിരിക്കുന്നു”** എന്ന് ഖുർആനിൽ പറഞ്ഞതിന് എല്ലാം തിന്നോ കൊന്നോ തീർക്കണമെന്ന് അർഥമില്ല. എല്ലാം ഏതെങ്കിലും വിധത്തിൽ മനുഷ്യർക്കു പ്രയോജനകരമായി സംവിധാനിച്ചിരിക്കുന്നു എന്നേ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളൂ. ഇതോടൊപ്പം ഒരു വസ്തുത പ്രത്യേകം ശ്രദ്ധേയമാകുന്നു. ദൈവവിശ്വാസികൾ ഭക്ഷണത്തിനോ ബലിയർപ്പിക്കാനോ ഉപയോഗിച്ചതിനാൽ യാതൊരു ജീവിയും വംശനാശത്തിന് ഇരയായിട്ടില്ല. ദൂര മൂത്ത മനുഷ്യർ- അവരിൽ പലരും ശരിയായ ദൈവ വിശ്വാസമില്ലാത്തവരായിരിക്കും തങ്ങളുടെ ക്രൂരതകൾക്കും ക്രൂരവിനോദങ്ങൾക്കും ഇരയാക്കിയതിനാ

ലാണ് ചില ജന്തുക്കൾ വംശനാശം നേരിട്ടതും നേരിടുന്നതും. വർഷം തോറും മുസ്‌ലിംകൾ ദശലക്ഷക്കണക്കിൽ മൃഗങ്ങളെ സൃഷ്ടികർത്താവിന് സ്നേഹാദരവുകളോടെ സമർപ്പിക്കുന്നതിനാൽ ജനലക്ഷങ്ങൾ ആടുമാടുകളെ വ്യാവസായികാടിസ്ഥാനത്തിൽ തീറ്റിപ്പോറ്റാൻ പ്രചോദിതരായിത്തീരുന്നു. മൃഗപാലകർ മുതൽ ബലിമാംസം കഴിക്കുന്നവർ വരെ അനേകലക്ഷം പേർക്ക് ഇത് ജീവനോപാധിയായിത്തീരുകയും ചെയ്യുന്നു. മൃഗബലിയും മൃഗമാംസ ഭോജനവും ഇല്ലാതിരുന്നുവെങ്കിൽ പാൽ നല്കാത്ത ജന്തുക്കളെ വളർത്താൻ ആർക്കും താല്പര്യമില്ലാത്ത അവസ്ഥ സംജാതമാകുമായിരുന്നു. ജന്തു സ്നേഹം സബ്സിഡി നല്കി ആരും വളർത്തിയെടുക്കുകയില്ലല്ലോ.

ജീവൻ നല്കിയ ദൈവമാണ് എന്താണ് നീതി. എന്താണ് ക്രൂരത എന്ന് നിശ്ചയിക്കുന്നത്. നീതിയുടെ മാനദണ്ഡങ്ങൾ നിർണയിക്കുന്നത് മനുഷ്യരെ ഏല്പിച്ചാൽ യാതൊരു അഭിപ്രായ ഐക്യവുമുണ്ടാവില്ല. ജീവച്ഛവങ്ങളായ ഗോക്കൾ പരിപാലനം ലഭിക്കാതെ കഷ്ടപ്പെടുന്നതാണ് നീതിയെന്ന് ചിലർക്ക് തോന്നും. ആരോഗ്യം ക്ഷയിക്കുന്നതിന് അവയെ അറുത്ത് അവയ്ക്ക് മോചനവും മനുഷ്യർക്ക് ഉപജീവനവും നല്കുന്നതാണ് നീതിയെന്ന് മറ്റുചിലർക്ക് തോന്നും. മയക്കുമരുന്ന് കുത്തിവെച്ച് വേദനിപ്പിക്കാതെ കൊല്ലുന്നതാണ് നീതിയെന്ന് അഭിപ്രായപ്പെടുന്നവരും, പരമാവധി മൂർച്ചയുള്ള കത്തികൊണ്ട് വേഗത്തിൽ അറുത്ത് ജന്തുവിന് ആശ്വാസം നൽകുന്നതോടൊപ്പം വിഷാംശങ്ങളിൽ നിന്ന് മുക്തമായ മാംസം മനുഷ്യർക്ക് ലഭ്യമാക്കുകയും കൂടെ ചെയ്യുന്നതാണ് നീതിയെന്ന അഭിപ്രായക്കാരുമുണ്ടാകാം. മനുഷ്യരുടെയും ജന്തുക്കളുടെയും താല്പര്യങ്ങളും ആവശ്യങ്ങളും ഒരുപോലെ അറിയുന്ന പടച്ചവൻ വിധിക്കുന്നത് സന്തുലിതമായ നീതിയിൽ അധിഷ്ഠിതമായ വിധിയായിരിക്കും. അത് അംഗീകരിക്കാത്തവന് ദൈവം ജീവജാലങ്ങൾക്ക് മരണം വിധിച്ചതുപോലും ക്രൂരതയാണെന്ന് തോന്നിയേക്കും.

മനുഷ്യരുടെ പല്ലുകളുടെയും ദഹനേന്ദ്രിയങ്ങളുടെയും ഘടന സസ്യഭുക്കുകളുടേതിൽ നിന്നും മാംസഭുക്കുകളുടേതിൽ നിന്നും അടിസ്ഥാനപരമായി വ്യത്യാസമുള്ളതാണ്. സസ്യാഹാരവും മാംസാഹാരവും ഒരുപോലെ ഭുജിക്കാവുന്ന വിധത്തിലുള്ളതാണ് മനുഷ്യന്റെ പ്രകൃതി. ന്യായമായ കാരണമില്ലാതെ ആ പ്രകൃതിയുടെ താല്പര്യങ്ങളെ ഹനിക്കാൻ ആർക്കും അവകാശമില്ല.

ഫലം തരുന്ന വൃക്ഷം നിലനിർത്തുന്നതിനേക്കാൾ സർവഥാ ഗുണകരം അത് വെട്ടി മറ്റു വിധത്തിൽ ഉപയോഗിക്കപ്പെടുന്നതാണെന്ന് വന്നാൽ അങ്ങനെ ചെയ്യണം. അതുപോലെ പാല് തരുന്ന മൃഗത്തെ, ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും എന്ന അവസ്ഥയിലേക്ക് തള്ളി വിടുന്നതിന് പകരം അതിനും ഉടമസ്ഥനും ഗുണകരം ക്രൂരമല്ലാത്ത രീതിയിൽ അറുക്കുകയോ അറുക്കാനായി വില്ക്കുകയോ ചെയ്യുന്നതാണ് എന്ന അവസ്ഥ വന്നാൽ അത് ചെയ്യാതെ കാമധേനുവിന്റെ വാത ചികിത്സയ്ക്കായി പാവം ഉടമസ്ഥൻ ജീവിതം ഉഴിഞ്ഞുവെക്കണമെന്ന് വാദിക്കുന്നത് മനുഷ്യനെ ചാണകക്കുഴിയിൽ ചങ്ങലയ്ക്കിടുന്ന വരട്ടുതത്വവാദമാകുന്നു.

ഒരു ജീവി ജീവിച്ചു കൊതി തീരുന്നതിന് മുമ്പെ എന്ന ഭംഗിവാക്ക് മനുഷ്യന്റെ മോഹവും ഭാവിയെ സംബന്ധിച്ച പ്രതീക്ഷയുമൊക്കെ മൃഗത്തിന്റെ മേൽ വെച്ചുകെട്ടുന്ന ഭാവനയിൽ നിന്ന് രൂപം കൊണ്ടതാകുന്നു. എത്ര കാലം ജീവിക്കണമെന്നാണ് ഒരു പശു കൊതിക്കുന്നത്? തന്റെ വിവാഹത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്നതു വരേയോ? അതല്ല, തന്റെ മക്കളുടെ കല്യാണം കഴിയുന്നത് വരെയോ? കാലവും ലോകവുമായി ബന്ധപ്പെടുത്തി മോഹങ്ങൾ അയവിറയ്ക്കുന്ന ഒരു ബുദ്ധിശാലിയായ പശുവുണ്ടെങ്കിൽ നമുക്കതിനെ മോഹസാഫല്യം വരെ വിടാം.

പാൽ ചുരത്തിക്കൊണ്ടിരിക്കുന്ന പശുവിനെ ബലിയർപ്പിക്കണം എന്ന് അല്ലാഹു കല്പിക്കുന്നില്ല. എന്നാൽ ഒരു ഉപകാരവുമില്ലാത്ത അവസ്ഥയിലായ ശേഷം ഒരു മൃഗത്തെ ദൈവത്തിന് സമർപ്പിക്കാൻ തീരുമാനിക്കുന്നത് ന്യായമല്ല. ആരോഗ്യവും ഭംഗിയുമുള്ള മൃഗങ്ങളെ സൃഷ്ടിക്കുന്ന അല്ലാഹുവിന് അത്തരമൊന്ന് തന്നെയാണ് സമർപ്പിക്കേണ്ടത്. ബലിയർപ്പിക്കുന്നതിന്റെ മാംസം മനുഷ്യർക്ക് ദാനം ചെയ്യാനുള്ളതാണല്ലോ. നല്ല മാംസം കഴിക്കാനായിരിക്കുമല്ലോ ആരും ഇഷ്ടപ്പെടുക.

*(കടപ്പാട്: ഇസ്ലാം വിമർശനങ്ങളും മറുപടിയും പേജ്: 71 – 74)*

## ഈ ഹദീസ് നിങ്ങളെടുക്കുമോ? - 8

### അബ്ദുറഹിമാൻ ഇരിവേറ്റി

# 'ഹദീസ് പ്രേമികളുടെ' വിലാപങ്ങൾ

ഹദീസ് പ്രേമികൾ (ഖുർആൻ പോലെ തന്നെ കുറ്റമറ്റതാണ് ഹദീസുകളും എന്ന് വാദിക്കുന്നവർ) സ്ഥിരമായി വിലപിച്ചു കൊണ്ടിരിക്കുകയാണ്. ഹദീസിന് വലിയ പ്രാധാന്യമുണ്ട്, ഹദീസും വഹ്‌യ് തന്നെയാണ്, ഹദീസില്ലെങ്കിൽ മതത്തിലെ പല അനുഷ്ഠാനങ്ങളും യഥാവിധി നിർവഹിക്കുവാൻ സാധിക്കുകയില്ല, ഹദീസിനെ നമ്മുടെ യുക്തിക്കനുസരിച്ച് വ്യാഖ്യാനിക്കുവാൻ പാടില്ല, അക്കാര്യം അലി(റ) വുളൂവിന്റെ സമയത്ത് ഖുഫ്ഫ( സോക്സ്) തടവുന്ന രീതിയെക്കുറിച്ച് പറഞ്ഞപ്പോൾ വ്യക്തമാക്കിയിട്ടുണ്ട്, 'ഹദീസ് നിഷേധം' വലിയ അപകടമാണ് എന്നൊക്കെ വിളിച്ച് പറഞ്ഞ് കൊണ്ടാണ് വിലാപം. ഈ വിലാപം വഴി തങ്ങളുടെ ഒളി അജണ്ടകൾ നടപ്പാക്കുവാൻ സാധിക്കുമെന്ന് അവർ വിചാരിക്കുന്നു. ഖുർആനെ മുസ്ലിംകൾ ചോദ്യം ചെയ്യാൻ പാടില്ലല്ലോ. ഹദീസിനും ആ സുരക്ഷിതത്വം ലഭ്യമാകുന്ന പക്ഷം തങ്ങളുടെ പല പദ്ധതികളും മുസ്ലിം സമൂഹത്തിൽ ചോദ്യം കൂടാതെ നടപ്പാക്കാനാവുമെന്നവർ വ്യാമോഹിക്കുന്നു! ഖുർആന്റെ നസ്സിനെ തിരായിപ്പോലും വരുന്ന ഹദീസുകളെ സാധാരണക്കാർക്കൊന്നും ചോദ്യം ചെയ്യാൻ പാടില്ല! അതൊക്കെ 'പണ്ഡിതന്മാർ'ക്കേ അറിയുള്ളൂ. 'പണ്ഡിതന്മാരാ'വട്ടെ അറബി കോളേജിൽ പോയി അഫ്സലുൽ ഉലമാ ഡിഗ്രി എടുത്തു വരും! എന്നാൽ ഈ 'പണ്ഡിതന്മാർ' സാധാരണക്കാർക്ക് സംശയങ്ങൾ തീർത്ത് കൊടുക്കുമോ? അതൊട്ടില്ലതാനും!

'വിസ്ഡം' എന്ന് സ്വയം വിശേഷിപ്പിക്കുന്നവരുടെ 'ഐ.എസ്.എം' കോഴിക്കോട് നിന്നും പ്രസിദ്ധീകരിച്ച 'ഹദീസ് നിഷേധത്തിന്റെ അപകടങ്ങൾ' എന്നൊരു ലഘുലേഖ ശ്രദ്ധയിൽ പെടുകയുണ്ടായി. അത് ആരെ ഉദ്ദേശിച്ചാവും ഇറക്കിയതെന്നറിയാനുള്ള താല്പര്യത്തിലാണ് വായിച്ചു തുടങ്ങിയത്. വായിച്ചു കഴിഞ്ഞിട്ടും അതൊട്ടു മനസ്സിലായുമില്ല! ഇവിടെ മുമ്പ് ഹദീസ് അപ്പാടെ നിഷേധിക്കുന്ന ശക്തനായ ഒരാളുണ്ടായിരുന്നത് ചേകന്നൂർ അബുൽ ഹസൻ മൗലവിയായിരുന്നു. അദ്ദേഹം ഇപ്പോഴില്ലല്ലോ. അദ്ദേഹത്തിന്റെ ദുർബലരായ ചില അനുയായികൾ ചിന്നിച്ചിതറി അവിടെവിടെ നിന്ന് ചില ലഘുലേഖകളും മറ്റു ഇറക്കി നടക്കുന്നുണ്ട്- 'സർവമത സത്യവാദം' എന്ന ഒരു മതക്കാരും അംഗീകരിക്കാത്ത 'മഹാ ആശയ'ത്തിൽ പ്രബോധകരായ അവരെ ഇന്ന് ഇസ്ലാമിക പ്രബോധന രംഗത്തെ ഒരിനമായി ആരും എണ്ണുന്നില്ല- അവരുടെ 'പ്രബോധനം' ഏത് മതരംഗത്ത് മുതൽകൂട്ടാനാണ് എന്ന് അവർക്ക് പോലും അറിയുകയുമില്ല! അത് കൊണ്ട് തന്നെ അവരെ ഉദ്ദേശിച്ചൊരു ലഘുലേഖ ഇറക്കാൻ 'വിസ്ഡം' കാർ മുതിരുമോ? ഇനി അങ്ങനെയാണെങ്കിൽ തന്നെ അക്കാര്യം ലഘുലേഖയിൽ പറഞ്ഞും കാണുന്നില്ല.

പിന്നെ ആരെ ശരിപ്പെടുത്താനാവാം ഈ ലഘുലേഖ?

അവരുടെ മുഖ്യ ശത്രുവായ മാതൃ സംഘടന ഹദീസ് നിഷേധികളാണെന്ന് ആരും പറയുകയുമില്ലല്ലോ.

വായിച്ചു നോക്കുമ്പോൾ മുകളിൽ നാം പറഞ്ഞ സ്ഥിരം വിലാപങ്ങൾ തന്നെയാണ് അതിലുള്ളത്. ആരെയോ ഉദ്ദേശിക്കുന്നു. പക്ഷെ, അതങ്ങ് തുറന്ന് പറയാൻ ധൈര്യവുമില്ല!

ഇപ്പോൾ 'ഹദീസിന്റെ പ്രാധാന്യ'മെന്ന തലക്കെട്ടിൽ ഡോ: പി.കെ. അബ്ദു റസാഖ് സുല്ലമിയുടെ ഒരു കുറിപ്പ് 'അൽഫനാറി'ൽ കണ്ടപ്പോഴും താല്പര്യത്തോടെയാണ് വായിച്ചത്. അതിലും വിശേഷിച്ചൊന്നും പറയുന്നില്ല! പഴയ വിലാപത്തിന്റെ വിരസമായ ആവർത്തനം തന്നെ!

'അൽഫനാറി'ലൂടെ 'ഈ ഹദീസ് നിങ്ങളെടുക്കുമോ?'യെന്ന തലക്കെട്ടിൽ സനദ് കൊണ്ട് സ്വഹീഹായ

ബുഖാരിയിലെയും മുസ്ലിമിലെയും ചില ഹദീസുകളെക്കുറിച്ച് രൂക്ഷമായ വിമർശനങ്ങൾ ഈ ലേഖകൻ ഉയർത്തുന്നുണ്ടല്ലോ. അത് സുല്ലമിയടക്കമുള്ളവർ കാണാതിരിയ്ക്കാൻ വഴിയില്ല. ഹദീസ് വഹ്യാണെന്നും അതിനാൽ ഹദീസുകൾ ഖുർആൻ പോലെത്തന്നെ സ്വീകരിക്കേണ്ടതാണെന്നുമൊക്കെ സുല്ലമിയും പറയുന്നുണ്ട്. ഹദീസ് യുക്തിക്കനുസരിച്ച് വ്യാഖ്യാനിക്കരുതെന്നും പറയുന്നുണ്ട്. 'അതിന് തെളിവായി പതിവ് പോലെ സോക്സിന്മേൽ തടവുന്നത് സംബന്ധിച്ച അലി(റ)യുടെ വചനവും ഉദ്ധരിക്കുന്നുണ്ട്.'

എന്നാൽ നാം ചർച്ച ചെയ്യുന്ന ഹദീസുകൾ യുക്തിക്ക് നിരക്കാത്ത് കൊണ്ട് തള്ളുന്നവയല്ല! തള്ളാതിരിക്കാൻ യാതൊരു വഴിയും കാണാത്തത് കൊണ്ട് തള്ളുന്നവയാണ്! ഹദീസും വഹ്യാണെന്ന വാദം തള്ളുന്നില്ല. എന്നാൽ ഖുർആൻ ഏതായാലും വഹ്യ് തന്നെയാണല്ലോ അത് മുസ്ലിംകളുടെ ഒന്നാം പ്രമാണവുമാണ്. അത് അല്ലാഹുവിന്റെ വാഗ്ദത്ത പ്രകാരം ക്രോഡീകരിക്കപ്പെട്ടിട്ടുള്ളതാണ്. ക്രോഡീകരണത്തിന് നബി(സ)യുടെ അനുചരന്മാരുടെ ഇജ്മാഅ് (ഐക്യകണ്ഠേനയുള്ള അംഗീകാരം) ഉണ്ട്. ഖുർആന്റെ സുരക്ഷിതത്വം അല്ലാഹു നല്കിയിട്ടുള്ള ഉറപ്പാണ്. അത് മുസ്ലിംകൾ ഏകകണ്ഠമായി അംഗീകരിച്ചിട്ടുള്ളതാണ്.

ഒന്നാം പ്രമാണമായ ഖുർആനിലെ നസ്സ്വായ (സുവിദിതമായ) പ്രഖ്യാപനത്തിന് കടക വിരുദ്ധമായ വഹ്യ് ഹദീസിൽ കണ്ടാൽ മുസ്ലിംകളായ നാം ഖുർആനാണോ ഹദീസാണോ സ്വീകരിക്കേണ്ടത് എന്നതാണ് 'ഹദീസ് പ്രേമികളോ'ടുള്ള നമ്മുടെ ചോദ്യം: ഈ ചോദ്യം ലളിത മനോഹരമാണല്ലോ - ചോദ്യം മനസ്സിലാകാത്തത് കൊണ്ടല്ല ഉത്തരം പറയാനാകാത്തത് കൊണ്ടാണ് 'ഹദീസ് പ്രേമികൾ' മഹാ മൗനം വീക്ഷിക്കുന്നത്. ചോദ്യം കേട്ടില്ലെന്ന് ഭാവിക്കുക. പഴയ വിലാപം ആവർത്തിച്ച് കൊണ്ടേയിരിക്കുക, വിലാപ വിഷയങ്ങൾ ന്യായീകരിച്ച് സാധാരണക്കാരെ ചിന്താകുഴപ്പത്തിലാക്കാൻ പഴകിപ്പുളിച്ച വാദങ്ങൾ ആവർത്തിച്ച് വിരസമാക്കുക ഇതൊക്കെയാണ് ഹദീസ് പ്രേമികളുടെ വിനോദങ്ങൾ!

ഖുർആനെതിരെ ഹദീസ് സനദ് കൊണ്ട് സ്വഹീഹായി വന്നാലെന്ത് ചെയ്യും? ആ ചോദ്യത്തിന് 'ഹദീസ് പ്രേമികൾ'ക്കെന്നല്ല സ്വഹീഹുൽ ബുഖാരിയിലും സ്വഹീഹുൽ മുസ്ലിമിലും ഒരു തെറ്റുമില്ലെന്ന് കണ്ണടച്ച് വിശ്വസിക്കുന്ന മറ്റേതൊരു വിഭാഗത്തിനും മറുപടി പറയാൻ കഴിയുകയില്ല. അതിനാൽ അവർ സാധാരണക്കാർക്കിടയിൽ ഇറക്കുന്ന ഒരഭ്യാസമുണ്ട്. ഖുർആനെതിരെ ഹദീസ് വരികയില്ലെന്നവരങ്ങടിച്ചുവിടും! സാധാരണക്കാർക്ക് അതിനെ ഖണ്ഡിക്കാൻ കഴിയുകയില്ല. ചിന്താ ശക്തിയുള്ള ചിലർ കാര്യങ്ങൾ അവരുടെ ശ്രദ്ധയിൽ പെടുത്തിയാൽ അതിന്നവർ പറയുന്ന മറുപടി ചിലപ്പോൾ "ചേകന്നൂർ, ചേകന്നൂർ'' എന്നായിരിക്കും! അതോടെ പാവങ്ങൾ പേടിച്ച് പിൻമാറും- ഹദീസ് വ്യവസായം സുഗമമായി നടക്കുകയും ചെയ്യും.

ഖുർആനിൽ നിന്ന് ഒരായത്ത് (ആയത്തു റജ്മ്) നഷ്ടപ്പെട്ടുവെന്ന് സ്വഹീഹുൽ ബുഖാരിയിലുണ്ടല്ലോ. അത്

**ഹദീസിന് വലിയ പ്രാധാന്യമുണ്ട്, ഹദീസും വഹ്യ് തന്നെയാണ്, ഹദീസില്ലെങ്കിൽ മതത്തിലെ പല അനുഷ്ഠാനങ്ങളും യഥാവിധി നിർവഹിക്കുവാൻ സാധിക്കുകയില്ല, ഹദീസിനെ നമ്മുടെ യുക്തിക്കനുസരിച്ച് വ്യാഖ്യാനിക്കുവാൻ പാടില്ല, അക്കാര്യം അലി(റ) വുളൂവിന്റെ സമയത്ത് ഖുഫ്ഫ(സോക്സ്) തടവുന്ന രീതിയെക്കുറിച്ച് പറഞ്ഞപ്പോൾ വ്യക്തമാക്കിയിട്ടുണ്ട്, 'ഹദീസ് നിഷേധം' വലിയ അപകടമാണ് എന്നൊക്കെ വിളിച്ച് പറഞ്ഞ് കൊണ്ടാണ് വിലാപം. ഈ വിലാപം വഴി തങ്ങളുടെ ഒളി അജണ്ടകൾ നടപ്പാക്കുവാൻ സാധിക്കുമെന്ന് അവർ വിചാരിക്കുന്നു. ഖുർആനെ മുസ്ലിംകൾ ചോദ്യം ചെയ്യാൻ പാടില്ലല്ലോ. ഹദീസിനും ആ സുരക്ഷിതത്വം ലഭ്യമാകുന്ന പക്ഷം തങ്ങളുടെ പല പദ്ധതികളും മുസ്ലിം സമൂഹത്തിൽ ചോദ്യം കൂടാതെ നടപ്പാക്കാനാവുമെന്നവർ വ്യാമോഹിക്കുന്നു!**

നമുക്ക് വിശ്വസിക്കാൻ പാടുണ്ടോ? എന്നവരോട് ചോദിച്ചു നോക്കൂ പല വിധത്തിലാവും മറുപടി. ചില "പണ്ഡിതന്മാർ" അങ്ങനെ ഒരു ഹദീസ് കണ്ടിട്ട് തന്നെയുണ്ടാവില്ല! ''ങ്ഏ! അങ്ങനെയുണ്ടോ? ബുഖാരിയിലോ? ഇത് വരെ ആരും അങ്ങനെ പറഞ്ഞു കേട്ടിട്ടില്ലല്ലോ" എന്നൊക്കെയാവും മറുപടി! വേറെ ചിലർ "അങ്ങനെയുണ്ടെങ്കിൽ ഹദീസ് കാണിച്ചു താ" എന്നാവും പറയുക. തല്കാലം ചോദ്യം ചോദിച്ചയാൾക്കത് കാണിക്കാൻ കഴിഞ്ഞില്ലെങ്കിൽ അതോടെ അയാൾ വിജയിയായി സ്വയം പ്രഖ്യാപിക്കും! ഹദീസ് എഴുതി അദ്ധ്യായവും നമ്പറുമെല്ലാം കൊടുത്താൽ "നോക്കട്ടെ"യെന്ന് പറഞ്ഞു അയാൾ മുങ്ങും! പിന്നെ പൊങ്ങുകയില്ല!

ചിലർക്ക് ഇങ്ങനെ ഒരു ഹദീസുള്ളത് സാധാരണക്കാരനായ ഒരാളുടെ ശ്രദ്ധയിൽ പെട്ടതിലാവും ദുഃഖം! അത്തരം ഹദീസുകൾ കണ്ടിട്ടും കണ്ട ഭാവം നടിക്കാതെ കടുത്ത ഹദീസ് പ്രമേവുമായി നടക്കുന്ന തങ്ങളുടെ കള്ളിപൊളിയുമല്ലോ എന്നാണവരുടെ ഭയം!

'ഹദീസൊന്നും അങ്ങനെ യുക്തി കൊണ്ട് വ്യാഖ്യാനിക്കാൻ പറ്റില്ല- അതൊക്കെ പണ്ഡിതന്മാർ കൈകാര്യം ചെയ്യേണ്ടതാണ്.' എന്നായിരിക്കും ചില വിദ്യാന്മാർ പറയുക. 'യുക്തി' എന്ന് പറയുമ്പോൾ ആളുകൾ ഞെട്ടും! യുക്തിവാദികളെന്ന് പറയുന്ന ഒരു കൂട്ടരിവിടെ നീരീശ്വരത്വം പ്രചരിപ്പിക്കുന്നുണ്ടല്ലോ. തങ്ങൾ അക്കൂട്ടത്തിൽ ചാപ്പ അടിക്കപ്പെട്ടാലോ എന്നായിരിക്കും അവരുടെ ഭയം!

എന്നാൽ മേൽ ചോദ്യം ആരുടെയെങ്കിലും 'യുക്തി'യിൽ നിന്നുത്ഭവിച്ചതാണോ?

ദിക്റിനെ(ഖുർആനെ) നാമാണിറക്കിയത്. നാമതിനെ സംരക്ഷിക്കുകയും ചെയ്യുമെന്ന് അല്ലാഹു പറയുന്നു. ഇറങ്ങിയ ഖുർആൻ പൂർണമല്ല- അതിൽ നിന്ന് ചുരുങ്ങിയ പക്ഷം ഒരായത്തെങ്കിലും (ആയത്തുറജ്മ്) നഷ്ടപ്പെട്ടിട്ടുണ്ടെന്ന് സ്വഹീഹുൽ ബുഖാരി പറയുന്നു. ആ ആയത്തെഴുതി വെച്ച വസ്തു, ആട് തിന്ന് പോയതാണെന്ന് വേറെ ഹദീസ് ഗ്രന്ഥത്തിലും ഉണ്ടത്രെ! ഈ ഹദീസാണോ, ആ ഖുർആനാണോ നാം സ്വീകരിക്കേണ്ടതെന്ന ചോദ്യം എങ്ങനെയാണ് യുക്തിവാദമാവുക?

'ഹദീസിന്റെ പ്രാധാന്യ' മെന്ന പി.കെ. അബ്ദുറസാഖ് സുല്ലമിയുടെ ലേഖനത്തിലും 'ഹദീസ് നിഷേധത്തിന്റെ അപകടങ്ങൾ' എന്ന 'വിസ്ഡം' കാരുടെ ലഘുലേഖയിലും ഹദീസുകൾ സംബന്ധിച്ച് പറയുന്ന ചില പൊതു കാര്യങ്ങളല്ല ചർച്ച ചെയ്യപ്പെടുന്നത്. അവയൊക്കെ മിക്കവാറും എല്ലാവരും അംഗീകരിക്കുന്നവയാണ്. പ്രസക്തമായ വിഷയം താഴെ പറയുന്നതാണ്.

ഖുർആനിന്റെ നസ്സിന് കടക വിരുദ്ധം, കടുത്ത പ്രവാചക നിന്ദ ഉൾക്കൊള്ളുന്നത്, കടുത്ത മാതൃനിന്ദ ഉൾക്കൊള്ളുന്നത്, പ്രകൃതി (അല്ലാഹുവിന്റെ സുന്നത്ത്) വിരുദ്ധം, ഖത്മുന്നുബുവ്വത്തി (പ്രവാചകത്വപരിസമാപ്തി)ൽ സംശയം ജനിപ്പിക്കുന്നത്, മതത്തിന്റെ സുവിദിത നിയമ നിർദ്ദേശങ്ങളെ പരിഹസിക്കുന്നത് തുടങ്ങിയ സ്വഹീഹുൽ ബുഖാരിയിലേയും സ്വഹീഹ് മുസ്ലിമിലേയും ചില ഹദീസുകളും ആ "പ്രാധാന്യം"ത്തിൽ ഉൾപെടുമോ? റസാഖ് സുല്ലമിയോ മറ്റാരെങ്കിലുമോ ഒന്ന് പ്രതികരിക്കുമോ?

## തുറന്ന ചർച്ചക്കു വേദി

അബ്ദുറഹിമാൻ ഇരിവേറ്റി ഉന്നയിക്കുന്ന ചിന്തകൾ ഗൗരവതരമാണ്. ഉൽബുദ്ധരായ കേരള പണ്ഡിതന്മാർ ഉള്ളു തുറന്നു ചർച്ച ചെയ്യേണ്ട വിഷയവുമാണ് അദ്ദേഹം സമർപ്പിക്കുന്നത്. രണ്ടാം പ്രമാണമെന്ന് പണ്ഡിതലോകം ഏകകണ്ഠമായി പറഞ്ഞുവന്നിരുന്ന ഹദീസുകൾ ഒന്നാം പ്രമാണമായി അവതരിപ്പിക്കുകയും ഒന്നാം പ്രമാണമായ വിശുദ്ധ ഖുർആൻ രംഗം വിടപ്പെടുകയും ചെയ്യുന്ന അപകടകരമായൊരവസ്ഥയുണ്ട്. വിശുദ്ധ ഖുർആൻ പോലെത്തന്നെ എല്ലാ ഹദീസുകളും ദിവ്യ സന്ദേശം (വഹ്യ്) ആണെന്നതും പുത്തൻ വാദമാണ്. വി: ഖുർആനിന്റെ സുവ്യക്ത വചനങ്ങൾക്ക് എതിർ നിൽക്കുന്ന ഹദീസുകളോടുള്ള നിലപാടും. ഇതെല്ലാം ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. അതിനു ഇരുവേറ്റി തുടക്കം കുറിക്കുകയാണ്. വിശദമായ ചർച്ചക്ക് എല്ലാ ലക്കങ്ങളിലും ഏതാനു പേജുകൾ അൽഫനാർ നീക്കി വെക്കാൻ തയ്യാറാണ്. മാന്യമായ, അന്തസ്സാർന്ന ചർച്ചക്ക് നമുക്ക് തുടക്കം കുറിക്കാം.

*(സ്നേഹത്തോടെ, എഡിറ്റർ, അൽഫനാർ)*

കവർ സ്റ്റോറി

കാരൺ ആംസ്ട്രോങ്

# സ്ത്രീ വിമോചനം പ്രവാചകന്റെ ഇഷ്ടവിഷയം

**സ്ത്രീ വിമോചനം പ്രവാചകന്റെ ഉള്ളിൽ തട്ടിയ ഇഷ്ടവിഷയമായിരുന്നു. ഖുർആൻ സ്ത്രീകൾക്ക് പിന്തുടർച്ചാവകാശവും വിവാഹമോചനവും അനുവദിച്ചത് പാശ്ചാത്യ നാടുകളിലെ വനിതകൾക്ക് മുമ്പാണ്. പ്രവാചകപത്നിമാർക്ക് ഒരുപരിധിവരെ വേർതിരിവും മുഖം മറയ്ക്കലും ഖുർആൻ അനുശാസിക്കുന്നു. എന്നാൽ എല്ലാ സ്ത്രീകളും മുഖാവരണമണിയണമെന്നും അവർ വീടിന്റെ ഒരു പ്രത്യേകഭാഗത്ത് മറ്റുള്ളവരിൽ നിന്ന് വേർതിരിഞ്ഞ് കഴിഞ്ഞുകൂടണമെന്നും ആവശ്യപ്പെടുന്ന യാതൊന്നും ഖുർആനിൽ ഇല്ല. പ്രവാചകൻ മരിച്ച് മൂന്നോ നാലോ തലമുറ കഴിഞ്ഞതിന് ശേഷമാണ് ഈ ആചാരങ്ങൾ സ്വീകരിക്കപ്പെട്ടത്.**

മുഹമ്മദിന്റെ നിരവധി ഭാര്യമാരിൽ പാശ്ചാത്യലോകത്തിന് ഉണ്ടായ താല്പര്യം ഭോഗാർത്തിയുടെ പശ്ചാത്തലത്തിലാണ്. എന്നാൽ പ്രവാചകൻ ചില പിൽക്കാല ഇസ്ലാമിക ഭരണാധികാരികളെപ്പോലെ ഭോഗലാലസയുടെ ജീർണ്ണതയിൽ മുങ്ങിക്കുളിക്കുകയായിരുന്നു എന്ന് സങ്കല്പിക്കുന്നത് തെറ്റായിരിക്കും. മക്കയിൽ മുഹമ്മദ് ഏകപത്നീ വ്രതക്കാരനായിരുന്നു. അറേബ്യയിൽ ബഹുഭാര്യത്വം സാധാരണമായിരുന്നുവെങ്കിലും ഖദീജ മാത്രമായിരുന്നു ഭാര്യ. ഖദീജക്ക് അദ്ദേഹത്തേക്കാൾ നല്ല പ്രായമുണ്ടായിരുന്നു. പക്ഷേ അദ്ദേഹത്തിന്റെ ആറുകുട്ടികളെ അവർ പ്രസവിച്ചു. അവരിൽ നാലു പെൺകുട്ടികൾ മാത്രമാണ് ബാക്കിയായത്. മദീനയിൽ മുഹമ്മദ് വലിയൊരു സയ്യിദ് (പ്രമാണി) ആയിത്തീർന്നു; വലിയൊരു അന്തഃപുരമുണ്ടാക്കാമെന്ന് കരുതാവുന്നത്ര വലിയ ആൾ. എന്നാൽ ഈ വിവാഹങ്ങളിൽ മിക്കവയും രാഷ്ട്രീയ പ്രചോദിതമായിരുന്നു. പുതിയ ഉന്നത ഗോത്രം രൂപീകരിച്ചപ്പോൾ തന്റെ ഏറ്റവും അടുത്ത സഹചരന്മാരായി വിവാഹബന്ധങ്ങൾ സ്ഥാപിക്കാൻ അദ്ദേഹം ഉത്സുകനായി. അവരെ തന്റെ കൂടെ ഉറപ്പിച്ചു നിർത്താൻ വേണ്ടിയായിരുന്നു ഇത്. അദ്ദേഹത്തിന്റെ പ്രിയപ്പെട്ട പുതിയ ഭാര്യ അബൂബക്കറിന്റെ മകൾ ആയിശയായിരുന്നു. ഉമർ ഇബ്നുൽ ഖത്താബിന്റെ മകൾ ഹഫ്സയേയും അദ്ദേഹം വിവാഹം ചെയ്തു. തന്റെ രണ്ടുപുത്രിമാരെ അദ്ദേഹം ഉസ്മാൻ ഇബ്നു അഫ്ഫാൻ, അലി ഇബ്നു അബീതാലിബ് എന്നിവർക്ക് വിവാഹം കഴിച്ചുകൊടുത്തു. അദ്ദേഹത്തിന്റെ മറ്റു ഭാര്യമാരിൽ പലരും പ്രായം ചെന്ന സ്ത്രീകളായിരുന്നു. അവർ ഒന്നുകിൽ സംരക്ഷിക്കാൻ ആളുകളില്ലാത്തവരായിരുന്നു. അല്ലെങ്കിൽ ഉമ്മത്തിന്റെ സഖ്യകക്ഷികളായിത്തീർന്ന ഗോത്രമുഖ്യന്മാരുടെ ബന്ധുക്കൾ. അവരിലാരിലും പ്രവാകന് കുട്ടികളുണ്ടായിട്ടില്ല. അദ്ദേഹത്തിന്റെ ഭാര്യമാർ പലപ്പോഴും സന്തോഷത്തേക്കാളേറെ

ശല്യമായിരുന്നു. ഒരു സന്ദർഭത്തിൽ ഒരു ആക്രമണത്തിൽ നിന്നു കിട്ടിയ സാധനങ്ങൾ പങ്കുവയ്ക്കുന്ന കാര്യത്തിൽ അവർ കശപിശയുണ്ടാക്കിയപ്പോൾ, ഇസ്ലാമിക മൂല്യങ്ങൾക്കനുസരിച്ച് കർശനമായി ജീവിക്കാത്ത പക്ഷം എല്ലാവരേയും വിവാഹമോചനം ചെയ്യുമെന്ന് പ്രവാചകൻ അവരെ ഭീക്ഷണിപ്പെടുത്തുകയുണ്ടായി. എന്നാൽ സ്ത്രീ സാമീപ്യം യഥാർത്ഥത്തിൽ ആസ്വദിച്ചിരുന്ന അപൂർവ്വം പുരുഷന്മാരിലൊരാളായിരുന്നു മുഹമ്മദ് എന്ന കാര്യം സത്യമാണ്. തന്റെ ഭാര്യമാരുടെ നേരെ അദ്ദേഹം പുലർത്തിയ ഉദാരതയും അവർ അദ്ദേഹത്തോട് നേരെ നിന്ന് മറുപടി പറയുന്ന രിതിയുമൊക്കെ അനുയായികളെ അമ്പരപ്പിച്ചിരുന്നു. മുഹമ്മദ് സസൂക്ഷ്മം അവരെ വീട്ടുകാര്യങ്ങളിൽ സഹായിക്കുകയും വസ്ത്രങ്ങളിലെ കീറലുകൾ തുന്നിച്ചേർക്കുകയും, ഭാര്യമാരുമായുള്ള കൂട്ട് തേടുകയും ചെയ്തു. അവരിലൊരാളെ അദ്ദേഹം യുദ്ധവേളകളിൽ കൂടെ കണ്ടുപോകാറുണ്ടായിരുന്നു. അവരുമായി കൂടിയാലോചന നടത്തുകയും അവരുടെ ഉപദേശങ്ങൾ ഗൗരവപൂർവ്വം കണക്കിലെടുക്കുകയും ചെയ്യാറുണ്ടായിരുന്നു. ഒരു സന്ദർഭത്തിൽ അദ്ദേഹത്തിന്റെ ഏറ്റവും ബുദ്ധിമതിയായ ഭാര്യ ഉമ്മുസൽമ ഒരു കലാപം തടയുവാൻ സഹായിക്കുകയുമുണ്ടായി.

സ്ത്രീ വിമോചനം പ്രവാചകന്റെ ഉള്ളിൽ തട്ടിയ ഇഷ്ട വിഷയമായിരുന്നു. ഖുർആൻ സ്ത്രീകൾക്ക് പിന്തുടർച്ചാവകാശവും വിവാഹമോചനവും അനുവദിച്ചത് പാശ്ചാത്യ നാടുകളിലെ വനിതകൾക്ക് മുമ്പാണ്. പ്രവാചകപത്നിമാർക്ക് ഒരുപരിധിവരെ വേർതിരിവും മുഖം മറയ്ക്കലും ഖുർആൻ അനുശാസിക്കുന്നു. എന്നാൽ എല്ലാ സ്ത്രീകളും മുഖാവരണമണിയണമെന്നും അവർ വീടിന്റെ ഒരു പ്രത്യേകഭാഗത്ത് മറ്റുള്ളവരിൽ നിന്ന് വേർതിരിഞ്ഞ് കഴിഞ്ഞുകൂടണമെന്നും ആവശ്യപ്പെടുന്ന യാതൊന്നും ഖുർആനിൽ ഇല്ല. പ്രവാചകൻ മരിച്ച് മൂന്നോ നാലോ തലമുറ കഴിഞ്ഞതിന് ശേഷമാണ് ഈ ആചാരങ്ങൾ സ്വീകരിക്കപ്പെട്ടത്. ആ സമയത്ത് മുസ്ലിംകൾ ബൈസാന്റിയത്തിലെ ഗ്രീക്ക് ക്രിസ്ത്യാനികളെ പകർത്തുകയായിരുന്നു. അവർക്ക് നീണ്ട മുഖാവരണങ്ങളുണ്ടായിരുന്നു. അവർ സ്വന്തം സ്ത്രീകളെ ഈ രീതിയിൽ മാറ്റി നിർത്തുന്നുമുണ്ടായിരുന്നു. ക്രിസ്ത്യാനികൾ പുലർത്തിയ സ്ത്രീ വിദ്വേഷം കുറച്ചൊക്കെ മുസ്ലിംകളും സ്വന്തമാക്കി. ഒരേപോലെയുള്ള ചുമതലകളും ഉത്തരവാദിത്വങ്ങളും ഏൽപിക്കുക വഴി ഖുർആൻ ആണിനെയും പെണ്ണിനെയും ദൈവത്തിനു മുമ്പാകെ പങ്കാളികളാക്കുന്നു. ഖുർആൻ ബഹുഭാര്യത്വം അനുവദിക്കുകയും ചെയ്തു. മക്കക്കാർക്ക് എതിരായുള്ള യുദ്ധത്തിൽ മുസ്ലിംകൾ കൊല്ലപ്പെടുകയും സ്ത്രീകൾ സംരക്ഷിക്കാൻ ആളുകളില്ലാതെ ബാക്കിയാവുകയും ചെയ്തപ്പോഴാണ് നാലു ഭാര്യമാരെ വിവാഹം കഴിക്കുവാൻ പുരുഷന്മാർക്ക് അനുമതി ലഭിച്ചത്. എന്നാൽ എല്ലാവരോടും പൂർണ്ണ സമത്വത്തോടെ പെരുമാറുകയും ഒരാൾക്ക് മറ്റുള്ളവരേക്കാൾ പരിഗണന നൽകുന്നതിന്റെ യാതൊരു ലക്ഷണവും കാണിക്കാതിരിക്കുകയും വേണമെന്ന ഉപാധിയോടെ മാത്രം. മദീനയിൽ രൂപപ്പെട്ട ആദ്യത്തെ ഉമ്മത്തിലെ സ്ത്രീകൾ പൊതുജീവിതത്തിൽ പൂർണ്ണ പങ്കാളിത്തം വഹിക്കുകയും അറബ് ആചാരമനുസരിച്ച് ചിലർ പുരുഷന്മാരോടൊപ്പം യുദ്ധത്തിൽ പങ്കെടുക്കുകയും ചെയ്തു. അവർക്ക് ഇസ്ലാം ഒരു മർദ്ദക മതമായി തോന്നിയിരുന്നില്ല. പിൽക്കാലത്ത്, ക്രിസ്തുമതത്തിൽ സംഭവിച്ചതു പോലെ, പുരുഷന്മാർ മതത്തെ തട്ടിയെടുക്കുകയും, നിലവിലുണ്ടായിരുന്ന പുരുഷാധിപത്യ വ്യവസ്ഥക്ക് അനുകൂലമായി അതിനെ മാറ്റിയെടുക്കുകയും ചെയ്തുവെങ്കിലും.

*(ഇസ്ലാം സംക്ഷിപ്ത ചരിത്രം പേ. 54, 55)*

അബൂ അബ്ദില്ല(റ) പറയുന്നു: റസൂലുല്ലായുടെ സ്വഭാവത്തെപ്പറ്റി ഞാന് ആയിശ(റ)യോട് ചോദിച്ചു: അപ്പോൾ അവർ പറഞ്ഞു: “പ്രവാചകൻ(സ്വ) ദുഷ്ടസ്വഭാവമുള്ളയാളോ ദുഷ്ടത പ്രകടിപ്പിക്കുന്നയാളോ അങ്ങാടിയിൽ ബഹളമുണ്ടാക്കുന്നയാളോ ആയിരുന്നില്ല. തിന്മയ്ക്ക് പ്രതിഫലമായി തിന്മ നൽകാറുമുണ്ടായിരുന്നില്ല. മറിച്ച്, മാപ്പ് നൽകുകയും വിട്ടുവീഴ്ച കാണിക്കുകയും ചെയ്യും.”

*(അഹ്മദ്, തിർമുദി)*

പഠനം

എ. അബ്ദുസ്സലാം സുല്ലമി, എടവണ്ണ

# ഗോപ്യമായ ശിർക്ക്

അല്ലാഹു പറയുന്നു: **“അതിനാൽ വല്ലവനും തന്റെ രക്ഷിതാവിന്റെ കൂടിക്കാഴ്ചയെ ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സദ്കർമം പ്രവർത്തിക്കട്ടെ. തന്റെ നാഥന്റെ ഇബാദത്തിൽ ഒരാളെയും അവൻ പങ്കു ചേർക്കാതിരിക്കുകയും ചെയ്യട്ടെ.'' (അൽകഹ്ഫ്: 110)**

തഫ്സീർ റൂഹുൽബയാനിലും തഫ്സീർ റാസിയിലും ഈ ആയത്തിന്റെ അവതരണ കാരണം വ്യക്തമാക്കുന്നത് കാണുക:

നിശ്ചയം, ജുൻദുബുബ്നു സുഹൈർ നബി(സ)യോട് പറഞ്ഞു. തീർച്ചയായും ഞാൻ ചില പുണ്യകർമ്മങ്ങൾ ചെയ്യും. അല്ലാഹുവിനു വേണ്ടി. എന്നാൽ ആരെങ്കിലും അതു കണ്ടാൽ എന്നെയത് സന്തോഷിപ്പിക്കും. അപ്പോൾ ഈ സൂക്തം അവതരിപ്പിക്കപ്പെട്ടു.” (റൂഹുൽബയാൻ, വാള്യം 5, പേജ് 309)

ഈ ആയത്തിന്റെ വ്യാഖ്യാനത്തിൽ സർവ തഫ്സീറുകളും പുണ്യകർമം ചെയ്യുമ്പോൾ അതു മനുഷ്യരെ കാണിച്ച് അവരുടെ തൃപ്തി ലഭിക്കണമെന്ന് ആഗ്രഹിക്കൽ ഗോപ്യമായ ശിർക്കാണെന്ന് നബി(സ) പറഞ്ഞ ഹദീസുകൾ ഉദ്ധരിക്കുന്നത് കാണാം. പ്രത്യേകിച്ച് ഇബ്നുകഥീറിൽ. ഇരുപതിലധികം ഹദീസുകൾ അദ്ദേഹം ഉദ്ധരിക്കുന്നു. ജലാലൈനിയിൽ പോലും എഴുതുന്നു:

“അതായത്, മറ്റുള്ളവരെ കാണിച്ച് ഇബാദത്തിൽ പങ്കു ചേർക്കരുത്” (ജലാലൈനി) ജലാലൈനിയുടെ പരിഭാഷയിൽ ഈ ഭാഗം മനഃപൂർവം പരിഭാഷകൻ വിട്ടുകളഞ്ഞിരിക്കുന്നു.

“ഗോപ്യമായ ശിർക്കും ചെയ്യരുത്; മറ്റുള്ളവരെ ബോധ്യപ്പെടുത്തുവാൻ ചെയ്യുന്നവരെപ്പോലെ” (റൂഹുൽബയാൻ, വാള്യം 5, പേജ് 309)

നാം അല്ലാഹുവിന് ഇബാദത്തെടുക്കുമ്പോൾ മറ്റുള്ളവർ കാണുകയും അവരുടെ പ്രീതി ഉദ്ദേശിക്കുകയും ചെയ്താൽ അതുപോലും ശിർക്കാണെന്ന് അല്ലാഹു ഇവിടെ പറയുന്നത്. മറ്റുള്ളവരെ ഇലാഹാക്കുകയെന്ന ഉദ്ദേശ്യവും അവർക്ക് ഇബാദത്തെടുക്കുകയെന്ന ഉദ്ദേശ്യവും ഉണ്ടാവണമെന്നില്ല. ഗോപ്യമായ ശിർക്ക് എന്നാണ് പ്രവാചകൻ ഇതിന് പേരു പറയുന്നത്.

അബൂസഈദ്(റ) നിവേദനം. റസൂൽ(സ) പറഞ്ഞു: നിങ്ങളുടെ മേൽ മസീഹുദ്ദജ്ജാലിനെക്കാൾ ഞാൻ ഭയപ്പെടുന്ന ഒരു സംഗതിയെക്കുറിച്ച് ഞാൻ നിങ്ങൾക്ക് വിവരം നൽകട്ടെയോ? അതേ, എന്ന് അനുചരന്മാർ പറഞ്ഞു. അപ്പോൾ പ്രവാചകൻ(സ) പറഞ്ഞു: ഗോപ്യമായ ശിർക്കാണത്. ഒരാൾ നമസ്കരിക്കുവാൻ വേണ്ടി നിൽക്കും. തന്നെ മറ്റൊരുവൻ വീക്ഷിക്കുന്നെണ്ടെന്ന് അവൻ ശ്രദ്ധിക്കുമ്പോൾ തന്റെ നമസ്കാരത്തെ കൂടുതൽ ഭംഗിയാക്കും.

മഹ്മൂദ്(റ) നിവേദനം. തിരുനബി(സ) ഒരിക്കൽ പുറപ്പെട്ടശേഷം പറഞ്ഞു: “അല്ലയോ ജനങ്ങളേ, നിങ്ങൾ രഹസ്യമായ ശിർക്കിനെ സൂക്ഷിക്കുവിൻ. അവർ ചോദിച്ചു: പ്രവാചകരേ, എന്താണ് രഹസ്യമായ ശിർക്ക്? അപ്പോൾ നബി(സ) അരുളി: ഒരാൾ നമസ്കരിക്കുവാൻ എഴുന്നേറ്റുനിന്നു. തന്നിലേക്ക് ഒരാൾ നോക്കുന്നുണ്ടെന്ന് അവനു മനസ്സിലായപ്പോൾ അവൻ നമസ്കാരത്തെ ഭംഗി കൂട്ടുവാൻ അദ്ധ്വാനിച്ചു. അതാണ് രഹസ്യമായ ശിർക്ക്.” (ഇബ്നു ഖുസൈമ).

ശദ്ദാദ്(റ) നിവേദനം. തിരുമേനി(സ) അരുളി: “മറ്റുള്ളവരെ കാണിക്കാൻ വേണ്ടി വല്ലവനും നമസ്കരിച്ചാൽ നിശ്ചയം, അവൻ ശിർക്ക് ചെയ്തു. വല്ലവനും മറ്റുള്ളവരെ കാണിക്കുവാൻ വേണ്ടി ധർമം ചെയ്തു. എങ്കിലവൻ ശിർക്കു ചെയ്തു.”(അഹ്മദ്).

ശദ്ദാദ്(റ) നിവേദനം. “റസൂലിന്റെ കാലത്ത് മറ്റുള്ളവരെ കാണിക്കൽ ചെറിയ ശിർക്കായി ഞങ്ങൾ കണ്ടിരുന്നു.'' (ഇബ്നു അബീദുൻയാ)

“രിയാഇനെയാണ് ഗോപ്യമായ ശിർക്ക് എന്നു പറഞ്ഞത്, അത് ചെയ്യുന്നവൻ പ്രത്യക്ഷത്തിൽ അല്ലാഹുവിനു വേണ്ടിയാണ് പുണ്യകർമ്മം ചെയ്യുന്നതെന്നു തോന്നിക്കും. എന്നാൽ അവന്റെ മനസ്സിലുള്ളത് അത് മറ്റുള്ളവർക്കാണെന്നാണ്.” (തയ്സീർ, പേജ് 471)

കർമ്മഭൂമിക

എ.എ. സുല്ലമി

# ഇസ്‌ലാമിലെ പർദ്ദ

**നബി(സ)യുടെ ഭാര്യമാരൊഴികെയുള്ള മുസ്‌ലിം സ്ത്രീകളോട് ദൃഷ്ടികൾ നിയന്ത്രിക്കുവാനും ഗുഹ്യാവയവങ്ങൾ സൂക്ഷിക്കുവാനുമായിരുന്നു കൽപന. പുരുഷന്മാരോടും അപ്രകാരം കൽപിച്ചു. സ്ത്രീകൾ അവരുടെ സൗന്ദര്യാലങ്കാരങ്ങൾ അന്യർക്ക് പ്രദർശിപ്പിക്കരുതെന്ന് നിർദേശിക്കപ്പെട്ടു. വിരലിലെ മോതിരം, കയ്യിലെ മൈലാഞ്ചി, കണ്ണിലെ സുറുമ എന്നിങ്ങനെ പ്രത്യക്ഷമായ അലങ്കാരച്ചമയങ്ങൾക്ക് ഇത് ബാധകമല്ല. എന്നാൽ മുഴങ്കയ്യിലെയും തോൾകയ്യിലെയും വളകൾ, കാലിലെ തള, കണ്ഠാഭരണങ്ങൾ, ശിരസ്സിലെ കിരീടം, മാറിടത്തിലൂടെ അണിയുന്ന മാല, കാതിലെ കമ്മൽ എന്നിങ്ങനെ ഗോപ്യമായ അലങ്കാരങ്ങൾ പുറത്തു കാട്ടാൻ പാടില്ല.**

ആദ്യത്തെ പർദ്ദ ആചരിക്കാൻ കൽപിച്ചുകൊണ്ടുള്ള ഖുർആൻ സൂക്തം അവതരിപ്പിച്ചത് നബി(സ)യുടെ ഭാര്യമാർക്കു മാത്രമേ അന്നതു ബാധകമായിരുന്നുള്ളൂ. പ്രസ്തുത സൂക്തം അവതരിപ്പിക്കുന്നതിനു മുമ്പുതന്നെ ഉമറുബ്നുൽ ഖത്താബിന് പർദ്ദാചരണത്തെപ്പറ്റി അഭിപ്രായമുണ്ടായിരുന്നു. പലപ്പോഴും അതദ്ദേഹം പ്രകടിപ്പിക്കുകയുമുണ്ടായി. അത് സംബന്ധമായി ഖുർആൻ അവതരിച്ചെങ്കിൽ എന്നദ്ദേഹം ആഗ്രഹിച്ചിരുന്നു. "നിങ്ങളുടെ കാര്യത്തിൽ ഞാൻ പറയുന്നതുപോലെ ചെയ്താൽ നിങ്ങളെ ആരും കാണുകയില്ല" എന്ന് നബി(സ)യുടെ ഭാര്യമാരോടു അദ്ദേഹം പറഞ്ഞിരുന്നു. അങ്ങനെ സൂറ: അൽ അഹ്സാബിൽ ഇങ്ങനെ അവതീർണമായി: "അവരോടു (നബി(സ)യുടെ ഭാര്യമാരോടു) നിങ്ങൾ വല്ല സാധനവും അന്വേഷിക്കുകയാണെങ്കിൽ മറയുടെ പിന്നിൽ നിന്നു കൊണ്ടായിരിക്കണം നിങ്ങളവരോടു ചോദിക്കുന്നത്. നിങ്ങളുടെയും അവരുടെയും മനഃശുദ്ധിക്കു അതായിരിക്കും കൂടുതൽ നല്ലത്.'' ഈ സൂക്തം അവതരിപ്പിച്ചപ്പോൾ ഒരാൾ പറഞ്ഞു: "നമ്മുടെ പിതാവിന്റെ സഹോദര പുത്രിമാരോട് പർദ്ദയ്ക്കു പിന്നിൽ നിന്നല്ലാതെ നമുക്കു സംസാരിച്ചുകൂടാ എന്നു വിലക്കുകയോ? മുഹമ്മദ് മരിച്ചാൽ ആഇശയെ ഞാൻ വിവാഹം കഴിക്കും." അപ്പോഴാണ് മുകളിൽ കൊടുത്ത സൂക്തത്തിന്റെ ശേഷം താഴെ വരുന്ന സൂക്തം അവതരിച്ചത്: **'അല്ലാഹുവിന്റെ ദൂതനെ ബുദ്ധിമുട്ടിക്കാനോ അദ്ദേഹത്തിനു ശേഷം അദ്ദേഹത്തിന്റെ ഭാര്യമാരെ വിവാഹം കഴിക്കാനോ നിങ്ങൾക്കു പാടുള്ളതല്ല. അല്ലാഹുവിന്റെയടുക്കൽ അത് ഭയങ്കര പാതകമത്രെ."**

നബി(സ)യുടെ ഭാര്യമാരൊഴികെയുള്ള മുസ്‌ലിം സ്ത്രീകളോട് ദൃഷ്ടികൾ നിയന്ത്രിക്കുവാനും ഗുഹ്യാവയവങ്ങൾ സൂക്ഷിക്കുവാനുമായിരുന്നു കൽപന. പുരുഷന്മാരോടും അപ്രകാരം കൽപിച്ചു. സ്ത്രീകൾ അവരുടെ സൗന്ദര്യാലങ്കാരങ്ങൾ അന്യർക്ക് പ്രദർശിപ്പിക്കരുതെന്ന് നിർദേശിക്കപ്പെട്ടു. വിരലിലെ മോതിരം, കയ്യിലെ മൈലാഞ്ചി, കണ്ണിലെ സുറുമ എന്നിങ്ങനെ പ്രത്യക്ഷമായ അലങ്കാരച്ചമയങ്ങൾക്ക് ഇത് ബാധകമല്ല. എന്നാൽ മുഴങ്കയ്യിലെയും തോൾകയ്യിലെയും വളകൾ, കാലിലെ തള, കണ്ഠാഭരണങ്ങൾ, ശിരസ്സിലെ കിരീടം, മാറിടത്തിലൂടെ അണിയുന്ന മാല, കാതിലെ കമ്മൽ എന്നിങ്ങനെ ഗോപ്യമായ അലങ്കാരങ്ങൾ പുറത്തു കാട്ടാൻ പാടില്ല.

പ്രത്യക്ഷവും ഗോപ്യവുമായി അലങ്കാരം കൊണ്ടുള്ള ഉദ്ദേശ്യം അതിന്റെ സ്ഥാനമാണ്. അതുപോലെ മാറിടം തുറന്നു കിടക്കാതിരിക്കാൻ വേണ്ടി തട്ടം കൊണ്ട് അതു മറക്കാനും അവരോടു കൽപിച്ചു. കാരണം അക്കാലത്ത് സ്ത്രീകളുടെ കുപ്പായക്കഴുത്ത് വീതിയുള്ളതായിരുന്നതിനാൽ നെഞ്ചും മാറും പരിസര

ങ്ങളുമൊക്കെ അതിലൂടെ പുറത്തേക്കു കാണുമായിരുന്നു. തട്ടമാണെങ്കിൽ പിൻഭാഗത്തേക്കാണ് അവർ താഴ്ത്തിയിട്ടിരുന്നത്. തലയുണ്ടെന്നറിയുമാറ് കാലുകൾ ഉറക്കെച്ചവട്ടി നടക്കുന്നതും അവർക്കു വിലക്കി. ആഭരണങ്ങൾ കിലുക്കം പുറത്തു കേൾപിക്കുന്നതും നിരോധിച്ചിരിക്കുകയാണ്. അപ്പോൾ ആഭരണമണിയുന്ന സ്ഥാനങ്ങൾ തീരെ പ്രദർശിപ്പിച്ചുകൂടാ എന്നു വ്യക്തം.



സുറ: അന്നൂറിൽ അല്ലാഹു പറയുന്നു: "സത്യ വിശ്വാസികളോട് അവരുടെ കണ്ണുകൾ കീഴ്പോട്ട താഴ്ത്തുവാനും അവരുടെ ജനനേന്ദ്രിയങ്ങൾ സൂക്ഷിക്കുവാനും പറഞ്ഞേയ്ക്കുക. അവരുടെ സൗന്ദര്യത്തിൽ നിന്നു വെളിപ്പെട്ടു കിടക്കുന്ന ഭാഗമല്ലാതെ മറ്റൊന്നും അവർ വെളിപ്പെടുത്തിപ്പോകരുത്. അവരുടെ തട്ടംകൊണ്ട് അവരുടെ നെഞ്ചുകളെ അവർ മറയ്ക്കട്ടെ. സ്വഭർത്താക്കന്മാർ, അല്ലെങ്കിൽ സ്വപിതാക്കൾ, അല്ലെങ്കിൽ സ്വഭർത്താക്കന്മാരുടെ പിതാക്കൾ, അല്ലെങ്കിൽ സ്വപുത്രന്മാർ, അല്ലെങ്കിൽ സ്വഭർത്താക്കന്മാരുടെ പുത്രന്മാർ, അല്ലെങ്കിൽ സ്വസഹോദരന്മാർ, അല്ലെങ്കിൽ സ്വസഹോദരന്മാരുടെ പുത്രന്മാർ, അല്ലെങ്കിൽ സ്വസഹോദരിമാരുടെ പുത്രന്മാർ, അല്ലെങ്കിൽ അവരുടെ നിയന്ത്രണത്തിനു കീഴിൽ ജീവിക്കുന്നവർ, അല്ലെങ്കിൽ ലൈംഗികമായ ആഗ്രഹങ്ങളില്ലാത്ത പുരുഷന്മാരായ പരിചാരകന്മാർ, അല്ലെങ്കിൽ സ്ത്രീകളുടെ ലൈംഗിക രഹസ്യങ്ങൾ ഗ്രഹിച്ചിട്ടില്ലാത്ത ചെറിയ ആൺകുട്ടികൾ ഇവരുടെ മുമ്പിലല്ലാതെ അവരുടെ സൗന്ദര്യം അവർ വെളിപ്പെടുത്തരുത്. അവർ മറച്ചുവെക്കാറുള്ള സൗന്ദര്യം മറ്റുള്ളവർ ഗ്രഹിക്കുവാൻ ഉതകുന്ന വിധം അവരുടെ കാലുകൾ കൊണ്ട് അവർ ചവുട്ടി നടക്കുകയും അരുത്. സത്യ വിശ്വാസികളേ! നിങ്ങൾ ജീവിത വിജയം പ്രാപിക്കുവാൻ വേണ്ടി നിങ്ങളെല്ലാവരും അല്ലാഹുവിങ്കലേക്ക് മടങ്ങിക്കൊള്ളുക."

ഇസ്‌ലാമിന്റെ മുമ്പും ഇസ്‌ലാമിനു ശേഷം ആദ്യഘട്ടത്തിലും സ്ത്രീകൾ കുപ്പായവും തട്ടവും ധരിച്ചുകൊണ്ടാണ് പുറത്തിറങ്ങിയിരുന്നത്. സ്വതന്ത്ര സ്ത്രീയും അടിമ സ്ത്രീയും തമ്മിൽ ഇതിൽ വ്യത്യാസമുണ്ടായിരുന്നില്ല. ചെറുപ്പക്കാരും മറ്റു ദുർനടപടിക്കാരും അടിമ സ്ത്രീകൾ പ്രാഥമികാവശ്യങ്ങൾക്കായി രാത്രി തോട്ടത്തിലേക്കു പുറപ്പെട്ടാൽ അവരുടെ ഉദ്ദേശ്യ സാധ്യങ്ങൾക്കായി അവരെ തടഞ്ഞു നിർത്താറുണ്ടായിരുന്നു. അടിമസത്രീയാണെന്നു പറഞ്ഞ് സ്വാതന്ത്ര സ്ത്രീകളെയും ചിലപ്പോൾ അവർ തടഞ്ഞുവെക്കും. "അടിമ സ്ത്രീയാണെന്നാണ് ഞങ്ങൾ കരുതിയത്" എന്നവർ പറയുകയും ചെയ്യും. അതിനാൽ അടിമ സ്ത്രീകളുടേതിൽ നിന്ന് വ്യത്യസ്തമായ വേഷം സ്വീകരിക്കുവാനും മുഖവും പാർശ്വങ്ങളും മറച്ചു കണ്ടാൽ ആർക്കും ആഗ്രഹം തോന്നാത്തവിധം സ്വയം ഗൗരവവും ഗാംഭീര്യവും വരുത്തുവാനും സ്വതന്ത്ര സ്ത്രീകൾക്ക് കൽപന കൊടുത്തു. അതിനു വേണ്ടി ആകെ മൂടുന്ന വസ്ത്രം ശരീരത്തിൽ താഴ്ത്തിയിടുകയാണ് അവർ ചെയ്യേണ്ടത്.

സൂറ: അൽ അഹ്സാബിൽ അല്ലാഹു പറയുന്നു: **"നബിയേ! താങ്കളുടെ ഭാര്യമാരോടും പെൺമക്കളോടും സത്യവിശ്വാസികളുടെ ഭാര്യമാരോടും തങ്ങളുടെ മൂടുപടങ്ങൾ ശരീരത്തിൽ താഴ്ത്തിയിടാൻ പറയുക. അവരെ തിരിച്ചറിയാൻ ഏറ്റവും പറ്റിയ മാർഗം അതാണ്; അങ്ങിനെ അവർ ദ്രോഹിക്കപ്പെടാതിരിക്കാനും. അല്ലാഹു വളരെയേറെ പൊറുക്കുന്നവനും പരമ കാരുണികനുമാകുന്നു."**

എന്നാൽ വിവാഹാഭ്യർത്ഥനയുമായി

വരുന്ന പുരുഷന്റെ മുമ്പിൽ അന്വേഷിക്കപ്പെടുന്ന സ്ത്രീ പർദ്ദയണിയുന്ന സമ്പ്രദായം നബി(സ)യുടെയോ സലഫുസ്സ്വാലിഹു (നല്ലവരായ മുൻഗാമികൾ)കളുടെയോ കാലത്തില്ലാത്തതാണ്. ഭാവിയിൽ തന്റെ ഭാര്യയാകാൻ പോകുന്നവളെക്കുറിച്ച് ഒരു പുരുഷനും മുൻകൂട്ടി അറിയാതിരിക്കരുത്. അതിനുവേണ്ടിയാണ് യുക്തിമാനായ നിയമനിർമാതാവ് ഇങ്ങനെ നിശ്ചയിച്ചിരിക്കുന്നത്. ദാമ്പത്യജീവിതം പൂർണമായി പൊരുത്തപ്പെട്ട് മുന്നോട്ടു നീങ്ങേണ്ടതിന് ഇതൊരാവശ്യമാണ്. മതപണ്ഡിതന്മാർക്കാർക്കും ഇക്കാര്യത്തിൽ എതിരഭിപ്രായമില്ല. ഹുജ്ജത്തുൽ ഇസ്ലാം ഗസ്സാലി ഇഹ്യാഇൽ പറയുന്നു: "ദാമ്പത്യജീവിതം പൂർണ യോജിപ്പോടുകൂടി ആയിരിക്കേണ്ടതിനുള്ള എല്ലാ മാർഗങ്ങളും പരിഗണിക്കേണ്ടത് ഇസ്ലാമിക ദൃഷ്ട്യാ പുണ്യമാണ്. അതുകൊണ്ടാണ് വിവാഹം കഴിക്കാനുദ്ദേശിക്കുന്ന സ്ത്രീയെ കാണണമെന്ന് അത് നിശ്ചയിച്ചിരിക്കുന്നത്. നബി(സ) പറഞ്ഞു: "നിങ്ങളിൽ ആർക്കെങ്കിലും ഒരു സ്ത്രീയെ വിവാഹം കഴിക്കാനാഗ്രഹം ജനിച്ചാൽ അവൻ അവളെ ച്ചെന്നു കാണട്ടെ; അവർക്കിടയിൽ ഗാഢവും ശാശ്വതവുമായ യോജിപ്പുണ്ടാകുവാൻ അതൊരാവശ്യമാണ്." "അൻസാരികളുടെ കണ്ണിൽ എന്തോ ഒന്നുണ്ട്. അതുകൊണ്ട് അവരുടെ കൂട്ടത്തിൽ നിന്ന് വിവാഹം കഴിക്കാനുദ്ദേശിക്കുന്നവർ സ്ത്രീകളെ കണ്ടിട്ടുവേണം വിവാഹം കഴിക്കാൻ" എന്നും നബി(സ) ഒരിക്കൽ പറയുകയുണ്ടായി. (അൻസാരികളുടെ കണ്ണിന് വലിപ്പക്കുറവോ കാഴ്ചക്കുറവോ മറ്റോ ഉണ്ടായിരുന്നുവെന്നു പറയപ്പെടുന്നു). വഞ്ചിക്കപ്പെടാതിരിക്കാനുള്ള സൂക്ഷ്മതയെന്നനിലയ്ക്കു മുൻഗാമികളായ പല സജ്ജനങ്ങളും അവരുടെ പെൺകുട്ടികളെ കണ്ടതിനു ശേഷമല്ലാതെ കല്യാണം കഴിച്ചുകൊടുക്കാൻ വിസമ്മതിച്ചിരുന്നു. "കാണാതെയുള്ള എല്ലാ വിവാഹവും ദുഃഖത്തിലും മനോവേദനയിലുമാണ് കലാശിക്കുക"യെന്ന് അഅ്മശ് പറഞ്ഞിരിക്കുന്നു. എന്നാൽ സ്ത്രീ പൊതുവെ ഏതവസ്ഥയിലും പർദ്ദയണിയുന്നതാണ് നല്ലതെന്നാണ് സാമാന്യ ജനങ്ങൾ മനസ്സിലാക്കിവെച്ചത്. കാലം ദുഷിച്ചതും ഉൽകൃഷ്ട ഗുണങ്ങളിലേക്കു നയിക്കുന്ന മതശിക്ഷണങ്ങളിൽ നിന്ന് അകന്നുപോയതും കാരണം കുഴപ്പവും അനാശാസ്യതയും തടയാനുദ്ദേശിച്ചായിരിക്കാം അത്.

*(നൂറുൽ യഖീൻ, മുഹമ്മദ് ഖുള്രിബക്)*

---

പാഠം, പഠനം – 4

# അല്ലാഹു

ഉമ്മുബഹിയ

***'അല്ലാഹുവല്ലാതെ ഒരു ദൈവവുമില്ല. അവൻ എന്നെന്നും ജീവിച്ചിരിക്കുന്നവൻ. എല്ലാത്തിനെയും നിയന്ത്രിക്കുന്നവൻ'***
***ഖുർആൻ: അധ്യായം: 3, സൂക്തം: 2***

അല്ലാഹു എന്ന അറബിപദം ലോകസ്രഷ്ടാവായ ദൈവത്തിന്റെ അന്യാദൃശമായ നാമധേയമാണ്. ആ ദൈവത്തിന് തുല്യരില്ലാത്തപോലെ ഈ പദത്തിന് ദ്വിവചനമോ ബഹുവചനമോ ഇല്ല; സ്ത്രീലിംഗവുമില്ല. അതിനാൽ ഗോഡ് (GOD) എന്നോ ദൈവമെന്നോ അതിനെ പരിഭാഷപ്പെടുത്താനാവില്ല. യഹോവ എന്ന ബൈബിൾ പദം ഇതിനു സമാനമാണെന്നു പറയാം. ഇതിനെ മലയാളത്തിൽ സർവേശ്വരൻ എന്നേ പറയാനാവൂ.

ഈ സർവേശ്വരനല്ലാതെ മറ്റൊരു ദൈവം പ്രപഞ്ചത്തിനില്ല എന്നാണ് മേൽപ്പറഞ്ഞ വചനത്തിന്റെ അർത്ഥം. അതിന്റെ ന്യായവും കൂടെത്തന്നെ പറഞ്ഞിട്ടുണ്ടല്ലോ; അവൻ എന്നെന്നും ജീവിച്ചിരിക്കുന്നവനാണ്. അഥവാ അവന് ആദ്യവും അന്തവുമില്ല. ഈ പ്രപഞ്ചത്തെയും അതിലുള്ള സകലചരാചരങ്ങളെയും നിയന്ത്രിച്ചുകൊണ്ടിരിക്കുന്നവനാണവൻ.

വേറെയും ഒരുപാട് പ്രതിഭാസങ്ങളെ മനുഷ്യർ പൂജിക്കുകയും ആരാധിക്കുകയും ചെയ്യുന്നുണ്ടെങ്കിലും അവയൊന്നും യഥാർത്ഥത്തിൽ ദൈവങ്ങളല്ല. അവയാണ് ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചതെന്ന് ഈ ആരാധകർ ആരുംതന്നെ അവകാശപ്പെടുമെന്നും തോന്നുന്നില്ല. ആരാധ്യനായ സാക്ഷാൽ ദൈവമാകാൻ ഏറ്റവും കുറഞ്ഞത് രണ്ടു യോഗ്യതകളെങ്കിലും വേണമെന്നു ചുരുക്കം. അത് രണ്ടും ഒത്തവനാണ് അല്ലാഹു.

ഒന്ന്: അവൻ എന്നെന്നും ജീവിച്ചിരിക്കുന്നവനാകണം.

രണ്ട്: അവന് പ്രപഞ്ചത്തിന്റെ ഭാഗധേയം നിയന്ത്രിക്കാൻ കഴിയണം

ഈയോഗ്യതകളില്ലാത്ത പ്രതിഭാസങ്ങളും ഇതിഹാസപുരുഷന്മാരും മഹത്തുക്കളുമൊന്നും ദൈവം എന്നു വിളിക്കപ്പെടാനോ ആരാധിക്കപ്പെടാനോ അർഹരല്ല, തീർച്ച. പാമരന്മാരായവർ അങ്ങനെ ചെയ്യുന്നുവെന്നു മാത്രം.

ഡോ. പി.കെ അബ്ദുറസാഖ് സുല്ലമി

## ഖുർആനിൽ പ്രസ്താവിച്ചതും ശാസ്ത്രം കണ്ടെത്താത്തതും - 2

# അചേതന വസ്തുക്കളുടെ പ്രകീർത്തനം

**'ഏഴ് ആകാശങ്ങളും ഭൂമിയും അവയിലുള്ളവരും അവന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു. യാതൊരു വസ്തുവും അവനെ സ്തുതിച്ചുകൊണ്ട് അവനെ പ്രകീർത്തിക്കാത്തതായി ഇല്ല. പക്ഷെ അവയുടെ പ്രകീർത്തനം നിങ്ങൾ ഗ്രഹിക്കുകയില്ല. തീർച്ചയായും അവൻ സഹനശീലനും ഏറെ പൊറുക്കുന്നവനുമാകുന്നു.'**


കുറച്ച് വർഷങ്ങൾക്ക് മുമ്പ് ചെടികൾക്ക് ബോധമോ വികാരങ്ങളോ ഇല്ലെന്ന് വിശ്വസിച്ചിരുന്നു. എന്നാൽ ജെ.സി ബോസ് ഇത് തെറ്റാണെന്നും ചെടികൾക്ക് ഭയം പോലുള്ള വികാരങ്ങൾ ഉണ്ടെന്നും കണ്ടെത്തി. Crescograph എന്നാണ് ഇത് അറിയാനുള്ള ഉപകരണത്തിന്റെ പേര്. കല്ലും മണലും പേനയും പേപ്പറും പോലുള്ള നിർജ്ജീവ വസ്തുക്കൾക്ക് ലോകരക്ഷിതാവായ ഒരു നാഥനെക്കുറിച്ച് അറിയുമോ? ഉണ്ടെന്നാണ് ഖുർആൻ പറയുന്നത്. 17-ാം അധ്യായം ഇസ്റാഅ് 44-ാം വചനം.

**'ഏഴ് ആകാശങ്ങളും ഭൂമിയും അവയിലുള്ളവരും അവന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു. യാതൊരു വസ്തുവും അവനെ സ്തുതിച്ചുകൊണ്ട് അവനെ പ്രകീർത്തിക്കാത്തതായി ഇല്ല. പക്ഷെ അവയുടെ പ്രകീർത്തനം നിങ്ങൾ ഗ്രഹിക്കുകയില്ല. തീർച്ചയായും അവൻ സഹനശീലനും ഏറെ പൊറുക്കുന്നവനുമാകുന്നു.'**

നമുക്ക് ഗവേഷണം നടത്തിയാലും മനസ്സിലാവാത്ത ഒരുതരം പ്രകീർത്തനം അവ നടത്തുന്നു എന്നർത്ഥം. അൽബഖറ 74-ാം വചനത്തിൽ **'അല്ലാഹുവിനെ ഭയപ്പെട്ടു കൊണ്ട് (പർവ്വതങ്ങളിൽ നിന്ന്) ഉരുണ്ടുവീഴുന്ന കല്ലുകൾ ഉണ്ട്'** എന്ന് പറയുന്നു. ഇതിൽ നിന്ന് കല്ലുകൾ അല്ലാഹുവിനെ അറിയുമെന്ന് മനസ്സിലാക്കാം.

സൂറത്തുന്നൂർ 41-ാം വചനത്തിൽ പറയുന്നു. **'ആകാശങ്ങളിലും ഭൂമിയിലുമുള്ളവരും ചിറക് വിടർത്തിപ്പിടിച്ചു കൊണ്ട് പറക്കുന്ന പക്ഷികളും അല്ലാഹുവിന്റെ മഹത്വം പ്രകീർത്തിച്ചുകൊണ്ടിരിക്കുന്നു എന്ന് നീ കണ്ടില്ലേ? ഓരോരുത്തർക്കും തന്റെ പ്രാർത്ഥനയും കീർത്തനവും എങ്ങിനെയെന്ന് അറിവുണ്ട്.'**

ഇതിൽ നിന്ന്, ബോധപൂർവ്വം അല്ലാഹുവിനെ പക്ഷികൾ വാഴ്ത്തുകയും പ്രകീർത്തിക്കുകയും ചെയ്യുന്നുണ്ടെന്ന് നാം ഗ്രഹിച്ചു. ഇതുവരെയും ശാസ്ത്രം മനസ്സിലാക്കാത്ത ഒരു യാഥാർത്ഥ്യമാണ് ഇത്.



**ഏഴ് ആകാശങ്ങൾ**

41-ാം അധ്യായം സൂറത്തു ഫുസ്സിലത്ത് (ഹാമീം സജദ) 12-ാം വചനത്തിൽ ഏഴ് ആകാശങ്ങളെ അല്ലാഹു സൃഷ്ടിച്ചു എന്ന് പറയുന്നു. ഏഴ് സ്ഥലങ്ങളിലാണ് ഏഴ് ആകാശങ്ങൾ എന്ന പരാമർശം ഖുർആനിൽ ഉള്ളത്.

എന്താണ് ഏഴുകൊണ്ട് ഉദ്ദേശിക്കുന്നത്? ഏഴ് എന്നാൽ ധാരാളം എന്നാണ് ഉദ്ദേശ്യം എന്ന് ചിലർ പറയുന്നു. അത് ശരിയല്ല. കാരണം നബി(സ)യുടെ മിഅ്റാജ് യാത്രയിൽ ഏഴാം ആകാശം വരെ യാത്ര പോയശേഷം ഇനിയും ധാരാളം ആകാശങ്ങൾ ഉണ്ട് എന്ന് പറയുന്നില്ല. ചിലരുടെ പ്രഭാഷണങ്ങളിൽ കേൾക്കാറുള്ള മറ്റൊരു വ്യാഖ്യാനം ഭൂമിയുടെ അന്തരീക്ഷ വായുവിന്റെ ഏഴ് പാളികൾ (Layers) ആണ് എന്നത്രെ. ട്രോപ്പോസ്ഫിയർ, സ്ട്രാറ്റോസ്ഫിയർ, മിസോസ്ഫിയർ, തെർമോസ്ഫിയർ തുടങ്ങിയവയാണ് ഉദ്ദേശ്യം എന്ന ഈ വ്യാഖ്യാനവും ശരിയല്ല. കാരണം അന്തരീക്ഷവായു ഒട്ടാകെ 470 കിലോമീറ്റർ വരെ മാത്രമേ വ്യാപിച്ചുകിടക്കുന്നുള്ളൂ. അപ്പോൾ ഏഴാമത്തെ ആകാശംവരെ ജിബ്രീൽ മുഹമ്മദ് നബി(സ)യെ കൊണ്ടുപോയി. അവിടെ ഇബ്രാഹീം(അ)യെ കണ്ടു എന്ന ഹദീസനുസരിച്ച് 500 കിലോമീറ്ററിന്റെ താഴെയാണ് 'മിഅ്റാജ്' യാത്ര എന്നും ഈ പരിധിക്കുള്ളിലാണ് പ്രവാചകന്മാരെ ആകാശലോകത്തിൽ വെച്ച് കണ്ടത് എന്നും വരുന്നു. അപ്പോൾ പിന്നെ എന്താണ് ഏഴ്? സൗരയുഥത്തിലെ ഏഴ് ഗ്രഹങ്ങളോ, ഏഴ് യൂഥങ്ങളോ, ഏഴ് ഗാലക്സികളോ, ഗാലക്സിക്കൂട്ടങ്ങളായ, ഏഴ് ക്ലസ്റ്ററുകളോ ഒന്നുമല്ല. കാരണം അവയെല്ലാം കോടിക്കണക്കിന് എണ്ണമുണ്ട്.

ഇതുവരെയും ഒന്നാമത്തെ ആകാശംപോലും എന്താണ് എന്ന് കണ്ടെത്താൻ ശാസ്ത്രജ്ഞന്മാർക്ക് കഴിഞ്ഞിട്ടില്ല. ഇതുവരെ കണ്ടെത്തിയ ആയിരം കോടിയിൽപരം പ്രകാശ വർഷങ്ങൾക്കപ്പുറത്തുകൂടി എല്ലാറ്റിനെയും വലയം ചെയ്ത് നിൽക്കുന്നതാണ് ഒന്നാം ആകാശം. ഈ നീലനിറം വെറും കണ്ണിന്റെ തോന്നൽ മാത്രമാണ്. ഭൂമിയിൽ നിന്ന് ഒന്നാം ആകാശത്തിലേക്ക് എത്ര ദൂരമുണ്ടോ അത്ര തന്നെ ദൂരം ഒന്നിൽ നിന്ന് രണ്ടിലേക്ക്. അതേപോലെ ഓരോ ആകാശങ്ങൾക്കിടയിലും ദൂരമുണ്ട്. ഓരോന്നും മറ്റേതിനെ വലയം ചെയ്തുനിൽക്കുന്നു എന്ന വിവരം ഗോളശാസ്ത്രം കണ്ടെത്തിയിട്ടില്ലാത്ത ഖുർആനിൽ നിന്ന് മനസ്സിലാവുന്ന ഒരു ശാസ്ത്ര സത്യമാണ്.

**ഉറുമ്പിന്റെയും പക്ഷികളുടെയും ഭാഷ**

ഉറുമ്പുകൾക്കും പക്ഷികൾക്കും മറ്റും ഭാഷകൾ ഉണ്ടോ? Black drongo എന്ന ഇരട്ടവാലൻ പക്ഷിയെപ്പറ്റി

ഗവേഷണം നടത്തി ഡോക്ടറേറ്റ് നേടിയ ഫാറൂഖ് കോളേജിലെ ജന്തുശാസ്ത്ര അധ്യാപകൻ പരേതനായ ഡോ. ഇ. എ.എ ഷുക്കൂർ സാറിന്റെ ഗവേഷണ പ്രബന്ധത്തിൽ പക്ഷികളുടെ ശബ്ദത്തെപ്പറ്റിയും അവയുടെ സൂചനകളെപ്പറ്റിയും വിശദീകരിക്കുന്നുണ്ട്.

ലോകപ്രസിദ്ധനായ ഇന്ത്യൻ പക്ഷിശാസ്ത്രജ്ഞനായിരുന്ന ഡോ. സലീം അലി എഴുതിയ The Book of Indian Birds എന്ന പുസ്തകത്തിന്റെ മുഖവുരയിൽ പക്ഷികൾക്ക് ഭാഷയുണ്ടോ എന്ന് ചർച്ച ചെയ്തിട്ടുണ്ട്. ആശയങ്ങൾ വ്യക്തമാക്കാനുള്ള ചില ശബ്ദസൂചനകൾ ഉണ്ട് എന്നല്ലാതെ സ്വതന്ത്രമായ ഭാഷയുണ്ട് എന്ന് സലീം അലിയും പറയുന്നില്ല. പക്ഷെ സുലൈമാൻ(അ) നബിക്ക് പക്ഷികളുടെ ഭാഷ അറിയാമായിരുന്നുവെന്ന് സലീം അലി എടുത്തുപറയുന്നുണ്ട്.

പക്ഷികൾക്കും ഉറുമ്പുകൾക്കും ആശയം ഗ്രഹിക്കാൻ പറ്റുന്ന ഭാഷയുണ്ട് എന്ന് ഖുർആൻ 27-ാം അധ്യായം നംല് 6-ാം വചനത്തിൽ പറയുന്നു.

**"സുലൈമാൻ(അ) ദാവൂദ്(അ)ന്റെ അനന്തരവകാശിയായി. അദ്ദേഹം പറഞ്ഞു. ജനങ്ങളേ, പക്ഷികളുടെ ഭാഷ നമുക്ക് പഠിപ്പിക്കപ്പെട്ടിരിക്കുന്നു."**

ഹുദ്ഹുദ് എന്ന ഉപ്പൂപ്പൻ പക്ഷിയുമായി സുലൈമാൻ നബി നടത്തിയ സംഭാഷണവും പക്ഷിയുടെ മറുപടിയുമെല്ലാം ഇതേ അധ്യായം 24 മുതൽ 28 വരെയുള്ള വചനങ്ങളിൽ തന്നെ കാണാം.

ഇതേ അധ്യായം 18-ാം വചനം ഉറുമ്പ് സുലൈമാൻ നബിയെപ്പറ്റി സംസാരിച്ച വിവരം പറയുന്നു.

**"അങ്ങനെ അവർ ഉറുമ്പിന്റെ താഴ്‌വരയിലൂടെ ചെന്നപ്പോൾ ഒരു ഉറുമ്പ് പറഞ്ഞു. 'ഹേ, ഉറുമ്പുകളേ, നിങ്ങൾ നിങ്ങളുടെ പാർപ്പിടങ്ങളിൽ കയറിക്കൊള്ളുക. സുലൈമാനും അദ്ദേഹത്തിന്റെ സൈന്യങ്ങളും നിങ്ങളെ അറിയാതെ ചവിട്ടിത്തേച്ചു പോകാതിരിക്കാതിരിക്കട്ടെ."**

ഉറുമ്പുകൾക്കും പക്ഷികൾക്കും ഭാഷയുണ്ട് എന്നതല്ല ഇവിടുത്തെ അത്ഭുതം. അത് നേരത്തെ ഉണ്ട്. അത് സുലൈമാൻ നബിക്ക് പഠിപ്പിക്കപ്പെട്ടു എന്നതാണ് അമാനുഷികത.

## സ്വപ്നങ്ങൾ

സ്വപ്നങ്ങളെക്കുറിച്ചുള്ള പഠനമാണ് Oneirology അഥവാ സ്വപ്നശാസ്ത്രം.


സ്വപ്നങ്ങൾ എന്താണ് എന്നു പോലും വ്യക്തമായ നിർവ്വചനം ശാസ്ത്രലോകത്തിന് പറയാൻ കഴിഞ്ഞിട്ടില്ല. സ്വപ്നങ്ങളിൽ ഭാവിയിൽ നടക്കാനിരിക്കുന്ന സംഭവങ്ങളിലേക്കുള്ള സൂചനകൾ ഉണ്ടോ എന്നും ശാസ്ത്രത്തിന് ഒരു എത്തുംപിടിയും കിട്ടിയിട്ടില്ല.

ഖുർആൻ 12-ാം അധ്യായം യൂസുഫിൽ 3 സ്വപ്നങ്ങളെപ്പറ്റിയും അവ പിന്നീട് പുലർന്നതിനെപ്പറ്റിയും വിവരിക്കുന്നു. 4-ാം സൂക്തത്തിൽ യൂസുഫ് നബി കുട്ടിയായിരിക്കുമ്പോൾ കണ്ട ഒരു സ്വപ്നം അദ്ദേഹം തന്റെ പിതാവിനോട് പറയുന്നു.

**"എന്റെ പിതാവേ പതിനൊന്ന് നക്ഷത്രങ്ങളും സൂര്യനും ചന്ദ്രനും എനിക്ക് സാഷ്ടാംഗം ചെയ്യുന്നതായി ഞാൻ സ്വപ്നം കണ്ടിരിക്കുന്നു."** 100-ാം വചനത്തിൽ നിരവധി വർഷങ്ങൾക്കു ശേഷം ഇതേ സ്വപ്നം പുലർന്നതായി പറയുന്നു. **"അദ്ദേഹം തന്റെ മാതാപിതാക്കളെ രാജപീഠത്തിൽ കയറ്റിയിരുത്തി. അവർ (പിതാവും മാതാവും 11 സഹോദരന്മാരും) തന്റെ മുമ്പിൽ പ്രണാമം ചെയ്യുന്നതായിക്കൊണ്ട് വീണു. അദ്ദേഹം പറഞ്ഞു. പിതാവേ: എന്റെ സ്വപ്നം പുലർന്നതാണ് ഇത്."**

ഇതേപോലെ യൂസുഫ് നബിയുടെ കൂടെയുണ്ടായിരുന്ന ജയിൽപുള്ളികൾ കണ്ട സ്വപ്നം 36-ാം വചനത്തിലും അതിന്റെ പുലർച്ച 41-ാം വചനത്തിലും കാണാം. ഈജിപ്തിലെ അമുസ്‌ലിം രാജാവ് കണ്ട സ്വപ്നം 43-ാം വചനത്തിലും വ്യാഖ്യാനം 47

**"ആത്മാവുകളെ അവയുടെ മരണവേളയിൽ അല്ലാഹു പൂർണ്ണമായും ഏറ്റെടുക്കുന്നു. മരണപ്പെടാത്തവയെ അവരുടെ ഉറക്കത്തിലും ഏറ്റെടുക്കുന്നു. എന്നിട്ട് ഏതൊക്കെ ആത്മാവിന് (ഉറക്കത്തിൽ) അവൻ മരണം വിധിച്ചുവോ അവയെ അവൻ പിടിച്ചുവെക്കുന്നു. മറ്റുള്ളവയെ അവൻ വിട്ടയക്കുകയും ചെയ്യുന്നു. തീർച്ചയായും ചിന്തിക്കുന്ന ജനങ്ങൾക്ക് ഇതിൽ ദൃഷ്ടാന്തങ്ങളുണ്ട്."**




മുതൽ 49 വചനങ്ങളിലും പറയുന്നു. സ്വപ്നങ്ങളിൽ ചിലത് പാഴ്സ്വപ്നങ്ങൾ ഉണ്ടെങ്കിലും ചിലത് അർത്ഥമുള്ള വയും ഉണ്ട്. അത് ഭാവിയിലേക്കുള്ള സൂചനകൾ ഉൾക്കൊള്ളുന്നു എന്ന് കണ്ടുപിടിച്ചാൽ ഒണിയറോളജിസ്റ്റുകൾ പ്ലാനിങ് നടത്തുന്ന ഒരു ശക്തിയിൽ വിശ്വസിക്കാനും ഇസ്‌ലാമിന്റെ വിധി വിശ്വാസം (ഖദ്റ്, ഖളാഅ്) അംഗീകരിക്കാനും നിർബന്ധിതമാവും.

**ഉറക്കം**

ഉറങ്ങുമ്പോൾ തൽക്കാലത്തേക്ക് ബോധമനസ്സ് ഓഫാക്കപ്പെടുന്നു എന്നേ ശാസ്ത്രം ചിന്തിക്കുന്നുള്ളൂ. എന്നാൽ ഉറക്കത്തിൽ ആത്മാവിനെ അല്ലാഹു പിടിച്ചെടുക്കുകയാണെന്ന് പറയുന്നു. 39-ാം അധ്യായം സുമർ 42-ാം വചനം: "ആത്മാവുകളെ അവയുടെ മരണവേളയിൽ അല്ലാഹു പൂർണ്ണമായും ഏറ്റെടുക്കുന്നു. മരണപ്പെടാത്തവയെ അവരുടെ ഉറക്കത്തിലും ഏറ്റെടുക്കുന്നു. എന്നിട്ട് ഏതൊക്കെ ആത്മാവിന് (ഉറക്കത്തിൽ) അവൻ മരണം വിധിച്ചുവോ അവയെ അവൻ പിടിച്ചുവെക്കുന്നു. മറ്റുള്ളവയെ അവൻ വിട്ടയക്കുകയും ചെയ്യുന്നു. തീർച്ചയായും ചിന്തിക്കുന്ന ജനങ്ങൾക്ക് ഇതിൽ ദൃഷ്ടാന്തങ്ങളുണ്ട്."

ഉറക്കത്തിന്റെ മുമ്പ് ചൊല്ലുന്ന ഒരു പ്രാർത്ഥന 'അല്ലാഹുവേ എന്റെ ആത്മാവിനെ നിന്നിൽ ഏൽപിക്കുന്നു' എന്നാണ് തുടങ്ങുന്നത്. ഉറങ്ങി എഴുന്നേറ്റാൽ ചൊല്ലുന്ന പ്രാർത്ഥന ഇങ്ങനെ തുടങ്ങുന്നു. "ഞങ്ങളെ മരണശേഷം ജീവിപ്പിച്ച അല്ലാഹുവിന് സ്തുതി."

ചുരുക്കത്തിൽ നാം മനസ്സിലാക്കിയതിനേക്കാൾ എത്രയോ കാര്യങ്ങൾ ഉറക്കിനെക്കുറിച്ച് ശാസ്ത്രത്തിന് മനസ്സിലാകാനിരിക്കുന്നു.

**സമാപനം**

ഇനിയും കുറേ കാര്യങ്ങൾ ഉണ്ടെങ്കിലും ലേഖന ദൈർഘ്യം ഭയന്ന് നിർത്തുന്നു.

ക്രിസ്താബ്ദം ഏഴാം നൂറ്റാണ്ടിൽ അറേബ്യൻ മരുഭൂമിയിൽ അനാഥനും നിരക്ഷരനുമായി വളർന്ന മുഹമ്മദ് എന്ന മനുഷ്യൻ 40 വയസ്സിന് ശേഷം ലോകത്തോട് പറയുന്നു. **'ഈ ഗ്രന്ഥം എന്റെ രക്ഷിതാവായ അല്ലാഹു എനിക്ക് ഇറക്കിത്തന്നതാണ്.'**

അത് 21-ാം നൂറ്റാണ്ടിലെ ശാസ്ത്രത്തിന്റെ എത്രയോ മുന്നിലേക്ക് കടന്ന് നിൽക്കുന്നു. എങ്കിൽ ഇത് രക്ഷിതാവായ അല്ലാഹുവിന്റെയല്ലാതെ മറ്റാരുടെയും കൃതിയാവാൻ പറ്റുകയില്ല എന്ന കാര്യം തീർച്ചയാണ്.

ഇത്രയും നിത്യനൂതനമായ അഭിമാനകരമായ ഗ്രന്ഥം പഠിക്കാനും പഠിപ്പിക്കാനും അവസരം കിട്ടിയ ഭാഗ്യവാന്മാരാണ് നാം എന്ന കാര്യത്തിൽ സംശയമില്ല. ഖുർആൻ പഠിക്കാനും ലോകത്ത് അതിന്റെ സന്ദേശം എത്തിക്കാനും അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ.

## തിരുത്ത്

അൽഫനാർ ലക്കം നമ്പർ 28-ൽ ഹദീസിന്റെ പ്രാധാന്യം എന്ന ഡോ. പി.കെ അബ്ദുറസാഖ് സുല്ലമിയുടെ ലേഖനത്തിൽ ഹദീസുകൾ ബുദ്ധിയെ മാത്രം അടിസ്ഥാനമാക്കി സ്വീകരിക്കുന്നതും തള്ളുന്നതും **ഇസ്‌ലാമിക നിലപാടാണെന്ന** വാചകം **അനിസ്‌ലാമിക നിലപാടാണെന്ന്** തിരുത്തി വായിക്കേണ്ടതാണ്. അച്ചടിപ്പിശക് സംഭവിച്ചതിൽ ഖേദിക്കുന്നു. *(എഡിറ്റർ)*

**കവർ സ്റ്റോറി**

**അലി മണിക്ഫാൻ**

### ഒരൊറ്റദിനവും മൂന്നു തിയ്യതികളും – 2


# മുഹമ്മദ് ഇൽയാസും ഖാലിദ് ഷൗക്കത്തും പിന്നെ കെ.പി.യും

**ഡോ.** മുഹമ്മദ് ഇൽയാസിന് ശരീഅത്തിന്റെ കാര്യത്തിലോ അസ്ട്രോണമി ശാസ്ത്രശാഖകളിലോ വേണ്ടത്ര അവഗാഹമില്ലെന്നാണ് എനിക്കു മനസ്സിലായത്. ഇതു അദ്ദേഹത്തിന്റെ പുസ്തകങ്ങൾ വായിക്കുന്നവർക്ക് മനസ്സിലാകും. അദ്ദേഹം തന്നെ അതു സമ്മതിക്കുന്നുമുണ്ട്. പണ്ഡിതസഭ പറയുന്നതനുസരിച്ച് അനുകൂല ശാസ്ത്രം ഉണ്ടാക്കിക്കൊടുക്കാൻ മാത്രമെ അദ്ദേഹത്തിന് കഴിഞ്ഞിട്ടുള്ളൂ. 1970 മുതൽ അദ്ദേഹത്തെ എനിക്കറിയാം. ഇദ്ദേഹം പറയുന്നത് സൂര്യചന്ദ്രന്മാരുടെ അസ്തമന വ്യത്യാസം മാസം ഗണിക്കുവാൻ നല്ലൊരു മാർഗമാണ് എന്നാണ്. ചില സ്ഥലങ്ങളിൽ അസ്തമനം തന്നെ ഇല്ല എന്ന കാര്യം അദ്ദേഹം ശ്രദ്ധിച്ചിട്ടില്ല. ഒരു മാനദണ്ഡം എല്ലാ സ്ഥലങ്ങളിലും ഉപയോഗിക്കാൻ സാധിക്കണമല്ലോ. മാസം നിർണ്ണയിക്കുന്നതിൽ അസ്ട്രോണമിയുടെ വിധി എന്താണെന്നു അദ്ദേഹം പരിഗണിച്ചില്ല. ഹിലാൽ കണ്ടാലേ മാസം തുടങ്ങുകയുള്ളൂവെന്നു പണ്ഡിതസഭ പറഞ്ഞപ്പോൾ ഹിലാൽ കണ്ണുകൊണ്ട് കാണുക എന്നതാണ് മാസത്തിന്റെ മാനദണ്ഡം എന്നു അദ്ദേഹം തീരുമാനിച്ചു. അതനുസരിച്ചൊരു ശാസ്ത്രം മെനഞ്ഞു.

സൂര്യനും ചന്ദ്രനും അസ്തമനത്തിന് 48 മിനിട്ടു വ്യത്യാസം വന്നാൽ മാത്രമെ ഹിലാൽ കാണുകയുള്ളൂ. ഇതു മാസാവസാന ദിവസത്തിൽ ഒരിക്കലും ഉണ്ടാവുകയില്ല. മാസത്തിന്റെ ആദ്യത്തെ ദിവസം മാത്രമേ ഇതുണ്ടാവുകയുള്ളൂ. ഇതു കണ്ടതിനു ശേഷം പിറ്റേദിവസം മാസം തുടങ്ങിയാൽ ഒരു ദിവസം തെറ്റും. അന്ന് മേഘാവൃതമാകുകയാണെങ്കിൽ കാണുകയുമില്ല. അപ്പോൾ രണ്ടു ദിവസം തെറ്റും.

അദ്ദേഹം അതനുസരിച്ച് (48 മിനുട്ടുണ്ടായാൽ) ഭൂപടത്തിൽ ഹിലാൽ ആദ്യമായി കാണാവുന്ന സ്ഥലം രേഖപ്പെടുത്തി. ആദ്യത്തെ ദിവസം കാണുന്ന സ്ഥലങ്ങൾ രണ്ടാമത്തെ ദിവസം കാണാവുന്ന സ്ഥലങ്ങൾ, മൂന്നാമത്തെ ദിവസം (എല്ലാവരും) കാണുന്ന ദിവസം. ഇതിനെ അദ്ദേഹം 'ലൂണാർ ഡെയിറ്റ് ലൈൻ' എന്ന് പേരും വിളിച്ചു. ഇതു വാനശാസ്ത്രലോകത്തിൽ അറിയാത്ത സംഭവമാണ്. അങ്ങനെ ഒരു ശാസ്ത്രമില്ല തന്നെ. ഇദ്ദേഹത്തിന്റെ ഈ അബദ്ധം കാരണം യഥാർത്ഥ ഡെയ്റ്റ് ലൈൻ എന്ന കാര്യം അവഗണിക്കപ്പെട്ടു. അദ്ദേഹം IDL പരിഗണിക്കുന്നില്ല. പല സ്ഥലങ്ങളിലും മാസാരംഭം സംഭവിക്കാതിരിക്കുമെന്നും അതനുസരിച്ചു ഒരു മാസം മൂന്നു ദിവസത്തിൽ തുടങ്ങുമെന്നും അദ്ദേഹം കരുതി. അങ്ങനെ ഒരു 'ത്രിസോണൽ കലണ്ടറി'നു രൂപം നൽകി. ഇതദ്ദേഹം റാബിത്വക്ക്

സമർപ്പിച്ചു. അങ്ങനെ സഊദിയെ കുഴപ്പത്തിലാക്കി. അദ്ദേഹം ഇപ്പോൾ മലേഷ്യയിൽ ഇതു പ്രചരിപ്പിക്കുകയാണ്. അതിനു വേണ്ടി മലേഷ്യൻ ഗവൺമെന്റ് കോടിക്കണക്കിന് രൂപ ചെലവ് ചെയ്യുന്നുണ്ട്.





### ഖാലിദ് ഷൗക്കത്ത്

ഡോ. ഇൽയാസിന്റെ പിൻഗാമികളാണ് മറ്റു മുസ്‌ലിം ശാസ്ത്രജ്ഞന്മാർ. അവർ ചെറിയ വ്യത്യാസങ്ങൾ വരുത്തി അവരവരുടെ കലണ്ടറുകൾ പ്രസിദ്ധീകരിക്കുന്നുമുണ്ട്. ഇന്റർനെറ്റിൽ ഇവയെല്ലാം കാണാവുന്നതാണ്. www.moonsighting.com, www.islamicmoon.com ഇങ്ങനെ പലതും കാണാം. ഇവരെല്ലാവരും ഹിലാൽ കണ്ടാൽ മാസം തുടങ്ങും എന്ന അന്ധവിശ്വാസത്തിലാണ്.

മറ്റുള്ളവർക്ക് ആവശ്യമില്ലെങ്കിലും മുസ്‌ലിംകൾക്കും ശാസ്ത്രത്തിനും ദിനമാറ്റരേഖ (IDL) അനിവാര്യമാണ്. മുസ്‌ലിംകൾ ഒരു ദിവസത്തിന്റെ കണക്കെടുക്കുന്നത് ഉച്ചക്കാണ്. സൂര്യൻ നേർമുകളിലെത്തുമ്പോൾ കണക്കെടുക്കുകയും ളുഹർ നമസ്കരിക്കുകയും ചെയ്യുന്നു. ളുഹർ നമസ്കാരം ആറു ദിവസം വരെ തുടരുന്നു. എഴാമത്തെ ദിവസം വന്നാൽ അതിന് പകരം ജുമുഅ നമസ്കരിക്കുന്നു. ജുമുഅ ഭൂമിയിൽ 24 മണിക്കൂർ വരെ നടക്കും. അതിനു ശേഷം രണ്ടാമതും ളുഹർ തുടങ്ങും. ളുഹർ അവസാനിക്കുകയും ജുമുഅ തുടങ്ങുകയും ചെയ്യുന്ന സ്ഥലം അനിവാര്യമാണ്. ഈ സ്ഥലം ഒരു പട്ടണത്തിൽ വരാൻ പാടില്ല. അങ്ങനെ വന്നാൽ ഒരു നാട്ടിൽ തന്നെ രണ്ടു ദിവസം എന്ന വിരോധാഭാസമുണ്ടാകും.

ആൾതാമസം പറ്റാത്ത കടലിൽ മാത്രമെ ഇതുവരാൻ പാടുള്ളൂ. അങ്ങിനെ IDL തീരുമാനിക്കപ്പെട്ടതു 1886-ലാണ്. അതുവരെ അത് അറിയൽ മനുഷ്യർക്ക് അനിവാര്യമായിരുന്നില്ല. കാരണം ലോകം മുഴുവനും ചുറ്റിസഞ്ചരിച്ചതു അടുത്തകാലത്താണ്. പഴയ കാലത്ത് എഴുതിയ നമ്മുടെ ഫിഖ്ഹ് ഗ്രന്ഥങ്ങളിൽ ഇതു കാണാത്തത് അതുകൊണ്ടാണ്. ഡോ. ഇൽയാസിന്റെ കലണ്ടറിൽ ഇതിനു യാതൊരു സ്ഥാനവുമില്ല. അദ്ദേഹം കണ്ടെത്തിയതു 'ലൂണാർ ഡെയ്റ്റ് ലൈൻ' തിയറിയാണ്. ഖാലിദ് ഷൗക്കത്ത് ഇതിനെ 'വിസിബിലിറ്റി കർവ്സ്' എന്ന് വിളിക്കുന്നു. വളഞ്ഞ വരകൾ കൊണ്ടു അവർ ഉദ്ദേശിക്കുന്നത് ഹിലാൽ കാണുന്ന ഭാഗവും കാണാത്ത ഭാഗവും. ചിലപ്പോൾ ഇതു ഹറമിനെ വിഭജിച്ചു കൊണ്ടു പോകും. അപ്പോൾ ഹറമിൽ തന്നെ നോമ്പുള്ളവരും പെരുന്നാൾ ആചരിക്കുന്നവരും ഉണ്ടാകുന്ന രൂപം വന്നുചേരും. എന്തൊരു അപഹാസ്യമാണിത്? ഈ വങ്കത്തമാണ് മുസ്‌ലിം ലോകം ഇപ്പോൾ ചെയ്തുവരുന്നത്.

വലിയ ഒരു വ്യക്തിയായ ഡോ. ഉമർ അഫ്സൽ പറയുന്നത് ഇസ്‌ലാമിക് കലണ്ടർ ഉണ്ടാക്കുക സാധ്യമല്ലെന്നാണ്. ഹിലാൽ കണ്ടാലെ മാസം തുടങ്ങുക എന്നാണെങ്കിൽ കലണ്ടർ ഉണ്ടാക്കുക സാധ്യമല്ലല്ലോ! ഇതാണോ ഖുർആൻ കൽപിച്ച കലണ്ടറിന്റെ വിധി?




പെരുന്നാൾ രണ്ടു ദിവസത്തിലാകുവാൻ പാടില്ല. ദിവസം എന്നു പറയുമ്പോൾ 24 മണിക്കൂർ എന്നല്ല അതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഏഴു പേരുകളുള്ള ദിവസങ്ങളാണവ. വെള്ളി ഒരു ദിവസം, ശനി വേറൊരു ദിവസം. വെള്ളിയും ശനിയും ഈദുൽ ഫിത്വറാകുവാൻ പാടില്ല. കഴിഞ്ഞ ഈദുൽ ഫിത്വർ (2015) വെള്ളിയാഴ്ചയിലായിരുന്നു. അന്നു കേരളം നോമ്പെടുത്തു അല്ലാഹുവിന്റെ കല്പനയെ ധിക്കരിച്ചു.

### കെ.പി.യുമായി അഭിമുഖം

ഞാൻ തമിഴ്നാട്ടിൽ വേദാളയിലായിരുന്നു. കേരളാ ഹിലാൽ കമ്മിറ്റിയുടെ കലണ്ടറിൽ ശഅ്ബാൻ ഒരു ദിവസം പിന്നിലാണെന്നറിഞ്ഞത് ശഅബാൻ അവസാനഘട്ടത്തിലായിരുന്നു. ഇത് അറിഞ്ഞിട്ടും ഒന്നും പറയാതിരുന്നാൽ നാളെ മഹ്ശറിൽ എന്നോടു അല്ലാഹു ചോദിക്കുകയില്ലേ എന്നത് എന്നെ വല്ലാതെ വിഷമിപ്പിച്ചു. ഒരു കത്തയച്ചാൽ എത്തുകയില്ല. ഒരു ടെലഗ്രാം അയച്ചാൽ ശരിക്കു മനസ്സിലാവുകയില്ല. അതുകൊണ്ട് ഞാൻ തന്നെ കെ.പി.യെ കാണുവാനായി കോഴിക്കോട്ടേക്കു പുറപ്പെട്ടു. രാത്രി മുഴുവൻ യാത്ര ചെയ്തു രാവിലെയാണ് എത്തിയത്.

മുജാഹിദു സെന്ററിൽ പോയി അന്വേഷിച്ചു. മൗലവിക്ക് സുഖമില്ലെന്നും ഇപ്പോൾ വരാറില്ലെന്നും അവർ പറഞ്ഞു. അദ്ദേഹത്തിന്റെ അഡ്രസ്സ് എഴുതിത്തന്നു. അങ്ങനെ ഞാൻ വളവന്നൂരിലേക്ക് ബസ്സ് കയറി. അവിടെ എത്തിയപ്പോൾ മൗലവി സാഹിബിന്റെ കൂടെ കുറച്ചു പണ്ഡിതന്മാരുമുണ്ട്. ഞാൻ അലിമണിക്ഫാനാണെന്നു പറഞ്ഞപ്പോൾ അദ്ദേഹത്തിനു എന്നെ മനസ്സിലായി. ഞങ്ങൾ കുറെ കത്തുകൾ കൈമാറിയിരുന്നു. മൗലവി സാഹിബ് എന്നെ പരിചയപ്പെടുത്തി. പിന്നീട് കുറച്ചു കഴിഞ്ഞപ്പോൾ അവരെല്ലാവരും പോയി.

ഞാൻ മൗലവി സാഹിബിനോടു പറഞ്ഞു. നിങ്ങളുടെ കലണ്ടറിൽ ശഅ്ബാൻ ഒരു ദിവസം തെറ്റിയിട്ടുണ്ട്. അത് 29 തെറ്റിക്കുമല്ലോ. അദ്ദേഹം പറഞ്ഞു **'അശ്ശംസുവൽ ഖമറുബിഹുസ്ബാൻ'** സൂര്യനും ചന്ദ്രനും കണക്ക് പ്രകാരമാണ് ചലിക്കുന്നത്. അതിനു മാറ്റമില്ല. എന്നാൽ എനിക്ക് ഈ കണക്ക് കൂട്ടാൻ അറിയുകയില്ല. നമുക്ക് വേണ്ടി കണക്കു കൂട്ടുന്ന ശാസ്ത്രജ്ഞൻ അഹ്മദ് കുട്ടി സാഹിബാണ്. നിങ്ങൾ അദ്ദേഹത്തെ കണ്ടു സംസാരിച്ചു കൊള്ളൂ. അഹ്മദ് കുട്ടി സാഹിബിന്റെ അഡ്രസ്സ് എഴുതിത്തന്നു. ഭക്ഷണം കഴിച്ചതിനു ശേഷം അദ്ദേഹത്തിന്റെ ജീപ്പിൽ കയറ്റി എന്നെ ബസ് സ്റ്റോപ്പിൽ എത്തിച്ചു. ഞാൻ കോഴിക്കോട്ടേക്ക് മടങ്ങി.


എനിക്ക് അഹ്മദ് കുട്ടി സാഹിബിനെ അറിയില്ല. തിരൂരങ്ങാടി പരപ്പനങ്ങാടിക്ക് അടുത്താണ്. പരപ്പനങ്ങാടിയിൽ എന്റെ ബന്ധുവായ ഹുസൈൻ ദീദിയുടെ മക്കൾ താമസിക്കുന്നുണ്ട്. അവരെ കണ്ടിട്ടു അഹ്മദ് കുട്ടി സാഹിബിനെ കാണണമെന്നു ആവശ്യപ്പെട്ടു. അദ്ദേഹം പറഞ്ഞു അത് എളുപ്പമാണ്. കമാൽ പാഷയുടെ വീടിനടു

ത്താണ്. കമാൽ പാഷയെ കൂട്ടീട്ടു പോകാം. എനിക്കു അന്നു കമാൽപാഷയെയും അറിയില്ലായിരുന്നു.

രാവിലെ കമാൽപാഷ യുടെ വീട്ടിലെത്തി കമാൽപാ ഷയും ഞങ്ങൾ രണ്ടുപേരും അഹ്മദ് കുട്ടി സാഹിബിന്റെ വീട്ടിലെത്തി. അദ്ദേഹം പ്രാതൽ കഴിക്കുവാൻ ക്ഷണിച്ചു. അതിനുശേഷം ഞാൻ അദ്ദേഹത്തോടു പറ ഞ്ഞു. മൗലവി സാഹിബ് പറ ഞ്ഞിട്ടാണ് ഞാൻ വന്നത്. കലണ്ടർ ഗണിക്കുന്ന ശാസ്ത്രജ്ഞർ നിങ്ങളാണ്. നിങ്ങളുടെ കലണ്ടറിൽ ശഅ്ബാൻ തെറ്റിയിട്ടുണ്ട്. അപ്പോൾ അദ്ദേഹം പറഞ്ഞു. "എന്റെ കലണ്ടർ ഉണ്ടാക്കി യത് ലണ്ടൻ ഇഫെമെറിസ്, അമേരിക്കൻ ഇഫെമെറിസ്, ഇന്ത്യൻ ഇഫെമെറിസ്'' എന്നീ മൂന്ന് ഗ്രന്ഥങ്ങൾ നോക്കിയിട്ടാണ്. കണക്കുകൾ കാൽക്കുലേറ്റർ ഉപയോഗി ച്ചാണ് ചെയ്തത്. തെറ്റാനുള്ള സാധ്യത ഇല്ല. ഞാൻ പറ ഞ്ഞു. എന്നാൽ നമുക്ക് മക്കക്ക് ഒരു കോൾ ബുക്ക് ചെയ്യാം. (അന്ന് മൊബൈൽ ഇല്ല). അദ്ദേഹത്തിന് സംഗതി മനസ്സിലായി. അദ്ദേഹം പറഞ്ഞു എനിക്കിപ്പോൾ അതിനു സമയമില്ല. ഞാൻ ഒരു സ്ഥലത്തേക്ക് പോകാൻ ഒരുങ്ങിയിരിക്കയാണ്. എന്നിട്ടു അദ്ദേഹം സ്ഥലംവി ട്ടു.

കമാൽപാഷ പറഞ്ഞു. ഇനിയെന്താണ് ചെയ്യേണ്ടത്. ഞാൻ പറഞ്ഞു എന്റെ ബാധ്യത തീർന്നു. വിവരം അറിയേണ്ടവരെ അറിയിച്ചു. നാളെ മഹ്ശറിൽ ഞാൻ പിടി ക്കപ്പെടുകയില്ല. ഞാൻ തിരിച്ചു തമിഴ്നാട്ടിലേക്ക് മട ങ്ങുകയാണ്. അങ്ങനെ ഞങ്ങൾ പിരിഞ്ഞു. പരപ്പന ങ്ങാടിയിൽ എത്തിയപ്പോൾ നാഹിദും പറഞ്ഞു. ഇനി വേറൊരാളും കൂടി ഉണ്ട്. നമുക്ക് അദ്ദേഹത്തോടും പറ യാം. അത് ഹിജ്റ ഹിലാൽ കമ്മിറ്റിയുടെ ശാസ്ത്രജ്ഞൻ കെ.പി ഹസ്സൻ പള്ളിക്കണ്ടി. അദ്ദേഹത്തെ കാണുവാനായി കോഴിക്കോട് നിന്ന് ഞങ്ങൾ രണ്ടുപേരും ഒരു ഓട്ടോയിൽ കയറി അങ്ങോട്ടും ഇങ്ങോട്ടും ഓടി. അദ്ദേഹത്തെ കാണു വാൻ സാധിച്ചില്ല. ഞാൻ തമി ഴ്നാട്ടിലേക്ക് മടങ്ങി.

വേദാളയിൽ എത്തി റേഡിയോ തുറന്നപ്പോൾ അറി യാൻ സാധിച്ചതു മക്കയിലും പരിസരങ്ങളിലും നോമ്പു തുടങ്ങി എന്നാണ്. കേരള ക്കാർ ഹിലാൽ ദർശനത്തിന് ഒരുങ്ങുകയുമാണ്. കണ്ടില്ലെ ങ്കിൽ പിറ്റേന്നും നോമ്പുണ്ടാ വില്ല. അല്ലാഹു ഫർളാക്കി യത് റമളാൻ മാസത്തിന്റെ നിശ്ചിത നോമ്പുകളാണ്. ശഅ്ബാന്റെയോ ശവ്വാലി ന്റെയോ അല്ല. ഖുർആൻ വളരെ വ്യക്തമാണ് യാതൊ രു സംശയത്തിനും ഇടയില്ല. റസൂൽ(സ) അറിയിച്ചതും "അസ്വൗമു യൗമു യസ്വൂമു ന്നാസ്'' നോമ്പു ജനങ്ങൾ നോമ്പെടുക്കുന്ന നാളിലാണ് വേണ്ടത്. നാൾ വെള്ളിയാഴ്ച യാണെങ്കിൽ ലോകജനത വെള്ളിയാഴ്ച തന്നെ നോമ്പെ ടുക്കണം എന്നത് വളരെ വ്യക്തമാണ്. ഒരു കൂട്ടം വെള്ളിയാഴ്ച മറ്റൊരു കൂട്ടം ശനിയാഴ്ച വേറൊരു കൂട്ടം ഞായറാഴ്ച ഇങ്ങനെ ഒരു മാസം മൂന്നു ദിവസങ്ങളിൽ തുടങ്ങുന്ന വിരോധാഭാസം ഇസ്‌ലാം അല്ല. ഈ വിഡ്ഢി ത്തം ആവർത്തിക്കുവാൻ പാ ടില്ല. 1965ൽ അങ്ങനെ നടന്നു. ഇപ്പോൾ 2015ലും അതേഗതി. ഇനി 2055ലും ഇതുതന്നെയാ യിരിക്കുമോ? "കുല്ലു ബിദ്അ ത്തിൻ ളലാല."



### എഴുത്തു കുത്തുകൾ

കെ.പി മൗലവി സാഹി ബിനും അഹ്മദ് കുട്ടി സാഹി ബിനും ഞാൻ കത്തയച്ചു. അഹ്മദ് കുട്ടി സാഹിബ് ഒരു മറുപടിയും തന്നില്ല. മൗലവി സാഹിബു കുറെ കത്തുകൾ പിന്നീട് അയച്ചു. അവസാനം അദ്ദേഹവും നയം മാറ്റി. പിന്നീട് എഴുതിയ ഒരു കത്തിനും അദ്ദേഹം മറുപടി അയച്ചില്ല. അദ്ദേഹം അവസാ നമയച്ച കത്തിൽ ഇങ്ങനെ എഴുതി: 'ഇപ്പോൾ എന്റെ വീക്ഷണം അവിടെ നമസ്ക രിക്കുമ്പോൾ നമ്മൾ ഇവിടെ



നമസ്കരിക്കേണ്ടതില്ല. അതു കൊണ്ട് അവിടെ പെരുന്നാൾ ആചരിക്കുമ്പോൾ ഇവിടെ പെരുന്നാൾ ആചരിക്കേണ്ടതു മില്ല എന്നാണ്.' അതിന് ഞാൻ മറുപടി അയച്ചു. 'മൗലവി സാഹിബ് പറയുന്നതു പോലെയാണെങ്കിൽ അവിടെ ജുമുഅ നമസ്കരിക്കുന്ന ദിവസം ഇവിടെ ജുമുഅ നമസ്കരിക്കേണ്ടതില്ല. അതിന്നടുത്ത ദിവസമാണ് ഇവിടെ ജുമുഅ നമസ്കരിക്കേണ്ടത് എന്നായിരുന്നു.' അതോടെ അദ്ദേഹം എഴുത്തു നിർത്തി. കേരള ഹിലാൽ കമ്മിറ്റിയുടെ ശാസ്ത്രജ്ഞനായ അഹ്മദ് കുട്ടി സാഹിബിനെ പിന്നീടു പലതവണ ഞാൻ കാണുകയുണ്ടായി. അദ്ദേഹം പറഞ്ഞത് ''കേരള ഹിലാൽ കമ്മിറ്റിയുടെ കലണ്ടറുടെ മാനദണ്ഡം കേരളക്കരയിലെ സൂര്യചന്ദ്രന്മാരുടെ അസ്തമന വ്യത്യാസമാണ്. 1 മിനിട്ടുനു ശേഷം ചന്ദ്രൻ അസ്തമിക്കുകയാണെങ്കിൽ അടുത്ത ദിവസം ഒന്നാം തിയതിയാണെന്നാണ്. 1 മിനിട്ടിനു മുമ്പ് ചന്ദ്രൻ അസ്തമിക്കുകയാണെങ്കിൽ മുപ്പതു തികയ്ക്കും.''

ഈ മാനദണ്ഡം ഉപയോഗിച്ചാൽ എല്ലാ നാടുകളിലും ഒരുപോലെയുള്ള തിയതികൾ കിട്ടുമോ എന്നതിനു അദ്ദേഹം പറഞ്ഞത് 'ഇല്ല. ഇത് എന്റെ അഭിപ്രായമല്ല. ഇതു ഹിലാൽ കമ്മിറ്റിയുടെ പണ്ഡിതന്മാരുടെ അഭിപ്രായമാണ്' എന്നാണ്. റാബിത്വ ലോകത്ത് പ്രസിദ്ധീകരിച്ച ഈ തെറ്റായ മാനദണ്ഡം ഇപ്പോൾ ലോകത്ത് വലിയ പ്രശ്നം സൃഷ്ടിച്ചിരിക്കുകയാണ്. അഹ്മദ് കുട്ടി സാഹിബ് പറഞ്ഞത് പണ്ഡിതന്മാരുടെ അഭിപ്രായത്തെ എതിർക്കുവാൻ മാത്രമുള്ള മതപരമായ അറിവ് എനിക്കില്ലെന്നാണ്. ഡോ. ഇൽയാസും പറഞ്ഞതും ഇതുതന്നെയാണ്.


### ഹിജ്റ കമ്മിറ്റിയിൽ

ഞാൻ അദ്ദേഹത്തോടു പറഞ്ഞു. ഇതു സ്ഥാപിച്ചു പോകുകയാണെങ്കിൽ മുസ്ലിംകൾ നാശത്തിലാകുകയില്ലേ? അദ്ദേഹം പറഞ്ഞു: 'എന്നാൽ നിങ്ങൾ ഒരു ശരിയായ കലണ്ടർ പ്രസിദ്ധീകരിക്കുക.' ഹിജ്റ കമ്മിറ്റിയിൽ ചേർന്നപ്പോൾ ഞാൻ ഹിജ്റ കലണ്ടർ പ്രസിദ്ധീകരിക്കുവാൻ തുടങ്ങിയത് അതുകൊണ്ടാണ്. എന്നാൽ കേരള ഹിലാൽ കമ്മിറ്റി ഇതിനെയും അവഗണിക്കുകയാണുണ്ടായത്. അവരുടെ തെറ്റായ മാനദണ്ഡം ഖുർആനും സുന്നത്തുമാണെന്ന് ജനങ്ങളെ ധരിപ്പിക്കുന്നു. എന്നിട്ട് ഗ്രിഗോറി കലണ്ടറിൽ തിയ്യതികൾ തെറ്റിച്ച് കലണ്ടറുകൾ ഉണ്ടാക്കി വിലപ്നയാക്കിയിരിക്കുകയാണ്. ഈ പണി ഇപ്പോഴും തുടരുകയുമാണ്. വല്ലപ്പോഴും കണക്കുമായി ഒത്തുവന്നാൽ അതനുസരിച്ച് ഇബാദത്തെടുക്കാൻ ജനങ്ങളെ അനുവദിക്കുന്നുമില്ല. അപ്പോൾ 'കാഴ്ച'ക്കാര്യം പറഞ്ഞ് വട്ടം കറക്കുകയാണ്.

എല്ലാ മുസ്ലിം നാടുകളിലും തിയതി നിർണ്ണയിക്കുന്നതു അതാതു സ്ഥലത്തെ ഖാസിമാരാണ്. ഇപ്പോൾ മുസ്ലിംകൾ ഈ കലണ്ടർ ഉപയോഗിക്കാറില്ല. ഗ്രിഗോറിയൻ കലണ്ടറാണ് അവർ ഉപയോഗിക്കുന്നത്. ഡോ. ഉമർ അഫ്സലിനെ പോലുള്ള വ്യക്തികൾ പോലും ചന്ദ്രമാസ കലണ്ടർ ഉണ്ടാക്കാൻ പറ്റുകയില്ലെന്ന് പറയുമ്പോൾ സാധാരണക്കാരുടെ ഗതി എന്തായിരിക്കും?

ഖുർആനിൽ അല്ലാഹു കൽപിച്ച ചന്ദ്രമാസക്കലണ്ടർ അവഗണിക്കുകയും ഗ്രിഗോറിയുടെ കലണ്ടർ അംഗീകരിക്കുകയും ചെയ്യുന്ന മുസ്ലിംകളുടെ അവസ്ഥ എന്തായിരിക്കുമെന്നതു ചിന്തിക്കേണ്ടതുണ്ട്. ഖുർആൻ 4: 115 നോക്കുക.

*(തുടരുന്നു)*


CELEBRATING
30th year
With Finest Collections
SARI KENDRA
SAREES & SALWARS
Since 1986
Court Road, Calicut

KANNANKANDI
SILKS

**S.M Street, Calicut**

**Phone: 0495 2721385**

ചരിതം

ഡോ. ഹുസൈൻ രണ്ടത്താണി

# പുതിയ മതം - ദീനേ ഇലാഹി

തൗഹീദേ ഇലാഹി (ദീനേ ഇലാഹി) എന്ന പേരിൽ സ്വന്തമായ ഒരു പ്രസ്ഥാനം തന്നെ അക്ബർ സ്ഥാപിച്ചു. അതിന് ചില ചട്ടങ്ങളും നിയമങ്ങളും എഴുതിയുണ്ടാക്കി. ഇതിലെ അംഗങ്ങൾ ഇസ്‌ലാമിലെ അഭിവാദന വചനമായ അസ്സലാമു അലൈകും എന്നതിനു പകരം അല്ലാഹു അക്ബർ എന്നാണ് പറഞ്ഞുവന്നത്. അല്ലാഹു, അക്ബറാണ് എന്ന അർത്ഥത്തിലാണത്രെ ഈ വചനം ഉപയോഗിച്ചത്. പക്ഷെ, അക്ബർ അക്കാര്യം സമ്മതിക്കുന്നില്ല. നാണയങ്ങളിൽ പോലും തന്റെ സ്ഥാനപ്പേര് മാറ്റി 'അല്ലാഹു അക്ബർ' എന്ന് മുദ്രണം ചെയ്തു. മഴ വർഷിപ്പിക്കുക തുടങ്ങിയ പല സിദ്ധികളും അക്ബറിന് ഉണ്ടായിരുന്നുവെന്ന് അബുൽ ഫസ്ൽ അവകാശപ്പെട്ടു.

അക്ബറിന്റെ പുതിയ പ്രസ്ഥാനം മുസ്‌ലിംകളെ അമ്പരിപ്പിച്ചു. പോരാത്തതിന് കിംവദന്തികളും പരന്നു. അദ്ദേഹം പള്ളികൾ അടച്ചുപൂട്ടിയെന്നും പലതും തകർത്തുവെന്നും വാർത്തകൾ പരന്നു. അന്തപുരത്തിലെ സ്ത്രീകൾ 'ലാഇലാഹ ഇല്ലല്ലാ അക്ബർ റസൂലുല്ലാ' (അല്ലാഹുവല്ലാതെ വേറെ ഇലാഹില്ല; അക്ബർ അവന്റെ ദൂതനാണ്) എന്ന 'കലിമ'യാണ് ഉച്ചരിക്കുന്നതെന്ന് വാർത്ത വന്നു. കോട്ടക്കു സമീപം അക്ബർ പുതിയ മദ്യശാല തുറന്നിട്ടുണ്ടെന്നും അവിടെ മദ്യത്തിൽ പന്നിമാംസം ചേർക്കുന്നുണ്ടെന്നും പ്രചരിച്ചു. സ്ത്രീകളുമായി ബന്ധപ്പെട്ടതിനു ശേഷം കുളിക്കുക എന്ന ഇസ്‌ലാമിന്റെ നിബന്ധനക്കു പകരം കുളിച്ചു ബന്ധപ്പെടുക എന്ന നിയമം അക്ബർ സ്വീകരിച്ചുവെന്ന് വിമർശകനായ ബദായൂനി ആരോപിച്ചു.

അക്ബർ ഏകദൈവത്തിൽ ഉറച്ചു വിശ്വസിച്ചുവെന്ന് അക്ബർ നാമ വ്യക്തമാക്കുന്നു. ദൈവത്തെ ആരാധിക്കാൻ വിഗ്രഹങ്ങളുടെയോ കുറേ കർമങ്ങളുടെയോ ആവശ്യമില്ലെന്ന് അദ്ദേഹം കരുതി. ചില സൂഫികളുടെയും ഭക്തിപ്രസ്ഥാന നേതാക്കളുടെയും സന്ദേശവും അതായിരുന്നു പ്രകാശത്തിന്റെ ഉറവിടമായ സൂര്യന് അദ്ദേഹം ഉന്നതസ്ഥാനം നൽകുന്നു. ചീത്ത കാര്യങ്ങൾ ചെകുത്താന്റെ സൃഷ്ടിയാണെന്ന് പറയുന്നത് ദൈവത്തിൽ പങ്കുചേർക്കലാണെന്നും മറിച്ച് എല്ലാ കാര്യങ്ങളും ദൈവത്തിൽ നിന്നാണെന്നും അദ്ദേഹം ഉറപ്പിച്ചു. അവതാരങ്ങളിൽ വിശ്വസിച്ചില്ല.

അക്ബർ 'ദീനീ ഇലാഹി' എന്നൊരു മതമുണ്ടാക്കി എന്നത് ചരിത്ര രചനയിൽ സംഭവിച്ച ഒരു അബദ്ധത്തിന്റെ ഫലമാണെന്ന് പ്രൊഫ. അത്താർ അലി വ്യക്തമാക്കുന്നു. അബുൽ ഫസ്‌ലിന്റെ അക്ബർനാമ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത ബ്ലോക്ക്മാൻ ആണ് ഈ അബദ്ധം ചെയ്തത്. വിവർത്തനത്തെ ആശ്രയിച്ച പിൽക്കാല ചരിത്രകാരന്മാർ ഈ തെറ്റ് ആവർത്തിക്കുകയായിരുന്നു.

യഥാർത്ഥത്തിൽ തന്റെ പേരിൽ ഒരു സൂഫീ ത്വരീഖത്ത് പ്രസ്ഥാനം ആരംഭിക്കുകയാണ് അക്ബർ ചെയ്തത്. ഹൽഖായെ ഇറാദ, സിൽസിലായേ മുരീദാൻ എന്നൊക്കെയാണ് അക്ബർനാമയിൽ ഇതിന്റെ പേര്. ഈ വാക്കുകൾക്കാണ് ബ്ലോക്ക്മാൻ 'ദീനേ ഇലാഹി', പുതിയ മതം എന്നൊക്കെ പേരു കൊടുത്തത്. ഈ ത്വരീഖത്ത് വ്യാജവും മതപരിത്യാഗപരവുമായതിനാലാണ് മുസ്‌ലിം പണ്ഡിതന്മാർ ഇതിനെ എതിർത്തത്. തന്റെ മാർഗത്തിലേക്ക് അക്ബർ ആരെയും നിർബന്ധിച്ചില്ല എന്നത് അദ്ദേഹത്തിന്റെ സഹിഷ്ണുതക്ക് മറ്റൊരു തെളിവാണ്.

*(കടപ്പാട്: ഇന്ത്യാ ചരിത്രത്തിലെ മുസ്‌ലിം സാന്നിദ്ധ്യം പേജ് 229, 230)*

# പിച്ചപ്പാള

അറബിപ്പണമൊഴുകിമൊഴുകിവന്നതും
സൗധങ്ങൾ, സമ്പാദ്യങ്ങളുയർന്നുയർന്നതും
കൗതുകമെവിടെയും വാണരുളീടുന്നതും
സുഖിച്ച് പൊങ്ങച്ച ധൂർത്തിനായി രമിപ്പതും.
ജോലികളേറെയും, ചെയ്‌വാനാളില്ലാത്തതും
കൂലിയേറെ, വേണ്ടതില്ലത് നമുക്കൊന്നുമേ.
നേരമില്ല, നല്ലതിനൊട്ടും നേരമില്ലാത്തോർ
മെയ്യിളകാതെ, ചൊങ്കനായി വിലസിടുന്നോർ.
വന്നല്ലോ തമിഴൻ, ബംഗാളി, നേപ്പാളി,
ബീഹാറി, ആസാമി, മണിപ്പൂരാദികളും
ചെയ്യുന്നു വേലകളവർ കരങ്ങളാൽ
കൊയ്യുന്ന കോടികളുമായവർ സദനാനന്ദം
രക്ഷിപ്പവർ ബന്ധുമിത്രാദികളെയെല്ലാം.
കൈരളി ജന ഖജനാകളൊക്കെക്കാലിയായ്.
തമിഴൻ തക്കാളിക്ക് പൊന്നുംവില,
മലയാളി തൻ കേരക്ക് പുല്ലുവില,
സവാള, പരിപ്പ്, കടല, ചെറുപയറാദികൾക്ക്
നൂറുകളെറിഞ്ഞാലും കിട്ടാക്കനി തന്നെയാം.
ദരിദ്രമുദ്ര പതിച്ചു പട്ടിണിയിലന്തികൊള്ളും
മലയാളിയിതാ പിച്ചപ്പാളയേന്തി നടപ്പതോ??

**കാവലാൾ: "നിന്റെ കൈ പിരടിയിൽ ബന്ധിപ്പിക്കപ്പെട്ടതാക്കരുത്. മുഴുവനായങ്ങ് അഴിച്ചു വിടുകയുമരുത്. അങ്ങനെ ചെയ്താലോ നീ നിന്ദിതനും കഷ്ടപ്പെട്ടവനുമായിരിക്കേണ്ടി വരുന്നതാണ്." (വിശുദ്ധ ഖുർആൻ 17: 29)** *(അബൂ ഹിബ്ബാൻ)*

---

## പെൺകുഞ്ഞിനെ അമ്മ അടുപ്പിലിട്ടു കൊന്നു

അമരാവതി: രണ്ടാമതും പെൺകുഞ്ഞിനെ ജന്മം നൽകിയ അമ്മ ദാരിദ്ര്യവും അമ്മായിയമ്മപ്പോരും കാരണം ഒരു മാസം പ്രായമായ കുഞ്ഞിനെ അടുപ്പിലെറിഞ്ഞ് കൊന്നു. മഹാരാഷ്ട്രയിലെ ഗോർഖേദകുംഭിയിൽ ജനുവരി മൂന്നിനാണ് സംഭവം. 23-കാരിയായ അമ്മയെ പോലീസ് അറസ്റ്റ് ചെയ്തു. കുട്ടിയുടെ മൃതദേഹം കണ്ടെടുത്തു. രണ്ടാമതും പെൺകുട്ടിക്ക് ജന്മം നൽകിയതിന് അമ്മായിമ്മ തന്നെ പീഡിപ്പിച്ചിരുന്നതായി ഇവർ പറഞ്ഞു.

*(പത്രവാർത്ത 07/01/2016)*

## 'ജാഹിലിയ്യത്ത്' തിരിച്ചെത്തുന്നു!

1437 വർഷങ്ങൾക്ക് മുമ്പ് അറബിഗോത്രങ്ങളിൽ ചിലർ ദുരഭിമാനത്താലും ദാരിദ്ര്യഭയത്താലും സ്വന്തം കുഞ്ഞിനെ ജീവനോടെ കുഴിച്ചുമൂടിയിരുന്നു. ഇസ്‌ലാം അത് അവസാനിപ്പിച്ചു. വിശുദ്ധ ഖുർആൻ കർശനമായത് നിരോധിച്ചു. ആ ക്രൂരത കാണിക്കുന്നവരുടെ മനസ്സിനെ സംസ്കരിച്ചു മാറ്റിയെടുത്തു. മഹത്തായ ഭാരതം ഇന്നിതാ 14 നൂറ്റാണ്ടിനപ്പുറത്തേക്ക് പ്രയാണം ചെയ്യുന്നു. പ്രബോധകരേ, ജാഗ്രതൈ.

അല്ലാഹു പറയുന്നു: **''താൻ എന്തു കുറ്റത്തിനാണ് വധിക്കപ്പെട്ടതെന്ന് ജീവനോടെ കുഴിച്ചു മൂടപ്പെട്ട പെൺകുഞ്ഞ് ചോദിക്കപ്പെടുമ്പോൾ! .......... വിചാരണ വേദിയിൽ ഓരോ വ്യക്തിയുടെയും ചെയ്തികൾ എന്തെന്നറിയുകതന്നെ ചെയ്യും." (സൂറ. അത്തക്‌വീർ: 89, 14). ''അവരിലൊരുവന്ന് ഒരു പെൺകുഞ്ഞുണ്ടായ സദ്‌വാർത്ത കിട്ടിയാൽ കോപാകുലനായിട്ട് മുഖം കറുത്തിരുണ്ടുപോകുന്നു! തനിക്ക് ലഭിച്ച 'സദ്‌വാർത്ത'യിലെ അപമാനത്താൽ അവൻ ഒളിവിൽ പോകുന്നു! അപമാനത്തോടെ ആ കുഞ്ഞിനെ പോറ്റേണമോ, അതോ അതിനെ മണ്ണിൽ കുഴിച്ചുമൂടേണമോ? ശ്രദ്ധിക്കൂ. അവരെടുക്കുന്ന തീരുമാനം എത്ര നീചം!?" (വി.ഖു. നഹ്ൽ: 58, 59).**

വാൽക്കഷ്ണം: പ്രപഞ്ചനാഥനായ ദൈവത്തിനു പെൺമക്കളായ ദേവദാസികളും ദേവിദേവന്മാരും ഉണ്ടെന്നു പറഞ്ഞ് അവരെ പൂജിച്ച് ആരാധിക്കുന്നവർക്കും പെൺകുഞ്ഞ് വേണ്ടെന്ന ചിന്ത എത്ര ക്രൂരമാണ്? തനിക്ക് അഹിതമായിട്ടുള്ളത് ദൈവത്തിന്റെ പേരിൽ ആരോപിക്കുമ്പോൾ അവൻ ദൈവമഹത്വം ഗൗനിക്കുന്നേയില്ല!

*(ബക്കർ റഹ്മാൻ)*

കുടുംബം



# മത വിരുദ്ധ വിവാഹവും മുസ്‌ലിംകളും

മണ്ണുംകുഴി അബ്ദുല്ലാഹ്

**"തീർച്ചയായും നിങ്ങളുടെ പരിശ്രമം വിഭിന്ന രൂപത്തിലുള്ളതാകുന്നു. എന്നാൽ, ഏതൊരാൾ ദാനധർമ്മം നൽകുകയും തഖ്‌വയുള്ളവരായിത്തീരുകയും ഏറ്റവും നല്ലതിനെ സത്യപ്പെടുത്തുകയും ചെയ്യുന്നുവോ അവനു നാം എളുപ്പമുള്ളതു സൗകര്യപ്പെടുത്തിക്കൊടുക്കും. എന്നാൽ, ആര് പിശുക്ക് കാണിക്കുകയും സ്വയം തികഞ്ഞവനാണെന്നു നടിക്കുകയും ഏറ്റവും നല്ലതിനെ നിഷേധിച്ചു തള്ളുകയും ചെയ്യുന്നുവോ അവനു നാം ഏറ്റവും പ്രയാസമുള്ളതു സൗകര്യപ്പെടുത്തി കൊടുക്കുന്നതാകുന്നു." (സൂറത്ത് അല്ലൈൽ: 4-10).**

എത്ര വ്യക്തമായാണ് അല്ലാഹു നമുക്ക് കാര്യങ്ങൾ വിവരിച്ചു തരുന്നത്. അല്ലാഹു എളുപ്പമാക്കിയതിനെ തള്ളിക്കളയുകയും അവൻ പ്രയാസമാക്കിയതിനെ തിരഞ്ഞെടുക്കുകയും ചെയ്യുന്ന നമ്മുടെ ഇന്നത്തെ തോന്ന്യാസങ്ങൾക്ക് ആരാണ് ഉത്തരവാദി?

ദീൻ അനുസരിച്ച് വിവാഹം നടത്തുകയാണെങ്കിൽ സാമ്പത്തിക നഷ്ടമോ, ശാരീരിക ബുദ്ധിമുട്ടുകളോ സഹിക്കേണ്ടതില്ല. ദീനിനു വിരുദ്ധമായി വിവാഹം നടത്തുകയാണെങ്കിൽ വീടും പറമ്പും നഷ്ടപ്പെടുത്തിക്കൊണ്ടുള്ള സാമ്പത്തിക നഷ്ടങ്ങളും, ഊണും ഉറക്കവും ഉപേക്ഷിച്ചുകൊണ്ട് മാസങ്ങളോളം നീണ്ടുനിൽക്കുന്ന ശാരീരിക ബുദ്ധിമുട്ടുകളും സഹിക്കേണ്ടിവരും. എന്നാൽ, നമ്മൾ ഇന്ന് ഏതാണ് തിരഞ്ഞെടുക്കുന്നത്? ദീനിനു വിരുദ്ധമായ കഷ്ടവും നഷ്ടവും സഹിച്ചുകൊണ്ടുള്ള വിവാഹ ചടങ്ങുകളെയല്ലേ? എന്താണ് നമുക്ക് ഇതുകൊണ്ടുള്ള പ്രയോജനം? അല്ലാഹുവിന്റെയും റസൂലിന്റെയും വെറുപ്പും വിരോധവും സമ്പാദിച്ചുകൊണ്ട് മറ്റു മനുഷ്യരെ

സന്തോഷിപ്പിച്ച് അതിൽ സ്വയം സംതൃപ്തനായിത്തീരുകയെന്നുള്ളതാണ്. അതായത്, അല്ലാഹുവിനും റസൂലിനും നമ്മുടെ ഹൃദയങ്ങളിൽ യാതൊരു സ്ഥാനവും വിലയും ഇല്ല. ഇത് എത്ര വലിയ ഭാഗ്യക്കേടാണ്? സ്വയം ചിന്തിച്ചിട്ടുണ്ടോ?

ഇന്ന് മുസ്‌ലിം സമുദായത്തിലെ ശരാശരി വരുമാനത്തിന് താഴെയുള്ള ദരിദ്ര കുടുംബങ്ങളിൽ പെൺമക്കൾ വളർന്നുവലുതാവുമ്പോൾ അസ്വസ്ഥതയും ഭയാശങ്കകളും ഉടലെടുക്കുന്നത് എന്തുകൊണ്ടാണ്? ആൺമക്കൾ ജനിക്കുന്നത് സൗഭാഗ്യവും പെൺമക്കൾ ജനിക്കുന്നത് ദൗർഭാഗ്യവുമായി മനസ്സിലാക്കുകയും വിലയിരുത്തുകയും ചെയ്യുന്നതിന്റെ കാരണമെന്ത്? ഇതിന് ഉത്തരവാദി ഇസ്‌ലാമാണോ? അല്ലാഹുവിന്റെ വിധിവിലക്കുകൾ അനുസരിച്ചു കൊണ്ടാണ് നാം നമ്മുടെ മക്കൾക്കു വിവാഹാലോചനയും മറ്റു ചടങ്ങുകളും നടത്തുന്നതെങ്കിൽ എത്ര വലിയ ദരിദ്രകുടുംബത്തിൽ എത്ര കൂടുതൽ പെൺമക്കൾ ജനിക്കുമോ അത്രയും അവർ സന്തോഷിക്കുകയല്ലേ വേണ്ടത്? ഇസ്‌ലാം എന്താണ് നമ്മോട് കൽപ്പിച്ചിട്ടുള്ളത്? പുരുഷൻ അങ്ങോട്ടു വിവാഹാലോചന നടത്തുകയും വധു ആവശ്യപ്പെടുന്ന 'മഹർ' നൽകി നിക്കാഹ് നടത്തുകയും അനാർഭാടമായ നിലയ്ക്ക് പുരുഷൻ സ്വന്തം ചെലവിൽ വിവാഹസദ്യ (വലീമ) നടത്തുകയും ചെയ്യാൻ വേണ്ടിയല്ലേ റസൂൽ തിരുമേനി(സ) പഠിപ്പിച്ചു തന്നിട്ടുള്ളത്. പുരുഷന്റ നിർബന്ധ ബാധ്യതയായി കൽപ്പിച്ച കാര്യങ്ങളെ സ്ത്രീയുടെ മേൽ അടിച്ചേൽപ്പിച്ച് യാതൊരു ഉളുപ്പും ലജ്ജയുമില്ലാതെ വധുവിന്റെ രക്ഷിതാവിൽ നിന്നും സ്ത്രീധനവും സ്വർണാഭരണവും സ്വത്തും വാഹനവും നിർബന്ധമായി ചോദിച്ചു വാങ്ങാൻ ഹൃദയത്തിൽ അണു അളവുപോലും ഈമാൻ അവശേഷിക്കുന്ന ഒരു മുസ്‌ലിമിന് എങ്ങനെ സാധിക്കും? അല്ലാഹുവിന്റെ വിധിവിലക്കുകളെ പരസ്യമായി ധിക്കരിക്കുകയും വെല്ലുവിളിക്കുകയും ചെയ്തുകൊണ്ട് പാവപ്പെട്ട മുസ്‌ലിം ജനസാമാന്യത്തെ കണ്ണീർ കുടിപ്പിക്കുന്നവരെക്കാൾ വലിയ അക്രമികൾ ആരാണുള്ളത്? അല്ലാഹു നമ്മെ കാത്തുരക്ഷിക്കുമാറാവട്ടെ. (ആമീൻ).

ആരുടെ ഹൃദയങ്ങളിൽ പണത്തോടുള്ള ആർത്തിയും അത്യാഗ്രഹവും എല്ലാറ്റിനേക്കാളും വലുതായി മാറിയിട്ടുണ്ടോ അങ്ങനെയുള്ളവരുടെ അടുത്ത് അല്ലാഹുവും റസൂലും യാതൊരു പരിഗണനയും അർഹിക്കുന്നില്ലെന്നാണ് ഇത് വ്യക്തമാക്കുന്നത്.

അല്ലാഹു പറയുന്നു:

**"തീർച്ചയായും അല്ലാഹുവിന്റെ റസൂലിൽ നിങ്ങൾക്ക് ഉത്തമ മാതൃകയുണ്ട്. അതായത്, ആര് അല്ലാഹുവിനെയും പരലോകത്തെയും പ്രതീക്ഷിക്കുകയും അല്ലാഹുവിനെ ഏറ്റവും കൂടുതലായി ഓർമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുവോ അവർക്കു മാത്രം (അത് പ്രയോജനപ്പെടുകയുള്ളൂ)." (സൂറതുൽ അഹ്സാബ് 21)**

അല്ലാഹുവിന്റെ റസൂലിനെ പിൻപറ്റി ജീവിക്കാൻ ആർക്കെങ്കിലും സാധിക്കണമെങ്കിൽ അതിനുള്ള അടിസ്ഥാന യോഗ്യതകൾ അറിവോ ബുദ്ധിയോ പണ്ഡിത്യമോ അല്ലെന്നും മറിച്ച് അല്ലാഹുവിന്റെ തൃപ്തിയും പരലോകരക്ഷയും ആഗ്രഹിക്കുകയും പ്രതീക്ഷിക്കുകയും ചെയ്തുകൊണ്ടും അല്ലാഹുവിന്റെ ചിന്തയിൽ ലയിച്ചുകൊണ്ടുമുള്ള ഹൃദയമാണെന്നും വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു. മറ്റു മനുഷ്യർ എന്തു പറയും, എന്തു വിചാരിക്കും, ആർക്ക് ഇഷ്ടപ്പെടും, ആർക്ക് ഇഷ്ടപ്പെടുകയില്ല തുടങ്ങിയ ചിന്തകളും ഭൗതികമായ താൽക്കാലിക വിജയപരാജയങ്ങളും മാത്രം കണക്കിലെടുത്തുകൊണ്ടുള്ള സ്വഭാവശീലങ്ങളുമുള്ളവർക്ക് അല്ലാഹുവിന്റെ റസൂലിനെ പിൻപറ്റാൻ ഒരിക്കലും സാധിക്കുകയില്ലെന്നാണ് വിശുദ്ധ ഖുർആൻ എടുത്തു പറയുന്നത്.

നമ്മുടെ ആഗ്രഹവും ചിന്തയും പരിശ്രമവും മുഴുവൻ ഭൗതിക ലാഭങ്ങൾക്കും നേട്ടങ്ങൾക്കും വേണ്ടി മാത്രമായി നാമിന്ന് ഉഴിഞ്ഞുവെച്ചിരിക്കുന്നതുകൊണ്ട് ദീൻ നമുക്ക് കഷ്ടവും ഭാരവും ബുദ്ധിമുട്ടുമുള്ളതായി അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു. ആരുടെ ആഗ്രഹവും ചിന്തയും പരിശ്രമവും അല്ലാഹുവിന്റെ മാർഗത്തിലാക്കി മാറ്റുമോ അവർക്കു മാത്രമേ ദീൻ എളുപ്പവും സുഖവും രസവുമുള്ളതായി അനുഭവപ്പെടുകയുള്ളൂ. അല്ലാഹു നമ്മെ അതിന് അനുഗ്രഹിക്കുമാറാവട്ടെ – ആമീൻ.

*(കടപ്പാട്: തൗഹീദും യാഥാർത്ഥ്യങ്ങളും പേജ്. 126–128)*

# പീഡിതർക്കു വേണ്ടി

"യുദ്ധം എന്തെന്ന് നമ്മൾ കണ്ടിട്ടില്ല. പട്ടിണി എന്തെന്ന് നമ്മൾ അറിഞ്ഞിട്ടില്ല. കിടപ്പാടം നഷ്ടപ്പെട്ട് കുഞ്ഞുങ്ങളെ കൈകളിൽ വാരിയെടുത്ത് പെട്ടിയും പ്രമാണങ്ങളുമായി ബോട്ടുകളിലും തീവണ്ടികളിലും കയറി നമ്മൾ എങ്ങും പോയിട്ടില്ല. നമ്മുടെ കൈക്കുഞ്ഞുങ്ങൾ ഐലൻ കുർദിനെപ്പോലെ നടുക്കടലിൽ വീണു മുങ്ങി മരിച്ചിട്ടില്ല.

മറ്റു രാജ്യങ്ങളിലെ കുഞ്ഞുങ്ങൾ നടുക്കടലിൽ വീണു മരിക്കുമ്പോൾ നമ്മൾ സന്ധ്യ കഴിഞ്ഞാൽ വയറു നിറയെ ഭക്ഷണം കഴിച്ച് ഭാര്യയോടും മക്കളോടും ഒന്നിച്ചിരുന്ന് ടി. വി. യിൽ പാട്ടും കൂത്തും കോമഡികളും കണ്ടു രസിക്കുന്നു. എത്ര ഭാഗ്യവാന്മാരാണ് നമ്മൾ. കണ്ണീരും ചോരയുമായി പാലായനം ചെയ്യുന്ന ഈ അമ്മമാർക്കും കുഞ്ഞുങ്ങൾക്കും വേണ്ടി നമുക്ക് ഒന്നും ചെയ്യാൻ കഴിയുന്നില്ലല്ലോ!"

*- എം. മുകുന്ദൻ-*

കഴിയും സാർ, കഴിയണം. വാഗ്ധാരണികൾ കൊണ്ടല്ല. എന്തെങ്കിലും ചെയ്തേ പറ്റൂ. ദൈവം പറഞ്ഞതിനു തയ്യാറാകണം.

**"രക്ഷിതാവേ, അക്രമികൾ വാഴുന്ന ഈ നാട്ടിൽ നിന്ന് ഞങ്ങളെ നീ രക്ഷിച്ചാലും, നിന്റെ ഭാഗത്തു നിന്ന് ഒരു രക്ഷകനെയും സഹായിയെയും ഞങ്ങൾക്ക് ഉത്ഥാനം ചെയ്യിപ്പിച്ചാലും എന്ന് വിലപിക്കുന്ന ഭൂമിയിലെ പീഡിതരായ സ്ത്രീ പുരുഷന്മാർക്കും കുട്ടികൾക്കും വേണ്ടി നിങ്ങൾ ദൈവ മാർഗ്ഗത്തിൽ പോരാടാതിരിക്കുന്നതെന്താണ്? ദൃഢ മനസ്കർ ദൈവ മാർഗത്തിൽ സമരം ചെയ്യും. നിഷേധികൾ ദുഷ്ടന്മാർക്കു വേണ്ടിയും പോരാടും. പിശാചുക്കളുടെ മിത്രങ്ങളുമായി നിങ്ങൾ പോരാടുക. പൈശാചികത്വം അതിദുർബലമാകുന്നു." (വി.ഖു: 4: 75, 76)**

**"ദൈവം ദൃഢവിശ്വാസികളിൽ നിന്ന് സ്വർഗത്തിനു പകരം അവരുടെ ജീവനും സമ്പത്തും വിലക്ക് വാങ്ങിയിരിക്കുന്നു. അവർ ദൈവത്തിനായി സമരം ചെയ്യും. കൊല്ലേണ്ടി വന്നിട്ടുണ്ടാകും. കൊല്ലപ്പെട്ടേക്കും. പൂർവ്വ വേദ പുസ്തകങ്ങളിലൂടെയും വിശുദ്ധ ഖുർആനിലൂടെയും ദൈവം പ്രഖ്യാപിച്ച വാഗ്ദാനമാണ് സ്വർഗം. ദൈവത്തേക്കാൾ കരാർ ഭംഗിയായി പാലിക്കുന്നവരാരുമില്ല. ദൈവവുമായുള്ള നിങ്ങളുടെ ഈ പരസ്പര ഇടപാടിൽ സന്തോഷിക്കുക. അത് മഹത്തായ സൗഭാഗ്യമത്രെ." (വി.ഖു: 9: 111)**

*(നാദിർഷാ, വയനാട്)*

## അജ്ഞാതധീരൻ

''ആരാണെന്നു പോലും അന്വേഷിക്കാതെ മാൻ ഹോളിലേക്കിറങ്ങിയ ഒരു ചെറുപ്പക്കാരന്റെ ധീരവും മാനവികതയും ആർദ്രതയും നിറഞ്ഞ മനുഷ്യത്വത്തെ കാണാതെ പോയവർ ഈ നാടിന്റെ സാംസ്കാരിക പാരമ്പര്യത്തിൽ നിന്നും ഒറ്റപ്പെട്ടിരിക്കുകയാണെന്നും ഓർമ്മിപ്പിക്കട്ടെ."

*(സി.ടി. സക്കീർ ഹുസൈൻ)*

# പറഞ്ഞതും പറയാതെ വിട്ടതും

"ഫാറൂഖ് കോളേജിന് സ്വയം ഭരണപദവി ലഭിച്ചതിൽ അസൂയാലുക്കൾ ഏറെയുണ്ടാവാം. അവർ ചില വിദ്യാർത്ഥികളുടെ നേതൃമോഹങ്ങൾ ചൂഷണം ചെയ്ത് കോളേജിനെതിരെ പ്രചാരണം നടത്താൻ പ്രേരിപ്പിച്ചിരിക്കാം. ചില രാഷ്ട്രീയ കക്ഷി നേതാക്കളുടെ പ്രസ്താവനകളും ആരോപണങ്ങളും ശരിയാണെന്ന് ഒരു നല്ല വിഭാഗം അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ബോധ്യമുണ്ടെങ്കിൽ അവർ പരസ്യമായി മുന്നോട്ടുവരട്ടെ. മറ്റു സ്ഥാപനങ്ങളിലും ഉള്ളവർ മാത്രം പ്രതിഷേധിക്കുമ്പോൾ പുറത്തൊരു സംസ്ഥാനത്തെ കോളേജിൽ സംശയഗ്രസ്തമായ പശ്ചാത്തലമുള്ള ഒരു വിദ്യാർത്ഥി മാത്രം കോളേജിനെതിരെ കൈചൂണ്ടുമ്പോൾ എന്തോ ദുരുദ്ദേശ്യം അതിന് പിന്നിലുണ്ടെന്ന് അനുമാനിക്കണം.

മുസ്‌ലിംകളുടെ കൂട്ടത്തിലും മറ്റെല്ലാ സമുദായങ്ങളിലും പല രാഷ്ട്രീയ കക്ഷികളിലുമെന്ന പോലെ തീവ്രവാദികളുണ്ട്. എന്നാൽ, ഫാറൂഖ് കോളേജിനില്ലാത്ത മദ്രസാ സ്വഭാവം ഉണ്ടെന്ന് ആരോപിച്ച് ഇല്ലാത്ത കാരണം പറഞ്ഞ് ആക്ഷേപിക്കുന്നവർ വർഗീയ വാദികളാണ്, വിദ്വേഷ പ്രചാരകരാണ്. കേരളത്തിലെ സംസ്കാര സമ്പന്നരായ വിദ്യാഭ്യാസ തൽപരർ ഒന്നായി ഇരുന്ന് ഒരു നല്ല കലാശാലയെ തകർക്കാനുള്ള ഗൂഢാലോചനയിൽ നിന്ന് അതിനെ സംരക്ഷിക്കും എന്നാശിക്കുന്നു.

നൂറ്റിമുപ്പതോളം വിദ്യാർത്ഥികളുള്ള ക്ലാസിൽ അവർക്കെല്ലാം അച്ചടക്കത്തോടെ പഠിക്കാനുള്ള സ്വാതന്ത്ര്യം ഒന്നു രണ്ടു പേരുടെ വിപ്ലവാഭിനിവേശം കൊണ്ട് തടയാൻ അനുവദിച്ചുകൂടാ. കോളേജിന്റെ സൽപേരിനെ വ്യാജപ്രചരണത്തിലൂടെ കളങ്കപ്പെടുത്താൻ സ്ഥാപിത താൽപര്യക്കാരായ പുറത്തുള്ളവരെ അനുവദിക്കാതെ കോളേജിനെ സ്നേഹിക്കുന്നവർ ഒറ്റക്കെട്ടായി സംഘടിച്ച് കോളേജിന്റെ സംരക്ഷണവും പുരോഗതിയും സാധ്യമാക്കട്ടെ."

*(പ്രഫ. എം.ജി.എസ് നാരായണൻ. 'ഫാറൂഖ് കോളേജിൽ സംഭവിക്കുന്നത്' 26/11/15 മാതൃഭൂമി).*

ബഹുമാന്യനായ എം.ജി.എസ് അടക്കമുള്ള അനേകർ ഫാറൂഖ് കോളേജിൽ സംഭവിച്ചതിന്റെ നിജസ്ഥിതി ഏതാണ്ടൊക്കെ ഒരുപാട് പറഞ്ഞു കഴിഞ്ഞു. ആരും ഇതുവരെ ഊന്നിപ്പറഞ്ഞതായി ശ്രദ്ധയിൽ പെട്ടിട്ടില്ലാത്ത ചില കാര്യങ്ങൾ പറയാൻ അനുവദിക്കുക. മൗലാനാ അബൂസ്വബാഹ് അഹ്മദ് അലി എന്ന മഹാനവർകൾ സ്വന്തം അറിവും സമ്പത്തും രക്തവും വിയർപ്പും സമയവും കഠിനത്യാഗവും ജീവിതവും അർപ്പിച്ച് സ്ഥാപിച്ച ഈ മഹത്തായ കലാലയം മറ്റൊരു സമുദായത്തിന്റെയും തറവാട് സ്വത്തല്ല. മുസ്‌ലിം സമുദായത്തിലെ ഏതാനും സദ്ഹൃദയരായ, നിസ്വാർത്ഥരായ ധനാഢ്യർ വഖ്ഫ് ചെയ്ത പവിത്രഭൂമിയിലാണിത് കെട്ടിപ്പടുത്തത്. അതിന്റെ സ്ഥാപകനും വളർത്തച്ഛന്മാരായ സമുദായ നേതാക്കളും ഇസ്‌ലാമതാനുയായികളാണ്. ഈ സമുദായത്തിന്റെ രക്തവും മജ്ജയും നീരും വിയർപ്പുമെല്ലാം അനേകം അതിന്നു ചെലവഴിച്ചിട്ടുണ്ട്. മുസ്‌ലിം സമുദായത്തിന്റെ മത, ഭൗതിക വിദ്യാഭ്യാസ സമന്വയത്തിനായാണിത് സ്ഥാപിച്ചത്. അതിനാൽ തന്നെ അതിൽ ഇസ്‌ലാം മതത്തിന്റെ ശക്തമായ സ്വാധീനം ഉണ്ടായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ.

സ്ത്രീ പുരുഷന്മാരുടെ ഇടകലർന്നുള്ള അനിയന്ത്രിത സമീപനം ഇസ്‌ലാം കർശനമായി നിയന്ത്രിച്ചിട്ടുണ്ട്. അന്യസ്ത്രീ പുരുഷന്മാർ പരസ്പരം ഏകാന്തതയിലും ഒരുമിച്ചിരിക്കാൻ പാടില്ല. പരസ്പരമുള്ള നോട്ടത്തിൽ

പോലും കണ്ണ് താഴ്ത്തിയുള്ള മാന്യസംസ്കാരം പാലിക്കേ ണ്ടവരാണ്. രാജ്യത്ത് മറ്റൊരു സ്ഥാപനത്തിലും പതിവി ല്ലാത്ത സമ്പ്രദായം ഈ കോളേജിൽ ഒരു സുപ്രഭാത ത്തിൽ തുടങ്ങണമെന്നു പറഞ്ഞ നിമിഷത്തിൽ തന്നെ അത് കർശനമായി തടയേണ്ട തുണ്ടായിരുന്നു. ചാനലുക ളിൽ വിഴുപ്പലക്കിയപ്പോൾ സ്ഥാപനവുമായി ബന്ധപ്പെട്ട ഉത്തരവാദികൾ സധൈര്യം 'അത് ഇസ്‌ലാമിന്റെ മക്ക ളുടെയും സമുദായത്തി ന്റെയും ഇന്നാട്ടിലെ നിയമപ്ര കാരമുള്ള സ്ഥാപനമാണ്'. ഇസ്‌ലാം, അന്യരായ ആൺ പെൺ ഇടകലർച്ച അംഗീക രിച്ചിട്ടില്ല. ഒരു മാനേജ്മെന്റ് സ്ഥാപനത്തിനു ഇന്ത്യൻ ഭര ണഘടനാ നിയമങ്ങൾ അനു വദിച്ചിട്ടുള്ള വ്യവസ്ഥ പ്രകാ രവും ഇങ്ങനെയുള്ള ഒരു അപകടകരമായ സംസ്കാരം അനുവദിക്കുവാൻ കഴിയില്ല എന്ന് ആർജവത്തോടെ പറ യേണ്ടതായിരുന്നു.

ന്യൂനപക്ഷത്തിന്റെ ഒരു മഹത്തായ സ്ഥാപനത്തെ അപമാനിക്കാൻ പടച്ചട്ടയണി ഞ്ഞിറങ്ങിയവന്റെ പിന്നാമ്പുറ ചരിത്രവും പുറത്തുകൊണ്ടു വരേണ്ടതായിരുന്നു. ചെന്നൈ യിലെ ഒരു സ്ഥാപനത്തിൽ നിന്ന് അഭിമതനായി പുറന്ത ള്ളപ്പെട്ട വിദ്യാർത്ഥിയെ ഒരു കാരണവശാലും മഹത്തായ ഈ സ്ഥാപനത്തിൽ പ്രവേ ശനം തന്നെ അനുവദിക്കാൻ പാടില്ലാത്തതായിരുന്നു. ഇത്തരം ഞരമ്പു രോഗികളോ ടൊപ്പം ചേർന്ന രണ്ടു മുസ്‌ലിം പെൺകുട്ടികളുണ്ടായിരുന്നുവ ല്ലോ. മാപ്പർഹിക്കാത്ത വിധം സമുദായത്തെ അപമാനിച്ച അവരെയും സ്ഥാപനത്തിൽ തുടരാൻ അനുവദിക്കരുതായി രുന്നു. അതിലാണ് നീതിയു ള്ളത്. ഇപ്പറഞ്ഞ അപ്രിയ സത്യങ്ങൾ സമുദായം ഏറ്റെ ടുക്കേണ്ടത് ഭാവി സുരക്ഷക്ക നിവാര്യമാകുന്നു.

*(കോയക്കുട്ടി ഫാറൂഖി)*

# വെളിച്ചം

മൂന്നു വിഭാഗം വിശ്വാസ രഹിതരായവസ്ഥയിൽ ഇഹലോകത്തു നിന്ന് വിട ചൊല്ലും.

1. തന്റെ വിശ്വാസം ഏതു നിമിഷവും നഷ്ടപ്പെട്ടേക്കാമെന്ന പേടിയില്ലാത്തവൻ.
2. അല്ലാഹു തന്നെ മുസ്‌ലിമാക്കിയതിന്റെ പേരിൽ നന്ദി കാണിക്കാത്തവൻ.
3. അല്ലാഹുവിന്റെ അടിമകളോട് നിർദ്ദയമായി പെരുമാറുന്നവൻ.

*(ഇമാം അബൂഹനീഫ)*

# രക്തസാക്ഷി എങ്ങോട്ട്?

സ്വതന്ത്ര്യത്തിന്നായി പൊരുതി മരിച്ച ധീരാത്മാക്കളെ ഷഹീദ് എന്ന് അഭിമാനപൂർവ്വം നാം വിളിക്കുമ്പോൾ മാനവികതക്കായി മരണം വരിച്ച നൗഷാദും ഷഹീദ് തന്നെയല്ലേ?

"ദൈവ വഴിയിൽ കൊല്ലപ്പെട്ടവരെപ്പറ്റി 'മരിച്ചവർ' എന്നു നിങ്ങൾ പറയരുത്. അവരാകുന്നു അമരത്വം പ്രാപിച്ചവർ. പക്ഷേ, നിങ്ങൾ അതേക്കുറിച്ച് ബോധവാന്മാരല്ല"

*(വി.ഖുർആൻ: 2: 154)*

**"ദൈവ മാർഗത്തിൽ കൊല്ലപ്പെട്ടവരെ 'മരിച്ചവരായി' നീ ഗണിക്കരുത്. അവർ അവരുടെ നാഥങ്കൽ ജീവിച്ചിരിക്കുന്നവർ തന്നെയാകുന്നു. അവർക്കു ഉപജീവനം നൽകപ്പെട്ടു കൊണ്ടിരിക്കുന്നതാണ്." (വി.ഖു 3: 169)**

# സ്വാതന്ത്ര്യം

"മനുഷ്യരെല്ലാം ഒരഭിപ്രായം പറയുമ്പോൾ ഒരാൾ വ്യത്യസ്തമായി പറയുന്നതിനെ അടിച്ചമർത്തരുത്. യോജിക്കുകയോ വിയോജിക്കുകയോ ചെയ്യാം. എന്നാൽ അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യം എല്ലാവർക്കുമുണ്ട്."

*(എം.പി വീരേന്ദ്രകുമാർ)*

ആനുകാലികം

അബ്ദുൽ ഗഫൂർ പുഴങ്ങര, ചാവക്കാട്

# അയുക്തികങ്ങളുടെ വിളവെടുപ്പ്

"അക്രമം ക്രമമുള്ളവന്റെ അനുക്രമമല്ല." അതുകൊണ്ട് തന്നെ "ഒരാൾ സത്യവിശ്വാസിയല്ലെങ്കിലും സത്യത്തിൽ ദൈവവിശ്വാസിയാണെങ്കിൽ" അവന് സഹിക്കാൻ കഴിയാത്ത അയുക്തികങ്ങളാണ് ദൈവനാമത്തിൽ പ്രബുദ്ധ ഭാരതം ഇന്ന് അരങ്ങേറ്റിക്കൊണ്ടിരിക്കുന്നത്.

ഒരു ജനാധിപത്യ മതേതര രാഷ്ട്രമെന്ന നിലക്ക് ഭരണഘടനയിൽ ഉൾപ്പെട്ട ഒരു നിയമത്തെ ലംഘിച്ചാൽ അതിനനുസൃതമായ ശിക്ഷാവിധികളുണ്ട്.

"ഒരു രാജ്യത്തെ ജനങ്ങൾ പരസ്പരം നീതി പുലർത്തുമെന്ന പ്രതിജ്ഞയാണ് നിയമം." (അരിസ്റ്റോട്ടിൽ).

പരസ്പരം നീതി പുലർത്താതെ ഭരണഘടനയിലൂടെ വിലക്കാത്ത, ഗോവധ നിരോധനം ലംഘിച്ചുവെന്നതിന്റെ പേരിൽ സാമൂഹികമായോ പാരസ്ഥിതികമായോ യാതൊരു അപരാധം പോലും ആരോപിക്കപ്പെടാനില്ല.

**ഹിന്ദുവെത്തേടി:**

ഇൻഡോർ സ്വദേശി 'ചന്ദ്രശേഖർ ഗൗർ' ആഭ്യന്തര മന്ത്രാലയത്തോട് 'ഹിന്ദു' എന്ന വാക്കിന്റെ അർത്ഥവും നിർവചനവും ചോദിച്ചലഞ്ഞപ്പോൾ കേന്ദ്ര പൊതു വിവരാവകാശ ഓഫീസർക്ക് പോലും ഉത്തരംമുട്ടി. മനുസ്മൃതി എഴുതിയത് BC - 1500 ൽ ആണെന്ന് പറയപ്പെടുന്നു. 3515 വർഷങ്ങൾക്കിടെ ഇന്നും ഹിന്ദുവെന്ന പദത്തിന്റെ പദാർത്ഥം കണ്ടെത്താനായില്ല! മന്വന്തരയുഗവും, ദ്വാപരയുഗവും, ത്രേതായുഗവും കൊഴിഞ്ഞു. ചതുർയുഗത്തിന്റെ നാലാം ഘട്ടമെന്നറിയുന്ന കലിയുഗത്തിന്റെ സായാഹ്നമായിട്ടും ഇതിന്റെയൊന്നും ഇരുളിന്റെ പൊരുളറിയാനായിട്ടില്ല. ലോകമതങ്ങളുടെ മാതാവാണ് ഹിന്ദുമതം എന്ന് കണ്ടെത്തിയ വിദഗ്ധയാണ് ശശികല ടീച്ചർ എന്ന ഹിന്ദു ഐക്യവേദിയുടെ അദ്ധ്യക്ഷ. ആദ്യം ഹിന്ദുവെന്താണെന്നറിയട്ടെ എന്നിട്ടല്ലെ മതങ്ങളെ പ്രസവിച്ചിട്ടുണ്ടോ, ഹിന്ദുമതത്തിനാണോ അതിന് കഴിഞ്ഞതെന്നും നിർവചിക്കാനാവുക?

ദൈവത്തിന് ഒരു മതമെ (അഭിപ്രായം) ഒരു വിഷയത്തിലുണ്ടാവൂ. അതിനാൽ മതങ്ങൾ മനുഷ്യസൃഷ്ടികളും, യഥാർത്ഥ മതം ദൈവസംഹിതകൾ കൊണ്ടുള്ള സൃഷ്ടിയുമാണ്. അതിനാൽ തന്നെ ഹിന്ദുവെന്ന ഒരു പദാർത്ഥം ഉണ്ടാവില്ല. പ്രതലമുണ്ടെങ്കിലല്ലേ ചിത്രമെഴുതി പ്രദർശിപ്പിക്കാനാവൂ. ഇല്ലെങ്കിൽ അത് ഭാവനയിൽ വിലസുക മാത്രമെയുണ്ടാവൂ. ലോകത്ത് പോയിട്ട് ഏഷ്യൻ ഭൂഖണ്ഡത്തിൽ പോലും ഹിന്ദുവെന്ന മതം പ്രചരിച്ചിട്ടില്ല. ഇന്ത്യയിൽ നിന്നും മറ്റും കുടിയേറി പ്രവാസം ചെയ്യുന്നവർ ഒരു പക്ഷെ ഹൈന്ദവാചാര പ്രകാരം ജീവിക്കുന്നുണ്ടാവും. അല്ലാതെ അവിടങ്ങളിലെ തദ്ദേശീയരും അംഗീകരിക്കണമെന്നില്ല. യഥാർത്ഥ മതം ഒന്നേയുള്ളൂവെന്നും അതൊരിക്കലും ഗർഭവതിയാവുകയില്ലന്നും നിരീക്ഷണത്തിലൂടെ ശരാശരി യുക്തിയെങ്കിലുമുള്ളവർക്ക് തിരിച്ചറിയാനാവും.

**ഗോവധനിരോധനമോ?**

വേദവ്യാസൻ വ്യസിച്ചുവെന്നറിയപ്പെടുന്ന ചതുർവേദങ്ങൾ ഋഗ്വേദം, യുജുർവേദം, അഥർവ വേദം, സാമവേദം. വേദവ്യാസന്റെ മഹാഭാരതം, വാൽമീകിയുടെ രാമായണം, കാളിദാസന്റെ ശാകുന്തളം ഭാഗവതം ഇങ്ങനെ ഏതെങ്കിലുമൊന്നിൽ ഒരു ഗോവധനിരോധനമോ അതിന്റെ പേരിൽ നരഹത്യയിലൂടെ വംശഹത്യക്ക് കളമൊരുക്കണമെന്നോ അനുശാസിക്കുന്നുണ്ടോ? അഥവാ ഉണ്ടെങ്കിൽ തന്നെ മനനം ചെയ്യേണ്ടവനായ മനുഷ്യൻ ഈ നൂതന സാങ്കേതിക കാലഘട്ടത്തിൽ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും എതിർക്കാൻ സന്നദ്ധനാവേണ്ടതല്ലെ? പലരും അജ്ഞത കൊണ്ടും മറ്റ് പലരും ധാർഷ്ട്യത്തിന് വഴങ്ങിയുമാണിത്തരം അന്ധവിശ്വാസങ്ങൾ കൊടിയേറ്റി സ്വയം വിഡ്ഢികളായിക്കൊണ്ടിരിക്കുന്നത്.

തോന്നുന്നവർക്കൊക്കെ നിയമനിർമാണം നടത്താൻ അവസരമേകലല്ല മതേതര ജനാധിപത്യത്തിന്റെ നിർവചനം. ജനാധിപത്യ മതേതര സവിശേഷത കൊണ്ട് വിശ്വ വിഖ്യാതി നേടിയ ശ്രേഷ്ഠ രാഷ്ട്രമാണ് ഇന്ത്യ. പൗരഹത്യകളിലൂടെ വംശഹത്യ ലക്ഷ്യം വെക്കുന്ന സാഹചര്യങ്ങൾ കണക്കിലെടുത്ത് ഇന്ത്യൻ ഭരണഘടനയിൽ തീർച്ചയായും ശിക്ഷാവിധികളുണ്ട്. ഭക്ഷ്യഭോജ്യ സ്വാതന്ത്ര്യം, വസ്ത്രധാരണ സ്വാതന്ത്ര്യം, യാത്രാസ്വാതന്ത്ര്യം, വിജ്ഞാന സമ്പാദന സ്വാതന്ത്ര്യം, അഭിപ്രായ പ്രകടന സ്വാതന്ത്ര്യം തുടങ്ങിയവ ജനാധിപത്യ മതേതര രാജ്യത്തെ ഓരോ പൗരന്റെയും മൗലികാവകാശത്തോടൊപ്പം പൗരസ്വാതന്ത്ര്യവും കൂടിയാണ്.

**മേമന്മാരുടെ വധം:**

**"നിയമങ്ങൾ തനിക്കനുകൂലമാക്കുകയും, നിയമനങ്ങൾ തനിക്കനുകൂലമായവർക്കാക്കുകയും ചെയ്യലല്ല ജനാധിപത്യം."**

ഇവിടെ യഅ്ഖൂബ് മേമൻ വധം പോലുള്ള തലകീഴായ നിയമ നിർവഹണത്തിനാണ് മുൻതൂക്കം നൽകി വരുന്നത്. തെളിവുകളുമായി വരുന്ന സാക്ഷികൾ അകാരണമായി കുറ്റവാളികളാക്കപ്പെട്ട് തൂക്കിലേറ്റപ്പെടുന്നു. യഥാർത്ഥ കുറ്റവാളി ടൈഗർ മേമനെ പോലുള്ളവർക്ക് ചൂട്ട് പിടിക്കുന്ന അനുചരന്മാർ നിയമവാഴ്ച നടത്തുന്നവർ തന്നെയെന്ന് പകൽ വെളിച്ചം പോലെ സത്യം. ആസൂത്രിത കൊലപാതകങ്ങളും വ്യാജ ഏറ്റുമുട്ടൽ കൊലപാതകങ്ങളും നാൾതോറും ഏറി വരികയാണ്.

**"രാജ്യതന്ത്രത്തിലെ പല പാപങ്ങളിലും വെച്ച് മുഖ്യമായത് സ്വാർത്ഥത തന്നെ." (രവീന്ദ്രനാഥ ടാഗോർ).**

ക്ഷുദ്ര ശക്തികൾക്ക് വളരാനുള്ള വെള്ളവും വളവും നൽകുന്നത് വിളവു തിന്നാതിരിക്കാൻ കെട്ടിയ നമ്മുടെ വേലികൾ തന്നെയാണ്. ഇത്തരം കൊലകൾ, ഗോവധനിരോധനം, ശിരോവസ്ത്ര നിരോധനം, അഭിപ്രായ സ്വാതന്ത്ര്യനിരോധനം എന്നിവക്കെല്ലാം നിർവചനങ്ങൾ കണ്ടെത്താൻ പായുന്ന ഭരണ സാരഥികളും നിയമജ്ഞരും നിയമപാലകരുമാണ് വലിയ നിയമലംഘകരും രാജ്യദ്രോഹികളുമായി മാറുന്നത്. ജനാധിപത്യത്തെ കർമത്തിലാക്കാതെ വാക്കിലൊതുക്കി, സത്യപ്രതിജ്ഞയെ വ്യതിചലിപ്പിക്കുന്നവരാണവർ.

**അടിച്ചേൽപിക്കുന്ന സ്വയംസേവ:**

ഒരു സമുദായത്തോടുള്ള ആദരസൂചകമായി അവരാചരിയ്ക്കുന്ന യുക്തികമോ അയുക്തികമോ ആയ വിശ്വാസക്രമങ്ങൾ ഇതര സമുദായക്കാരുടെ മേൽ സ്വയം സേവ ചെയ്ത് അടിച്ചേൽപ്പിക്കലല്ല. അവർ ദൈവേതര ജീവികളെ ഭജിയ്ക്കുകയോ ഭുജിയ്ക്കുകയോ ചെയ്തുകൊള്ളട്ടെ. അവരവരുടെ വിശ്വാസക്രമങ്ങൾക്കനുസരിച്ച് വിട്ടുകൊടുക്കുകയാണ് വേണ്ടത്. വേണമെങ്കിൽ സത്യാസത്യങ്ങളും ശരിതെറ്റുകളും ഉണർത്തിക്കുകയും ഉപദേശിക്കുകയും ആവാമെന്ന് മാത്രം. അതിൽ യഥാർത്ഥ സത്യവും ശരിയുമുണ്ടെങ്കിൽ ശരാശരി മനുഷ്യൻ തീർച്ചയായും അംഗീകരിക്കുക തന്നെ ചെയ്യും. അതല്ലാതെ എല്ലാവരും ഒരേ തരത്തിലാവണമെന്ന് ശഠിച്ചാൽ സാമുദായിക വ്യത്യാസം ഇവിടെ ഉണ്ടാകുമായിരുന്നില്ലല്ലോ. അങ്ങനെയൊരു വിഭജനം നിലവിലില്ലെങ്കിൽ പിന്നെ സെക്കുലറിസം (മതേതരത്വം) എന്ന ഒരു പ്രയോഗത്തിന്റെ പ്രസക്തിയും പ്രഭാവവും ഭരണഘടനയിലും രാജ്യത്തും ഉണ്ടാകുമായിരുന്നോ എന്ന് ചിന്തിക്കാനുള്ള മസ്തിഷ്ക വളർച്ച

പോലും മുരടിച്ചുപോയോ പ്രബുദ്ധരായ മതമാതാവിന്റെയും ഗോമാതാവിന്റെയും സന്തതികൾക്ക്?

### വിവാഹം വേണ്ടാത്തവരും

ഇന്ത്യ കണ്ട രാഷ്ട്രപതിമാരിൽ ഉന്നതിയിൽ നിൽക്കുന്ന വ്യക്തിത്വമാണ് എ.പി.ജെ അബ്ദുൽ കലാം. അവിവാഹിതനായിരുന്നു അദ്ദേഹം. ഇസ്‌ലാമിക സംഹിതയിൽ വിവാഹം അനിവാര്യ ഘടകമായിട്ടും അതിന്റെ പേരിൽ ഒരാളും അദ്ദേഹത്തെ അവഗണിച്ചില്ല. അത് അദ്ദേഹത്തിന്റെ വ്യക്തിപരമായ വീഴ്ച മാത്രമാണ്. ഇസ്‌ലാമിക സംഹിതയുടെ അപാകതയല്ല.

ഐഹിക ജീവിതം ആർക്കും എങ്ങനെയും ജീവിച്ചുതീർക്കാനുള്ള മൗലികാവകാശവും പൗരസ്വാതന്ത്ര്യവുമുണ്ട്. പക്ഷെ, അതും കൊണ്ട് പാരത്രിക ജീവിതത്തിലേക്കെത്തുമ്പോൾ അവനവൻ വിതച്ചത് കൊയ്യുമെന്ന് മാത്രം. ഒരാൾ അണുമണിയോളം നന്മ ചെയ്താലും തിന്മ ചെയ്താലും ഓരോന്നിനും കൃത്യമായ ന്യായവിധിയും അന്തിമവിധിയും ലഭ്യമാകുന്ന അവസാന കോടതി അവിടെയാണ്. അപ്പീൽ പോകാൻ അതിന് മേൽ കോടതികളില്ല. കണ്ണുകെട്ടി നീതി കാണാത്ത തുലാസല്ല അവിടത്തെ 'മീസാൻ' എന്ന തുലാസ്. അവിവാഹിതനെന്നതിന്റെ പേരിൽ അദ്ദേഹത്തിന്റെ മേൽ ഒരു വിലക്കും മതം ചുമത്തിയിരുന്നില്ല. രാഷ്ട്രപതി പദവി അംഗീകരിക്കാതിരുന്നിട്ടുമില്ല. അത്രയ്ക്ക് മസ്തിഷ്ക രഹിതരും യുക്തിഹീനരുമല്ല യഥാർത്ഥ സത്യവിശ്വാസികളായ മുസ്‌ലിം സമുദായം.

### ഭീകര, തീവ്രവാദങ്ങളും ഐ.എസും:

ദീനുൽ ഇസ്‌ലാം എന്നാൽ അനുസരണയുടെയും അതിലൂടെ രക്ഷയുടെയും മാർഗം എന്നാണ്. അതുകൊണ്ട് തന്നെ മുസ്‌ലിം അനുസരിക്കുന്നവൻ (കീഴ്‌വഴങ്ങിയവൻ) അതിലൂടെ രക്ഷ നേടിയവനുമാണ്. സർവ സ്രഷ്ടാവായ സർവനാഥനെയാണ് അനുസരിക്കേണ്ടതെന്ന് മാത്രം. അതിനാൽ ഇസ്‌ലാമിനും മുസ്‌ലിമിനും ലക്ഷണവും ലക്ഷ്യവുമുണ്ടെന്ന് തിരിച്ചറിയാനെങ്കിലും സർവരും തുനിയുമെന്ന് പ്രത്യാശിയ്ക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. ഇതുകൊണ്ടൊക്കെ തന്നെ മുസ്‌ലിം ഒരിക്കലും ഭീകരപ്രവർത്തകനാവില്ല. കാരണം ഭീകരവാദം ഇസ്‌ലാമിന്റെ തത്വമോ ഭീകരപ്രവർത്തനം മുസൽമാന്റെ ദൗത്യമോ അല്ലേയല്ല. അങ്ങനെയൊരു ഭീകരഘട്ടം ആരിൽ നിന്നെങ്കിലും (അത് മുസ്‌ലിം നാമധേയരിൽ നിന്നായാലും ശരി) സംജാതമായാൽ തീവ്രമായി തടയുകയും തളയ്ക്കുകയും വേണ്ടി വന്നാൽ തകർക്കുകയും ചെയ്യാനാണ് ഇസ്‌ലാമിക ചരിത്രത്തിൽ വിശുദ്ധയുദ്ധങ്ങൾ ഉടലെടുത്തത് തന്നെ. അല്ലാതെ ബലപ്രയോഗത്തിലൂടെ ഒരാളെയും മതപരിവർത്തനം ചെയ്യിക്കാനായിരുന്നില്ല. അതുകൊണ്ട് തന്നെ സാമ്രാജ്യത്വ ശക്തികളെയും അധിനിവേശ മോഹികളെയും സന്ധിയില്ലാ സമരങ്ങളിലൂടെ ജീവനും ജീവിതവും ജീവിത വിഭവങ്ങളും സമർപ്പിച്ച് പ്രതിരോധിച്ച് തുരത്താൻ എവിടെയും മുൻനിരയിൽ മുസൽമാൻമാർ തന്നെയായിരുന്നു.

ഇവിടെ സംശുദ്ധമായ മതേതര ജനാധിപത്യം നിലവിലുണ്ടെങ്കിൽ വിശുദ്ധ 'കഅ്ബാ ശരീഫ്' സ്ഥിതി ചെയ്യുന്ന സൗദി അറേബ്യക്കാർ വന്ന് അധിനിവേശം സ്ഥാപിക്കാൻ ശ്രമിച്ചാലും യഥാർത്ഥ മുസ്‌ലിം ജന്മനാടിനെ ഒറ്റിക്കൊടുക്കുകയോ വിട്ടുകൊടുക്കുകയോ ചെയ്യില്ല. മുസൽമാന്റെ ദേശബോധത്തിന്റെ ശക്തി തൊട്ടറിഞ്ഞത് കൊണ്ട് തന്നെയാണ് അന്നും ഇന്നും പാശ്ചാത്യശക്തികൾ അവരുടെ കുലതന്ത്രമായ ഭിന്നിപ്പിച്ചു ഭരണം ലോകതലത്തിൽ മുസൽമാനെ അടിച്ചേൽപിച്ചു കൊണ്ടിരിക്കുന്നത്. മുസൽമാന്മാർ തന്നെയാണ് ദുഷ്ടശക്തികളുടെ പ്രയാണത്തിന് പ്രതിബന്ധം എന്നതിനാൽ ആഗോളതലത്തിൽ അവരെ ധ്രുവീകരിച്ച് ശിഥിലമാക്കാനും അഭയാർത്ഥികളാക്കി വിഭവശേഷികൾ തട്ടിയെടുക്കാനും തന്നെയാണവരുടെ ലക്ഷ്യം. അതിന്റെ ഒരു ഉപോൽപ്പന്നമാണ് Islamic State എന്ന് പറഞ്ഞ് പരത്തുന്ന Israel Soldiers ആയ IS.

> കാലത്തിന്റെ ദംഷ്ടകൾ സത്യമൊഴികെ എല്ലാറ്റിനെയും കാർന്നു തിന്നും.
>
> *(ഹക്സ്‌ലി)*

# എറിഞ്ഞുകൊല്ലൽ ശിക്ഷ ഖുർആനികമോ?

**ടി.എ. ഷുക്കൂർ**

**"വ്യഭിചരിക്കുന്ന സ്ത്രീ പുരുഷന്മാരിൽ ഓരോരുത്തരെയും നിങ്ങൾ 100 അടി അടിക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യ ദിനത്തിലും വിശ്വസിക്കുന്നവരാണെങ്കിൽ അല്ലാഹുവിന്റെ മത നിയമത്തിൽ (അത് നടപ്പാക്കുന്ന വിഷയത്തിൽ) അവരോടുള്ള ദയയൊന്നും നിങ്ങളെ ബാധിക്കാതിരിക്കട്ടെ. അവരുടെ ശിക്ഷ നടക്കുന്നേടത്ത് സത്യവിശ്വാസികളിൽ നിന്നുള്ള ഒരു സംഘം സന്നിഹിതരാവുകയും ചെയ്യട്ടെ."**

അൽഫനാർ മാസികയിലെ ശ്രദ്ധേയമായ ഒരു പംക്തിയാണ് ജനാബ് അബ്ദുറഹിമാൻ ഇരിവേറ്റി കൈകാര്യം ചെയ്യുന്ന 'ഈ ഹദീസ് നിങ്ങളെടുക്കുമോ?' എന്നത്. ഓരോ ലക്കത്തിലും ധാരാളം ഹദീസുകൾ അദ്ദേഹം വിശകലനം ചെയ്യുകയും തള്ളിക്കളയുകയും ചെയ്തുവരുന്നു. 26-ാം ലക്കം അൽഫനാറിൽ അദ്ദേഹം എഴുതിയത് ഇങ്ങനെയാണ്. "വിവാഹിതനോ വിവാഹിതയോ വ്യഭിചരിക്കുകയും അത് നാലുപേരുടെ സാക്ഷ്യത്താൽ സ്ഥിരീകരിക്കുകയും ചെയ്താൽ ആ കക്ഷിയെ എറിഞ്ഞു കൊല്ലണമെന്നാണ് ഇസ്‌ലാമിക നിയമം. ഇതു സംബന്ധിച്ച് ഖുർആനിൽ പരാമർശമില്ലെങ്കിലും ഹദീസുകളാൽ സ്ഥിരപ്പെട്ടിട്ടുണ്ട്." ഖുർആനിന്നെതിരായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ഹദീസുകൾ തള്ളിക്കളയണമെന്നു വാദിക്കുന്ന ഇരിവേറ്റി ഖുർആനിനെ തള്ളിക്കളയുന്നതായി മനസ്സിലാക്കിയത് ചൂണ്ടിക്കാണിച്ചു കൊണ്ട് 27-ാം ലക്കത്തിൽ ഈ ലേഖകൻ ഒരു വിയോജനകുറിപ്പ് എഴുതിയത് വായനക്കാർ ഓർമ്മിക്കുന്നുണ്ടാകും. ആയതിന് 28-ാം ലക്കത്തിൽ ജനാബ് ഇരിവേറ്റി അദ്ദേഹത്തിന്റെ വാദം ന്യായീകരിച്ചു കൊണ്ട് വീണ്ടും എഴുതിയിരിക്കുന്നു. പക്ഷെ പുതുതായി ഒരു തെളിവും അദ്ദേഹം ഹാജരാക്കിയിട്ടില്ല. എങ്കിലും ഈ വിഷയകരമായി ചില കാര്യങ്ങൾ കൂടി രേഖപ്പെടുത്തുന്നു.

അബ്ദുറഹിമാൻ സാഹിബ് എഴുതുന്നു "പരലോക ശിക്ഷയിൽ നിന്നും ഒഴിവാക്കുവാനേ ഇളവ് ലഭിക്കുവാനോ തെറ്റിനുള്ള ഭൗതിക ശിക്ഷ കൂടി അനുഭവിക്കേണ്ടതുണ്ട്." അല്ലാഹുവിന്റെയും റസൂലിന്റെയും വിധിക്കെതിരാണീ വാദം. ഭൗതികമായി ശിക്ഷിക്കാൻ സാക്ഷികൾ വേണം. സാക്ഷികളില്ലെങ്കിൽ സത്യപ്രസ്താവന നടത്തുകയും ശാപ പ്രാർത്ഥന നടത്താനുമാണ് ഖുർആൻ കൽപന. നബി(സ) പറഞ്ഞു "ഞാൻ വിധിക്കുന്നത് സാക്ഷിമൊഴികളുടെ അടിസ്ഥാനത്തിലാണ് യഥാർത്ഥ വിധി പരലോകത്തു ലഭിക്കും." സാക്ഷികളും തെളിവുകളുമില്ലാതെ ഭൗതികവിധി പറയാൻ കഴിയി

ല്ല. വ്യഭിചാരത്തിന്റെ ശിക്ഷ നൂറ് അടിയാണെങ്കിൽ ഈ രണ്ടു വ്യഭിചാരികളെയും നബി(സ) ശിക്ഷിച്ചിട്ടില്ല. കാരണം അവർ കുറ്റം സ്വയം ഏറ്റുപറയുകയും തൗബ ചെയ്യുകയുമായിരുന്നു. കുറ്റം തെളിയിക്കാൻ സാക്ഷികളോ മറ്റു തെളിവുകളോ ഇല്ല. “എന്നെ ശുദ്ധീകരിക്കണമെന്നാവശ്യപ്പെടുന്ന പക്ഷം അയാളുടെ കുറ്റം എന്തു തന്നെയായാലും അയാളെ എറിഞ്ഞു കൊല്ലേണ്ടിവരു”മെന്ന അബ്ദുറഹിമാൻ ഇരിവേറ്റിയുടെ പരാമർശം സാമാന്യബുദ്ധിക്ക് നിരക്കാത്തതുമാണ്. ഓരോ തരം കുറ്റത്തിനും അല്ലാഹു ‘കഫ്ഫാറത്ത്’ നിശ്ചയിച്ചിട്ടുണ്ട്. വ്യഭിചാരം അതികഠിനമായ കുറ്റമാണെന്നു ജനങ്ങളെ ബോധ്യപ്പെടുത്താനുള്ള ഒരു സംഭവമാണ് നബി(സ)യുടെ കാലത്ത് നടന്ന മേൽ തൗബ. തൗബ ഏതുവിധത്തിലാവണമെന്നത് ഓരോ വ്യക്തിയുടെയും തീരുമാനമാണ്. ആയത് സ്വീകരിക്കൽ അല്ലാഹുവിന്റെ അധികാരത്തിൽ പെട്ടതുമാണ്. സൂറത്തുന്നൂറിലെ ആദ്യത്തെ 5 ആയത്ത് ‘നസ്സ്വായ’ വിധി ആർക്കും മനസ്സിലാകുന്ന വിധത്തിൽ പറഞ്ഞിരിക്കുന്നു.

**“നാം അവതരിപ്പിക്കുകയും നിയമമാക്കി വെക്കുകയും ചെയ്തിട്ടുള്ള ഒരദ്ധ്യായമത്രെ ഇത്. നിങ്ങൾ ആലോചിച്ചു മനസ്സിലാക്കുന്നതിനു വേണ്ടി വ്യക്തമായ ദൃഷ്ടാന്തങ്ങൾ നാം ഇതിൽ അവതരിപ്പിച്ചിരിക്കുന്നു.”**

**“വ്യഭിചരിക്കുന്ന സ്ത്രീപുരുഷന്മാരിൽ ഓരോരുത്തരെയും നിങ്ങൾ 100 അടി അടിക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരാണെങ്കിൽ അല്ലാഹുവിന്റെ മതനിയമത്തിൽ (അത് നടപ്പാക്കുന്ന വിഷയത്തിൽ) അവരോടുള്ള ദയയൊന്നും നിങ്ങളെ ബാധിക്കാതിരിക്കട്ടെ. അവരുടെ ശിക്ഷ നടക്കുന്നേടത്ത് സത്യവിശ്വാസികളിൽ നിന്നുള്ള ഒരു സംഘം സന്നിഹിതരാവുകയും ചെയ്യട്ടെ.”**

വിശുദ്ധ ഖുർആനിൽ ‘നൂർ’ എന്ന അദ്ധ്യായത്തിലെ ആദ്യ വരികളാണ് മേൽ ഉദ്ധരിച്ചത്. തുടർന്നു വ്യാജ ആരോപണങ്ങളുന്നയിച്ചവർക്ക് 80 അടി നൽകാനും വിധിയുണ്ട്. സാക്ഷികളുണ്ടെങ്കിലേ ശിക്ഷിക്കാൻ കഴിയുകയുള്ളൂ. അതിനാൽ സാക്ഷികളില്ലെങ്കിൽ പ്രാർത്ഥന നടത്താനും കൽപിച്ചിരിക്കുന്നു. അടിവരയിട്ട ഭാഗം പ്രത്യേകം ശ്രദ്ധിക്കുക. “ഖുർആനിൽ നസ്സ്വായി വന്നിട്ടുള്ള കാര്യത്തിന് വിരുദ്ധമായി ഹദീസ് വരുമ്പോഴാണ് നാം ഹദീസ് തള്ളുന്നത്” എന്നു 28-ാം ലക്കം അൽഫനാറിൽ അബ്ദുറഹിമാൻ ഇരിവേറ്റി തന്നെ എഴുതിയിട്ടുണ്ട്. 27-ാം ലക്കത്തിൽ വ്യഭിചാരിയെ എറിഞ്ഞുകൊല്ലുക എന്നത് ഇസ്‌ലാമിക ശിക്ഷാ വ്യവസ്ഥ അല്ലെന്നും ഖുർആൻ കൽപിച്ചിട്ടുള്ളത് 100 അടി എന്ന ശിക്ഷയാണെന്നും ഈ ലേഖകൻ എഴുതിയിരുന്നു. അതിന്നുള്ള മറുപടിയായി എറിഞ്ഞുകൊല്ലൽ ഇസ്‌ലാമിക ശിക്ഷാവിധിയാണെന്ന് സ്ഥാപിക്കാനാണ് ജനാബ് ഇരിവേറ്റി മേൽ ലേഖനമെഴുതിയിരിക്കുന്നത്. ബുഖാരിയിലെയും മുസ്‌ലിമിലെയും എല്ലാ ഹദീസുകളും അന്ധമായി സ്വീകരിക്കാൻ പാടില്ലെന്നു വാദിക്കുന്നയാളാണല്ലോ അബ്ദുറഹിമാൻ ഇരിവേറ്റി. പ്രസ്തുത വിഷയം അൽഫനാറിൽ ഖണ്ഡശ്ശഃ എഴുതി വരികയും ചെയ്യുന്നു. ഇങ്ങനെയുള്ളയൊരാൾ വിശുദ്ധ ഖുർആനിലെ ‘നസ്സ്വായ’ വിധിയെ കണ്ടില്ലെന്നു നടിക്കുകയും ഹദീസിനെ പ്രൊമോട്ടു ചെയ്യുകയും ചെയ്യുന്നത് അതിശയകരമാണ്. ഖുർആനിലെ വിധി ആരാണ് നടപ്പിലാക്കേണ്ടത്? നടപ്പിലാക്കേണ്ടതില്ലെ? ഖുർആനിന്റെ വിധി ഹദീസ് കൊണ്ട് തള്ളിക്കളയാമോ?

വിവാഹിതനാണോ അവിവാഹിതനാണെന്നോ വ്യത്യാസമില്ലാതെ തന്നെ 100 അടി പരസ്യമായി നൽകാൻ ഖുർആൻ കൽപിച്ചിരിക്കുന്നത്. ഒരേ തെറ്റിന്ന് അവിവാഹിതന്ന് 100 അടിയും വിവാഹിതന്ന് എറിഞ്ഞുകൊല്ലലും. ഇത്രയും കഠിനമായ ശിക്ഷ നൽകാനുള്ള അന്തരമുണ്ടോ ഇക്കാര്യത്തിൽ? നിക്കാഹ് മാത്രമേ നടന്നിട്ടുള്ളൂവെങ്കിൽ ശിക്ഷയിൽ ഇളവുണ്ടോ? കുറ്റം ആരോപിക്കുന്നയാളെ ഖുർആൻ 80 അടി ശിക്ഷ വിധിച്ചിരിക്കുന്നു. ആരോപണം വിവാഹിതന്നെതിരിലാണെങ്കിൽ ജീവപര്യന്തമെങ്കിലും തടവ് ശിക്ഷയെങ്കിലും ലഭിക്കേണ്ടതില്ലെ? ചിന്തിക്കുക.

വിശുദ്ധ ഖുർആനിനെ ഖുർആൻ കൊണ്ട് തന്നെ മനസ്സിലാക്കാൻ ശ്രമിക്കണം. സൂറത്തുന്നിസാഅ് 15-ാം ആയത്ത് നോക്കുക. **“നിങ്ങളുടെ സ്ത്രീകളിൽ നിന്ന് നീചവൃത്തിയിലേർപ്പെടുന്നവരാരോ അവർക്ക് എതിരിൽ സാക്ഷികളായി നിങ്ങളിൽ നിന്നും നാലുപേരെ നിങ്ങൾ കൊണ്ടുവരുവിൻ. അങ്ങിനെ അവർ സാക്ഷ്യം**

**വഹിച്ചാൽ അവരെ (സ്ത്രീകളെ) നിങ്ങൾ വീടുകളിൽ തടഞ്ഞുവെച്ചു കൊണ്ടിരിക്കുക. അവരെ മരണം ഏറ്റെടുക്കുകയോ അല്ലാഹു അവർക്കൊരു മാർഗ്ഗം ഉണ്ടാക്കുകയോ ചെയ്യുന്നതുവരെ.”**

നീചപ്രവൃത്തിയിലേർപ്പെട്ട സ്ത്രീകളെ വീട്ടിൽ തടഞ്ഞുവെക്കാനാണു കൽപന. വധിക്കാനല്ല. ഇവിടെയും ഖുർആൻ വിവാഹിത/അവിവാഹിത എന്ന വേർതിരിവ് പറഞ്ഞിട്ടില്ല. അന്നിസാഅ് സൂറ. 25-ാം ആയത്തും സുപ്രധാനമാണ്. സ്വതന്ത്ര സ്ത്രീകളെ മഹർ നൽകി വിവാഹം കഴിക്കാനുള്ള സാമ്പത്തിക ശേഷിയില്ലെങ്കിൽ തന്റെ അധീനതയിലുള്ള ദാസിമാരിൽ നിന്നും ഒരാളെ വിവാഹം കഴിക്കാൻ അനുവാദം നൽകിയിരിക്കുന്നു. ശേഷം പറയുന്നു. “വൈവാഹിക ജീവിതത്തിന്റെ സംരക്ഷണയിലായി കഴിഞ്ഞിട്ട് അവർ മ്ലേഛ വൃത്തിയിലേർപ്പെടുന്ന പക്ഷം സ്വതന്ത്ര സ്ത്രീകൾക്കുള്ളതിന്റെ പകുതി ശിക്ഷ അവർക്കുണ്ടായിരിക്കും.” എറിഞ്ഞുകൊല്ലലിന്റെ പകുതി ശിക്ഷ എന്താണ്? ഇതിൽ നിന്നും എറിഞ്ഞുകൊല്ലൽ ഖുർആൻ വിരുദ്ധമാണെന്ന് നമുക്ക് മനസ്സിലാക്കാം. ഉറപ്പായും 50 അടി ശിക്ഷയാണ് വിവാഹിതരായ അടിമസ്ത്രീക്ക് നൽകേണ്ടത്.

ഖുർആനിന്നെതിരായ ഹദീസുകൾ ഖുർആന്റെ ആശയങ്ങൾക്ക് അനുപൂർകമായി വ്യാഖ്യാനിക്കാനാണ് ഞാൻ ശ്രമിച്ചിട്ടുള്ളത്. അത് അരോചകമാണെങ്കിൽ സർവ്വ മുഹദ്ദിസീങ്ങളുടെയും അഭിപ്രായ പ്രകാരം മേൽ ഹദീസുകൾ തള്ളിക്കളയുകയാണ് വേണ്ടത്. അല്ലാതെ ഖുർആൻ കൽപനകളെ അവഗണിക്കലല്ല.

ലേഖകന്മാരുടെ സ്വതന്ത്ര വീക്ഷണങ്ങൾ അൽഫനാറിന്റെ ഔദ്യോഗികാഭിപ്രായം ആയിക്കൊള്ളണമെന്നില്ല.

*(എഡിറ്റർ)*

## വൈറസ്

“നമ്മുടെ നാട്ടിലെ തെരുവ് നായകൾക്ക് ഏതെങ്കിലും വൈറസ് ബാധകളോ മറ്റോ ഉണ്ടാകുന്നുണ്ടോ എന്ന് പരിശോധിക്കണം. പക്ഷിപ്പനി എന്നൊക്കെ പറയാറുള്ളതുപോലെ വല്ല പട്ടിപ്പനിയോ മറ്റോ വന്ന് നായ്ക്കളുടെ അടിസ്ഥാന സ്വഭാവത്തിൽ തന്നെ മാറ്റം വന്നിട്ടുണ്ടോ എന്ന് നോക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.”

*(ഡോ. പി.പി ഗംഗാധരൻ).*

**പാഠം:** തെരുവു പട്ടികളുടെ അടിസ്ഥാന സ്വഭാവത്തിൽ വലിയ മാറ്റമൊന്നുമില്ല. മനുഷ്യരെ മുഴുവൻ രാപ്പകൽ ഭേദമന്യേ കടിച്ചു കീറിക്കൊണ്ടിരിക്കുന്ന തെരുവു പട്ടികളെയും കൊല്ലരുതെന്നു നിയമമുണ്ടാക്കുന്നവർക്കായിരിക്കും വൈറസ് ബാധയും സ്വഭാവമാറ്റവും. അല്ല പിന്നെ.

*(എസ്.ജെ)*

## മിണ്ടരുത്

അനാവശ്യ വിവാദമുണ്ടാക്കി സമുദായത്തെ താറടിക്കരുത്. കാന്തപുരത്തിന്റെ പ്രസ്താവന സാമുദായികമായി എതിർക്കപ്പെടേണ്ടതാണ്. പ്രസ്താവന മതപരമായി നിലനിൽക്കുന്നതാണോയെന്ന് മതനേതാക്കൾ വ്യക്തമാക്കണം. അനാവശ്യ വിഷയങ്ങൾ കുത്തിപ്പൊക്കുന്നത് സംഘപരിവാർ ശക്തികളുടെ കയ്യിൽ ആയുധം നൽകുന്നതിന് തുല്യമാണ്. രാജ്യത്ത് എല്ലാ വിഭാഗം മത മൗലിക വാദികളും വളരുകയാണ്. പുരുഷ കേന്ദ്രീകൃതമായ സാമൂഹ്യ വ്യവസ്ഥയാണ് ഇസ്ലാമിന്റേതെന്ന വാദം ആഗോള, ദേശീയ, ചരിത്രത്തിനും വസ്തുതകൾക്കും നിരക്കുന്നതല്ല.

*(ഡോ. ഫസൽ ഗഫൂർ)*

വിചിന്തനം

# കണ്ണിനെയും കാതിനെയും വിശ്വസിക്കരുത്

നേരിൽ കാണുന്നതും കേൾക്കുന്നതുമായ കാര്യങ്ങളെ വിശ്വാസത്തിലെടുക്കണമെന്നാണ് പൊതുവേ പറയാറ്. എന്നാൽ നേരിട്ട് കണ്ടതും കേട്ടതും വിശ്വസിക്കരുതെന്നാണ് യൂണിവേഴ്സിറ്റി ഓഫ് കാലിഫോർണിയയിലെ ഗവേഷകരുടെ പുതിയ കണ്ടെത്തൽ. ലഡാൻ ഷാംസ് എന്ന ഗവേഷക വിദ്യാർത്ഥിയുടെ നേതൃത്വത്തിലാണ് പുതിയ പഠനം നടന്നത്.

നമ്മുടെ കാഴ്ചയും കേൾവിയും വിശ്വസനീയമല്ലെന്നാണ് ഷാംസിന്റെയും സംഘത്തിന്റെയും കണ്ടെത്തൽ. മനുഷ്യ ശരീരത്തിലെ പ്രധാന ഇന്ദ്രിയങ്ങളാണ് കണ്ണും കാതും . നമ്മൾ ലോകത്തെ കൂടുതലും അറിയുന്നതും ഇവ രണ്ടിലൂടെയുമാണ്. എന്നാൽ കണ്ണ്, കാത് എന്നിവയിൽക്കൂടി തലച്ചോറിലെത്തുന്ന വിവരങ്ങൾ കൃത്യതയില്ലാത്തതാണെന്നാണ് ലഡാൻ ഷാംസിന്റെയും കൂട്ടുകാരുടെയും കണ്ടെത്തൽ.

ചുറ്റുപാടുകളെക്കുറിച്ച് ബോധ്യമുണ്ടാക്കുന്ന സ്പെഷൽ ലോക്കലൈസേഷൻ എന്ന കഴിവിനെയാണ് ഗവേഷകർ പരീക്ഷിച്ചത്. കണ്ണിന്റെയും കാതിന്റെയും സംയുക്ത പ്രവർത്തനത്തിലൂടെയാണ് ചുറ്റുപാടുകളെക്കുറിച്ച് നമുക്ക് ബോധ്യമുണ്ടാകുന്നത്.

പരീക്ഷണത്തിന്റെ ഭാഗമായി കുറെ ആളുകളെ ഒരു കറുത്ത ബോർഡിന് അഭിമുഖമായി നിർത്തി. ഇതിന് പിറകിൽ അഞ്ച് ലൗഡ് സ്പീക്കറും വെച്ചു. കൂടാതെ ഇവരുടെ പിറകിൽ ഒരു പ്രൊജക്ടറും സ്ഥാപിച്ചു.

ഒരേ സമയത്ത് പ്രൊജക്ടർ ഉപയോഗിച്ച് ബോർഡിലേക്ക് പ്രകാശം എത്തിക്കുകയും ലൗഡ് സ്പീക്കറുകൾ പ്രവർത്തിപ്പിക്കുകയും ചെയ്തു. ഇത് പലതരത്തിൽ ആവർത്തിക്കപ്പെട്ടു. പരീക്ഷണത്തിന് വിധേയരായ ആളുകളോട് ഇവ എവിടെ നിന്നാണ് പുറപ്പെടുന്നത് എന്ന് കണ്ടെത്താൻ ആവശ്യപ്പെട്ടായിരുന്നു പരീക്ഷണം.

എന്നാൽ ഇതിൽ ആർക്കും അത് കൃത്യമായി കണ്ടെത്താൻ സാധിച്ചില്ല.

പലർക്കും നിഗമനങ്ങൾ മാത്രമായിരുന്നു ഉണ്ടായിരുന്നത്. പല തരത്തിലുള്ള വിവരങ്ങൾ ഒരേ സമയം ഒരേ സ്ഥലത്തിനെ കേന്ദ്രീകരിച്ച് വന്നതോടെ അതിനെ അപഗ്രഥിക്കാൻ തലച്ചോറിന് സാധിക്കാതെ വന്നതാണ് ഇതിന് കാരണമെന്നാണ് ഷാംസിന്റെയും സംഘത്തിന്റെയും വിലയിരുത്തൽ. പഠനഫലങ്ങൾ പി.എൽ.ഒ.എസ്. കംപ്യൂട്ടേഷണൽ ബയോളജിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

*20/12/2015 മാതൃഭൂമി*

## സദാചാരം

“കൊല്ലുന്നതിൽ ആനന്ദം കണ്ടെത്തുന്ന ക്രിമിനലാണ് സിസ്റ്റർ അമലയുടെ കൊലപാതകിയായ സതീഷ് ബാബു എന്ന് എ.ഡി.ജി.പി കെ. പത്മകുമാർ.”

“കുറ്റത്തിന്റെ വലിപ്പത്തിനനുസരിച്ച് ശിക്ഷ നൽകാത്ത ഒരു നാട്ടിൽ മേമൻമാരും ഗോവിന്ദച്ചാമികളും കൂടി വരികതന്നെ ചെയ്യും.”

*(വി.കെ ദാമോദരൻ, കേളപ്പജി നഗർ).*

# കണ്ണുണ്ടായാൽ കാണണം!

**മാ**സപ്പിറവി കണ്ണാൽ കണ്ടാലേ മാസം പിറന്നെന്നു തീരുമാനിക്കുകയുള്ളൂ എന്ന് ഉറപ്പിച്ചിരിക്കുന്നവരുടെ മുമ്പിൽ ഒരു ചോദ്യചിഹ്നമാണീ റിപ്പോർട്ട്. കാണാൻ ഒരിക്കലും പ്രായമെത്തിയിട്ടില്ലാത്ത ചന്ദ്രക്കലയെ കണ്ടെന്നും പറഞ്ഞു ഉറപ്പിച്ചു കൊടുക്കുന്നവർ ഒരു കഥയുമറിയാത്തവരാണ്. കൃത്യവും കണിശവുമായ പ്രപഞ്ച വ്യവസ്ഥ പ്രകാരം ചലിക്കുന്ന ഈ മഹാപ്രപഞ്ചത്തിലെ ഗണിത, ഗോള ശാസ്ത്രമാണ് ഇക്കാര്യത്തിൽ കൃത്യമായ പ്രശ്നപരിഹാരം. **"അശ്ശംസു വൽഖമറു ബിഹുസ്ബാൻ" (സൂര്യ ചന്ദ്രൻമാർ കണിശമായ കണക്കിനനുസൃതമാകുന്നു)** എന്ന അല്ലാഹുവിന്റെ വചനം പൊയ്‌വാക്കല്ലല്ലോ. ബാഹ്യമായ നേത്രങ്ങളോ ശ്രവണ പുടങ്ങളോ പഞ്ചേന്ദ്രിയങ്ങളോ അല്ല യഥാർത്ഥ അറിവു നൽകുന്നത്. മറിച്ച് നെഞ്ചിനകത്തെ ഹൃദയത്തിൽ/ മനസ്സിലാണ് വസ്തുതകളുടെ യാഥാർത്ഥ്യം വന്നുചേരേണ്ടത്. മഹാബുദ്ധി രാക്ഷസന്മാരായ കണ്ണുകാഴ്ചയില്ലാത്ത എത്രയോ മനീഷികളുണ്ട് ലോകത്ത്. ബാഹ്യനേത്രങ്ങൾക്ക് കാണാൻ കഴിയില്ലെങ്കിലും അകക്കാഴ്ചയിൽ അവർ എല്ലാം കാണുന്നു. കേൾക്കുന്നു. ഗ്രഹിക്കുന്നു. **"കണ്ണുകൾക്കല്ല അന്ധത ബാധിക്കുക. മറിച്ച് നെഞ്ചകങ്ങൾകകത്തുള്ള മനസ്സുകളിലാണ് അന്ധത ബാധിക്കുക." (വി.ഖു.അൽഹജ്ജ് : 46).** "അവർക്ക് മനസ്സുകളുണ്ട്. പക്ഷെ അതുകൊണ്ടവർ കാര്യം ഗ്രഹിക്കുന്നില്ല. അവർക്കു കണ്ണുകളുണ്ട്. പക്ഷെ അതുകൊണ്ടവർ കണ്ടറിയുകയില്ല. അവർക്കു കാതുകളുണ്ട്. പക്ഷെ, അവർ കേട്ടു മനസ്സിലാക്കുന്നില്ല. അവർ നാൽക്കാലികൾക്കു തുല്യമത്രെ. അവരത്രെ മഹാപിഴച്ചവർ. അവർ തന്നെയാണ് ശ്രദ്ധയില്ലാത്തവർ (വി.ഖു: അൽഅഅ്റാഫ്: 179). മേൽ സൂചിപ്പിച്ച കണ്ടുപിടുത്തത്തിനെ അംഗീകരിക്കുന്ന വിധമാണ് ഖുർആനിലെ അതു സംബന്ധമായ അനേകം വചനങ്ങളുടെ സാരാംശങ്ങൾ ഉള്ളത് എന്നത് പ്രത്യേകം ശ്രദ്ധേയമാകുന്നു. കണ്ണിനെയും കാതിനെയും പരിധിവിട്ട് വിശ്വസിക്കുകയും കാഴ്ചയും കേൾവിയും യഥാർത്ഥത്തിൽ ചെയ്യുന്ന ദൗത്യം എന്തെന്ന് തിരിച്ചറിയാതിരിക്കുകയും ചെയ്യുന്നത് ഒരു ദുരന്തം തന്നെയാണ്."

*(ടി.വി.കെ.കെ)*

# ബഡായി ബംഗ്ലാവ്

**സ്**ത്രീധന, വിവാഹാർഭാട ധൂർത്തുകൾക്കെതിരെയും പള്ളികളിലും മറ്റു ദേവാലയങ്ങളിലും യാതൊരു നിയന്ത്രണവുമില്ലാതെ ഉച്ചഭാഷിണി ഉപയോഗിക്കുന്നതിനെതിരിലും സമ്പൂർണ്ണ മദ്യ നിരോധനത്തിന്നെതിരിലുമെല്ലാം. ഇന്നാട്ടിലെ തങ്ങന്മാരടക്കമുള്ള മതരാഷ്ട്ര, സാമൂഹ്യ, സാംസ്കാരിക നേതൃത്വങ്ങൾ എന്തൊരു കോലാഹലങ്ങളാണ് ഈയടുത്ത കാലത്തിനിടയിൽ ഉണ്ടാക്കിയിരുന്നത്. സ്വന്തം അണികളിൽ പോലും നടപ്പിലാക്കാൻ ഇഛാശക്തിയില്ലാത്ത ഗീർവാണ പ്രസ്താവനകൾക്കു ശേഷം അതിനെക്കുറിച്ച് ഒരക്ഷരവും പിന്നീട് ഉരിയാടാത്ത, നിർമ്മാണാത്മകമായി യാതൊന്നും പ്രയോഗവൽക്കരിക്കാത്ത ഇവരെക്കാണുമ്പോൾ/ കേൾക്കുമ്പോൾ കേരളമൊരു ബഡായി ബംഗ്ലാവു തന്നെ എന്നു ബോധ്യമാകുന്നു......

**വാൽമുറി: "സത്യവിശ്വാസികളേ, നിങ്ങൾ ചെയ്യാത്തതെന്തിനാ വിളിച്ചുകൂവുന്നേ? അല്ലാഹുവിങ്കൽ വലിയ ക്രോധത്തിനു ഹേതുവാക്കുന്നതാണല്ലോ അത്?"**

**(വി.ഖു. 61: 2, 3)** *(അനീസ്, കൊയിലാണ്ടി)*

# പള്ളികളിലെ ഉച്ചഭാഷിണി: ശ്രദ്ധേയമായ നിർദേശം

ശൈഖ് മുഹമ്മദ് കാരകുന്ന്

**പ**ള്ളികളിലെ ഉച്ചഭാഷിണി ബാങ്ക് വിളിക്കാനും അത്യാവശ്യ അറിയിപ്പുകൾക്കും മാത്രം ഉപയോഗിക്കണമെന്നും പൊതുജനങ്ങൾക്ക് ശല്യമാകുന്ന വിധത്തിൽ ഉച്ചഭാഷിണി ഉപയോഗിക്കുന്നത് നിയന്ത്രിക്കണമെന്നും പാണക്കാട് ഹൈദരലി ശിഹാബ് തങ്ങളുടെ അധ്യക്ഷതയിൽ ചേർന്ന സുന്നി മഹല്ല് ഫെഡറേഷൻ സംസ്ഥാന കമ്മിറ്റി ആഹ്വനം ചെയ്തിരിക്കുന്നു. നാടിന്റെ സൗഹാർദാന്തരീക്ഷത്തിന് കോട്ടം തട്ടുന്ന വിധത്തിലുള്ള പ്രവർത്തനം വിശ്വാസികളിൽ നിന്നുണ്ടാകരുതെന്നും മഹല്ലുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ജാഗ്രതയോടെയും സമാധാനത്തോടെയും കൈകാര്യം ചെയ്യണമെന്നും യോഗം ആഹ്വനം ചെയ്തു.

സമകാലിക കേരളീയ സാഹചര്യത്തിൽ ഏറെ പ്രസക്തവും പ്രധാനവും പ്രയോഗവത്കരിക്കേണ്ടതുമായ നിർദ്ദേശങ്ങളാണ് ഇതെല്ലാം. ജനങ്ങൾക്ക് നന്മയും അനുഗ്രഹവുമായി മാറേണ്ട മതമിന്ന് ശാപവും ശല്യവുമായിക്കൊണ്ടിരിക്കുകയാണ്. സമൂഹത്തിൽ സ്വൈര്യവും സമാധാനവും സൗഹൃദവും സഹിഷ്ണുതയും വളർത്തേണ്ട മതം കുഴപ്പങ്ങൾക്കും കലാപങ്ങൾക്കും അസ്വസ്ഥതകൾക്കുമാണ് ചിലപ്പോഴെങ്കിലും കാരണമായിത്തീരുന്നത്. എപ്പോഴും ഇതിനു വഴിവെക്കാറുള്ളത് മതം തെരുവുകളിൽ ശക്തിപ്രകടനം നടത്തുമ്പോഴാണെന്ന് നമ്മുടെ രാജ്യത്തെ ഇന്നോളമുള്ള അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. മതത്തിന്റെ പേരിലുള്ള ഘോഷയാത്രകളും എഴുന്നള്ളലുകളും മറ്റുമാണ് പലപ്പോഴും കുഴപ്പങ്ങൾക്കും സംഘട്ടനങ്ങൾക്കും കാരണമാകാറുള്ളത്.

ആരാധനാലയങ്ങൾ ജനങ്ങൾക്ക് അനുഗ്രഹമാകേണ്ടവയാണ്. ഇസ്ലാമിക കാഴ്ചപ്പാടിൽ പള്ളികൾ സാസ്കാരിക കേന്ദ്രങ്ങളാണ്. ജാതി, മത ഭേദമന്യേ പ്രദേശത്തെ മുഴുവൻ മനുഷ്യർക്കും ഗുണകരവും ആശ്വാസമേകുന്നവയും നിർഭയത്വം നൽകുന്നവയുമായിരിക്കണം അവ.

എന്നാലിന്ന് ആരാധനാലയങ്ങൾ പ്രദേശ വാസികൾക്ക് ശല്യവും ശാപവുമാവുകയാണ്. പള്ളികളും അമ്പലങ്ങളും ചർച്ചുകളുമൊക്കെ ഏറിയോ കുറഞ്ഞോ ഇതിൽ പങ്കുവഹിക്കുന്നു. ഈ സാഹചര്യത്തിലാണ് മുസ്ലിംകൾ മറ്റുള്ളവർക്കുകൂടി മാതൃകയാകുമാറ് ഉച്ചഭാഷിണിയുടെ ഉപയോഗത്തിൽ നിയന്ത്രണം പാലിക്കണമെന്ന നിർദേശം പ്രസക്തമാകുന്നത്.

പള്ളികളിൽ നിന്ന് അഞ്ചുനേരം ബാങ്ക് വിളിക്കുന്നത് ജാതി, മതഭേദമന്യേ എല്ലാവർക്കും സമയമറിയാൻ നല്ലതാണ്. എന്നാൽ, ഒരേ പ്രദേശത്തെ വിവിധ പള്ളികളിൽ നിന്ന് വ്യത്യസ്ത സമയങ്ങളിൽ ബാങ്ക് വിളിക്കുന്നത് പ്രദേശത്തെ മുസ്ലിംകളുൾപ്പെടെ എല്ലാവർക്കും ബുദ്ധിമുട്ടാകും. മുസ്ലിംകളല്ലാത്ത ചിലരെങ്കിലും അല്ലാഹുവിന്റെയും പ്രവാചകന്റെയുമൊക്കെ പേരോ മഹത്ത്വപ്രകീർത്തനമോ കേൾക്കുമ്പോൾ ഏറെ പ്രയാസമനുഭവിക്കുകയും അതിനെ

മനസാ വെറുക്കുകയും ശപിക്കുകയുമാണ് ചെയ്യുക. ഇങ്ങനെ സംഭവിക്കാനിടവരുത്തുന്നത് അഭികാമ്യമോ ആശാസ്യമോ അല്ലെന്ന് പറയേണ്ടതില്ലല്ലോ.

ബാങ്കിന്റെ സമയത്തിൽ പ്രഭാതത്തിലും പ്രദോഷത്തിലും നാലും അഞ്ചും മിനിറ്റുകളുടെ വ്യത്യാസമുണ്ട്. ഇതൊഴിവാക്കി സമയം ഏകീകരിക്കുകയെന്ന ലക്ഷ്യത്തോടെ കോഴിക്കോട്ട് എം.എസ്.എസിന്റെ ആഭിമുഖ്യത്തിൽ മൂന്നു നാലുതവണ വിവധ മതസംഘടനകളിലെ പണ്ഡിതർ ചർച്ച നടത്തുകയുണ്ടായി. എങ്കിലും യോജിച്ച തീരുമാനത്തിലെത്താൻ സാധച്ചില്ല. അത് വിജയിച്ചാലും ഇല്ലെങ്കിലും ഒരു പ്രദേശത്ത് ഒരൊറ്റ പള്ളിയിൽ നിന്നു മാത്രം ഉച്ചഭാഷിണിയിൽ ബാങ്കു കൊടുക്കുക; മറ്റു പള്ളികളിൽ നിന്ന് ഉച്ചഭാഷിണിയില്ലാതെയും അതു നിർവഹിക്കുക. എങ്കിൽ അത് മുസ്‌ലിംകളുൾപ്പെടെ എല്ലാവർക്കും ഗുണകരമായിരിക്കും. ശബ്ദശല്യത്തിൽ നിന്ന് എല്ലാവർക്കും മോചനമേകും.

ബാങ്ക് ഒഴിച്ചുള്ളവയെല്ലാം പള്ളിക്കുള്ളിൽ മാത്രം കേൾക്കും വിധം നടത്തിയാൽ മതി. ജുമുഅ പ്രഭാഷണങ്ങളായാലും മറ്റു പ്രസംഗങ്ങളോ സ്റ്റഡി ക്ലാസുകളോ ഖുർആൻ പാരായണമോ പ്രാർത്ഥനകളോ കീർത്തനങ്ങളോ എന്തായാലും അവക്കൊന്നും ഉച്ചഭാഷിണി ഉപയോഗിക്കില്ലെന്ന് എല്ലാ പള്ളി ഭാരവാഹികളും നടത്തിപ്പുക്കാരും തീരുമാനിക്കേണ്ടിയിരിക്കുന്നു. ഇന്ന് പല പള്ളികളിലും പ്രഭാതത്തിനു മുമ്പേ ഉച്ചഭാഷിണിയിലൂടെ ഖുർആൻ പാരായണം നടത്തുന്നു. ഒരു ബഹുസ്വര സമൂഹത്തിൽ ഇതൊക്കെ എത്ര മാത്രം ദ്രോഹകരവും അപകടകരവുമാണെന്ന് ബന്ധപ്പെട്ടവർ ആലോചിക്കുന്നില്ല. പരിസരത്ത് ഉറങ്ങുന്നവർക്കെല്ലാം ശല്യമാകുന്നതിനാൽ അവർ ഖുർആനെ ശപിക്കികയും പള്ളിയെയും അതിന്റെ ആൾക്കാരായ മുസ്ലിംകളെയും വെറുക്കുകയും ചെയ്യുന്നു. ഇപ്രകാരം തന്നെ പ്രസംഗങ്ങളും പ്രാർത്ഥനകളും മറ്റും പള്ളിക്ക് പുറത്തേക്ക് ഉച്ചത്തിൽ കേൾപ്പിക്കുന്നത് പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഓഫീസിൽ ജോലി ചെയ്യുന്നവർക്കും പരിസരങ്ങളിലെ വീട്ടുകാർക്കും കച്ചവചക്കാർക്കും നാട്ടുകാർക്കുമൊക്കെ ശല്യവും സ്വൈര്യക്കേടുമായി മാറുന്നു.

ബാങ്ക് മനോഹരമായ സ്വരത്തിലും ആകർഷകമായ ശബ്ദത്തിലുമാണെങ്കിൽ അത് എല്ലാവർക്കും ആസ്വാദ്യകരമായിരിക്കും. വിശ്വാസികൾക്കു മാത്രമല്ല, അവിശ്വാസികൾക്കും അത് ഏറെ ഹൃദ്യമായി അനുഭവപ്പെടും. അൽപ സമയം മാത്രമേ അതുണ്ടാവുകയുള്ളൂ. ഒരു പ്രദേശത്ത് ഒരൊറ്റ പള്ളിയിൽ നിന്നായിരിക്കണമെന്നു മാത്രം.

തീവ്ര ഇടതുപക്ഷ പ്രവർത്തകൻ പൊന്ന്യത്തെ രാമകൃഷ്ണന്റെ ആത്മഹത്യയെക്കുറിച്ച് എഴുതവെ അതു നടന്നതിന്റെ പിറ്റേന്നാളത്തെ അനുഭവം എ. സോമൻ ഇങ്ങനെ കുറിച്ചിട്ടു:

'അല്ലാഹു അക്ബർ... ഞാനുണർന്നു. അടുത്ത പള്ളിയിലെ ബാങ്കുവിളി കേട്ടുകൊണ്ട്. ആ സ്വരത്തിലെ അഭൗമധാര പൊടുന്നനെ എന്നെ സ്വസ്ഥചിത്തനാക്കി. ആത്മഹത്യക്കും അതി ജീവനത്തിനുമിടയിൽ ആ ദൈവസ്തുതിയിലടങ്ങിയ തരളത, പിറന്നതും പിറക്കാനിരിക്കുന്നതുമായ മഹാകാലത്തിന്റെ ഓർമകൾ ചുരത്തി എന്നിൽ, പിന്നീട് ഏറെക്കാലം എന്നിൽ ഘനീഭൂതമായിക്കിടന്നു ആ ബാങ്കുവിളി. പല ആപദ്ഘട്ടങ്ങളിലും സ്വൈരം നശിക്കുമ്പോൾ എന്റെ ഉപബോധം എനിക്കയക്കാറുള്ള സന്ദേശം.'

മഹല്ലുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ജാഗ്രതയോടെയും സമാധാനത്തോടെയും കൈകാര്യം ചെയ്യണമെന്ന സുന്നി മഹല്ല് ഫെഡറേഷന്റെ ആഹ്വനത്തിനും വലിയ പ്രാധാന്യമുണ്ട്. ഒരേ മഹല്ലിൽ തന്നെ താമസക്കാരായി വ്യത്യസ്ത മത സംഘടനകളിലെ ആളുകളുണ്ടായിരിക്കെ വിവാഹം, മരണാനന്തര കർമ്മങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ പ്രശ്നങ്ങളുണ്ടാകാതിരിക്കാൻ ഈ നിർദേശം ഗുണകരമായിരിക്കും. പള്ളിയുമായി സഹകരിക്കുന്ന വ്യത്യസ്ത സംഘടനകളിലെ ആളുകൾക്ക് വിവാഹവും മരണാന്തര കർമ്മങ്ങളും മറ്റും തങ്ങളുടെ വിശ്വാസ വീക്ഷണമനുസരിച്ച് നിർവഹിക്കാൻ സ്വതന്ത്ര്യവും അനുവാദവും നല്കുന്ന വിശാലമായ സമീപനമായിരിക്കണം മഹല്ല് ഭാരവാഹികളും നടത്തിപ്പുകാരും സ്വീകരിക്കുന്നത്. എങ്കിൽ മുസ്‌ലിം സമുദായത്തിന്റെ ആഭ്യന്തര രംഗത്ത് അത് ഏറെ ആരോഗ്യകരമായ അവസ്ഥക്കും പരസ്പര ബന്ധത്തിനും വഴിയൊരുക്കും.

*(കടപ്പാട്, മാധ്യമം 9/9/15)*

# ഞങ്ങളെന്തു ചെയ്യണം സാറന്മാരേ?

**ലിം**ഗസമത്വവാദം അടിസ്ഥാനരഹിതം. ആണും പെണ്ണും തുല്യരാണെന്നു പറയുന്നവരെ അത് തെളിയിക്കാൻ വെല്ലുവിളിക്കുന്നു. നിരവധി സങ്കീർണ ശസ്ത്രക്രിയകളും യുദ്ധം പോലെ മനക്കരുത്ത് കൂടുതലാവശ്യമുള്ള കാര്യങ്ങളും പുരുഷന്മാർക്കേ ചെയ്യാനൊക്കൂ. ഒറ്റ സ്ത്രീയയും ഈ മേഖലകളിൽ കാണാനൊക്കില്ല... (കാന്തപുരം)

* * *

മുസ്‌ലിം സ്ത്രീകൾ അഖിലേന്ത്യാ തലത്തിലും രാഷ്ട്രീയമായി മുന്നേറണം. മുസ്‌ലിം സ്ത്രീകൾ കേരളത്തിൽ നടത്തിയ രാഷ്ട്രീയ മുന്നേറ്റം വ്യാപിപ്പിക്കണം.

*(ഹൈദരലി ശിഹാബ് തങ്ങൾ).*

* * *

ക്ലാസ്മുറികളിൽ ആൺകുട്ടികളും പെൺകുട്ടികളും ഒരുമിച്ചിരുന്ന് പഠിക്കുന്നതിനോട് യോജിപ്പില്ല. (മന്ത്രി അബ്ദുറബ്ബ്).

* * *

ലിംഗസമത്വത്തിന്റെ പേരിൽ അരാജകത്വം വളർത്തരുത്.

*(എം.എസ്.എം. വിദ്യാർത്ഥി സംഗമം)*

* * *

അന്നത്തെ ചുംബനസമര നായകർ ഇന്നത്തെ പെൺവാണിഭക്കേസ് പ്രതികളായിരിക്കുന്നു. (പത്രങ്ങൾ)

* * *

ക്യാമ്പസുകളിൽ കാന്റീനിലും ലൈബ്രറിയിലുമൊക്കെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക ഇടം എന്ന സങ്കൽപം അത്യന്ത്യം പ്രതിലോമകരവും പിന്തിരിപ്പനുമാണെന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. (ഡോ. ഷീന ഷുക്കൂർ)

* * *

താരതമ്യേന പിന്നോക്കാവസ്ഥയിലുള്ള യാഥാസ്ഥിതികർ ധാരാളമുള്ള സമുദായത്തെ പേടിച്ചാകണം ആദ്യം അവർ പെൺകുട്ടികൾക്ക് പ്രവേശനം കൊടുത്തില്ല. പിന്നെ അതുണ്ടായി. പെൺകുട്ടികൾ പഠിപ്പിലും പരിഷ്കാരത്തിലും ഉദ്യോഗത്തിലുമെല്ലാം മുൻപന്തിയിലായി. (പ്രൊഫ. എം.ജി.എസ് നാരായണൻ)

**ചെയ്യേണ്ടവയെക്കുറിച്ച്:** അല്ലാഹു വിശുദ്ധവേദത്തിൽ ആവർത്തിച്ചു പറയുന്നുണ്ട്. അവ ശ്രദ്ധിച്ച് പ്രയോഗവൽക്കരിച്ചാൽ പരിഹാരമായി.

**“അവരുടെ രക്ഷിതാവ് അവർക്ക് ഉത്തരമേകി. നിങ്ങളിലെ ആണായാലും പെണ്ണായാലും എന്തു കർമ്മം ചെയ്താലും അതിന്റെ പ്രതിഫലം നാം നിഷ്ഫലമാക്കുകയില്ല. കാരണം നിങ്ങളിൽ ഓരോ വിഭാഗവും മറ്റു വിഭാഗത്തിൽ നിനുൽഭവിച്ചവരാകുന്നു.” (വി.ഖു. 3: 195; 4: 124; 16: 97; 40: 40; 49: 13).** “സ്വർഗ്ഗം ലഭിക്കുന്നതിൽ ഇരുകൂട്ടർക്കും തുല്യാവകാശമുണ്ടായിരിക്കും.” വി.ഖു. 4: 124. “ഇഹലോക ജീവിതത്തിലെ നന്മകളൊക്കെയും ഇരുകൂട്ടർക്കും കർമ്മത്തിനനുസരിച്ച് നൽകുക തന്നെ ചെയ്യും.” (വി.ഖു 16:97). “ജീവിതസൂക്ഷ്മത ഇരുകൂട്ടരിലെ ആരു പുലർത്തിയാലും

ദൈവം അത് തുല്യമായിത്തന്നെ കാണുന്നതാണ്." (വി.ഖു 49: 13).

ലിംഗസമത്വമെന്നാൽ മുട്ടിയിരുമ്മി അഴിഞ്ഞാടി എന്തുമാകാമെന്ന തുല്യതയല്ലെന്നു മാത്രം. പിന്നെയോ? ഓരോ വിഭാഗത്തിന്റെയും തിരിച്ചറിവിനായി പ്രകൃതത്തിനനുസൃത മാന്യവേഷങ്ങളണിഞ്ഞ് അന്തസ്സ് പാലിക്കുക. (വി.ഖു. 24: 30, 31). "ദ്രോഹികളുടെ പീഡനങ്ങളേൽക്കാതെ സുരക്ഷിതത്വം ഉറപ്പാക്കാൻ കരുതൽ നടപടിയെടുക്കുക." (വി.ഖു 33: 59)

സ്ത്രീ പുരുഷ സങ്കലിത സംസ്കാരമില്ലാതെ അവിഹിത ബന്ധങ്ങളൊന്നുമില്ലാത്ത വാക്കുകളിലും പെരുമാറ്റത്തിലും അശ്ലീല, ലൈംഗികച്ചുവ പോലുമില്ലാതെ അന്തസ്സാർന്ന മാന്യതയും സംസ്കാരവും പുലർത്തുക. (വി.ഖു. 33: 32, 33). വിശ്വാസികളെല്ലാം സഹോദരീ സഹോദരന്മാരാണെന്ന പവിത്രത ജീവിതകാലം മുഴുവൻ തുടരുക. (വി.ഖു 49: 10). മനുഷ്യരെല്ലാം ഒരുമ്മ പെറ്റ ഒരു പിതാവിന്റെ മക്കളാണെന്ന സമഭാവന എല്ലാ സങ്കീർണ്ണതകൾക്കും ശാശ്വതപരിഹാരമാകുന്നു.

*(അഹ്മദ് എസ്.എം)*

# ലിംഗ സമത്വമോ?

**കാ**ന്തപുരം മുസ്ലിയാർ പറഞ്ഞതിൽ ഒരുപാട് ശരികളുണ്ടായിരുന്നു. പക്ഷേ, അസമയത്ത് അനവസരത്തിൽ അനാവശ്യമായിപ്പറഞ്ഞത് ശരിയായില്ല. കലക്കുവെള്ളം . മീൻ കണ്ടു. വലയെറിഞ്ഞു. കിട്ടിയത് ചെള്ളുകളും ഞെണ്ടുകളുമായിപ്പോയി. എന്നാൽ പലരും അതൊന്ന് നന്നായി ആഘോഷിച്ചു. അല്ല, ആഘോഷിപ്പിച്ചു. ഒന്നുമാത്രം കാണുക:

"കേരളത്തിൽ ഏറ്റവും ധൈര്യശാലിയായ വ്യക്തി ആരെന്ന് ചോദിച്ചാൽ ഞാൻ പറയും. ഡോ. ഷെർളിവാസു. മരിച്ചവന്റെ നാവായി നൂറുവട്ടം കോടതി മുറികളിൽ അവർ സാക്ഷിയായിട്ടുണ്ട്. ഗോവിന്ദച്ചാമിക്ക് എതിർവശത്തെ കോടതിക്കൂട്ടിൽ സൗമ്യയായി നിന്ന് ശിക്ഷ വാങ്ങിക്കൊടുത്തത് ഈ ഡോക്ടറായിരുന്നു. ജോൺ എബ്രഹാമും പദ്മരാജനും അവരുടെ ടേബിളിൽ കയറി നിന്നിട്ടുണ്ട്....... ആയിരക്കണിക്കിനു മരിച്ച ദേഹങ്ങളിൽ കത്തിയാഴ്ത്തി നേരിന്റെ കണികകൾ കണ്ടെത്തുമ്പോഴും അവരൊരു സ്ത്രീയായിരുന്നു മുസ്ലിയാരെ. കൈ വിറയക്കാത്ത സ്ത്രീ. കാന്തപുരം മുസ്ലിയാരോടു പറയൂ! ചങ്കൂറ്റമുള്ള പെണ്ണുങ്ങളെ കാണാൻ ത്സാൻസിറാണി, ഇന്ദിരാഗാന്ധി, അജിത.... എല്ലാവരും പെണ്ണുങ്ങൾ തന്നെ. മുസ്ലിയാർ പറഞ്ഞാൽ പെണ്ണ് പെണ്ണലാതാകുമോ?

*(എ.ജെ. ലെൻസി)*

## നന്നായിക്കൂടേ!

**പ്രി**യപ്പെട്ട നൗഷാദ്. നീ മരിച്ചതല്ല എന്നു പോലും ഞാൻ വിശ്വസിക്കുന്നു. മതം കൊണ്ടും സമുദായം കൊണ്ടും പണം കൊണ്ടും പെരുമ കൊണ്ടും പാർട്ടി കൊണ്ടും മനുഷ്യരെ ഭിന്നിപ്പിച്ച് നടുവിൽ ചോരകുടിക്കുന്ന ചെകുത്താന്മാരുടെ നടുവിൽ നിന്ന് മനുഷ്യത്വത്തിന്റെ മാൻഹോളിലേക്കിറങ്ങി ആത്മബലി ചെയ്യുകയായിരുന്നു നീ. മലിന ജലത്തിൽ. ഇരുട്ടിൽ അവസാന ശ്വാസമെടുക്കുമ്പോൾ നീ സ്വയം ചോദിച്ചിട്ടുണ്ടാവും. എന്തുകൊണ്ട് നമുക്കൊന്നു നന്നായിക്കൂടാ? (ചലച്ചിത്ര സംവിധായകൻ രഞ്ജിത്ത്)

സംസ്കാരം

# ചൈനയിലെ ഒറ്റക്കുട്ടിനയം

**ചൈ**ന 35 കൊല്ലം മുമ്പ് ഏർപ്പെടുത്തിയ ദമ്പതികൾക്ക് ഒറ്റക്കുട്ടി മതി എന്ന നിയമം വമ്പൻ പരാജയത്തിൽ കലാശിച്ചിരിക്കുന്നു. കാരണങ്ങൾ: സമൂഹത്തിൽ പ്രായമായവരുടെ എണ്ണംകൂടി. തൊഴിൽ ശക്തി ക്ഷയിച്ചു. സാമ്പത്തിക പുരോഗതിക്കു തടസ്സമായി. 40 കോടി ജനങ്ങൾ നിയമത്തിലൂടെ നിയന്ത്രിക്കാനായി എന്ന് അവകാശ വാദത്തിന്റെ പാർശ്വഫലം ദുരന്തപൂർണമായി. രാഷ്ട്ര സാമ്പത്തിക മുന്നേറ്റം എന്നത് നേരെ മറിച്ചായി. ഞങ്ങൾക്കു ജനിക്കുന്ന ഒറ്റക്കുട്ടി ആണായിരിക്കണമെന്ന സ്വാഭാവിക നിർബന്ധത്താൽ പെൺ ഭ്രൂണഹത്യ പെരുകി. പെൺവിഭാഗം ഭീമമായി കുറഞ്ഞതിന്റെ അപകടകരമായ അന്ത്യം എന്തായിരിക്കുമെന്നു കാണാനിരിക്കുന്നു.

അനേകം ഫാക്ടറികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചുപൂട്ടേണ്ടിവന്നു. വമ്പൻ നിർമ്മാണ പദ്ധതികൾ നടത്താനാളില്ല. തൊഴിൽ ദാനശക്തി ഗണ്യമായി കുറഞ്ഞു. 60 വയസ്സിനു മുകളിലുള്ള വൃദ്ധജനസംഖ്യ 21 കോടി കവിഞ്ഞു. ദൈവം ഭൂമിയിലെ മനുഷ്യരിൽ നിശ്ചയിച്ച പ്രകൃതിവ്യവസ്ഥയും സന്തുലിതാവസ്ഥയും തകർത്താൽ എന്തായിരിക്കുമെന്ന പുതുപുത്തൻ സന്ദേശം ചൈന നമുക്കു നൽകുന്നു. ഭൂമിയിലെ അത്യുൽകൃഷ്ടവും ഉന്നതവുമായ ശക്തി മനുഷ്യശക്തിയാണ്. അത് വേണ്ടെന്നു തീരുമാനിച്ചാൽ ഭൂവാസികളുടെ ദുരന്തമായി മാറും. ചൈനയിലത് സംഭവിച്ചിരിക്കുന്നു.

ആ കടുത്ത കരിനിയമം ചൈന ഇപ്പോൾ പിൻവലിച്ചു. ഇനി കുട്ടികൾ രണ്ടാവാം എന്ന നിയമം 2016 ജനുവരി ഒന്നു മുതൽ നടപ്പിലാക്കിയിരിക്കുന്നു. പ്രാപഞ്ചിക വ്യവസ്ഥയിലാകെ ദൃശ്യമാകുന്ന സന്തുലിതത്വം തകർക്കരുതെന്ന് ദൈവകൽപനയുണ്ട്. അത് മനുഷ്യന്റെ ദുരമൂത്ത ചിന്ത കൊണ്ട് തകർത്താൽ ജീവിതത്തിന്റെ നിഖില മേഖലകളിലും ക്രമക്കേടുകളും താളപ്പിഴകളുമുണ്ടാകും.

**അല്ലാഹു പറയുന്നു: "വാനലോകത്തെയും നാം അത്യുന്നതിയിലാക്കി വെച്ചിട്ടുണ്ട്. അതിൽ സമതുലിതത്വവും നിശ്ചയിച്ചിട്ടുണ്ട്. നിങ്ങളും സന്തുലിതത്വത്തിൽ യാതൊരു ക്രമക്കേടുകളുമുണ്ടാക്കരുത്. നിങ്ങൾ നീതിപൂർവ്വം ആ സന്തുലിതാവസ്ഥ കാത്തുകൊൾക. അതിൽ നിങ്ങൾ കയ്യേറ്റം ചെയ്യരുത്." (വി.ഖു. 55: 7-9)**

**"ദാരിദ്ര്യം ഭയന്ന് സന്താനഹത്യക്കൊരുങ്ങരുത്. നാമാണ് അവർക്കും നിങ്ങൾക്കും ഉപജീവനമൊരുക്കി വെച്ചിട്ടുള്ളത്. അത്തരം ഹത്യ ഭീമമായ അപരാധം തന്നെയാകുന്നു." (വി.ഖു. 17: 31, 6: 151).**

ലോകമേ, വിശുദ്ധ ഖുർആനിലേക്ക് തിരിച്ചാലും.

*(നിസാർ അലി, മമ്പാട്)*

# കുമ്പസാരം

"സ്ത്രീക്ക് പ്രസവിക്കാൻ മാത്രമേ കഴിവുള്ളൂവെന്ന് ഞാൻ പറഞ്ഞിട്ടില്ല. സ്ത്രീയുടെ പരിമിതി ചൂണ്ടിക്കാട്ടുക മാത്രമാണ് ചെയ്തത്."

*(കാന്തപുരം)*

# എണ്ണയൊഴി

"സംഘ്പരിവാറുകാർക്ക് അടിക്കാനുള്ള വടിയാവുമെന്നുള്ളതുകൊണ്ട് നമുക്ക് കാന്തപുരത്തിന്റെ പ്രസ്താവനയെക്കുറിച്ച് ഒന്നും മിണ്ടാതിരിക്കാം അല്ലേ?

*(വി.പി. റജീന)*

വിമർശം

# നൂറിന്റെ ബശരിയ്യായ വെളിപ്പെടൽ

മനുഷ്യരിലേക്ക് മാതൃകാപുരുഷനായി മനുഷ്യവർഗത്തിൽ നിന്ന് അല്ലാഹു തിരഞ്ഞെടുത്ത പച്ചയായ മനുഷ്യനാണ് പ്രവാചകനായ മുഹമ്മദ് നബി(സ). അദ്ദേഹം ദൈവദൂതനായിരുന്നു (റസൂലുല്ലാഹി); ഹിറാഗുഹയിൽ ജിബ്രീൽ മാലാഖ ഖുർആൻ നൽകിയത് അദ്ദേഹത്തിനായിരുന്നു. അന്ത്യനാൾ വരെയുള്ള മനുഷ്യർക്കെല്ലാം വഴി കാട്ടിയായ നിരുപാധികാനുസരണം അദ്ദേഹത്തിന്നർപ്പിക്കണമെന്ന് അല്ലാഹു പറഞ്ഞ ലോകത്തിനു ഒരനുഗ്രഹീതനായി വന്ന മഹാവ്യക്തിത്വമാണ് മുഹമ്മദ് നബി(സ). മക്കയിലെ അബ്ദുല്ലയുടെയും ആമിനയുടെയും മകനായി ജനിച്ചു വളർന്ന നിരക്ഷരനായ മനുഷ്യൻ. ജിന്നല്ല, മലക്കല്ല, ദൈവമല്ല, ദൈവപുത്രനല്ല, ദൈവാവതരമല്ല, ആരാധ്യനല്ല, പ്രപഞ്ചനാഥനല്ല.

ഇത്ര വലിയ മഹാനായ മുഹമ്മദ്(സ) ഒരിക്കലും നമ്മെപ്പോലെ കേവലം ഒരു വ്യക്തി മാത്രമാണ് എന്നു ലോകത്തൊരു മുസ്ലിമും പറയാറില്ല. അദ്ദേഹത്തിന് എന്തൊക്കെ സവിശേഷതകളുണ്ടായിരുന്നുവോ അതെല്ലാം വകവെച്ചു കൊടുത്തിട്ടുണ്ട്. എന്നാൽ മനുഷ്യനായ അദ്ദേഹത്തെ ദൈവാസ്തിത്വത്തിന്റെ (ദാത്തുല്ലാഹി) ഭാഗമാക്കി മാറ്റുന്ന നൂരിഷാ ത്വരീഖത്തുകാർ പറയുന്നത് 'അല്ലാഹുവിന്റെ നൂറിന്റെ ബശരിയ്യായ വെളിപ്പെടലാണ്' മുഹമ്മദ് നബി(സ) എന്നാണ്. അല്ലാഹു പ്രകാശം (നൂർ) ആണ്. നബി തങ്ങളും പ്രകാശത്താൽ സൃഷ്ടിക്കപ്പെട്ടതാണത്രെ! അദ്ദേഹം മനുഷ്യനായല്ല യഥാർത്ഥത്തിൽ ജനിച്ചു വീണത്. അല്ലാഹുവിന്റെ ആ നൂറിന്റെ മനുഷ്യരൂപം പൂണ്ട വെളിപ്പെടലാണ് - അഥവാ - അവതാരമാണ്. അത് സ്വഹാബികൾക്കു മനസ്സിലായിട്ടുണ്ട്. അതു മുതൽ ഇങ്ങോട്ട് ആർക്കും അതു ഉൾക്കൊള്ളാനായിട്ടില്ല. നൂരിഷക്കും അദ്ദേഹത്തിനെ ശൈഖാക്കി കൊണ്ടുനടക്കുന്ന സിൽസില കിട്ടിയ മുരീദന്മാർക്കും മാത്രമെ അത് യഥാവിധി ഉൾക്കൊള്ളാനും മനസ്സിലാക്കാനും കഴിഞ്ഞിട്ടുള്ളൂ.

*(മസ്ഹറുൽ ഇർഫാൻ 2015 ഡിസംബർ ലക്കം - ബശരിയ്യത്തും നൂറാനിയ്യത്തും എന്ന ലേഖനം നോക്കുക).*

യേശു ദൈവത്തിന്റെ വചനമാണ്. വചനം (കലാം) ദൈവത്തിന്റെ അസ്തിത്വത്തിലുള്ളതാണ്. ആ വചനവും ദൈവാത്മാവു (റൂഹ്) തന്നെയായ ഈസാ നബി(അ) എന്ന യേശു, കന്യാമറിയത്തിലൂടെ ദൈവമായി/ദൈവാതാരമായി/ദൈവപുത്രനായി ഭൂമിയിൽ അവതരിച്ചതാണ്/വെളിപ്പെട്ടതാണ് യേശുക്രിസ്തു. ക്രൈസ്തവ ബഹുദൈവ വിശ്വാസത്തിന്റെ അതേ നാണയത്തിന്റെ മറുവശമല്ലേ 'നൂറിന്റെ ബശരിയ്യായ വെളിപ്പെടൽ?' അതെ, 'കലാമിന്റെ ബശരിയ്യായ' വെളിപ്പെടൽ എന്ന യേശുക്രിസ്തു. ഇപ്പോൾ നമുക്കെന്തു മനസ്സിലായി! നൂറിസുറൂറികൾക്ക് ഈ വിശ്വാസം കിട്ടിയ കൃത്യമായ വഴി അതു തന്നെയെന്ന് ക്രൈസ്തവ ഫിലോസഫി.

നബി(സ്വ) പറഞ്ഞു: **"നിശ്ചയം, നിങ്ങൾ യഹൂദി നസ്വാറാക്കളെ ചാണിനു ചാണായും മുഴത്തിനു മുഴമായും പിൻപറ്റുക തന്നെ ചെയ്യും. അവരൊരു ഉടുമ്പിൻ മാളത്തിലേക്ക് തിങ്ങിഞെരുങ്ങി കയറിയാൽ നിങ്ങളും അതിനെ അനുഗമിക്കും." (തിർമുദി, അഹ്മദ്).**

അല്ലാഹു സന്മാർഗം ഏവർക്കും നൽകി അനുഗ്രഹിക്കട്ടെ.

*(അബൂബഹിയ)*

പരിഹാരം

# സൽസബീലിന്റെ തുടക്കം

**പ**ക്ഷെ ഞാൻ എന്ന നിസ്സാരജീവി ഈ രംഗത്തും ശോഭിച്ചവനല്ല. വർത്താനം പറയുന്നതുപോലെ പ്രസംഗിച്ചു കൊണ്ട് മൈക്കിന്റെ മുമ്പിൽ നിൽക്കുന്ന എന്റെ കഴിവുകൾ വളരെ പരിമിതമായിരുന്നു. അതും അവിടെ കുടിയിരിക്കുന്നവരെ മാത്രമേ എനിക്ക് കേൾപ്പിക്കാൻ കഴിയൂ. എന്നാൽ ഒരു പത്രമുണ്ടെങ്കിൽ മലപ്പുറത്തിരുന്നു കൊണ്ട് ഡൽഹിയിലുള്ളവരും ഗൾഫിലുള്ളവരുമായ മലയാളികളോട് എനിക്ക് സംസാരിക്കാൻ കഴിയും. അവരുമായി സംവദിക്കാൻ കഴിയും. അറബിയിൽ ഒരു ലേഖനം തയ്യാറാക്കി അച്ചടിച്ചാൽ മുസ്‌ലിം ലോകത്തുള്ള പണ്ഡിതന്മാരുമായി എനിക്ക് ആശയ വിനിമയം നടത്താം. ഒരു കൊച്ചു പത്രം വേണം. അതെന്റെ അടങ്ങാത്ത ആവേശമായി. മൗദൂദിസത്തിന്റെ അനിസ്‌ലാമികതയും ആദർശവ്യതിയാനവും ജനമധ്യത്തിലേക്ക് എത്തിക്കേണ്ടത് എന്റെ ഒഴിച്ചു കൂടാത്ത കർത്തവ്യമായിരുന്നു. ഞാൻ ഒട്ടേറെ ഭൗതിക സൗകര്യങ്ങൾ വിട്ടേച്ച് അറേബ്യയിൽ നിന്നും സ്വദേശത്തെത്തിയത് അതിനുവേണ്ടിയായിരുന്നു. ഒരു പതിറ്റാണ്ടിന്റെ ശ്രമകരമായ കാത്തിരിപ്പിനുശേഷം 1971 ഫെബ്രുവരിയിൽ എന്റെ മോഹം പൂവണിഞ്ഞു! സൽസബീൽ ത്രൈമാസികയായി തുടങ്ങി. ഒരു വർഷം തീരുന്നതിനു മുമ്പ് 72 ജനുവരിയിൽ മാസികയായി അത് വളർന്നു. ഒന്നാം ലക്കം മുതൽ സൽസബീലിന്റെ മുദ്രാവാക്യം സ്വതന്ത്ര്യമായി ചിന്തിക്കുക. ആളെ നോക്കാതെ തെളിവ് നോക്കുക എന്നായിരുന്നു. കുടിക്കാൻ രുചിയും സുഖവുമുള്ള ശുദ്ധപാനീയം എന്നാണീ പദത്തിന്റെ സാരം. വിശ്വാസികളായ സ്ത്രീപുരുഷന്മാർക്ക് സ്വർഗ്ഗത്തിൽ വെച്ച് നൽകപ്പെടുന്ന പാനീയമാണ് സൽസബീൽ. ഈ പേരും അനേക വർഷങ്ങൾ അരുമയോടെ എന്റെ മനസ്സിൽ സൂക്ഷിച്ചുവെച്ചതാണ്. എന്റെ ശ്രമഫലമായി ഫോർട്ടുകൊച്ചിയിൽ ഒരു മസ്ജിദിന് സ്ഥലം വാങ്ങിയപ്പോൾ ആ പള്ളിക്ക് സൽസബീൽ മസ്ജിദ് എന്ന് ഞാൻ നാമകരണം ചെയ്തു. ഞാൻ ഒരു ട്രസ്റ്റ് രൂപീകരിച്ചപ്പോൾ സൽസബീൽ ട്രസ്റ്റ് എന്ന പേരിട്ടു. ആ പേർ എന്റെ ആത്മാവിന്റെ ഭാഗമായി. എന്റെ തിരൂർക്കാടുള്ള വീടിനെയും സൽസബീൽ ഹൗസ് എന്നു വിളിച്ചു.

*(ഓർമകളുടെ തീരത്ത്, കെ. ഉമർ മൗലവി. പേജ് 197)*

## തഅ്സിയ:

**മു**ഖപരിചയം പോലുമില്ല. രണ്ടു പച്ചയായ മനുഷ്യരെ രക്ഷിക്കാൻ മരണത്തിന്റെ മാൻ ഹോളിലേക്ക് താങ്കളിറങ്ങി. ഖബറിലേക്കു ജീവനോടെ ഇറങ്ങിക്കിടന്നു! ആർദ്രതയുടെ, മനുഷ്യത്വത്തിന്റെ, ആത്മ ധൈര്യത്തിന്റെ ആൾരൂപം തന്നെയായിരുന്നു താങ്കൾ. കോഴിക്കോട്ടെ സാധാരണയിൽ സാധാരണക്കാരനായ വെറും ഒരു ഓട്ടോ ഡ്രൈവർ മാത്രമല്ല. നൗഷാദ്– അല്ലാഹു താങ്കൾക്ക് പൊറുത്തു തരട്ടെ. സ്വർഗ്ഗം നൽകി അനുഗ്രഹിക്കട്ടെ.

കുടുംബത്തിനു അൽഫനാറിന്റെ തഅ്സിയ:

പ്രശ്നം

# ചന്ദ്രമാസവും നേതാവും ഖുർആനും

ശബാബ് കോക്കൂർ

നേതാവ് പറയുന്നതാണോ ശരി, അല്ലാഹുവിന്റെ ഖുർആൻ പറയുന്നതാണോ ശരി!

1. നേതാവ് പറയുന്നു: ഹിലാൽ നോക്കണം എന്ന്, പക്ഷേ ഹിലാൽ നോക്കിയാൽ നമുക്ക് ഒന്നും മനസിലാകില്ല. അത്കൊണ്ട് അല്ലാഹു പറയുന്നു അഹില്ല നോക്കാൻ വി.ഖു 2: 189.

2. നേതാവ് പറയുന്നു ആദ്യത്തെ ചന്ദ്രക്കലയാണ് നോക്കേണ്ടത്. ബാക്കി ഒന്നും നോക്കേണ്ട ആവശ്യം ഇല്ല എന്ന്, ഖുർആൻ പറയുന്നു എല്ലാ ചന്ദ്രക്കലകളും നോക്കണം. കൂടാതെ അവസാനത്തെ ചന്ദ്രക്കലയായ ഉർജൂനുൽ ഖദീം പ്രത്യേകം നോക്കേണ്ടതാണ് എന്ന് വി.ഖു 36: 39 (അവസാനത്തേത് നോക്കിയാൽ മാത്രമേ അദ്യത്തേത് കണ്ടെത്താൻ കഴിയൂ).

3. നേതാവ് പറയുന്നു മഗ്‌രിബിന് ചന്ദ്രക്കല നോക്കണം എന്ന്. ഖുർആൻ പറയുന്നു സുബ്ഹിക്ക് നോക്കണം എന്ന്. ഉർജൂനുൽ ഖദീം കാണുന്നത് സുബ്ഹിയുടെ സമയത്താണ്.

4. നേതാവ് പറയുന്നു പടിഞ്ഞാറ് ചന്ദ്രൻ ഉദിക്കുന്നു എന്ന്. ഖുർആൻ പറയുന്നു കിഴക്കാണ് ചന്ദ്രൻ ഉദിക്കുന്നത് എന്ന്.

5. നേതാവ് പറയുന്നു ന്യൂമൂൺ/കറുത്തവാവ് ദിവസം അവസാന ദിവസം അല്ല എന്ന്. ഖുർആൻ പറയുന്നു ന്യൂമൂൺ ദിവസം അവസാന ദിവസമാണെന്നും അന്ന് ചന്ദ്രൻ സൂര്യനെ മറികടക്കുന്നു എന്നും. (വി.ഖു. 91: 2)

6. നേതാവ് പറയുന്നു ചന്ദ്രമാസ കലണ്ടർ കാഴ്ചയുടെ അടിസ്ഥാനത്തിൽ എപ്പോഴും മാറിക്കൊണ്ടിരിക്കുന്നു. ഖുർആൻ പറയുന്നു. ചന്ദ്രമാസ കലണ്ടർ കൃത്യമായുള്ളതാണ് മുറപ്രകാരമാണ്. (വി.ഖു 10: 5).

7. നേതാവ് പറയുന്നു ചന്ദ്രമാസത്തിൽ ദിവസവും ആഴ്ചയും പലപ്പോഴും മാറി വരുന്നു. മേഘം കാരണം ഒരു ദിവസം അധികം വരാം എന്ന്. ഖുർആൻ പറയുന്നു ചന്ദ്രമാസം കൃത്യത ഉള്ളതും കൊല്ലം കണക്കാക്കാനും എണ്ണം കൃത്യമായതുമാണ് എന്ന്. (വി.ഖു. 10: 5).

8. നേതാവ് പറയുന്നു ചന്ദ്രന് ഘട്ടങ്ങൾ കാഴ്ചയുടെ അടിസ്ഥാനത്തിലും മേഘം മൂടിയാലും തോന്നിയത് പോലെ ആകുന്നു എന്ന്. ഖുർആൻ പറയുന്നു ചന്ദ്രന്റെ ഘട്ടങ്ങൾ കൃത്യത ഉള്ളതാണ് അതിന്/ഘട്ടത്തിന് ഓരോ സ്ഥാനവും ഉണ്ട്, അത് മുറപോലെയാണ് എന്ന്.

9. നേതാവ് പറയുന്നു ചന്ദ്രമാസം മാത്രമല്ല സൂര്യമാസവും ഉണ്ട് എന്ന്. ഖുർആൻ പറയുന്നു ഭൂമി ഉണ്ടാക്കിയത് മുതൽ ചന്ദ്രമാസം മാത്രമേ ഉള്ളൂ എന്നും അതിൽ നാല് മാസം പവിത്രമാണെന്നും. (വി.ഖു. 9: 36).

10. നേതാവ് പറയുന്നു ദിവസവും മാസവും മാറ്റിയാൽ കുഴപ്പമില്ല ഐക്യമാണ് പ്രധാനം എന്ന്. ഖുർആൻ പറയുന്നു ദിവസത്തിന്റെയും മാസത്തിന്റെയും പവിത്രത കാത്തുസൂക്ഷിക്കണം അത് മാറ്റി കളിക്കരുത്. അത് സത്യനിഷേധത്തിന്റെ വർദ്ധനവ് ആണ് എന്ന്. (വി.ഖു. 9: 37, 2: 65, 66).

**മറുപുറം: കഥയിലെ നേതാവിന് നിങ്ങളുടെ തങ്ങളുമായോ ഖാദിയുമായോ ഉസ്താദുമായോ ഹിലാൽ കമ്മിറ്റിയുമായോ മുസ്‌ലിം സംഘടനകളുമായോ യാതൊരു ബന്ധവും ഇല്ല എന്ന് ഇതോടൊപ്പം അറിയിക്കുന്നു.**

# ദീർഘായുസ്സ്

**അ**നസുബ്നു മാലിക്(റ) പറഞ്ഞു. പ്രവാചകൻ(സ്വ) പറയുന്നത് ഞാൻ കേട്ടു. "ഒരാൾ തന്റെ ഉപജീവനത്തിൽ വിശാലതയും ദീർഘായുസ്സും ആഗ്രഹിക്കുന്നുവെങ്കിലവന്റെ കുടുംബബന്ധം കൂട്ടിയിണക്കട്ടെ." (അഹ്മദ് 12128, ബുഖാരി 1925, മുസ്‌ലിം 4638, അബൂദാവൂദ് 1443)

(ആയുഷ്കാലമത്രയും ധന്യജീവിതം അല്ലാഹു കനിഞ്ഞേകുവാനും ആയുസ്സ് ദീർഘമായിരിക്കാനും അവന്റെ മനസ്സിനെയും ശരീരത്തെയും സജ്ജമാക്കുകയാണ് രക്ത, കുടുംബബന്ധങ്ങൾ ഊട്ടിയുറപ്പിക്കുമ്പോൾ ഉണ്ടായിത്തീരുന്നത്. ശുദ്ധഹൃദയം ആരോഗ്യത്തെ പ്രദാനം ചെയ്യും. നല്ല ആരോഗ്യം ദീർഘായുഷ്മാനാക്കും. ദൈവാനുസരണത്തിലും പാരത്രിക പ്രതിഫലത്തിലും സൽപ്രവർത്തനങ്ങളിലും സദ്ചിന്തകളിലും സാമൂഹ്യ ബന്ധങ്ങളിലും നിരതമായി ജീവിക്കുന്നവൻ വളരെ ധന്യവാനായിരിക്കും. അതവന്റെ ആയുസ്സിനെ പൊലിപ്പിച്ചു നിർത്തും. ആയുസ്സ് അല്ലാഹുവിങ്കൽ നിർണിതമായിരിക്കുന്നതിനും ഉപാധികളുണ്ടല്ലോ. അതിലെ പ്രധാനപ്പെട്ടതാണ് കുടുംബ ബന്ധത്തെ കൂട്ടിയിണക്കൽ. വളരെ ഉയർന്ന മനഃശാസ്ത്ര തത്വമാണ് പ്രവാചകന്റെ മേൽവചനത്തിൽ അന്തർലീനമായിട്ടുള്ളത്.

*(ഇർഫാൻ അഹ്മദ്, ചേറ്റുവ)*

# തൂക്കമേറിയ കർമ്മം

**അ**ബൂഹുറൈയിറ(റ) പറയുന്നു: റസൂൽ(സ) പറഞ്ഞു. "അല്ലാഹു പറഞ്ഞിരിക്കുന്നു, 'നീ ധനം ചെലവഴിക്കൂ. എങ്കിൽ ഞാനും നിനക്കുവേണ്ടി ചെലവഴിക്കും' എന്ന്. അതെ, അല്ലാഹുവിന്റെ കൈകൾ നിറഞ്ഞതാണ്. രാപ്പകൽ ഭേദമന്യേ അവൻ നൽകിക്കൊണ്ടേയിരുന്നിട്ടും അവന്റെ പക്കലുള്ളതിൽ കുറവൊന്നും സംഭവിക്കുന്നില്ല. ആകാശഭൂമികൾ സൃഷ്ടിച്ചതു മുതൽ അവൻ ചെലവഴിച്ചു കൊണ്ടേയിരുന്നതിനെക്കുറിച്ച് നീ ആലോചിച്ചു നോക്കിയോ? അവന്റെ പക്കലുള്ളതൊട്ടും കുറഞ്ഞു പോയിട്ടില്ല! അവന്റെ ദിവ്യ സിംഹാസനം ആദിജലത്തിന്മേലായിരുന്നു. അവന്റെ കരത്തിലാണ് സന്തുലിതത്വത്തിന്റെ തുലാസ്സ്. അതവൻ താഴ്ത്തുകയും പൊക്കുകയും ചെയ്തുകൊണ്ടിരിക്കും."

*(അഹ്മദ്, ബുഖാരി, മുസ്‌ലിം).*

('കൊടുക്കുന്തോറുമേറിടും' എന്ന ആപ്തവാക്യം സാർത്ഥകമാണ്. ഉദാരതയാൽ മനുഷ്യൻ ധന്യരായാൽ സർവ്വ ഇടങ്ങളിലും സമ്പത്തു സഞ്ചരിക്കും. സമ്പത്ത് ചലിക്കുമ്പോൾ ഏവർക്കും ഐശ്വര്യവും വന്നുചേരും. നാം ചെലവഴിച്ചാൽ അല്ലാഹു നമുക്കായി ചെലവഴിക്കുമെന്നത് പ്രയോഗവൽക്കരിക്കപ്പെടുന്നതങ്ങനെയാണ്. തന്റെ ദാസന്മാർക്കായി എത്ര നൽകാനും സന്നദ്ധനായിട്ടും അവന്റെ ഖജനാവ് ഒരിക്കലും വറ്റിപ്പോയിട്ടില്ല. പ്രപഞ്ചത്തിലെ സർവ്വതും നിയന്ത്രിച്ച് സന്തുലിതത്വപ്പെടുത്തുന്നതും അല്ലാഹുവാണ്. അർഹർക്കു നൽകിയും അനർഹർക്ക് നൽകാതിരുന്നും സമ്പദ്ഘടനയെ തൂക്കമൊപ്പിച്ചു കൊണ്ടുപോകുന്നു നാഥൻ. ദാസന്മാരിൽ ഏൽപ്പിച്ചിട്ടുള്ളതിൽ നിന്ന് ജീവിതവിഭവം തടയപ്പെട്ടു പോയിട്ടുള്ളവർക്ക് നൽകിക്കൊണ്ടിരിക്കാൻ പ്രവാചകൻ(സ) ഇവിടെ ഉപദേശിക്കുന്നു. മനുഷ്യകർമങ്ങളെ പരലോകത്തു തൂക്കുമ്പോൾ വളരെ ഭാരമേറിയത് അവൻ ചെലവഴിച്ചതിന്റേതായിരിക്കും.)

*(കെ.കെ.എഫ്)*

വചനാനുഭവം

എം.എ കാരപ്പഞ്ചേരി

# അറബിക്കിനു ഖാഇദയുണ്ട് - മലയാളത്തിനു ഒരു ഖവാഇദയുമില്ല?

മനുഷ്യരെ ദൈവത്തിന്റെ വഴിയിലേക്ക് - ഖുർആനിലേക്ക് - ക്ഷണിക്കുന്ന സദ്‌വൃത്തിയാണല്ലോ മതപ്രബോധനം അഥവാ ദഅ്‌വത്ത്. ആ രംഗത്ത് ഇന്ന് സംഘടനകളും വ്യക്തികളും മത്സരിച്ചു മുന്നേറുകയാണ്. ജനങ്ങൾക്കിടയിൽ ഖുർആൻ പരിഭാഷകൾ വിതരണം ചെയ്യുകയാണ് അവരുടെ പ്രധാന പരിപാടി. അനുവാചകർ ഖുർആനിലെ മഹാശയങ്ങൾ മലയാളത്തിൽ വായിച്ചു മനസ്സിലാക്കി, ഏക സത്യദൈവത്തയും ആ ദൈവത്തിന്റെ സത്യസരണിയെയും പറ്റി ബോധ്യം വന്ന്, വിശ്വാസം പുതുക്കുകയോ പുതുതായി വിശ്വാസം കൈക്കൊള്ളുകയോ ചെയ്യുമെന്നാണ് പ്രബോധകർ പ്രതീക്ഷിക്കുന്നത്.

എന്നാൽ 'ദാഇകൾ' പോലും വായിക്കാത്തതോ വായിച്ചിട്ടും തിരിഞ്ഞുകിട്ടാത്തതോ ആയ പരിഭാഷകൾ സാധുജനങ്ങളെ പിടിപ്പിച്ചു പിരി കയറ്റുന്ന ഈ ഏർപ്പാട് ഏറെക്കാലമായി കേരളത്തിൽ അഭംഗുരം തുടരുകയാണ്. ആരാണിതിനു ഉത്തരവാദികൾ?

ഖുർആൻ വചനങ്ങളെ (സന്ദർഭങ്ങളെ) ഔചിത്യമില്ലാതെ പദാനുപദം തർജ്ജമ ചെയ്യുമ്പോൾ ലക്ഷ്യഭാഷയിൽ (മലയാളത്തിൽ) പ്രയോഗവൈകല്യങ്ങളും ദുർഗ്രഹതയും വന്നുചേരുമെന്നു അറിയാത്തവരല്ല സംഘടനാ പണ്ഡിതരും പരിഭാഷകരും. വായനക്കാർക്ക് മനസ്സിലാകുന്നുണ്ടോ, മൂലഭാഷയോടെന്ന പോലെ ലക്ഷ്യഭാഷയോടും നീതി പുലർത്തേണ്ടതല്ലേ എന്നൊന്നം ചിന്തിക്കാനുള്ള ബാധ്യത തങ്ങൾക്കില്ലെന്ന മട്ടിലാണ് സംഘടനകളും പരിഭാഷകരും നിലയുറപ്പിച്ചിരിക്കുന്നത്. ഈ ദുരവസ്ഥ ചൂണ്ടിക്കാണിക്കുന്നവരെ അവഗണിക്കാനും ഇകഴ്ത്താനും അവർക്കുള്ള വൈദഗ്ധ്യം ഒന്നു വേറെത്തന്നെയാണ്.

ഇന്ന് വിപണിയിൽ ലഭിക്കുന്ന മൂന്ന് ഡസനിലധികം പരിഭാഷകളിൽ ഒന്നുപോലും ഒട്ടും മൗലികത പുലർത്തിക്കാണുന്നില്ലെന്ന വസ്തുത കണക്കിലെടുത്താൽ, ഒട്ടും ഗൃഹപാഠം ചെയ്യാതെയും പൂർവഗാമികളെ 'ആരാധനാപൂർവ്വം' അനുഗമിക്കുകയുമാണോ ഓരോ നവപരിഭാഷകനും എന്നു ചോദിച്ചുപോകും. ഉദാഹരണത്തിനു ഖുർആൻ 1: 1-ന്റെ പരിഭാഷ(കൾ) കാണുക. പരമകാരുണികനും കരുണാനിധിയും/കാരുണീകനും കരുണാനിധിയും/കരുണാനിധിയും പരമകാരുണികനും/പരമകാരുണികനും കരുണാമയനും/പരമകാരുണികനും ദയാപരനും/പരമദയാലുവും കരുണാവാരിധിയും/പരമദയാലുവും കരുണാമയനും/പരമദയാനിധിയും കരുണാവാരിധിയും/കനിവാർന്നവനും പരമകാരുണികനും/കരുണയേകുന്നവനും കാരുണ്യവാനും.

തുടർലക്കങ്ങളിൽ കൂടുതൽ ഉദാഹരണങ്ങൾ വിലയിരുത്താം.